മലയാളം റിസേർച്ച് കീ

MALAYALAM RESEARCH KEY

MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL

ONLINE EDITION

VOLUME 01, ISSUE 01
2025 OCTOBER - DECEMBER

Publisher:
Answer Key Academy

Journal Home Page:
www.researchkey.in

Disclaimer

- *The complete responsibility for the ideas and conclusions expressed in the articles of this journal rests solely with the respective authors.*
- *The Editor or the Editorial Board members shall have no liability or responsibility whatsoever regarding the content or any legal disputes arising from it.*

MALAYALAM RESEARCH KEY

MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL

ONLINE EDITION

VOLUME 01, ISSUE 01
2025 OCTOBER – DECEMBER

Publishing Body
Answer Key Academy

Editorial Office
Malayalam Research Key
Pels Cottage, Lourdepuram, Kanjiramkulam P.O.
Thiruvananthapuram, Kerala 695524
Phone: +91 9526014270

Administrative Team
Managing Director
Ashik Jerald V. S.

Managing Editor
(Operations & Governance)
Vijith Viswambharan

Managing Editor
(Academic Coordination)
V. M. Renjith

Managing Editor
(Strategy, Production & Legal)
Manoj Manoharan

Editorial Board Members
Dr. Vineeth V. S. | Dr. Shereena Rani G. B. | Dr. Anila C. S. | Dr. K. Sarika | Libin Muslih

EDITORIAL OPERATIONS & ISSUE MANAGEMENT

Issue Editor
Anna Joy (Volume 01, Issue 01)

Editorial Desk
Aswathi P. S. | Anna Joy | Gokul S. Gopan
Binsu Susan John | Siddhi Ajay | Kiran R.

Review Associates
Anaswar Krishnadev B. | Anandu V. M. | Anavadya P.
Anjusha N. P. | Nayana P. | Sangeeth A. | Ashitha P.

Design & Development
Manoj Manoharan
for Barter Society, Palakkadavu Road, Neyyattinkara, Thiruvananthapuram

ADVISORY BOARD

Prof. L. Asokan
Head of the Department (Retd.),
Department of Malayalam,
University College, Thiruvananthapuram

Dr. N. A. D. Jayasinghe
Professor
University of Ruhuna,
Matara, Sri Lanka

Dr. R. Chandrabose
Associate Professor & Head
Department of Malayalam
Central University of Kerala

PEER-REVIEW COMMITTEE

Dr. Dominic J. Kattoor
Professor (Retd.)
Department of Malayalam,
University College, Thiruvananthapuram

Dr. D. V. Anilkumar
Professor, Department of Malayalam
University College, Thiruvananthapuram

Dr. Ajayakumar G.
Professor and Head of Department
Department of Malayalam
University College, Thiruvananthapuram

Dr. Mohammed Basheer K. K.
Associate Professor
Department of Malayalam
PTM Government College, Perinthalmanna

Dr. Kumar J.
Assistant Professor
Department of Malayalam
Maharaja's College, Ernakulam

Dr. Veena Gopal V. P.
Associate Professor
Department of Malayalam
Gov. K.N.M. Arts and Science College
Kanjiramkulam

Dr. Lakshmi S.
Assistant Professor
Department of Malayalam
Government College Kattappana

DETAILS OF EDITORIAL BOARD MEMBERS

1. **Dr. Vineeth V. S.**
   Associate Professor and Head of the Department, Department of Malayalam,
   Government College, Kattappana, Kerala
   Email: drvineethvs@gckattappana.ac.in
   Mobile: 9446173118
2. **Dr. Shereena Rani G. B.**
   Assistant Professor, Department of Malayalam, Government College, Kattappana
   speaktosherin@gckattappana.ac.in
   Mobile: 9447799868
3. **Dr. Anila C. S.**
   Assistant Professor, Department of Malayalam, Government College, Kattappana
   Email: anilaattuvassery@gckattappana.ac.in
   Mobile: 9495070450
4. **Dr. K. Sarika**
   Assistant Professor, Department of Sanskrit, Government College, Kattappana
   Email: ksarika443@gckattappana.ac.in
   Mobile: 9383427923
5. **Libin Muslih**
   Assistant Professor, Department of English,
   Government Polytechnic College Kasaragod, Kerala
   Email: libinmuslih@gpckasaragod.ac.in
   Mobile: 9605862235

IMPRINT INFORMATION

Title of the publication	MALAYALAM RESEARCH KEY
Publishing Body	Answer Key Academy
Publisher Address	Pels Cottage, Lourdepuram, Kanjiramkulam P.O., Thiruvananthapuram, Keralam 695524
Phone	+91 9526014270
Email	malayalamresearchkey@gmail.com
Location of Publishing	India
Format	Print and Online
Frequency	Quarterly
Language	Malayalam
Subject	Multidisciplinary
Starting Year	2025
Journal Home Page:	www.researchkey.in

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

INDEX

» എഡിറ്റോറിയൽ ഭൂതവും ഭാവിയും നോക്കി സാഹിത്യത്തിന്റെ വർത്തമാനം പറയാൻ vii

» Journal Profile viii–xi

Article ID: MRK0001
മാനുഷികാനന്തര ഭാഷാപരിണാമവും സങ്കല്പനവും: ധൈഷണിക ഭാഷാശാസ്ത്രാപഗ്രഥനം 01–08
» ഡോ. ശരത് ചന്ദ്രൻ

Article ID: MRK0002
മാതൃഭാഷയും വിദ്യാഭ്യാസവും: പി. പവിത്രന്റെ വീക്ഷണങ്ങൾ – ഒരു കോളനിയനന്തരവായന 09–14
» ആർ. പ്രദീപ്

Article ID: MRK0003
സാഹിത്യപരിണാമങ്ങളിലെ ഡിജിമോഡേണിസ്റ്റുമാതൃകകൾ 15–20
» അശ്വതി വിജയൻ

Article ID: MRK0004
ആഖ്യാനങ്ങളിലെ ദ്വീപുനിർമ്മിതി: തിരഞ്ഞെടുത്ത മലയാളനോവലുകളെ മുൻനിർത്തിയുള്ള പഠനം 21–26
» മെൽവിയ ആൻ ബിജു

Article ID: MRK0005
സമകാലിക മലയാളസിനിമ – ആഖ്യാനത്തിന്റെ അടവുകൾ 27–34
» ഡോ. വിഷ്ണു രാജ് പി.

Article ID: MRK0006
ദേശഭാഷയുടെ മൂർച്ചയും ജീവിതത്തിന്റെ വാർച്ചയും: ‘മരണക്കുട്ട്’ സൃഷ്ടിക്കുന്ന പൊളിച്ചെഴുത്തുകൾ 35–40
» ഡോ. ആംനസ് ബേബി

Article ID: MRK0007
സിനിമകളിലെ പുതുപ്രവണതകളും നവസാങ്കേതികവിദ്യകളും 41–47
» ഗൗതമൻ തായാട്ട്

Article ID: MRK0008
ചലച്ചിത്രഭാഷയിലെ ഹിംസാഖ്യാനവും അക്രമരാഹിത്യ സിദ്ധാന്തവും 48–51
» അനന്ദു വി എം

Article ID: MRK0009
അപരനോട്ടത്തിന്റെ ഭാഷകൾ മലയാള സാഹിത്യത്തിൽ:
‘ഹിജഡ’, ‘ഛേദാംശജീവിതം,’ ‘വേറിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ’
എന്നീ കൃതികളെ മുൻനിർത്തിയുള്ള വിശകലനം 52–58
» അനഘ വി. യു.

Article ID: MRK0010
ആഖ്യാനതന്ത്രത്തിലെ പുതുമകൾ – ‘ഒരു സൗദി സുലൈമാനി’യെ ആസ്പദമാക്കിയുള്ള പഠനം 59–66
» ഡോ. ജിത ടി. എച്ച്.

Article ID: MRK0011
മലയാളസിനിമയിലെ ടൈറ്റിൽ ‘ബ്രില്ല്യൻസ്’കൾ 67–70
» നജ മെഹ്ജബിൻ കെ. ബി.

Article ID: MRK0012
അരികുവൽക്കരിക്കപ്പെട്ടവരുടെ ജീവിതവും അതിജീവനത്തിന്റെ പ്രതിഫലനവും 71–74
» ശ്രീജ പി.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

എഡിറ്റോറിയൽ

ഭൂതവും ഭാവിയും നോക്കി
സാഹിത്യത്തിന്റെ വർത്തമാനം പറയാൻ

ഭൂതകാലസ്മരണകളും ഭാവിയുടെ പ്രതീക്ഷകളും ചേർത്ത് നിർമ്മിച്ചെടുക്കുന്ന സജീവമായൊരു വർത്തമാനമാണ് സാഹിത്യാദികലകൾ. കേവലം 'കലാപരമായൊരു അനുഭവ'മെന്നതിനേക്കാളുപരി സമൂഹത്തിൽ നിലനിൽക്കുന്ന അധികാരബന്ധങ്ങൾ, പ്രതിരോധങ്ങൾ, പുനർനിർവചിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ചരിത്രഭാഷണങ്ങൾ, സാംസ്കാരിക അടയാളങ്ങൾ എന്നിവയുമായി നിരന്തര ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയപ്രവർത്തനം കൂടിയാവുന്നു അവ. അതിൽത്തന്നെ എഴുത്തും വായനയും തമ്മിലുള്ള നിരന്തര സംഘർഷങ്ങളെയും ഭാഷയും ആശയവും കടന്നുപോവുന്ന സങ്കീർണമായ സാമൂഹിക–രാഷ്ട്രീയ സഞ്ചാരപാതകളെയും സൂക്ഷ്മവിശകലനങ്ങൾക്കു വിധേയമാക്കുന്ന സാഹിത്യാദികലാവിമർശനം, അക്കാദമിക–അനക്കാദമിക ചുറ്റുപാടുകളിൽ സാഹിത്യത്തെയും ഇതരകലകളെയും അതിന്റെ സൃഷ്ടിപരവും ഗവേഷണാത്മകവുമായ സാധ്യതകൾ കെട്ടുപോവാതെ പരിപാലിക്കുന്ന ഒന്നായിത്തീരുന്നു.

സാഹിത്യ, കലാസംബന്ധിയായ ഏതൊരു പഠനവും കഴിഞ്ഞകാലത്തിൽ ഉയർന്നുകേട്ടതും നിശബ്ദമാക്കപ്പെട്ടതുമായ എല്ലാത്തരം ശബ്ദങ്ങളെയും അനാവരണം ചെയ്യുന്നതിനോടൊപ്പം വരാനിരിക്കുന്ന ഭാവിയുടെ സാധ്യതകളെ തുറന്നുകാട്ടുന്നതുമായിരിക്കേണ്ടതുണ്ട്. അത്തരമൊരു ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് മലയാളം റിസേർച്ച് കീ എന്ന ഈ നവഗവേഷണ ജേർണൽ ജനിക്കുന്നത്.

സാഹിത്യത്തെയും കലകളെയും കേവലം കഥനമോ ആവിഷ്കാരമോ ആയി മാത്രം മനസ്സിലാക്കാതെ, സമൂഹത്തിന്റെ ചരിത്രപരവും സാംസ്കാരികവും രാഷ്ട്രീയവുമായ കാലാവസ്ഥകളോട് നിരന്തരമായി ഇടപെട്ടുകൊണ്ടിരിക്കുന്ന സങ്കീർണമായൊരു ആശയസഞ്ചാരമാണ് അവയെന്ന് തിരിച്ചറിയുക എന്ന വിമർശനാത്മക ഉത്തരവാദിത്തംകൂടി ഇതിലൂടെ സാധ്യമാക്കപ്പെടുന്നു. സാഹിത്യാദികലാവിമർശനത്തിന്റെ പുതിയ സിദ്ധാന്തങ്ങൾ, പോസ്റ്റ് കൊളോണിയൽ സമീപനങ്ങൾ, പാരിസ്ഥിതിക–ദളിത്–സ്ത്രീവാദ വിമർശനങ്ങളിലെ നവീന വഴിത്തിരിവുകൾ, ലോകമൊരൊറ്റ വ്യാവസായിക മാർക്കെറ്റെന്ന ആഗോളവത്ക്കരണ സാധ്യതയുടെ മാറുന്ന ചൂഷണോപാധികൾ, ക്വീർ സിദ്ധാന്തത്തിന്റെ പുതുകാല വ്യാഖ്യാന സാധ്യതകൾ, സംസ്കാരപഠനത്തിന്റെ പുതുകാലവ്യാപ്തികൾ, പാഠം, സ്വത്വം, ലിംഗം, വർഗം, രാഷ്ട്രീയം തുടങ്ങിയവയുടെ അതിരുകളെ സംബന്ധിച്ചുള്ള നവീന നിർവചനങ്ങൾ എന്നിങ്ങനെ സാഹിത്യാദികലാവർത്തമാനങ്ങൾക്കു സാധ്യമായതെന്തിനേയും സംബന്ധിച്ചുള്ള തുറന്നചർച്ചയ്ക്കുള്ള ഇടമെന്ന നിലയിലാണ് മലയാളം റിസേർച്ച് കീ എന്ന ജേർണൽ പുറത്തിറങ്ങുന്നത്.

എല്ലാ അർത്ഥത്തിലും 'സ്വയംപര്യാപ്തമായ' ഒന്ന് എന്ന നിലയിൽ അടഞ്ഞൊരു വ്യവസ്ഥയായിട്ടല്ലാതെ സാമൂഹികമായും രാഷ്ട്രീയമായും നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സാംസ്കാരിക സാഹചര്യങ്ങളിൽ, സാഹിത്യവും കലയും എങ്ങനെ പെരുമാറപ്പെടുന്നുവെന്ന ചിന്തയെ മുൻനിർത്തി ഒരു വിമർശനാത്മക സംവാദത്തിനുള്ള സാധ്യതയാണ് ജേർണലിലൂടെ മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിക്കുന്നത്.

ഗവേഷകരും അധ്യാപകരും അവരുടെ സൈദ്ധാന്തികവും വിമർശനാത്മകവുമായ സാഹിത്യകലാവർത്തമാനങ്ങളെ പങ്കുവയ്ക്കാനും സാഹിത്യത്തിന്റെയും കലകളുടെയും ദൃശ്യാതീതമായ പലതലങ്ങളെയും അനാവരണം ചെയ്യുന്നതിനും ഈ വേദി പ്രയോജനപ്പെടുത്തുമെന്നും അതിലൂടെ സാഹിത്യാദികലാരൂപങ്ങളുടെ ഭാവിയെ കൂടുതൽ വിശാലവും വൈവിധ്യമാർന്നതുമായ വഴികളിലേക്ക് നയിക്കുകയും വിമർശനപഠനത്തിന് പുതിയ അളവുകോലുകൾ നിർദ്ദേശിക്കുകയും ചെയ്യുമെന്നുമാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. സാഹിത്യവും കലയും വിമർശനപഠനവും ചേർന്നു നിർമ്മിക്കുന്ന നവീനമായ ജ്ഞാനോല്പാദനഭൂമിക സമൂഹത്തിന്റെ വിമർശനാത്മകബോധത്തെ കൂടുതൽ സമ്പുഷ്ടമാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

» മലയാളം റിസേർച്ച് കീ ടീം

JOURNAL PROFILE

1. ABOUT THE JOURNAL - BASIC INFORMATION

Malayalam Research Key is a multidisciplinary, peer-reviewed research journal that presents new paradigms and theoretical discourses in Malayalam research beyond linear thinking. Published by the Thiruvananthapuram based Answer Key Academy under the leadership of research scholars from various Indian universities, the journal also involves the active participation of professors, writers, and literature students. This quarterly journal is available in both online and print editions. Malayalam Research Key aims to open doors to further inquiries and re-examinations.

2. CONTACT DETAILS OF PUBLISHER

MALAYALAM RESEARCH KEY
Multidisciplinary Peer Reviewed Research Journal
Thiruvananthapuram
Phone : 9526014270
Email : malayalamresearchkey@gmail.com

3. AIMS, OBJECTIVES, SCOPE, SUBMISSION FOCUS, SUBJECT AREAS

AIMS: Malayalam Research Key aims to break away from one-dimensional academic traditions by fostering new paradigms and theoretical discourses in Malayalam research. The journal seeks to be a catalyst for continuous intellectual inquiry, encouraging researchers, academicians, and writers to revisit established narratives and explore uncharted territories in multidisciplinary studies. By bridging the gap between traditional scholarship and contemporary critique, it strives to serve as a premier global platform for transformative ideas.

OBJECTIVES: The journal is dedicated to promoting multi-dimensional discourse by publishing high-quality, peer-reviewed research that transcends conventional boundaries and introduces fresh theoretical frameworks. To complement this forward-looking approach, it provides a dedicated forum for critical re-evaluation, further inquiry, and rigorous debate on existing academic paradigms. By actively engaging university research scholars, educators, creative writers, and literature students, the journal works to foster collaboration and build a vibrant academic community. Finally, it ensures global accessibility by maintaining high standards of scholarly excellence across both its quarterly print and online editions, ultimately making diverse research accessible to a wider audience.

SCOPE: The scope of Malayalam Research Key encompasses a broad spectrum of multidisciplinary studies where Malayalam language, literature, culture, and societal evolution intersect with global academic discourses. The journal welcomes original research papers, critical essays, comparative analyses, and book reviews that challenge simplistic interpretations and offer complex, layered insights.

SUBMISSION FOCUS: The journal prioritizes submissions that exhibit deep analytical rigor and intellectual originality. To this end, it emphasizes several key focal points for prospective authors, beginning with papers that offer non-linear perspectives by moving away from traditional, chronological, or rigid structures toward multi-dimensional analyses. Additionally, the editorial board values methodological innovation, actively seeking studies that employ unique theoretical frameworks and cross-disciplinary research methodologies. Authors are encouraged to submit critical inquiries that question, re-examine, or expand upon existing socio-cultural and literary canons. Finally, the journal champions collaborative voices by welcoming contributions from emerging research scholars, seasoned educators, and passionate literature students alike.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

SUBJECT AREAS: Malayalam Research Key invites contributions across a diverse range of disciplines, encompassing both core domains and interdisciplinary frameworks. Within its core domains, the journal welcomes research in Malayalam Language and Literature (മലയാളഭാഷയും സാഹിത്യവും), Comparative Literature and Translation Studies (താരതമ്യ സാഹിത്യവും വിവർത്തന പഠനങ്ങളും), Historiography and Politics (ചരിത്രരചനയും രാഷ്ട്രീയവും), as well as Literary Theory and Philosophy (സാഹിത്യ സിദ്ധാന്തവും തത്ത്വചിന്തയും). Additionally, the journal encourages submissions within its interdisciplinary frameworks, which include Cultural Studies and Kerala Heritage (സാംസ്കാരിക പഠനങ്ങളും കേരള പൈതൃകവും), Gender, Caste, and Subaltern Discourses (ലിംഗഭേദം, ജാതി, പാർശ്വവത്കൃത സംവാദങ്ങൾ), Media, Cinema, and Digital Culture in Kerala (കേരളത്തിലെ മാധ്യമങ്ങൾ, സിനിമ, ഡിജിറ്റൽ സംസ്കാരം), Folklore, Performing Arts, and Oral Traditions (ഫോക്‌ലോർ, അവതരണ കലകൾ, വാമൊഴി പാരമ്പര്യങ്ങൾ), and Linguistics and Language Pedagogy (സാമൂഹിക ഭാഷാശാസ്ത്രം, ഭാഷാ ബോധനശാസ്ത്രം).

4. MULTILINGUAL AVAILABILITY

To champion authentic regional scholarship and rigorous academic inquiry, Malayalam Research Key operates exclusively as a Malayalam-medium publication. The journal accepts and publishes original research papers, critical essays, and scholarly contributions solely in the Malayalam language. This dedicated focus ensures that localized insights, intricate linguistic nuances, and complex socio-cultural contexts are articulated with maximum native precision. By maintaining this exclusive linguistic framework, the publication fosters a rich, vibrant exchange of multidisciplinary ideas among research scholars, educators, and literature students within the Malayalam academic community. To increase international visibility, we plan to create an English abstract repository for all articles on our website.

5. ACCESS POLICY

Online Access: (Open Access) All articles published online are immediately and permanently free for everyone to read, download, and share. We support the open exchange of ideas by providing unrestricted access to our quarterly digital content for academic and non-commercial research purposes.

Print Access: For those who prefer a physical copy, Malayalam Research Key is available through annual subscriptions or single-issue purchases. Individuals and institutions interested in obtaining print editions can acquire them directly through Answer Key Academy. Please contact our administrative office for details on current pricing, availability, and shipping options.

6. PLAGIARISM POLICY

The journal maintains a zero-tolerance policy toward plagiarism and academic dishonesty. All submitted manuscripts undergo rigorous screening using industry-standard plagiarism detection software prior to the peer-review process. Malayalam Research Key defines plagiarism as the uncredited use of others' words, ideas, data, or structural frameworks. Any manuscript demonstrating significant textual overlap or uncredited borrowing will be immediately rejected, and the editorial board reserves the right to impose institutional bans on habitual offenders.

7. AI GENERATED CONTENT POLICY

In alignment with global academic integrity standards (such as COPE guidelines), Malayalam Research Key prohibits the use of generative Artificial Intelligence (AI) tools, such as ChatGPT or similar Large Language Models, for creating or drafting core scholarly arguments, analyses, or text. AI tools may only be utilized for basic spelling and grammar correction as well as refinement. Authors must explicitly disclose any use of AI assistance in their acknowledgment section. AI tools cannot be listed as an author or co-author under any circumstances.

8. REVIEW POLICY

To maintain high standards of scholarly excellence, Malayalam Research Key employs a double-blind peer review process. Under this framework, the identities of both the authors and the reviewers are strictly concealed from one another throughout the evaluation. Submissions are initially screened by the editorial board for alignment with the journal's scope. Qualifying papers are then evaluated by at least two independent, external subject-matter experts based on original insight, methodology, and analytical rigor.

9. ARCHIVAL POLICY

To guarantee the long-term preservation and digital durability of its scholarly output, Malayalam Research Key utilizes a multi-layered archival strategy. Published volumes are permanently saved and maintained directly on the official journal website. Additionally, full-text backups of all quarterly volumes are permanently preserved in the journal's institutional repositories, ensuring that published research remains accessible to future generations even in the event of platform migration.

10. AUTHOR GUIDELINES FOR SUBMISSION

Font and Typography: Manuscripts must be typed in a Unicode-compliant font such as Rachana or Manjari.
Font size: The text should be set to 12-point font size.
Line spacing: Please use 1.5-line spacing throughout the document.
Margins: Ensure one-inch margins are applied to all sides of the document.
Title page: Must include the full title of the paper, author name, institutional affiliation, and a contact email address.
Abstract: Include a summary of 150 to 200 words, provided in both Malayalam and English
Keywords: Include 4 to 6 keywords for indexing, provided in both Malayalam and English.
Style guide: Authors must follow the unified Style Sheet of Malayalam Research Key Journal
Word count: The main body of the text should be between 3,000 and 5,000 words.
Citation style: All references and bibliographies must strictly follow either MLA 9th Edition or APA 7th Edition style.
Originality declaration: By submitting, the author declares that the work is original, has not been published elsewhere, and is not currently under consideration by another journal.

11. ETHICAL GUIDELINES

The Malayalam Research Key requires that all contributors adhere to high ethical standards to ensure academic integrity. Authors must submit original work that is properly cited, free from plagiarism or fabrication, and not simultaneously under consideration by other journals; they must also ensure that all listed contributors have made significant intellectual contributions and that any conflicts of interest are disclosed. Editors are responsible for maintaining a transparent and unbiased double-blind peer review process, basing all editorial decisions solely on academic merit, protecting the confidentiality of the review process, and investigating any allegations of misconduct. Finally, reviewers must provide objective, constructive, and timely feedback within their area of expertise, maintain strict confidentiality regarding the manuscripts they evaluate, and recuse themselves should any conflict of interest prevent an impartial assessment.

12. GUIDELINES FOR PEER REVIEW PROCESS

The peer review process begins with an initial editorial assessment, during which the Editorial Board conducts a preliminary screening of the manuscript to ensure adherence to formatting guidelines, alignment with the journal's scope, and the absence of plagiarism. Manuscripts meeting these initial criteria are subsequently forwarded to two independent subject-matter experts for a rigorous, external domain-specific evaluation. Based on this appraisal, reviewers provide a formal recommendation, which may include acceptance without modification, acceptance subject to

minor revisions, an invitation to resubmit following major revisions, or rejection. In instances where reviewers' opinions conflict, the manuscript is referred to a third reviewer for an additional assessment, though the Chief Editor maintains ultimate authority regarding the final publication decision.

13. ARTICLE PUBLISHING TIMELINE

. Submission and Initial Desk Review (Days 1–10): Manuscripts are submitted and undergo a preliminary screening for formatting, scope, and plagiarism.
. Peer Review Phase (Days 11–50): Manuscripts are assigned to two independent subject-matter experts for a rigorous double-blind peer review.
. Author Revision (Days 51–80): Authors are notified of the decision and are allotted 30 days to address reviewer comments and submit their revised manuscripts.
. Final Editorial Decision (Days 81–90): The editorial board reviews the resubmitted work. Upon a final decision of acceptance, the article is sent to the production department.
. Early Access/Online Publication (Days 91–100): Accepted articles undergo copyediting and typesetting. Once finalized, they are published immediately on the journal's website as Online Edition
. Quarterly Issue Compilation: Articles that have been published under Early Access are subsequently collected and assigned to their respective quarterly issue (January–March, April–June, July–September, October–December) for final printing

14. ARTICLE ACCEPTANCE RATE

To uphold high academic standards, Malayalam Research Key employs a competitive and selective peer-review system. The estimated target acceptance rate for submitted manuscripts ranges between 30% and 40%. This ensures that only well-researched, deeply analytical, and original contributions are selected for publication in each quarterly issue.

15. ARTICLE PROCESSING CHARGES (APC)

Malayalam Research Key does not currently charge any Article Processing Charges (APCs) for publishing research articles.

മലയാളം റിസേർച്ച്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0001

മാനുഷികാനന്തര ഭാഷാപരിണാമവും സങ്കല്പനവും: ധൈഷണിക ഭാഷാശാസ്ത്രാപഗ്രഥനം

ഡോ. ശരത് ചന്ദ്രൻ

പ്രബന്ധസംഗ്രഹം
മാനുഷികാനന്തരസമൂഹത്തിലെ (Post-human Society) ഭാഷാപരിണാമത്തിന്റെ സ്വഭാവസവിശേഷതകളെ ധൈഷണികഭാഷാശാസ്ത്രത്തിന്റെ (Cognitive Linguistics) പരികല്പനകളെ മുൻനിർത്തി പരിശോധിക്കുകയാണ് പ്രബന്ധത്തിലൂടെ. മനുഷ്യരും യന്ത്രങ്ങളും കൂടിക്കലരുന്ന സ്വാഭാവികമായ ഒരു മാനുഷികാനന്തരസമൂഹം ഉണ്ടാകുന്നതോടുകൂടി മനുഷ്യരുടെ സങ്കല്പനങ്ങളിലും മാറ്റം ഉണ്ടാകുന്നു. ഭാഷ ധൈഷണികമാണ് എന്നു പറയുമ്പോൾ, ധൈഷണികതയിലുണ്ടാകുന്ന പരിണാമത്തിന്റെ തോത് ഭാഷയിലും പ്രതിഫലിക്കുന്നുണ്ട്. ഇത്തരമൊരു പരികല്പനയുടെ അടിസ്ഥാനത്തിൽ മാനുഷികാനന്തരഭാഷയുടെ പരിണാമ സവിശേഷതകളെക്കുറിച്ച് വിശകലനം നടത്തി ഉപദർശനങ്ങളെ ക്രോഡീകരിക്കുവാനാണ് ശ്രമിക്കുന്നത്.

താക്കോൽവാക്കുകൾ
സങ്കല്പനം, സദൃശസൃഷ്ടി, ഉപാദാനലക്ഷണ, സങ്കല്പനലക്ഷകം

....

ആമുഖം
ശാസ്ത്രത്തിലും വിവരസാങ്കേതികവിദ്യയിലും അനുനിമിഷമുണ്ടായിക്കൊണ്ടിരിക്കുന്ന കുതിച്ചുചാട്ടങ്ങൾ മനുഷ്യരാശിയുടെ വളർച്ചയെ പ്രവചനങ്ങൾക്കതീതമായാണ് നയിച്ചുകൊണ്ടിരിക്കുന്നത്. ഇതരജീവജാലങ്ങളിൽനിന്നും മനുഷ്യർ വ്യതിരിക്തരായിരിക്കുന്നതിലൊന്ന് ഫലപ്രദമായ ആശയവിനിമയസാധ്യതകളുടെ സഹായമാണ്. സ്വാഭാവികമായി ആശയവിനിമയാധിപ്രക്രിയകൾ നടത്തിക്കൊണ്ടിരുന്ന 'ഹ്യൂമൻ' അല്ലെങ്കിൽ 'മനുഷ്യൻ' എന്ന അവസ്ഥയിൽനിന്നും പ്രതിപ്രവർത്തനക്ഷമമായ യന്ത്രങ്ങളുമായി ചേർന്നു പ്രവർത്തിക്കുന്ന 'പോസ്റ്റ്ഹ്യൂമൻ' അഥവാ 'മാനുഷികാനന്തരത' എന്ന അവസ്ഥയിലേക്ക് സമൂഹം വളർന്നുകൊണ്ടിരിക്കുന്നു.

ഇങ്ങനെയുള്ള വളർച്ചയുടെ ഭാഗമായി, ഓരോ സാങ്കേതികവിദ്യയും ഭാഷയ്ക്ക് പുതിയ പദങ്ങളെയും അവയുടെ പലതരത്തിലുള്ള പ്രയോഗസാധ്യതകളെയും അവ തുറന്നുതരുന്ന വൈവിധ്യമാർന്ന അർഥതലങ്ങളെയും പ്രദാനം ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള ഭാഷയുടെയും സാങ്കേതികവിദ്യയുടെയും കൂടിച്ചേരലിനെ ഭാഷാസാങ്കേതികവിദ്യ എന്നുവിളിക്കാം. ഇതിന് പല അടരുകളും ഘടകങ്ങളുമുണ്ട്. ഭാഷയിലൂടെയുള്ള വിനിമയസാധ്യതകൾക്കായി സാങ്കേതികവിദ്യയെയും തിരിച്ച് സാങ്കേതികവിദ്യയുടെ അറിവധിഷ്ഠിതമായ സ്വയംപ്രവർത്തനങ്ങൾക്കായി ഭാഷയുടെ സാധ്യതകളെയും പരസ്പരം സമന്വയിപ്പിച്ച് ഉപയോഗിക്കുന്ന രീതി ഭാഷാസാങ്കേതികവിദ്യയിൽ കാണാം.

ഭാഷകസമൂഹങ്ങൾക്കനുസരിച്ച് ഭാഷാവിനിമയത്തിന്റെ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് ഓരോ ഭാഷാസമൂഹത്തിലും ഭാഷാസാങ്കേതികവിദ്യ വളരുന്നത് എന്നും വ്യക്തമാണ്. വിവരസാങ്കേതികവിദ്യയോടൊപ്പംതന്നെ നടക്കേണ്ട ഒന്നാണ് ഭാഷാസാങ്കേതികവിദ്യയുടെ മുന്നേറ്റവും. ഭാഷയുടെ സജീവതയെ നിലനിർത്തിക്കൊണ്ടുവേണം ഭാഷാസാങ്കേതികവിദ്യയിലും ഉപയോഗിക്കേണ്ടത് എന്നതു പ്രധാനമാണ്. സാങ്കേതികവിദ്യയുടെ വളർച്ചയോടൊപ്പം ഭാഷയും കാലാനുസൃതമായ പരിവർത്തനങ്ങളിലൂടെ വളരുന്നു എന്നു ചുരുക്കം. സാങ്കേതികതയുടെ സങ്കീർണതകളെ ഉൾക്കൊള്ളാൻ പ്രാപ്തിയുള്ള ഭാഷയായി മലയാളം ഇന്നു മാറിയിട്ടുണ്ട്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ഭാഷയിലേക്ക് നൂതനസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട പുതുപദങ്ങളും, സാങ്കേതികതയുടെ ഉപയോഗവും പ്രയോജനവും തുടങ്ങി വെല്ലുവിളികളും അനന്തരഫലങ്ങളും ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രയോഗങ്ങളും കടന്നുവരുന്നു. ഇവിടെയെല്ലാം മനുഷ്യർ മുമ്പ് നേടിയിട്ടുള്ള അറിവിന്റെ അടിസ്ഥാനത്തിലും, ഭാഷയുമായി ബന്ധപ്പെട്ടു നിൽക്കുന്ന ധൈഷണികവൃത്തികളെ ആധാരമാക്കിയുമാണ് ഭാഷാപരിണാമം നടക്കുന്നത് എന്ന പരികല്പനയാണ് പ്രബന്ധം മുന്നോട്ടു വയ്ക്കുന്നത്. അതിനായി, മാനുഷികാനന്തരസമൂഹത്തിലെ ഭാഷയെ ധൈഷണികഭാഷാശാസ്ത്ര പരികല്പനകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തുകൊണ്ട് സ്വഭാവസവിശേഷതകളെ വ്യക്തമാക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

ധൈഷണികഭാഷാശാസ്ത്രം: മനുഷ്യധൈഷണികപഠനം

മനുഷ്യരുടെ ധൈഷണികതയുടെ ഭാഗമായി കണ്ടുകൊണ്ട് ഭാഷയെക്കുറിച്ചു പഠിക്കുന്ന നൂതന ഭാഷാസമീപനമാണ് ധൈഷണികഭാഷാശാസ്ത്രം. ഇവിടെ ധൈഷണികം എന്നതുകൊണ്ട് അർഥമാക്കുന്നത് ജ്ഞാനവും ധാരണയും രൂപപ്പെട്ടുവരുന്ന മാനസികപ്രക്രിയ എന്നാണ്. ഇന്ദ്രിയാനുഭവങ്ങളെ അറിവായി രൂപപ്പെടുത്തിയെടുക്കുകയാണ് ഈ പ്രക്രിയയിലൂടെ നടക്കുന്നത്. ധൈഷണികഭാഷാശാസ്ത്രം ഭാഷാജ്ഞാനത്തെ പൊതുധൈഷണികവൃത്തികളുടെ ഭാഗമായി കാണുകയും വിശകലനം നടത്തുകയും ചെയ്യുന്നു. ഇന്ദ്രിയസംവേദനം, സ്മരണ, ചിന്ത, ശ്രദ്ധ, പൂർവധാരണ എന്നിങ്ങനെ നിരവധി മാനസികവൃത്തികൾ ഇതിൽ അന്തർലീനമായിരിക്കുന്നു. ഇത്തരത്തിൽ ഒരു വ്യക്തി ചുറ്റുപാടുമുള്ള കാര്യങ്ങളെ മനസ്സിലാക്കിയെടുക്കുന്ന പ്രക്രിയയെ സങ്കല്പനം എന്നു പറയുന്നു. ഈ പ്രക്രിയയാണ് മനുഷ്യരെ ചുറ്റുപാടുകളുമായി ബന്ധിപ്പിക്കുന്നത്.
അർഥത്തെക്കുറിച്ചുള്ള ആലോചനയിൽ സങ്കല്പനം (Conceptualisation) എന്നതു പ്രധാനമാണ്. ഭാഷയിലൂടെ ആവിഷ്കരിക്കപ്പെടുന്ന സങ്കല്പനങ്ങളാണ് ധൈഷണികഭാഷാശാസ്ത്രത്തിൽ അർഥമായി കണക്കാക്കുന്നത്. ചുരുക്കത്തിൽ, ഇന്ദ്രിയങ്ങളിലൂടെ ആർജിച്ചെടുക്കുന്ന അറിവിനെ പ്രകടിപ്പിക്കാനുള്ള ഉപാധികളിൽ ഫലപ്രദമായ ഒന്നുമാത്രമാണ് ഭാഷ. ഭാഷയെ വിശകലനം ചെയ്യുന്നതിലൂടെ മനുഷ്യധൈഷണികതയെക്കുറിച്ചു തന്നെയാണ് ധൈഷണികഭാഷാശാസ്ത്രം വിശകലനം ചെയ്യുന്നത്. മനുഷ്യധൈഷണികതയുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ ഭാഷയോടൊപ്പം മാനുഷികാനന്തര സാങ്കേതികതയും സാർവലൗകികമാണ് എന്നുപറയാം. ഭാഷയുമായി ബന്ധപ്പെടുന്ന സദൃശസൃഷ്ടി, ഉപാദാനലക്ഷണ (Metonymy), സങ്കല്പനലക്ഷകം (Conceptual Metaphor) എന്നിങ്ങനെയുള്ള ധൈഷണികവൃത്തികളുടെ അടിസ്ഥാനത്തിൽ മാനുഷികാനന്തരഭാഷയുടെ സ്വഭാവസവിശേഷതകളെ വിശകലനം ചെയ്തുകൊണ്ട് ഭാഷാസങ്കല്പനത്തെ വ്യക്തമാക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

സദൃശസൃഷ്ടിയും സങ്കല്പനവും

ഭാഷയിൽ നിലവിലുള്ളതും പ്രസിദ്ധമായതുമായ സാധാരണപ്രയോഗങ്ങൾക്കു സമാനമായി ചില പുതിയ പ്രയോഗങ്ങളും വാക്കുകളും സൃഷ്ടിക്കുന്ന പ്രക്രിയയെയാണ് സദൃശസൃഷ്ടി എന്നുവിളിക്കുന്നത്. ഇതിലൂടെ ഭാഷയിലുള്ള ഒരു മാതൃകയുടെ പകർപ്പുസൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഇതിന് ഘടനാപരമായി രണ്ടുതലങ്ങളുണ്ട് എന്ന് ഗിരീഷ് (2020: 54) വ്യക്തമാക്കുന്നു. മാതൃക, പകർപ്പ് എന്നിങ്ങനെയാണവ. ഭാഷയിലുള്ള വ്യവസ്ഥാപിതമായ വാച്യാർത്ഥരൂപങ്ങളാണ് മാതൃക എന്നതുകൊണ്ട് അർഥമാക്കുന്നത്. ഇതിനെ അനുകരിച്ച് സൃഷ്ടിക്കുന്ന പുതിയ രൂപമാണ് പകർപ്പ്. ഭാഷയുടെ പരിണാമത്തിന്റെ പ്രധാനഘടകങ്ങളിലൊന്നായിട്ടാണ് സദൃശസൃഷ്ടികളെ ഭാഷാശാസ്ത്രം വിലയിരുത്തുന്നത്. മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസിദ്ധമായ ഉദാഹരണമാണ് 'ഒരുത്തി' എന്ന മാതൃകാപദത്തിന്റെ പകർപ്പായി 'ഒരുത്തൻ' എന്ന് പ്രയോഗിക്കുന്നത്. സ്ത്രീലിംഗപ്രത്യയമായ '–ത്തി' എന്നതിനോട് ഒരു എന്ന സംഖ്യാവിശേഷണം ചേർന്നാണ് 'ഒരുത്തി' ഉണ്ടാകുന്നത്. എന്നാൽ ഇതിനുസമാനമായ വ്യാകരണാധിഷ്ഠിത നിയമത്താലല്ല 'ഒരുത്തൻ' ഉണ്ടാക്കുന്നതെന്നു വ്യക്തമാണ്. കാരണം, '–ത്തൻ' എന്ന പുല്ലിംഗപ്രത്യയം മലയാളത്തിലില്ല. മാതൃകയായ ഒന്നിന്റെ പകർപ്പായിട്ടാണ് ഇവിടെ മറ്റൊരു പദം സൃഷ്ടിച്ചിട്ടുള്ളത്. ഇത്തരം സൃഷ്ടികൾ ഏതൊരു ഭാഷയിലും വ്യാപകമായി നടക്കുന്നുണ്ട്. പല ഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഇവ രൂപപ്പെടുക എന്നു മാത്രം. ഇന്റർനെറ്റിന്റെ വരവോടെയും അതിലധിഷ്ഠിതമായ നൂതന സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടും ഭാഷയുടെ വളർച്ചയിൽ ഇത്തരത്തിലുള്ള സദൃശസൃഷ്ടികളുടെ നിർമ്മാണം കാണാവുന്നതാണ്.

ഭാഷയുമായി ബന്ധപ്പെടുന്ന ഒരു ഉദാഹരണം പരിശോധിച്ചാൽ; വാമൊഴി, വരമൊഴി എന്നിങ്ങനെ ഭാഷയ്ക്കു രണ്ട് ആവിഷ്കരണരീതികളുണ്ട്. സംസാരഭാഷയെയാണ് വാമൊഴിയെന്നതുകൊണ്ട് അർഥമാക്കുന്നത്. രേഖപ്പെടുത്തിവെയ്ക്കുന്ന ഭാഷ അല്ലെങ്കിൽ എഴുത്തുരീതിയെ വരമൊഴി എന്നും പറയുന്നു. പൊതുവെ എല്ലാ ഭാഷകൾക്കും വാമൊഴി, വരമൊഴി രൂപങ്ങളുണ്ട് എന്നു പറയാമെങ്കിലും ലിപിയില്ലാത്ത നിരവധി ഭാഷകളുണ്ട്. അവയെ സംബന്ധിച്ച് വാമൊഴി മാത്രമാണുള്ളത്. സാങ്കേതികവിദ്യയുടെയും സൈബർസ്പേയ്സിന്റെയും വളർച്ചയോടുകൂടി ഇന്റർനെറ്റ് അധിഷ്ഠിതമായ മറ്റൊരു ഭാഷാരൂപംകൂടി സൃഷ്ടിക്കപ്പെട്ടു. മുകളിൽ സൂചിപ്പിച്ച മാതൃകകളെ സ്വീകരിച്ചുകൊണ്ട് തിരമൊഴി എന്ന പുതിയൊരു പേരിലാണ് പ്രസ്തുത സൈബർഭാഷ

അടയാളപ്പെടുത്തപ്പെട്ടത്. 'മൊഴി' എന്ന പദത്തോടൊപ്പം ഭാഷയുടെ ആവിഷ്കരണരീതി അല്ലെങ്കിൽ അതിന്റെ പ്രത്യേകതയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന പദങ്ങളാണിവ എന്നുകാണാം. സാധാരണ എഴുത്തിനെ അപേക്ഷിച്ച് സാങ്കേതികവിദ്യയുടെ വിവിധ സാധ്യതകളെക്കൂടി ഉൾക്കൊള്ളുന്നതാണ് തിരമൊഴി എന്ന ഭാഷാരീതി. മലയാളം ടൈപ്പ് ചെയ്തെടുക്കുന്നതിലുണ്ടായ വികാസങ്ങളും സൈബർ എഴുത്തിന്റെ സാധ്യതകളെ വിശാലമാക്കിയിട്ടുണ്ട്. ഭാഷയുടെ വളർച്ചാഘട്ടത്തിലുണ്ടായ, നിലവിലെ പ്രയോഗരീതിയെ ആശ്രയിച്ച് രൂപപ്പെട്ട ഒരു സദൃശസൃഷ്ടിയാണ് തിരമൊഴി എന്നു വ്യക്തമാണ്.

ഇന്റർനെറ്റ് തീർക്കുന്ന അദൃശ്യമായ ലോകത്തെ വെർച്വൽവേൾഡ് അല്ലെങ്കിൽ പ്രതീതിയാഥാർഥ്യത്തിന്റെ ലോകം എന്നാണു വിളിക്കുന്നത്. ഇത് റിയൽവേൾഡ് അല്ലെങ്കിൽ യഥാർത്ഥലോകത്തിൽനിന്നും തീർത്തും വ്യതിരിക്തമായ ഒന്നാണ് എന്ന് പൂർണമായും അവകാശപ്പെടാനാവില്ല. കാരണം, യഥാർത്ഥലോകത്തിന്റെ പകർപ്പായിട്ടാണ് സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഇന്റർനെറ്റിന്റെ ഇടത്തെ സൃഷ്ടിച്ചിട്ടുള്ളത്. അതായത് ഭൗതികലോകത്തിന്റെ സദൃശസൃഷ്ടിയായിട്ടാണ് വെർച്വൽവേൾഡിനെ സങ്കല്പനം ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെ ഭൗതിക ലോകത്തിലുള്ളതിനു സമാനമായി നിരവധി മാതൃകകളെ അടിസ്ഥാനമാക്കിയുള്ള പകർപ്പുകൾ വെർച്വൽവേൾഡിൽ സൃഷ്ടിക്കുകയും ഭാഷയിലൂടെ ആവിഷ്കരിക്കുകയും ചെയ്യുന്നു.

ഇത്തരത്തിൽ യഥാർത്ഥലോകത്തിനു സമാനമായി വെർച്വൽലോകത്ത് സൃഷ്ടിച്ചിരിക്കുന്ന ചില ആശയങ്ങളുടെ പേരുകളെ, മാതൃക– പകർപ്പ് എന്ന നിലയിൽ പരിശോധിച്ചാൽ; സിറ്റിസൺ– നെറ്റിസൺ, മനുഷ്യഭാഷ– യന്ത്രഭാഷ, മനുഷ്യബുദ്ധി– കൃത്രിമബുദ്ധി, വീട്ടുവിലാസം– ഇ–മെയിൽവിലാസം, ജൈവമനുഷ്യർ– യന്ത്രമനുഷ്യർ, സിറ്റിസൺഷിപ്പ്– നെറ്റിസൺഷിപ്പ്, ഫോക്ലോർ– നെറ്റേലാർ, ലിറ്ററേച്ചർ– ട്വിറ്ററേച്ചർ, കൾച്ചർ– സൈബർകൾച്ചർ, പച്ചമലയാളം– റോബോട്ടിക് മലയാളം/ യാഹൂമലയാളം/ തുടങ്ങിയവ, ലിറ്ററേച്ചർ– സൈബർലിറ്ററേച്ചർ, ഫിസിക്കൽ ഐഡന്റിറ്റി– വെർച്വൽ ഐഡന്റിറ്റി, യൂണിവേഴ്സിറ്റി– വാട്സപ്പ് യൂണിവേഴ്സിറ്റി, ടെക്സ്റ്റ്– സൈബർ/ ഹൈപ്പർ ടെക്സ്റ്റ് എന്നിങ്ങനെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ലഭിക്കും. ഈ പദങ്ങളുടെ സൃഷ്ടിയെക്കുറിച്ചു നിരീക്ഷിക്കുമ്പോൾ, സങ്കല്പനപരമായിത്തന്നെ ഒരു മാതൃകയുടെ പകർപ്പായിട്ടാണ് പുതിയ ഭാഷാപദങ്ങളെ രൂപപ്പെടുത്തിയിട്ടുള്ളത് എന്നു വ്യക്തമാണ്. നിലവിലെ ഭാഷാപ്രയോഗങ്ങൾക്കു സമാനമായി പുതിയ ഭാഷയെ സൃഷ്ടിക്കുകയും അതിലൂടെ പുതിയ അർത്ഥം വിനിമയം ചെയ്യുകയും ചെയ്യുന്നു. ഇതിലൂടെ യഥാർത്ഥലോകത്തിന്റെ സദൃശസൃഷ്ടിയായിട്ടാണ് സൈബർലോകവും അതിന്റെ ഭാഷയും നിലനിൽക്കുന്നത് എന്നുവ്യക്തമാകുന്നു.

യഥാർത്ഥലോകത്തിൽ പല സ്വഭാവവും പെരുമാറ്റവുമുള്ളതുപോലെ തന്നെയാണ് സൈബർലോകത്തിലും വ്യക്തികൾ ഇടപെടുന്നത്. അതുകൊണ്ടുതന്നെയാണ് ഭൗതികലോകത്തിലേതുപോലെ വ്യക്തിയും സമൂഹവും തിരിച്ചറിയൽ ഐഡിയും നിയമങ്ങളും നിയമലംഘനങ്ങളും ശിക്ഷയുമെല്ലാം പോസ്റ്റ്ഹ്യൂമൻ സമൂഹത്തിന്റെയും ഭാഗമായിട്ടുള്ളത്. ഇവയിലധികവും ആശയപരമായ അർത്ഥത്തെ അടിസ്ഥാനമാക്കിയാണ് സങ്കല്പനം ചെയ്യുന്നത്. സങ്കല്പനപരമായി ബന്ധമുള്ള ആശയങ്ങളെയാണ് ഇവിടെ രൂപപരമായി സാദൃശപ്പെടുത്തിയിട്ടുള്ളത് എന്നും വ്യക്തമാണ്. നൂതനപദങ്ങളും നൂതനഭാവനയും ഇതിലൂടെയാണ് സാധ്യമാക്കപ്പെടുന്നത്. ഇത്തരം പദങ്ങളെ ഉപയോഗിച്ചുള്ള ഭാഷാപ്രയോഗങ്ങളിലെല്ലാം കടന്നുവരുന്ന അർത്ഥത്തിൽ, മാതൃകയാക്കുന്ന പദത്തിന്റെ അല്ലെങ്കിൽ അനുഭവത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ധൈഷണികത പ്രധാനമാണ്.

ഭാഷയുടെ പരിണാമത്തിന്റെ എല്ലാ ഘട്ടത്തിലും ഇത്തരത്തിലുള്ള സദൃശസൃഷ്ടികൾ നടന്നിട്ടുണ്ട്. സാങ്കേതികഭാഷയിലുള്ള ഇവയുടെ പ്രസക്തി പുതിയ ആശയങ്ങളെ അനായാസം മനസ്സിലാക്കിക്കൊടുക്കുന്നതിന് ഉപകരിക്കുന്നു എന്നതാണ്. ഒരു ജ്ഞാനപശ്ചാത്തലത്തിൽ നിന്നുകൊണ്ടു ചിന്തിക്കാനും ആശയം നല്കുന്ന അർത്ഥത്തിലേക്ക് അനായാസം എത്തിച്ചേരാനും വ്യക്തികളെ സദൃശസൃഷ്ടികൾ സഹായിക്കുന്നു. തലച്ചോറിന്റെ വേരുകൾ എന്നാണിവ ധൈഷണികഭാഷാശാസ്ത്രത്തിൽ അറിയപ്പെടുന്നത്. സാങ്കേതികഭാഷയിലേക്ക് ഒരു പ്രത്യേകഘട്ടത്തിലാണ് ഇവ കടന്നുവരുന്നത് എന്നുമാത്രം. സാമൂഹികമാധ്യമങ്ങളിൽ ഉപയോഗിക്കുന്ന ഇമോജികളെയും സദൃശസൃഷ്ടികളായി പരിഗണിക്കാം. സങ്കല്പനപരമായിട്ട് ചില മാതൃകകളെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയിട്ടുള്ള ഭാഷാപകർപ്പുകൾ തന്നെയാണ് അവ. എന്നാൽ, ഭാഷയുമായി ബന്ധപ്പെടുന്ന ധൈഷണികവൃത്തികളിൽ ഉപാദാനലക്ഷണയുമായിട്ടാണ് ഇമോജികൾക്ക് കൂടുതൽ അടുപ്പമുള്ളത്. തുടർന്ന് മാനുഷികാനന്തരഭാഷയിലെ ഉപാദാനലക്ഷണയെക്കുറിച്ചും സങ്കല്പനങ്ങളെക്കുറിച്ചും പരിശോധിക്കുന്നു.

ഉപാദാനലക്ഷണയും സങ്കല്പനവും

വാച്യാർത്ഥത്തെ കൂടാതെ മറ്റൊരു ആശയത്തെക്കൂടി അവതരിപ്പിക്കുന്ന ഭാഷാവിഷ്കാരം എന്നാണ് ഉപാദാനലക്ഷണ നിർവചിക്കപ്പെട്ടിട്ടുള്ളത് (Croft, 2004:48). മെറ്റോണമി എന്നതിനു തുല്യമായിട്ടാണ് ഉപാദാനലക്ഷണ എന്ന പദം പ്രയോഗിക്കുന്നത്. അംശ–സാകല്യവ്യവസ്ഥയിലൂടെയാണ് ഉപാദാനലക്ഷണ പ്രധാനമായും ആശയത്തെ വിനിമയം ചെയ്യുന്നത്. അതായത്, മനുഷ്യരുടെ ജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടുവരുന്ന സങ്കല്പനവ്യവസ്ഥയിൽ പൂർണത്തിനുപകരം അംശം, അംശത്തിനുപകരം പൂർണം എന്നിങ്ങനെയാണ് ഉപാദാനലക്ഷണയുടെ പ്രധാനപ്പെട്ട ആവിഷ്കാരം. ഭാഷയിൽ മറ്റു പലതരത്തിലും ഇതിന്റെ ആവിഷ്കാരം കാണാം. "ഒന്നിന് മറ്റൊന്നിനോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ആശയങ്ങൾ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ഗ്രഹിക്കാൻ വ്യക്തിയെയും സമൂഹത്തെയും പ്രാപ്തരാക്കുകയാണ് ഉപാദാനലക്ഷണാരൂപത്തിന്റെ സവിശേഷത" (ഗിരീഷ് പി. എം., 2012:84). 'പാർട്ടിസമ്മേളനത്തിൽ തലയെണ്ണം കുറവായിരുന്നു' എന്നു പറയുന്ന വാക്യത്തിൽ 'തല' എന്ന അംശംകൊണ്ട് വ്യക്തി എന്ന പൂർണത്തെക്കുറിക്കുന്നത് ഉപാദാനലക്ഷണയ്ക്ക് ഉദാഹരണമാണ്.

മുകളിൽ സൂചിപ്പിച്ച ഇമോജികൾ പരിശോധിച്ചാൽ, ഓരോന്നും ഒരു യഥാർഥവസ്തുവിനെ അടയാളപ്പെടുത്തുന്ന അംശമോ പൂർണത്തെ കുറിക്കുന്നതിനു വേണ്ടിയുള്ള പകർപ്പുകളോ ആണ്. വിവിധങ്ങളായ മാനുഷികഭാവങ്ങളെയും വിവിധ ശരീരഭാഗങ്ങളെയുംമറ്റും മനുഷ്യശരീരം എന്ന പൂർണത്തിലേക്കുള്ള അംശങ്ങളായിട്ടാണ് ഇമോജികളിൽ ഉപയോഗിച്ചിട്ടുള്ളത് എന്നുകാണാം. പുഞ്ചിരിക്കുന്ന ഒരു ഇമോജിയിലൂടെ– അംശത്തിലൂടെ– പുഞ്ചിരിക്കുന്ന ഒരു വ്യക്തി എന്ന പൂർണത്തെയാണ് സങ്കല്പനം ചെയ്യുന്നത്. മനുഷ്യശരീരവുമായി ബന്ധപ്പെട്ടുള്ള ഏതൊരു ഇമോജി പരിശോധിച്ചാലും മനുഷ്യൻ എന്ന സാകല്യത്തിലേക്കാണ് എത്തിച്ചേരുക. മനുഷ്യധൈഷണികതയുടെ സാർവലൗകികത വ്യക്തമാക്കാൻ ഏറ്റവും മികച്ച ഉദാഹരണങ്ങൾക്കുടിയാണ് ഇമോജികൾ. കാരണം, അവ ഏതോ ഒരു നാട്ടിലിരുന്ന് ആരൊക്കെയോ രൂപപ്പെടുത്തിയവ ആണ് എന്നിരുന്നാലും ഉപയോഗിക്കുന്ന ഓരോ വ്യക്തിക്കും അവ തങ്ങളുടെ സ്വന്തമാണ് എന്നു കരുതുവാൻ സാധിക്കുന്നു. അതായത് മറ്റൊരു രാജ്യത്തോ വൻകരയിലോ ജീവിക്കുന്ന മനുഷ്യർ രൂപകല്പന ചെയ്ത ഇമോജികളെയാണ് ലോകത്തെവിടെയുമുള്ള വ്യക്തികൾക്ക് അത് താനാണ് അല്ലെങ്കിൽ താനുമായി ബന്ധപ്പെടുന്ന വ്യക്തിയാണ് എന്നോ, അവ തന്റെതന്നെ വിവിധങ്ങളായ ഭാവങ്ങളാണ് എന്നോ വിശ്വസിക്കാൻ സാധിക്കുന്നത്. ഇത് മനുഷ്യധൈഷണികത സാർവലൗകികമായതിനാലാണ്. മനുഷ്യധൈഷണികതയാണ് ഇവയിലൂടെ അർഥത്തെ സൃഷ്ടിക്കുന്നത്. അങ്ങനെ ഇവ ഒരേസമയം ഉപാദാനലക്ഷണയും സദൃശസൃഷ്ടിയുമാകുന്നു. ഭാഷയുടെ പരിണാമവും വളർച്ചയുമാണ് ഇതിലൂടെ വ്യക്തമാകുന്നത്.

ഓരോ ഭാഷയുടെയും അടിസ്ഥാനമായി കരുതുന്നത് വ്യാകരണമാണ്. വ്യാകരണത്തിൽ അടിസ്ഥാനസങ്കല്പനമായി ഉപാദാനലക്ഷണകൾ പ്രവർത്തിക്കുന്നുണ്ട്. ഉദാഹരണത്തിന് വിഭക്തി എന്ന സങ്കല്പം പരിശോധിക്കാം. "ഇന്റർനെറ്റിലെ ഐഡന്റിറ്റി" എന്ന വാക്യത്തിലെ വിഭക്തി ഇന്റർനെറ്റിൽ ഐഡന്റിറ്റി ഉണ്ട് എന്ന ആശയത്തിന്റെ സൂചനയാണ്. ഇന്റർനെറ്റിൽ ഉണ്ട്, അവിടെ ഐഡന്റിറ്റി ആവശ്യമാണ്, യഥാർത്ഥലോകത്തിൽ ഐഡി ചെയ്യുന്നതെന്തോ അതുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടും വ്യതിരിക്തതപുലർത്തിയും നിൽക്കുന്നു എന്നോ, ഐഡിയുടെ പ്രാധാന്യം എന്താണ്, അതില്ലെങ്കിലുള്ള പ്രശ്നങ്ങൾ എന്തെല്ലാമാണ്, എന്നിങ്ങനെ വിശാലമായ അർത്ഥതലങ്ങളിലേക്കുള്ള ആശയത്തിന്റെ അംശം മാത്രമാണ് മുകളിൽ സൂചിപ്പിച്ച ഉദാഹരണവാക്യം. ഇവിടെ അംശംകൊണ്ട് സാകല്യത്തെ കുറിക്കുന്ന ഉപാദാനലക്ഷണയുടെ സ്വഭാവമാണ് കാണാനാവുക.

നിർദ്ദേശിക പരിശോധിച്ചാൽ, നാമപദങ്ങളെല്ലാം നിർദ്ദേശികയിൽ വരും. നിർദ്ദേശിക ഒരു കർത്തൃത്വത്തിന്റെ നിലനില്പിനെയാണ് അതിന്റെ ഒരംശം മാത്രമായ നാമത്തിലൂടെ കുറിക്കുന്നത്. "ലീല ചാറ്റിങ്ങിലാണ്" എന്നു പറയുമ്പോൾ, ലീല ഒരു വ്യക്തിയാണ് (റോബോട്ടാണ്) എന്നും ലിംഗപരമായി സ്ത്രീയാണ് എന്നും, മറ്റൊരാളുമായി ചാറ്റ് ചെയ്യുകയാണ്; മറ്റൊരു വ്യക്തി അല്ലെങ്കിൽ സാങ്കേതികവിദ്യ എതിർഭാഗത്തുണ്ട് എന്നുമുള്ള നിരവധി സാകല്യങ്ങളിലേക്ക് അർത്ഥം സഞ്ചരിക്കുന്നു. ലീലയുടെ റോബോട്ട്, ലീലയുടെ സോഷ്യൽമീഡിയ, ലീലയുടെ സേർച്ച് ഹിസ്റ്ററി എന്നിങ്ങനെയുള്ളിടത്തെല്ലാം ലീലയ്ക്ക് സ്വന്തമായുണ്ട് എന്ന അർഥമാണ് ലഭിക്കുന്നത്. ഇതിന്റെ അംശമാണ് –ഉടെ പേറുന്നത്. –ൽ, –അത്ത്, –ന്റെ എന്നിങ്ങനെയുള്ളവയുടെ പ്രയോഗങ്ങളും ഉപാദാനലക്ഷണയുടെ വിവിധങ്ങളായ ആവിഷ്കാരത്തിന് ഉപയോഗിക്കുന്നു. 'സോഫ്റ്റ്വെയറിന്റെ ഉപയോഗം' എന്ന വാക്യം പരിശോധിച്ചാൽ അത് നല്കുന്ന അർത്ഥത്തിന്റെ വ്യാപ്തി വ്യക്തമാകുന്നു. ഭാഷയിൽ ഉപയോഗിക്കുന്ന ചുരുക്കെഴുത്തുകൾ എല്ലാംതന്നെ ഉപാദാനലക്ഷണയുടെ ആവിഷ്കാരമാണ്. അംശംകൊണ്ട് സാകല്യത്തെക്കുറിക്കുകയാണ് അവ ചെയ്യുന്നത്.

പുതിയ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് നിരവധി ചുരുക്കെഴുത്തുകൾ ഭാഷയിൽ ഇന്ന് പ്രചാരത്തിലുണ്ട്. ഉദാഹരണം: എച്ച്. ഐ. ഡി. ഡിവൈസ് എന്ന അംശത്തിലൂടെ ഹ്യൂമൻ ഇന്റർഫെയ്സ് ഡിവൈസ് എന്ന സാകല്യത്തിലേക്കാണ് അർത്ഥം സഞ്ചരിക്കുന്നത്. ഐ. എസ്. എം = ഇസ്ഫോക്സ്ക്രിപ്റ്റ് മാനേജർ, യു. ആർ. എൽ. = യൂണിഫോം റിസോഴ്സ് ലൊക്കേറ്റർ, എസ്. എം. സി. = സ്വതന്ത്രമലയാളം കമ്പ്യൂട്ടിംഗ്, ജി. പി. എസ്. = ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം എന്നിങ്ങനെ നിരവധി ഉദാഹരണങ്ങൾ കണ്ടെടുക്കാൻ സാധിക്കും. ടെക്സ്റ്റുക, ചാറ്റുക, മെയിലുക എന്നിങ്ങനെയുള്ള പ്രയോഗങ്ങളും യഥാക്രമം ടെക്സ്റ്റ് ചെയ്യുക, ചാറ്റ് ചെയ്യുക, മെയിൽ ചെയ്യുക എന്നിവയുടെ ചുരുക്കെഴുത്തുകളാണ്. അംശംകൊണ്ട് സാകല്യത്തെക്കുറിക്കുന്ന ഉപദാനലക്ഷണയുടെ സ്വഭാവമാണ് ഇവയും പുലർത്തുന്നത്. ഇങ്ങനെ ഭാഷയിൽ പുതിയപദങ്ങളും അവയെ അടിസ്ഥാനമാക്കിയുള്ള പുതിയ പ്രയോഗങ്ങളും സൃഷ്ടിക്കുമ്പോൾ ഭാഷയുമായി ബന്ധപ്പെട്ടുവരുന്ന ധൈഷണികവൃത്തികൾ മാറ്റമില്ലാതെ തുടരുകതന്നെ ചെയ്യും എന്നു വ്യക്തമാണ്. കാരണം അവ ധൈഷണികവും സാർവലൗകികവുമാണ് എന്നതുതന്നെ.

റോബോട്ടിക്സിലേക്കു വരുമ്പോൾ മനുഷ്യരുടെ അധ്വാനവും സമയവും ചുരുക്കി കൂടുതൽ കാര്യക്ഷമമായി ജോലികൾ പൂർത്തീകരിക്കുന്നതിനായിട്ടാണ് യന്ത്രങ്ങളെ നിർമ്മിക്കുന്നതെന്നു പറയാം. ഇവിടെ ഓരോ യന്ത്രത്തിനെയും വ്യക്തി എന്ന പൂർണത്തെ പ്രതിനിധാനം ചെയ്യുന്ന അംശമായിട്ടാണ് സങ്കല്പനം ചെയ്യുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

അതുകൊണ്ടുതന്നെ ഭാഷയിലും ഈ സങ്കല്പനത്തിനനുസരിച്ചുള്ള പ്രയോഗങ്ങളാണ് കടന്നുവരുന്നത്. റോബോട്ടിന്റെ ബുദ്ധി, റോബോട്ടിന്റെ കൈകൾ, റോബോട്ടിന്റെ കഴിവ് എന്നിങ്ങനെയുള്ള ഉപാദാനലക്ഷണയുടെ ആവിഷ്കാരങ്ങളിലെല്ലാം മനുഷ്യശരീരം/ വ്യക്തി എന്ന ജ്ഞാനമാതൃക പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇവിടെ സങ്കല്പനലക്ഷകങ്ങളും പ്രസക്തമായിത്തീരുന്നു. തുടർന്ന് സങ്കല്പനലക്ഷകം എന്ന ആശയത്തെക്കുറിച്ചും അതിന്റെ പ്രയോഗസാധ്യതകളെക്കുറിച്ചും വ്യക്തമാക്കുകയും, അവ എങ്ങനെയാണ് മാനുഷികാനന്തരഭാഷയിൽ പ്രവർത്തിക്കുന്നത് എന്നു പരിശോധിക്കുകയും ചെയ്യുന്നു.

സങ്കല്പനലക്ഷകവും മാനുഷികാനന്തരഭാഷയും

ഒരു വസ്തുവിനെയോ ആശയത്തെയോ അതിന്റേതായ രീതിയിൽ നേരിട്ടുമനസ്സിലാക്കുന്നത് സാധാരണമാണ്. ഇതിന്റെ പലതരത്തിലുള്ള സ്വാഭാവിക ആവിഷ്കാരങ്ങളും ഭാഷയിൽ സാധ്യമാണ്. എന്നാൽ പുതിയ കാര്യങ്ങളെ ഭാഷയിൽ അവതരിപ്പിക്കുമ്പോൾ, മുമ്പു നേടിയിട്ടുള്ള പരിചിതമായ ജ്ഞാനപരിസരത്തുനിന്നുള്ള ഏതെങ്കിലും തരത്തിലുള്ള അറിവുകളെ അടിസ്ഥാനമാക്കിയാവുമ്പോൾ അത് ലക്ഷകാത്മകമായി മാറുന്നു. മാനുഷികാനന്തരഭാഷയിലും പുതിയ ആശയങ്ങളെയും സങ്കല്പങ്ങളെയും സങ്കല്പനലക്ഷകങ്ങളുടെ സഹായത്താലാണ് ആവിഷ്കരിക്കുന്നത്. സാധാരണയായി നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു വ്യത്യസ്ത ജ്ഞാനപശ്ചാത്തലത്തിൽ നിൽക്കുന്ന രണ്ട് വസ്തുക്കളെയോ ആശയങ്ങളെയോ പരസ്പരം ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

അതായത്, സങ്കല്പനലക്ഷകങ്ങളിൽ ജ്ഞാനപരവും സത്താപരവുമായ ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു സ്രോതസ്ഥലവും ഒരു ലക്ഷ്യതലവും ഉണ്ടായിരിക്കും. ഇവ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് അർത്ഥം ലഭിക്കുന്നത്. ഇതിന്റെ അടിസ്ഥാനമായി ഒരു ജ്ഞാനമാതൃകയും ഉണ്ടായിരിക്കും. ഉദാഹരണത്തിന് മനുഷ്യർ എന്ന ജ്ഞാനമാതൃകയെ അടിസ്ഥാനമാക്കിയാണ് റോബോട്ട് അല്ലെങ്കിൽ യന്ത്രമനുഷ്യർ എന്ന സങ്കല്പത്തെ സൃഷ്ടിച്ചിട്ടുള്ളതെന്നു കാണാം. രൂപം മനുഷ്യന്റേതുതന്നെ വേണമെന്നു നിർബന്ധമില്ല; പക്ഷേ, സ്രോതസ്ഥലത്തിൽ നിൽക്കുന്ന അറിവുകൾ മനുഷ്യശരീരവുമായി ബന്ധപ്പെട്ടാണ്.
ചുരുക്കത്തിൽ, പലരൂപത്തിൽ നിർമ്മിക്കുന്ന റോബോട്ട് എന്ന ലക്ഷ്യതലത്തിനു പിന്നിൽ പ്രവർത്തിക്കുന്ന ജ്ഞാനമാതൃക മനുഷ്യശരീരമാണ്. അപ്പോഴും രൂപകല്പന ചെയ്യുന്ന ഓരോ ഭാഗത്തിനും ചെയ്യുന്ന പ്രവർത്തിക്ക് ആവശ്യമായ തരത്തിലുള്ള ആകൃതിയും പ്രത്യേകതകളും ആവശ്യമാണ്. മനുഷ്യർ ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾ പലതും വേഗത്തിലും കൃത്യതയോടെയും ചുരുങ്ങിയ സമയത്തിനുള്ളിൽ ചെയ്തുതീർക്കുന്നതിനു കൂടിയാണ് യന്ത്രങ്ങളെ രൂപകല്പന ചെയ്യുന്നത്. അതുകൊണ്ടുതന്നെ പലപ്പോഴും മനുഷ്യസദൃശമായ രൂപം ആവശ്യവുമായി വരുന്നു. മനുഷ്യരൂപത്തിൽ നിർമ്മിക്കപ്പെടുന്ന റോബോട്ടുകളെയാണ് ആൻഡ്രോയ്ഡ്സ് എന്നു വിളിക്കുന്നത്. ഇവിടെ സ്രോതസ്ഥലത്തിൽ മനുഷ്യനും ലക്ഷ്യതലത്തിൽ റോബോട്ടും നിൽക്കുന്നു. അവ തമ്മിലുള്ള സത്താപരവും ജ്ഞാനപരവുമായ ബന്ധത്തെ ചുവടെ വ്യക്തമാക്കുന്നു.

സത്താപരമായ വിനിമയം

സ്രോതസ്ഥലം – മനുഷ്യശരീരം	ലക്ഷ്യതലം – റോബോട്ട്
ശരീരം	യന്ത്രം
ഇന്ദ്രിയങ്ങൾ	സെൻസ് ഓർഗൻസ്
മസ്തിഷ്കം	പ്രൊസസ് യൂണിറ്റ്/ അർഡിനോ
അറിവ് ആർജ്ജനം	ഇൻപുട്ട്
പലതരം പ്രവർത്തികളിൽ ഏർപ്പെടുന്നു	നിർമ്മാണത്തിനനുസരിച്ച് പ്രവർത്തിക്കുന്നു
എനർജി ആവശ്യമാണ്	ഇലക്ട്രിസിറ്റി ഉപയോഗിക്കുന്നു
ജനനം, വളർച്ച, മരണം	നിർമ്മാണം, ഉപയോഗം, യന്ത്രത്തകരാറ്

ജ്ഞാനപരമായ വിനിമയം

സ്രോതസ്ഥലം	ലക്ഷ്യതലം
മനുഷ്യരുടെ വിവിധങ്ങളായ ഇന്ദ്രിയങ്ങൾ ഉപയോഗിച്ച് പലതരത്തിലുള്ള അറിവ് ആർജ്ജിക്കുന്നു.	റോബോട്ടിൽ ഘടിപ്പിച്ചിരിക്കുന്ന വിവിധ സെൻസ് ഓർഗനുകളുടെ (ഇൻഫ്രാറെഡ് സെൻസർ, ടെമ്പറേച്ചർ

	സെൻസർ, അൾട്രാസോണിക് സെൻസർ, etc.) സഹായത്താൽ ചുറ്റുപാടുകളെ തിരിച്ചറിയുന്നു.
ശരീരത്തിലെ വിവിധ അവയവങ്ങളിലൂടെ നേടിയെടുക്കുന്ന അറിവുകളെ ന്യൂറോണുകളുടെ സഹായത്താൽ മസ്തിഷ്കത്തിൽ എത്തിക്കുകയും മസ്തിഷ്കത്തിലെ പ്രവർത്തന ഫലമായി ചെയ്യേണ്ട പ്രവർത്തികളും മറ്റും ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സിഗ്നലുകളായി എത്തിക്കുകയും ചെയ്യുന്നു.	റോബോട്ടുകളുടെ ഫ്രെയിമിൽ ഘടിപ്പിച്ചിരിക്കുന്ന പലതരം സെൻസറുകൾ ഇൻപുട്ടിനെ കേബിളുകളിലൂടെ പ്രോസസ് യൂണിറ്റ് അല്ലെങ്കിൽ അർഡിനോയിൽ എത്തിച്ചതിനുശേഷം അവിടെനിന്നും ലഭിക്കുന്ന നിർദ്ദേശാനുസരണം യന്ത്രഭാഗങ്ങളെ ചലിപ്പിക്കുന്നു.
മനുഷ്യശരീരത്തിലുടനീളം രക്തപ്രവാഹം നടക്കുന്നു. വിവിധ സിഗ്നലുകളും മറ്റും ന്യൂറോണുകളിലൂടെ മസ്തിഷ്കത്തിലേക്കും തിരിച്ച് പേശികളിലേക്കും സഞ്ചരിക്കുന്നു.	റോബോട്ടിന്റെ യന്ത്രഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഇലക്ട്രിക്കൽ ഇംപൾസുവഴി വൈദ്യുതി പ്രവഹിക്കുന്നു.
ഓരോ വ്യക്തിയും ആർജിച്ചെടുക്കുന്ന അറിവിനും ലോകബോധത്തിനും അനുസരിച്ച് പ്രവർത്തികളിൽ ഏർപ്പെടുകയും ജീവിക്കുകയും ചെയ്യുന്നു.	ഇൻപുട്ട് നൽകുന്നതിനനുസരിച്ചുള്ള ഔട്ട്പുട്ട് ലഭിക്കുന്നു.
രോഗങ്ങളും മരണവും സംഭവിക്കും.	പലതരം സാങ്കേതിക തകരാറുകളും ചിലപ്പോൾ നശിച്ചു പോകാനും കാരണമായേക്കാം.

ഇത്തരത്തിൽ റോബോട്ട് എന്നതിനെ മനസ്സിലാക്കുന്നതിനുവേണ്ടി സ്രോതസ്ഥലത്തിൽ മനുഷ്യശരീരം എന്ന ജ്ഞാനമാതൃകയാണ് ഉപയോഗിക്കുന്നത് എന്നുകാണാം. എല്ലാ കാര്യത്തിലും റോബോട്ടുകളെ മനുഷ്യനോടു ബന്ധപ്പെടുത്തിയാണ് മനസ്സിലാക്കുന്നത്. ഭാഷയിൽ പുതിയ ആശയങ്ങളെ അല്ലെങ്കിൽ അറിവുകളെ അവതരിപ്പിക്കുമ്പോൾ ഇത്തരത്തിൽ മുമ്പ് നേടിയിട്ടുള്ള അറിവിനെ പ്രയോജനപ്പെടുത്തുന്നത് സാധാരണമാണ്. ഇവിടെ ജനനം, പ്രായം, രോഗം, പൗരത്വം, ലിംഗം, തൊഴിൽ എന്നിങ്ങനെ റോബോട്ടുകളുമായി ബന്ധപ്പെടുന്ന ഏതിനെയും മനുഷ്യശരീരം എന്ന ജ്ഞാനപശ്ചാത്തലം ഉപയോഗിച്ച് മനസ്സിലാക്കുന്നു.

ഇന്ന് റോബോട്ടുകൾ വളർച്ചയുടെ പാതയിലാണ്. കൃത്രിമബുദ്ധിയും വയർലെസ്സ് സങ്കേതങ്ങളും നാനോടെക്നോളജിയും സമന്വയിപ്പിച്ച് മുൻകാലങ്ങളിൽ ചിന്തിക്കുവാൻപോലും കഴിയാതിരുന്ന സിദ്ധികളുള്ള റോബോട്ടുകളാണ് ഇന്ന് രൂപംകൊള്ളുന്നത്. മനുഷ്യഭാഷതന്നെയാണ് റോബോട്ടുകളിലും പ്രോഗ്രാം ചെയ്യുന്നത്. മനുഷ്യരോട് സംസാരിക്കുകയും മനുഷ്യർ സംസാരിച്ചാൽ അത് മനസ്സിലാക്കി പ്രതികരിക്കുകയും ചെയ്യണമെങ്കിൽ മാനകഭാഷതന്നെ ഉപയോഗിക്കണം. അതുകൊണ്ടുതന്നെ മനുഷ്യധൈഷണികതയുടെ അടിസ്ഥാനഘടകങ്ങൾ യന്ത്രങ്ങളിലും ഉപയോഗിക്കുന്നു. അതേസമയം അവയ്ക്ക് സാഹചര്യങ്ങൾക്കനുസരിച്ച് സ്വന്തമായി പുതിയ സദൃശസൃഷ്ടികളും സങ്കല്പനലക്ഷകങ്ങളും സൃഷ്ടിക്കാൻ ഇപ്പോൾ സാധിക്കുന്നില്ല എങ്കിലും വളർച്ചയുടെ പാതയിൽ, വരുംകാലങ്ങളിൽ അതും സാധ്യമായേക്കും. കാരണം ഭാഷ മസ്തിഷ്കപ്രവർത്തനമാണ്. ഇന്ന് റോബോട്ടിക്സിലെ പ്രധാന ശ്രമങ്ങളിലൊന്ന് മനുഷ്യമസ്തിഷ്കത്തിലെ എല്ലാ കഴിവുകളെയും യന്ത്രത്തിലേക്കു പകരുവാൻ കഴിയുമോ എന്നുള്ളതാണ്. അത് സാധിച്ചാൽ തലച്ചോറിൽ ഭാഷയെ നിയന്ത്രിക്കുന്ന ഭാഗം യന്ത്രങ്ങൾക്കും ലഭിക്കുകയും മനുഷ്യർ ധൈഷണികത ഉപയോഗിച്ച് ഭാഷ ഉപയോഗിക്കുന്നതുപോലെ യന്ത്രങ്ങളും ഭാഷ കൈകാര്യം ചെയ്യാൻ തുടങ്ങും. മസ്തിഷ്കവും പേശികളും ന്യൂറോണുകൾ വഴി ബന്ധപ്പെടുന്നതിനു സമാനമായി പ്രൊസസ് യൂണിറ്റുകൾക്കും സെൻസ് ഓർഗനുകൾക്കും ഇലക്ട്രിക്കൽ ഇംപൾസുവഴി വോൾട്ടേജ് കടത്തിവിട്ടുകൊണ്ട് പ്രവർത്തിക്കാൻ സാധിക്കും.

ജ്ഞാനമാതൃകയെ അടിസ്ഥാനമാക്കിയാണ് ലക്ഷകങ്ങൾ രൂപപ്പെടുന്നത്. പുതിയ ഭാഷയിലും ഇതു സംഭവിക്കുന്നു. യഥാർത്ഥലോകത്തെ ജ്ഞാനമാതൃകകളെ അടിസ്ഥാനമാക്കി സൈബർ ലോകത്തുനടത്തുന്ന സങ്കല്പനങ്ങളെല്ലാം സങ്കല്പനലക്ഷകങ്ങളാണ്. ഇവയെ ജ്ഞാനപരമായും സത്താപരമായും രണ്ടുതലങ്ങൾ തമ്മിൽ ബന്ധിപ്പിക്കാൻ സാധിക്കും. ഹൈപ്പർടെക്സ്റ്റ് നിഘണ്ടുവായിട്ട് സങ്കല്പനം ചെയ്യുന്നതും ഗൂഗിൾമീറ്റിനെ ഒരു ക്ലാസ്സ് റൂം ആയി സങ്കല്പനം ചെയ്യാൻ സാധിക്കുന്നതും മറ്റ് ഉദാഹരണങ്ങളാണ്. ബോധനമാധ്യമമെന്നനിലയിൽ ഭാഷയിലെ പരിണാമങ്ങൾ സജീവമാണ് എങ്കിലും ഈ മാറ്റങ്ങൾ മനുഷ്യധൈഷണികത എന്ന അച്ചുതണ്ടിലാണ് കറങ്ങുന്നത്. ഇത് സാർവലൗകികവുമാണ്. സാങ്കേതികവിദ്യയിലുണ്ടായ മാറ്റങ്ങൾ ഭാഷയിൽ ഒട്ടനവധി മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട് എങ്കിലും ധൈഷണികഭാഷാശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന പരികല്പനകളിൽ അധിഷ്ഠിതമായാണ് അവ നിലകൊള്ളുന്നത് എന്നുകാണാൻ സാധിക്കുന്നു.

യഥാർത്ഥലോകത്തെ ജ്ഞാനമാതൃകയെ അടിസ്ഥാനമാക്കി സൈബർലോകത്തു നടത്തുന്ന സങ്കല്പനങ്ങളെല്ലാം ലക്ഷകങ്ങളാണ്. ജ്ഞാനപരമായും സത്താപരമായും രണ്ടുതലങ്ങൾ തമ്മിൽ ബന്ധിപ്പിക്കാൻ

കഴിയും. സദൃശസൃഷ്ടികൾ അങ്ങനെ ലക്ഷകങ്ങൾ കൂടിയാകുന്നു. റോബോട്ടുകൾപോലും പല ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ജ്ഞാനമാതൃകകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. ചികിത്സാരംഗത്ത് ഉപയോഗിക്കുന്ന റോബോട്ടിന് ഡോക്ടർ അല്ലെങ്കിൽ നേഴ്സ് എന്ന ജ്ഞാനമാതൃകയും വാഹനങ്ങളിൽ ഉപയോഗിക്കുന്ന റോബോട്ടിന് ഡ്രൈവർ എന്ന ജ്ഞാനമാതൃകയും ക്ലാസ്സ്റൂമുകളിൽ ഉപയോഗിക്കുന്ന റോബോട്ടിന് ടീച്ചർ എന്ന ജ്ഞാനമാതൃകയുമാണ് അടിസ്ഥാനമാക്കുന്നത്. ഇങ്ങനെ തൊഴിലിനനുസരിച്ചും മറ്റ് പ്രത്യേകതകളെ അടിസ്ഥാനമാക്കിയും പലതരം ജ്ഞാനമാതൃകകളുടെ സഹായത്താലാണ് അർത്ഥത്തെ സൃഷ്ടിക്കുന്നത്. ഇത്തരത്തിൽ വിവിധമേഖലകളിലായി റോബോട്ടുകൾ വ്യാപിക്കുമ്പോൾ നിലവിലെ സമൂഹത്തിനു സമാന്തരമായി മറ്റൊരു സമൂഹമായിത്തന്നെ റോബോട്ടുകളും മാറുന്നു. അവ ഒരുമിച്ചു പ്രവർത്തിക്കുകയും ഒന്നിനെ മറ്റൊന്നു സഹായിക്കുകയും ചെയ്യും. ഹ്യൂമനോയ്ഡ് റോബോട്ടുകൾ ഇന്ന് പലമേഖലകളിലും ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട് എന്നും കാണാം. സോഫിയ എന്ന റോബോട്ടിന് സൗദിയിൽ പൗരത്വം പോലും നല്കുകയുണ്ടായി എന്ന വസ്തുത ഇതുമായി ചേർത്തു വായിക്കാവുന്നതാണ്. ഇവിടെയെല്ലാം ശരീരം എന്ന ജ്ഞാനമാതൃകയാണ് അടിസ്ഥാനമായി നിൽക്കുന്നത്.

ഉപസംഹാരം

'മാനുഷികാനന്തരഭാഷാപരിണാമവും സങ്കല്പനവും: ധൈഷണികഭാഷാശാസ്ത്രാപഗ്രഥനം' എന്ന പ്രബന്ധത്തിലൂടെ ഭാഷാപരിണാമത്തിൽ പ്രധാനമായി പ്രവർത്തിക്കുന്ന മനുഷ്യധൈഷണികതകളെ ഭാഷയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനാണ് ശ്രമിച്ചത്. സാങ്കേതികവിദ്യ എത്രത്തോളം വികസിച്ചു എന്നിരുന്നാലും, അതിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തി ഭാഷ പരിണാമവിധേയമായാലും, അടിസ്ഥാനപരമായുള്ള മനുഷ്യധൈഷണികതയും ഭാഷയുമായി ബന്ധപ്പെടുന്ന ധൈഷണികവൃത്തികളും സാർവലൗകികമായി തുടരുക തന്നെ ചെയ്യും എന്ന പരികല്പനയുടെ അടിസ്ഥാനത്തിലാണ് വിശകലനങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ ഭാഷയുമായി ചേർന്നുനിൽക്കുന്ന സങ്കല്പനപ്രക്രിയകളിൽ പ്രധാനപ്പെട്ട ചിലതാണ് സദൃശസൃഷ്ടി, ഉപാദാനലക്ഷണ, സങ്കല്പനലക്ഷകം എന്നിവ.

വിശകലനത്തിൽനിന്നും ധൈഷണികതയുടെ ഇടമാണ് സാങ്കേതികതയുടെ ഇടത്തെയും സൃഷ്ടിക്കുന്നത് എന്നുകാണാം. യഥാർത്ഥ ലോകത്തിലുള്ളതുമായി ബന്ധപ്പെട്ടു നിൽക്കുന്ന എല്ലാ ഇടങ്ങളെയും പ്രവർത്തികളെയും വെർച്വൽലോകത്ത് പ്രതിനിധാനം ചെയ്യുന്ന രീതിയിലാണ് സൈബർ എന്ന പദം വികാസം പ്രാപിച്ചത്. സൈബർസ്ഥലത്തിലെ ജീവിതരീതിയെ സൈബർസംസ്കാരം എന്നുപറയാം. ഇത് യഥാർത്ഥജീവിതത്തിൽനിന്നും അന്യമല്ല. ഭാഷയുമായി ബന്ധപ്പെട്ട പലതരം ധൈഷണികവൃത്തികളുടെ അടിസ്ഥാനത്തിലാണ് ഭാഷയുടെ വളർച്ചയും പരിണാമവും സംഭവിക്കുന്നത്. ഇവ സാർവലൗകികമായി നിൽക്കുന്ന ധൈഷണികഘടകങ്ങൾക്കുടിയാണ്. കാരണം, ഭാഷയല്ല ചിന്തയെ സൃഷ്ടിക്കുന്നത്; ചിന്തയാണ് ഭാഷയെ രൂപപ്പെടുത്തുന്നത്. ഭാഷയിലെ ഓരോ ചെറിയ പരിണാമങ്ങൾപോലും ചിന്തയുടെ ഭാഗമായുണ്ടാകുന്നതാണ്. പുതിയ ആലങ്കാരികപ്രയോഗങ്ങളും അവയുടെ വിപുലമായ അർത്ഥസാധ്യതകളും ഇത്തരം പുതിയ ഭാഷയിലൂടെ ഉണ്ടാകുന്നു. മാനവാനന്തരസാങ്കേതികവിദ്യയിലും ഇത്തരത്തിൽ ഭാഷയുടെ പരിണാമത്തിന് ധൈഷണികത ചാലകശക്തിയായിത്തീരുന്നു.

പുതുഭാഷയിലുടനീളം ഇത്തരത്തിൽ സദൃശസൃഷ്ടി, ഉപാദാനലക്ഷണ, സങ്കല്പനലക്ഷകങ്ങൾ എന്നിങ്ങനെയുള്ള ധൈഷണികവൃത്തികൾ കാണാം. അതായത്, മാനവാനന്തരഭാഷയിലുടനീളം അല്ലെങ്കിൽ ഇന്റർനെറ്റിന്റെ വലയത്തിനുള്ളിലും സ്മാർട്ട് ഫോണിന്റെ പരിധിക്കുള്ളിലും നിൽക്കുന്ന ഭാഷയിൽ ഇത്തരത്തിലുള്ള നിരവധി ധൈഷണികപ്രക്രിയകൾ നടക്കുന്നുണ്ട്. വ്യക്തികൾ മുമ്പ് നേടിയിട്ടുള്ള അറിവിന്റെ അടിസ്ഥാനത്തിലാണ് പുതിയ സങ്കല്പനങ്ങളെയും മറ്റും ഭാഷയിൽ അടയാളപ്പെടുത്തുന്നത്. ശരീരവുമായി ബന്ധപ്പെട്ട് നാം നേടിയിട്ടുള്ള അറിവുകൾക്ക് ഇവിടെ വലിയ പ്രാധാന്യമുണ്ട് എന്നു ചുരുക്കം.

ഗ്രന്ഥസൂചി

1. ആദർശ് വി. കെ., ഇനി വായന ഇ– വായന, കറന്റ് ബുക്സ്, കോട്ടയം, 2009.
2. ഗിരീഷ് പി. എം., അറിവും ഭാഷയും ധൈഷണികഭാഷാശാസ്ത്രം (ആമുഖം), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.
3. ജോസ് കെ. മാനുവൽ, സൈബർ ആധുനികത @ മലയാളം, ടേൺ ബുക്സ്, കോട്ടയം, 2019.
4. ജോസ് കെ. മാനുവൽ (എഡി.), സൈബർ ആധുനികത സംവാദം സംസ്കാരം സംലയനം, ടേൺ ബുക്സ്, കോട്ടയം, 2019.
5. Braunal, Thomas, Embedded Robotics, Springer, New York, 2006.
6. Croft, William and D. Alen Cruse, Cognitive Linguistics, Cambridge University Press, Cambridge, 2004.
7. Lakoff, George and Mark Johnson, Metaphors We Live By, University of Chicago Press, Chicago, 2003.
8. Selig, J. M., Introductory Robotics, Prentice Hall, New York and London, 1992.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ലേഖനസൂചി

1. ഗിരീഷ് പി. എം., "ധൈഷണികകാവ്യശാസ്ത്രം: വായനയുടെ സൗന്ദര്യശാസ്ത്രം", സാഹിത്യലോകം, മെയ്- ജൂൺ ലക്കം, 2020.

* മലയാളവിഭാഗം, സെന്റ് ബർക്കുമൻസ് കോളേജ്, ചങ്ങനാശ്ശേരി.
Mob: 9656560466, Email: sarathnjallothu@gmail.com

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article Article ID: MRK0002

മാതൃഭാഷയും വിദ്യാഭ്യാസവും: പി. പവിത്രന്റെ വീക്ഷണങ്ങൾ ഒരു കോളനിയനന്തരവായന

ആർ. പ്രദീപ്*

പ്രബന്ധസംഗ്രഹം
ജനാധിപത്യപരമായ ഒരു സമൂഹത്തിന്റെ നിർമ്മാണത്തിന് അതത് പ്രദേശത്തെ ഭാഷ വഹിക്കുന്നപങ്ക് വളരെ വലുതാണ്. അതിനുവേണ്ടി ഓരോരുത്തർക്കും മാതൃഭാഷാബോധനവും മാതൃഭാഷയിലൂടെയുള്ള ബോധനവും ലഭിക്കുകയും മാതൃഭാഷാവബോധം ഉണ്ടായിരിക്കുകയും ചെയ്യുകയെന്നത് അത്യന്താപേക്ഷിതമാണ്. മാതൃഭാഷയുടെ ഈ പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെടുത്താനാണ് പി. പവിത്രൻ മാതൃഭാഷയെ സംബന്ധിച്ച തന്റെ ചിന്തകളിലൂടെയും എഴുത്തുകളിലൂടെയും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഓരോ വിഷയവും മാതൃഭാഷയിൽ പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിനുള്ള പൗരരുടെ അവകാശങ്ങളെക്കുറിച്ചും അദ്ദേഹം തന്റെ ഭാഷാചിന്തകളിലൂടെ വ്യക്തമാക്കുന്നുണ്ട്. ഈ ചിന്തകളാണ് മാതൃഭാഷയ്ക്ക് വേണ്ടി പോരാടാനും സാധാരണമനുഷ്യർക്കിടയിൽ നിന്നുകൊണ്ട് ഭാഷയ്ക്കുവേണ്ടി പ്രവർത്തിക്കാനും അദ്ദേഹത്തിന് ഊർജ്ജവും പ്രചോദനവും നൽകിയത് എന്ന പരികല്പനയാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യംവെക്കുന്നത്.

താക്കോൽവാക്കുകൾ
ഭാഷയും വിജ്ഞാനവും, മാതൃഭാഷയും വിദ്യാഭ്യാസവും, കോളനിയനന്തരവാദം, വിജ്ഞാനോല്പാദനവും വിതരണവും

....

ആമുഖം

ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നത് ഭാഷയാണ്. മനുഷ്യർ തമ്മിലുള്ള പരസ്പരബന്ധം നിലനിൽക്കുന്നതും ഭാഷയിന്മേലാണ്. ഒരു ജനാധിപത്യസമൂഹത്തിന്റെ പുരോഗതിക്ക് ഭാഷ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. കേരളത്തിലെ ജനങ്ങൾ അക്കാലത്തു നിലനിന്നിരുന്ന അയിത്തവും ജാതിമതദേശഭേദങ്ങളും മറന്ന് ആദ്യമായി ഒത്തുകൂടുന്നത് ഭാഷയ്ക്കുവേണ്ടിയാണ്. 1920ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നാഗ്പൂർ സമ്മേളനത്തിലാണ് ഭാഷാടിസ്ഥാനത്തിലായിരിക്കണം സംസ്ഥാനരൂപീകരണം നടത്തേണ്ടത് എന്ന ആശയം ആദ്യമായി മുന്നോട്ടുവെയ്ക്കപ്പെടുന്നത്. പിന്നീട് 1921ൽ ഒറ്റപ്പാലത്തുവെച്ച് നടന്ന അഖിലകേരളരാഷ്ട്രീയസമ്മേളനത്തിൽ എല്ലാ ഭേദങ്ങളും മറന്ന് മലയാളഭാഷയ്ക്കുവേണ്ടി, മലയാളഭാഷ സംസാരിക്കുന്ന സംസ്ഥാനത്തിനുവേണ്ടി, ജനങ്ങൾ ഒത്തുകൂടി.

നമ്മുടെ സാമൂഹികപരിഷ്കരണ ശ്രമങ്ങളോടൊപ്പംതന്നെ ഭാഷയ്ക്കുവേണ്ടിയുള്ള നവോത്ഥാന പ്രവർത്തനങ്ങളും നടന്നിരുന്നു. ജോർജ് മാത്തൻ, സഹോദരൻ അയ്യപ്പൻ, ജോഹന്നാസ് ഫ്രോൺ മേയർ, മക്തി തങ്ങൾ തുടങ്ങിയവരെല്ലാംതന്നെ മാതൃഭാഷയ്ക്കുവേണ്ടി വാദിച്ചവരായിരുന്നു. സംസ്ഥാനം നിലവിൽ വന്നതിനു ശേഷം ആദ്യമുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ്. മാതൃഭാഷയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മുഖ്യലക്ഷ്യമാക്കിയിരുന്നുവെങ്കിലും 1970–ഓടുകൂടി മധ്യവർഗജനതയുടെ ഇടയിൽ ഇംഗ്ലീഷ് ഭാഷയ്ക്കുള്ള സ്വാധീനം ശക്തമായി വർദ്ധിച്ചുകൊണ്ടിരുന്നു.

തുടർന്നുള്ള കാലഘട്ടങ്ങളിൽ മാതൃഭാഷയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ട ദുര്യോഗം മലയാളികൾക്ക് വന്നുചേർന്നു എന്ന് പറയാതിരിക്കാനാവില്ല. സാമ്രാജ്യത്വത്തിൽനിന്ന് വിടുതിനേടിയെങ്കിലും ഇന്നും മലയാളികളുടെ മനസ്സ് കോളനീകരണത്തോട് വിട പറഞ്ഞിട്ടില്ല. കോളനീകരണത്തിന്റെ ശേഷിപ്പുകൾ ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നതുകൊണ്ടുതന്നെയാണ് ഇംഗ്ലീഷ് ഭാഷാപഠനത്തിനും ഇംഗ്ലീഷ് മാധ്യമത്തിൽ കുട്ടികളെ പഠിപ്പിക്കുന്നതിനും വലിയ പ്രാധാന്യം നൽകിവരുന്നത്. അങ്ങനെ പഠിപ്പിച്ചെങ്കിൽ മാത്രമേ ഉന്നതനിലവാരമുള്ള വിദ്യാഭ്യാസവും ജോലിയും ലഭിക്കുകയുള്ളൂ എന്ന ധാരണ വെച്ചുപുലർത്തുന്നതും അതുകൊണ്ടുതന്നെയാണ്. ഈ ഒരു ഘട്ടത്തിലാണ് പി. പവിത്രന്റെ ചിന്തകളും പ്രവർത്തനങ്ങളും പ്രസക്തമാകുന്നത്. കോളനിയനന്തരവാദത്തിന്റെ യുക്തിയെ മുൻനിർത്തി അവയെ വിശകലനം ചെയ്യുവാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

വിജ്ഞാനോല്പാദനവും വിതരണവും ഏറ്റവും സുഗമമായിട്ടുള്ളത് തങ്ങളുടെ മാതൃഭാഷയിലാണെന്ന യാഥാർത്ഥ്യം രക്ഷിതാക്കളും കുട്ടികളും ചില അധ്യാപകർപോലും മറക്കുന്നു അല്ലെങ്കിൽ മറന്നതായി ഭാവിക്കുന്നു. ഇംഗ്ലീഷിനോടുള്ള വിരോധമല്ല അദ്ദേഹത്തിൽ പ്രകടമാവുന്നത്. ഇംഗ്ലീഷെന്നല്ല, കഴിയുന്നത്ര ഭാഷകൾ പഠിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്യുന്നുണ്ട്. അതോടൊപ്പം കേരളത്തിൽതന്നെ തമിഴ്, കന്നട എന്നീ ഭാഷകളെ മാതൃഭാഷയായി കണക്കാക്കുന്ന ഭാഷാന്യൂനപക്ഷങ്ങൾക്കും അവരുടെ മാതൃഭാഷയിൽവേണം വിദ്യാഭ്യാസം ലഭിക്കേണ്ടത് എന്ന വാദവും അദ്ദേഹം മുന്നോട്ടുവെയ്ക്കുന്നു.

കോളനിയനന്തരവാദചിന്തകളാണ് ഭാഷാപരമായ പ്രശ്നങ്ങളിലേക്കുകൂടി അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നത്. മാതൃഭാഷയെ വൈകാരികമായ ഒരു തലത്തിലല്ല അദ്ദേഹം കാണുന്നത്. മുഴുവൻ വിജ്ഞാനങ്ങളും പകർന്നുനൽകാൻ ശേഷിയുള്ള വൈജ്ഞാനികഭാഷയായി മാതൃഭാഷയെ കാണുന്നു. ശിശുക്കളുടെ മാതൃഭാഷ അവരുടെ ആയമാരുടെ ഭാഷയാണ് എന്ന ദാന്തേയുടെ മാതൃഭാഷാനിർവചനത്തോടാണ് അദ്ദേഹം കൂടുതൽ യോജിച്ചു കാണുന്നത്.

കോടതിഭാഷ, വിദ്യാഭ്യാസമാധ്യമം, തൊഴിൽപരീക്ഷകളിലെ ചോദ്യപേപ്പറുകളുടെ മാധ്യമം തുടങ്ങിയവയെല്ലാംതന്നെ മലയാളത്തിൽക്കൂടി ലഭ്യമാകണമെന്ന് നിരന്തരം പറഞ്ഞുവെക്കുന്ന പി. പവിത്രന്റെ, വിദ്യാഭ്യാസമേഖലയിലെ മാതൃഭാഷയുടെ സ്വാധീനവും മാതൃഭാഷ നേരിടുന്ന വെല്ലുവിളികളും അവയുടെ പരിഹാരങ്ങളും വ്യക്തമാക്കുന്ന ചിന്തകളും അവയുടെ പ്രസക്തിയും പഠനവിധേയമാക്കാനാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യമാക്കുന്നത്. ജനാധിപത്യപരമായ ഒരു ദേശീയബോധം വളർത്തിയെടുക്കാനും ദേശത്തിന്റെ പുരോഗതിക്കും ഭാഷ വഹിക്കുന്ന പങ്ക് എന്തെല്ലാമാണെന്ന് പി. പവിത്രനെ വായിക്കുന്നതിലൂടെ സ്വാംശീകരിച്ചെടുക്കുകയാണ് ഈ പ്രബന്ധത്തിലൂടെ. മാതൃഭാഷയുടെ എല്ലാശേഷികളും ഉപയോഗപ്പെടുത്തിക്കൊണ്ട് വിജ്ഞാനഭാഷയാക്കി അതിനെ മാറ്റുമ്പോൾ മൂന്നാംലോകരാജ്യങ്ങളിലെ കോളനീകരണസ്വഭാവം ഏറെക്കുറെ തകർന്നുവീഴുമെന്ന യാഥാർത്ഥ്യം ഇതിലൂടെ അനാവരണം ചെയ്യപ്പെടും.

ഒറ്റവാക്കിൽ പറഞ്ഞാൽ കോളനീകരണകാലത്തെ സമരങ്ങളുടെ തുടർച്ചയാണ് കോളനിയനന്തരവാദം. സാമ്രാജ്യത്വത്തിൽനിന്ന് വിടുതിനേടിയെങ്കിലും ഇന്നും പൂർണമായും കോളനീകരണസ്വഭാവത്തോട് വിട പറഞ്ഞിട്ടില്ല എന്നുമാത്രമല്ല, കൂടുതൽ അടുക്കുകയും ചെയ്തിരിക്കുന്നു. വിജ്ഞാനോല്പാദനവും വിതരണവും ഏറ്റവും സുഗമമായിട്ടുള്ളത് തങ്ങളുടെ മാതൃഭാഷയിലാണെന്ന യാഥാർത്ഥ്യം രക്ഷിതാക്കളും വിദ്യാർത്ഥികളും അധ്യാപകർപോലും മറക്കുന്നു അല്ലെങ്കിൽ മറന്നതായി ഭാവിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഇംഗ്ലീഷ് മാധ്യമത്തിൽ കുട്ടികളെ പഠിപ്പിക്കുവാനുള്ള വ്യഗ്രത മലയാളികളുടെയിടയിൽ കുറച്ചുകാലങ്ങളായി ശക്തമായി നിലനിന്നുകാണുന്നതും.

1867ൽ റവ.ജോർജ്ജ് മാത്തൻ കൊല്ലം കച്ചേരിയിൽ നടത്തിയ പ്രസംഗത്തിൽ ബാലാഭ്യസനം മാതൃഭാഷയിൽ ആയിരിക്കണമെന്ന് ഊന്നിപ്പറയുന്നുണ്ട്. ജോഹന്നാസ് ഫ്രോൺ മേയർ, സഹോദരൻ അയ്യപ്പൻ, മക്തി തങ്ങൾ, ഏ. ആർ. രാജരാജവർമ്മ തുടങ്ങിയവരെല്ലാംതന്നെ ഈ വാദത്തെ ശക്തമായി അനുകൂലിക്കുന്നവരാണ്. എന്നാൽ അതിന്റെ ഒരു തുടർച്ച പിൽക്കാലത്ത് നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ സാമൂഹികപരിഷ്കരണ നവോത്ഥാനപ്രവർത്തനങ്ങളുടെ തുടർച്ചയായാണ് പുതിയകാലത്തെ ഭാഷാപ്രവർത്തനങ്ങളെ പി. പവിത്രൻ കാണുന്നത്. മാതൃഭാഷയെ വൈകാരികമായ തലത്തിലല്ല അദ്ദേഹം സ്പർശിക്കുന്നത്. മുഴുവൻ വിജ്ഞാനങ്ങളും പകർന്നുനൽകാൻ ശേഷിയുള്ള, സമൂഹനിർമ്മാണത്തിനുതകുന്ന ഒന്നായാണ് മാതൃഭാഷയെ അദ്ദേഹം വിലയിരുത്തുന്നത്. വള്ളത്തോൾ പറഞ്ഞതുപോലെ പെറ്റമ്മയല്ല, പോറ്റമ്മയാണ് മാതൃഭാഷ എന്ന വാദമാണ് അദ്ദേഹം മുന്നോട്ടുവെയ്ക്കുന്നത്.

എന്നാൽ അതോടൊപ്പംതന്നെ കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങളുടെ കാര്യത്തിലും തന്റേതായ വീക്ഷണങ്ങൾ അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. അവരും തങ്ങളുടെ മാതൃഭാഷയിൽ തന്നെയായിരിക്കണം വിദ്യാഭ്യാസം പൂർത്തീകരിക്കേണ്ടത് എന്ന് വാദിക്കുന്ന അദ്ദേഹം ഇംഗ്ലീഷിനോട് ഒട്ടും വിരോധം പുലർത്തുന്നില്ല; എന്നു മാത്രമല്ല, കഴിയുന്നിടത്തോളം ഭാഷകൾ പഠിക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ഭാഷയെ സാമൂഹ്യമായ ഒരു ശേഷിയായാണ് പി. പവിത്രൻ കാണുന്നത്.

1988ലാണ് സർക്കാർ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുന്നതിനുള്ള നിയമം കൊണ്ടുവരുന്നത്. തുടക്കത്തിൽ അഞ്ച്, എട്ട് ക്ലാസുകളിലാണ് ആരംഭിച്ചത്. പിന്നീട് മുപ്പത് കുട്ടികൾ ഉണ്ടെങ്കിൽ ഏത് ക്ലാസിലും തുടങ്ങാം എന്നായി. 2003 ജൂൺ അഞ്ചിന് പുറത്തിറങ്ങിയ ഉത്തരവനുസരിച്ച് ഒന്നാംക്ലാസ് മുതൽതന്നെ ഗവണ്മെന്റ്, എയ്ഡഡ് വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മാധ്യമം ആരംഭിക്കാമെന്നായി. ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ മികവ് നേടാനും, ഉപരിപഠനവും ജോലിനേടലും എളുപ്പമാക്കുന്നതിനും ഇംഗ്ലീഷ് മാധ്യമത്തിലുള്ള പഠനം സഹായിക്കുന്നു എന്ന ചിന്തയാണ് ഇംഗ്ലീഷ് മാധ്യമത്തിൽ പഠിപ്പിക്കാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നത് എന്ന് പ്രബന്ധകാരന് അന്വേഷണത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

ചില സ്കൂളുകളിൽ ഡിവിഷൻ നിലനിർത്താൻ അധ്യാപകർ തന്നെ ഇംഗ്ലീഷ് മാധ്യമത്തിൽ ചേർക്കാൻ നിർബന്ധിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യവും ഒരു വശത്ത് നിലനിൽക്കുന്നു. ഇതിന്റെ ഫലമായി 2001ൽ പത്താംക്ലാസ് പരീക്ഷയെഴുതിയവരിൽ 91.89 ശതമാനംപേർ മലയാളമാധ്യമത്തിൽ ആയിരുന്നുവെങ്കിൽ 2021ൽ ഇത് 47.51 ശതമാനമായി കുറയുകയുണ്ടായി. 2025ലാകട്ടെ അത് വീണ്ടും 36.54 ശതമാനമാകുന്നു. ഈ വർഷം

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

എസ്. എസ്. എൽ. സി. പരീക്ഷയെഴുതിയ 4,26,697 കുട്ടികളിൽ 2,67,733 പേർ ഇംഗ്ലീഷ് മീഡിയത്തിലും 1,55,920 പേർ മലയാളം മീഡിയത്തിലുമുള്ളവരായിരുന്നു. മറ്റുള്ളവർ തമിഴ്, കന്നഡ മീഡിയത്തിലും. അതേസമയം എന്തുകൊണ്ട് ഇംഗ്ലീഷ് മാധ്യമത്തിൽ പഠിച്ചുകൂടാ, ഏത് ഭാഷയിൽ പഠിച്ചാലും അറിവ് ലഭിച്ചാൽ പോരെ തുടങ്ങിയ വിമർശകരുടെ ചോദ്യങ്ങൾ അവഗണിക്കാവുന്നവയല്ല. അതിനുള്ള വ്യക്തമായ ഉത്തരങ്ങൾ പി. പവിത്രന്റെ ചിന്തകളിലൂടെ സഞ്ചരിക്കുമ്പോൾ നമുക്ക് ലഭിക്കുന്നു.

എന്തിന് മാതൃഭാഷാമാധ്യമത്തിൽ പഠിക്കണം

പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസമേഖലയാകെ ഇംഗ്ലീഷിന് അടിയറവ് പറയുന്നതിനെ 'മലയാളത്തിന്റെ ഭാവി' എന്ന കൃതിയിൽ കെ. സേതുരാമൻ വ്യക്തമായ കണക്കുകൾ നിരത്തിക്കൊണ്ട് വിമർശിക്കുന്നുണ്ട്. മാതൃഭാഷ എന്ന നിലയിൽ ലോകത്തിൽ ഇരുപത്തിയാറാം സ്ഥാനത്താണ് മലയാളം. മാത്രമല്ല, ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ശതമാനം ആളുകൾ സംസാരിക്കുന്ന മാതൃഭാഷ മലയാളമാണ്. കേരളത്തിലെ ഏതാണ്ട് 96 ശതമാനം ആളുകൾ മലയാളഭാഷ സംസാരിക്കുന്നു. ഇതിനേക്കാൾ എത്രയോ കുറവ് ആളുകൾ മാതൃഭാഷ സംസാരിക്കുന്ന രാജ്യങ്ങളിൽ വിദ്യാഭ്യാസമാധ്യമം അവരുടെ മാതൃഭാഷ തന്നെയാണ്. മാതൃഭാഷയിൽ പഠിക്കുന്നതുകൊണ്ട് അവിടങ്ങളിൽ യാതൊരു പിന്നാക്കാവസ്ഥയും സൃഷ്ടിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല, പല മേഖലകളിലും മുന്നിട്ടുനിൽക്കാൻ അവിടെ പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്ക് സാധിക്കുന്നു എന്ന യാഥാർത്ഥ്യവും മനസ്സിലാക്കേണ്ടതുണ്ട്.

റഷ്യ, ചൈന, ദക്ഷിണ കൊറിയ തുടങ്ങി മാതൃഭാഷ മാധ്യമമായി പഠിപ്പിക്കുന്ന രാജ്യങ്ങളിലെ കുട്ടികളാണ് മാത്തമാറ്റിക്കൽ ഒളിമ്പ്യാഡ് പോലുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽപോലും മുന്നിട്ടുനിൽക്കുന്നത്1. ലോകത്തിന്റെ നെറുകയിൽ എത്തിയ എത്രയോ മലയാളികൾ നമ്മുടെ സർക്കാർ വിദ്യാലയങ്ങളിൽ മലയാളമാധ്യമത്തിൽ പഠിച്ച് മുന്നേറിയവരാണെന്ന് പി. പവിത്രൻ ചൂണ്ടിക്കാണിക്കുന്നു. മാതൃഭാഷയിൽ പഠിക്കാൻ സാധിക്കാത്തത് ഭാഷാപരമായ മനുഷ്യാവകാശലംഘനമാണെന്ന യാഥാർത്ഥ്യത്തിലേക്കാണ് പി. പവിത്രൻ വിരൽചൂണ്ടുന്നത്. ആധുനികവിജ്ഞാനങ്ങൾ നാട്ടുഭാഷയിൽ പഠിക്കാത്തതുകൊണ്ടും പഠിപ്പിക്കാത്തതുകൊണ്ടും വിദ്യാഭ്യാസത്തിന്റെ ഗുണകരമായ വശങ്ങൾ സമൂഹത്തിൽ വ്യാപിക്കുന്നതിന് തടസ്സമാകുന്നു എന്ന് ഏ. ആറിന്റെ പ്രഭാഷണശകലം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വ്യക്തമാക്കുന്നുണ്ട് (പവിത്രൻ പി., 2014:154).

"വീടും നാടും പ്രതിനിധാനം ചെയ്യുന്ന ഭാഷയിൽനിന്ന് വ്യത്യസ്തമായ സൂചകശൃംഖലയിലാണ് അവൻ/ൾ വിദ്യാലയത്തിൽ നിൽക്കുന്നത്. താനുപയോഗിക്കുന്ന പദങ്ങളുടെ സാമൂഹ്യവും സ്ഥലപരവുമായ അബോധം മറ്റൊന്നായതിനാൽ അവൻ/ൾ സാമൂഹ്യമായ ബന്ധത്തോട് കൂടിയല്ല പഠിച്ച് പുറത്തിറങ്ങുന്നത്" (പവിത്രൻ പി., 2014:161).

അതുകൊണ്ടുതന്നെയാണ് അഗ്രികൾച്ചറൽ എൻജിനീയറിങ്ങ് അടക്കം മറ്റ് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ളവ പഠിച്ചിറങ്ങിയിട്ടും കുട്ടികൾക്ക് നമ്മുടെ കൃഷിക്കാരുടെ സംശയങ്ങൾക്ക് മറുപടി കൊടുക്കാൻ പോലുമാകാതെ കുഴങ്ങി നിൽക്കേണ്ടി വരുന്നത്.

പരസ്പരബന്ധങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ആ സമൂഹത്തിന് പ്രയോജനപ്പെടുന്ന രീതിയിലാണ് നമ്മുടെ വിജ്ഞാനവും വിനിമയം ചെയ്യപ്പെടേണ്ടത്. അതുകൊണ്ടുതന്നെ ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ളവ മാതൃഭാഷയിൽതന്നെ പഠിക്കുമ്പോൾ നാം ജീവിക്കുന്ന സമൂഹവുമായി വൈകാരികമായ ഒരു ബന്ധം നിലനിർത്താനും സാധിക്കും. മെഡിക്കൽ, എൻജിനീയറിങ് വിഷയങ്ങളിൽ സാഹിത്യകൃതികൾ സൗന്ദര്യാത്മകവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്ന് പി. പവിത്രൻ വാദിക്കുന്നതും അതുകൊണ്ടുതന്നെയാണ്. രോഗം കണ്ടെത്തി ചികിൽസിക്കുക മാത്രമല്ല ഡോക്ടറുടെ ദൗത്യം, രോഗിയുമായി ഹൃദയംകൊണ്ടുകൂടി സംവദിച്ച് ആശ്വാസം നൽകാൻ കഴിയണം. അത് മാതൃഭാഷയിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. ഉന്നതവിദ്യാഭ്യാസം നേടി പുറത്തിറങ്ങുന്ന ആളുകൾ നമ്മുടെ സമൂഹത്തിൽ ജോലിചെയ്യുമ്പോൾ അത് കേവലം സാമ്പത്തികനേട്ടത്തിന് മാത്രമായി മാറുന്നതും സൗന്ദര്യാത്മകവിദ്യാഭ്യാസത്തിന്റെ കുറവുമൂലമാണ്.

മെഡിക്കൽ, എൻജിനീയറിങ് കോഴ്സുകൾ ഉൾപ്പെടെയുള്ളവ മലയാളത്തിൽകൂടി പഠിക്കാൻ സർക്കാർ ഉത്തരവുണ്ടായിട്ടും നമ്മുടെ സംസ്ഥാനം അതിന് തയ്യാറാവുന്നില്ല. പഠിപ്പിക്കുന്ന അധ്യാപകരുൾപ്പെടെയുള്ളവർ അതിന് തടസ്സമായി എക്കാലവും മൊഴിയുന്നത് സാങ്കേതികപദങ്ങളുടെ അഭാവമാണ്. അതിനുപരിഹാരമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആരംഭത്തിൽ ലക്ഷ്യമാക്കിയ പ്രവർത്തനങ്ങൾ മലയാളസർവകലാശാല ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെയും ഗവേഷകരുടെയും സഹകരണത്തോടെ മുന്നോട്ടുകൊണ്ടുപോയാൽ സാധ്യമാകുന്നതാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. നമ്മുടെ ആരോഗ്യമാസികകളിലും ശാസ്ത്രമാസികകളിലും മലയാളത്തിൽ ഒരുപിടി നല്ല ലേഖനങ്ങൾ എഴുതാൻ പലർക്കും സാധിക്കുന്നുണ്ടെന്ന് അവ വായിച്ചാൽ മനസ്സിലാകും. അത്തരത്തിൽ പാഠ്യവസ്തുക്കൾ മാതൃഭാഷയിൽ നിർമ്മിക്കുന്നതിലൂടെ മാതൃഭാഷയിലൂടെ പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകും എന്ന് മാത്രമല്ല, വിദ്യാഭ്യാസം അതിന്റെ പരിപൂർണ്ണമായ ലക്ഷ്യം കൈവരിക്കുകയും ചെയ്യും എന്ന് വ്യക്തമാക്കിത്തരികയാണ് അദ്ദേഹം.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

കേരളത്തിലെ ഇംഗ്ലീഷ് ഭാഷാപഠനം

വർഷങ്ങളോളം ഇംഗ്ലീഷ് ഒരു വിഷയമായി പഠിച്ചിട്ടും ആ ഭാഷ അനായാസമായി കൈകാര്യംചെയ്യാൻ കഴിയാത്ത ദുര്യോഗം വന്നുചേർന്നിട്ടുള്ളത് ഇംഗ്ലീഷ് ഭാഷാബോധനത്തിന്റെ പോരായ്മയാണെന്ന് ആരും മനസ്സിലാക്കുന്നില്ല. ഇംഗ്ലീഷ് മാധ്യമത്തിൽ കുട്ടികളെ പഠിപ്പിച്ച് സ്വന്തം സമൂഹത്തിൽ നിന്നും പുറത്തുനിർത്തുന്നതിന് പകരം ഇംഗ്ലീഷ് ഭാഷാപഠനം കാര്യക്ഷമമായി മികവുറ്റതാക്കാനാണ് ശ്രമിക്കേണ്ടത്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മാധ്യമത്തിൽ ക്ലാസുകൾ ആരംഭിച്ചപ്പോഴും പാലക്കാട് ജില്ലയിലെ വെള്ളിനേഴിയിലെയും ആലപ്പുഴ ജില്ലയിലെ പ്രീതികുളങ്ങരയിലെയും2 വിദ്യാലയങ്ങൾ ഇംഗ്ലീഷ് മാധ്യമം ആരംഭിക്കാതെതന്നെ മികവ് വർദ്ധിപ്പിച്ചു. അധ്യാപകരും രക്ഷാകർത്താക്കളും ചേർന്ന് ഇംഗ്ലീഷ് ഭാഷാപഠനം മികവുറ്റതാക്കി മാറ്റി. അനായാസം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തിക്കൊണ്ടുവന്നു. മറ്റു വിഷയങ്ങളെല്ലാം അവർ മലയാളമാധ്യമത്തിൽതന്നെ പഠിച്ചു. ഇത് കേരളത്തിലെ വിദ്യാലയങ്ങൾക്കാകെ മാതൃകയാണ്.

മാതൃഭാഷാപ്രസ്ഥാനപ്രവർത്തനങ്ങൾ

ഭാഷാപ്രവർത്തനങ്ങളിലൂടെ മാതൃഭാഷയിലധിഷ്ഠിതമായ, കെട്ടുറപ്പുള്ള ഒരു സമൂഹത്തെ ഉയർത്തിക്കൊണ്ടുവരുന്നതിന് മാതൃഭാഷാപ്രസ്ഥാനങ്ങളുടെ കൂടി പ്രവർത്തനങ്ങൾ കൂടിയേ തീരൂ എന്ന ബോധ്യം അദ്ദേഹത്തിനുണ്ട്. അതുകൊണ്ടുതന്നെയാണ് മലയാള ഐക്യവേദിയുടെ രൂപീകരണത്തിന് നേതൃത്വം വഹിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനങ്ങൾ തുടരുകയും ചെയ്യുന്നത്. സാമൂഹികമായ ഒരു ഭാഷാസങ്കല്പമാണ് പി. പവിത്രൻ മുന്നോട്ടുവയ്ക്കുന്നത്.

"പണ്ഡിതന്മാർ തമ്മിലുള്ള ഐക്യമല്ല ജനതകൾ തമ്മിലുള്ള ഐക്യമാണ് വേണ്ടത്. ഒരു രാജ്യത്തെ ജനതയിലേക്കുള്ള വഴി അവിടത്തെ മാതൃഭാഷയിലൂടെയാണ്. മാതൃഭാഷകൾ ചേരുമ്പോൾ രൂപപ്പെടുന്നതാണ് ലോകഭാഷ. അല്ലാതെയുള്ള എല്ലാ ലോകഭാഷാ സങ്കല്പവും അക്രമോൽസുകമാണ്" (പവിത്രൻ പി., 2014:106)

എന്നു പറഞ്ഞുകൊണ്ട് ഏകഭാഷാസങ്കല്പത്തെ അദ്ദേഹം നിരാകരിക്കുന്നുണ്ട്. മാത്രമല്ല അക്കാദമികമായ മാതൃഭാഷാപ്രവർത്തനങ്ങൾ മതിയാവില്ലെന്നും ജനകീയമായ ബോധവൽക്കരണംകൂടി തങ്ങളുടെ ലക്ഷ്യം നിറവേറ്റുന്നതിന് അനിവാര്യമാണെന്നും അദ്ദേഹത്തിന് ബോധ്യമുണ്ട് എന്നുകൂടി ഈ വാക്കുകളിൽ പ്രകടമാണ്.

മാതൃഭാഷാപഠനത്തിന് അക്കാദമികമായി പി. പവിത്രൻ നൽകിയ സംഭാവനകൾ വളരെ വലുതാണ്. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലാണ് "മലയാളഭാഷയുടെ ആധുനികീകരണം" എന്ന പേപ്പർ ആദ്യമായി മലയാളം ബിരുദാനന്തരബിരുദത്തിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയത്. ഇപ്പോൾ മറ്റ് സർവകലാശാലകളിലും മലയാളപഠിതാക്കളുടെ പാഠ്യപദ്ധതിയിൽ ഇവ ഉൾപ്പെടുത്തിയിരിക്കുന്നു. അതിനുപുറമേ ജനകീയമായ ബോധവൽക്കരണംകൂടി അനിവാര്യമാണെന്ന് മലയാള ഐക്യവേദിയിലൂടെയുള്ള പ്രവർത്തനങ്ങളിലൂടെയും മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും അദ്ദേഹം വെളിവാക്കിത്തരുന്നുണ്ട്.

ഏതൊരാൾക്കും മനസ്സിലാക്കാവുന്നരീതിയിൽ ഒരു ബുദ്ധിജീവിയുടെ മേലങ്കി അണിയാതെ നാട്ടുകാർക്കിടയിലേക്കിറങ്ങിച്ചെന്ന് സംസാരിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നു. "മലയാളത്തിന് ഒരു സർവകലാശാല" എന്ന ഒരു ലേഖനം 2006ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായി. തുടർന്ന് മലയാളസർവകലാശാല രൂപീകരിക്കുന്നതുവരെയും എന്തിനായിരിക്കണം മലയാളസർവകലാശാല എന്ന് വ്യക്തമാക്കിത്തരുന്ന ലേഖനങ്ങൾ അദ്ദേഹത്തിന്റേതായി പുറത്തുവന്നു. മലയാളസർവകലാശാലയെക്കുറിച്ച് അദ്ദേഹം പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക;

"മലയാളം സർവകലാശാല എന്നാൽ പുളിയിലക്കരമുണ്ടും കസവ് നേര്യതും ഓണപ്പാട്ടും എന്നല്ല വൈജ്ഞാനികലോകത്തെ ആർജ്ജവത്തോടെ ആത്മവിശ്വാസത്തോടെ നോക്കാനുള്ള ഒരു ജനതയുടെ കരുത്ത് എന്നാണ് അർത്ഥം. പൊതുവിജ്ഞാനംകൊണ്ട് പാരമ്പര്യബന്ധങ്ങളെ നിരന്തരം നവീകരിക്കൽ ആണ് അത്" (പവിത്രൻ പി., 2014:163).

ഇവയിൽനിന്നും മലയാളസർവകലാശാലയെക്കുറിച്ച് കൃത്യമായ വീക്ഷണവും ധാരണയും അദ്ദേഹത്തിനുള്ളതായി വ്യക്തമാവുന്നതാണ്. അദ്ദേഹത്തെ ആഴത്തിൽ വായിക്കുമ്പോൾ ഭാഷാസൂത്രണത്തിൽനിന്ന് ഭാഷാനയരൂപീകരണത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ടുവയ്ക്കുന്നത് എന്ന് വ്യക്തമാകും.

ഉപദർശനങ്ങൾ

മാതൃഭാഷാവിദ്യാഭ്യാസത്തിന്റെയും വിജ്ഞാനസമൂഹത്തിന്റെയും പരസ്പരബന്ധത്തെക്കുറിച്ചുള്ള പി. പവിത്രന്റെ ആലോചനകൾ വളരെ തെളിച്ചമുള്ളതാണ്. ഉറച്ചുപോയ ഒരു വ്യവസ്ഥിതിയെ മാറ്റിയെടുക്കുകയെന്നത് ശ്രമകരമായ ദൗത്യമാണല്ലോ. ഈ ബോധ്യത്തോടുകൂടിത്തന്നെയാണ് മാതൃഭാഷയെക്കുറിച്ച് അദ്ദേഹം എഴുതുകയും ചിന്തിക്കുകയും പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. അല്പം സമയമെടുത്താലും മാതൃഭാഷയോടുള്ള മലയാളിയുടെ സമീപനവും മാതൃഭാഷയുമായി ബന്ധപ്പെട്ട നിലവിലുള്ള മറ്റ് സാഹചര്യങ്ങളും മാറ്റിയെടുക്കാൻ കഴിയും എന്ന ബോധ്യത്തോടു കൂടിയാണ് മാതൃഭാഷാദൗത്യത്തിന് മാർഗനിർദ്ദേശം നൽകാനും അതിനുവേണ്ടി പ്രവർത്തിക്കാനും അദ്ദേഹം തയ്യാറാകുന്നത്. ഭരിക്കുന്നവരുടെയും ഭരിക്കപ്പെടുന്നവരുടെയും ഭാഷ ഒന്നായിരിക്കണമെന്നും

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

കോടതിഭാഷ മാതൃഭാഷ ആയിരിക്കണമെന്നും വിദ്യാഭ്യാസമാധ്യമം മാതൃഭാഷ ആയിരിക്കണമെന്നുമെല്ലാം വാദിക്കുന്ന പി. പവിത്രൻ ഭാഷയെക്കുറിച്ച് രാഷ്ട്രീയവും സാമൂഹികവുമായ ഒരു നവസങ്കല്പം മുന്നോട്ടുവയ്ക്കുന്നു.

സകലമേഖലകളിലുമുള്ള വിജ്ഞാനവും മാതൃഭാഷയിൽ ലഭ്യമാക്കുന്നതിലൂടെ കൂടുതൽ ആഴത്തിൽ അവയെക്കുറിച്ച് മനസ്സിലാക്കാനും അവയെക്കുറിച്ചുള്ള ആലോചനകൾ കഴമ്പുള്ളതാക്കാനും പുതിയ കണ്ടെത്തലുകളിലേക്കും സൃഷ്ടികളിലേക്കും നയിക്കാനും സാധിക്കുന്നു എന്ന ഉത്തമബോധ്യം അദ്ദേഹത്തെ വായിക്കുമ്പോൾ വ്യക്തമാകുന്നതാണ്. പടിഞ്ഞാറ് രൂപപ്പെടുന്ന വിജ്ഞാനം മാത്രമാണ് മാലോകരെല്ലാം അംഗീകരിച്ച വിജ്ഞാനം എന്നുള്ള ധാരണയിൽനിന്ന് മാറി മൂന്നാംലോകരാജ്യങ്ങളിൽ നിർമിക്കപ്പെടുന്ന വിജ്ഞാനവും സ്വയം അംഗീകരിക്കാൻ സ്വദേശത്തുള്ളവർ തയ്യാറാകണം എന്ന ആശയം അദ്ദേഹം മുന്നോട്ടുവയ്ക്കുന്നുണ്ട്. ഭാഷാപരമായ ദേശീയബോധം വളർത്താൻ തുടങ്ങിയപ്പോഴാണ് വിജ്ഞാനഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷ വികസിച്ചത് എന്ന് വ്യക്തമാക്കുന്ന അദ്ദേഹം ഇംഗ്ലീഷാണ് ലോകഭാഷ എന്ന മലയാളിയുടെ മിഥ്യാധാരണയെ പൊളിച്ചെഴുതുന്നു. മാതൃഭാഷ പഠിക്കുന്നതിനും മാതൃഭാഷയിലൂടെ പഠിക്കുന്നതിനുമുള്ള അവസരം നിഷേധിക്കപ്പെടുക എന്ന അവസ്ഥ സമൂഹത്തിൽ നിന്നും മാറ്റിനിർത്തുന്ന ഒരു സമീപനരീതിയാണ്. ശാസ്ത്രവിഷയങ്ങൾ ഉൾപ്പെടെയുള്ളവ മലയാളത്തിൽ പഠിക്കാനും പഠിപ്പിക്കാനും സാധ്യമാവുന്ന തരത്തിൽ നമ്മുടെ വിദ്യാലയങ്ങളെയും സർവ്വകലാശാലകളെയും മാറ്റിയെടുക്കണമെന്നാണ് അദ്ദേഹം നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ചുരുക്കത്തിൽ ഈ പ്രബന്ധത്തിലെ കണ്ടെത്തലുകളെ താഴെ പറയുംവിധം ക്രോഡീകരിക്കാവുന്നതാണ്.

- മാതൃഭാഷ എന്നത് ഒരു നവോത്ഥാനസങ്കല്പമാണ്. കേരളത്തിലെ സാമൂഹികപരിഷ്കരണ നവോത്ഥാന പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് നമ്മുടെ ഭാഷാപ്രവർത്തനങ്ങളെ കാണേണ്ടത് എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുന്നു.
- ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനരൂപീകരണത്തോടെ ഭാഷാപ്രവർത്തനങ്ങൾ അവസാനിക്കുന്നില്ല എന്നും സമകാലികസാഹചര്യങ്ങളിലുയരുന്ന പ്രശ്നങ്ങളെ മാതൃഭാഷാപ്രവർത്തനങ്ങളിലൂടെയും സൗന്ദര്യാത്മകവിദ്യാഭ്യാസത്തിലൂടെയും ഒരു പരിധിവരെ നേരിടാൻ കഴിയുമെന്നും ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ ഭാഷാപ്രശ്നം ഒരു രാഷ്ട്രീയപ്രശ്നം കൂടിയാണെന്ന് വ്യക്തമാക്കുന്നു.
- അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന അക്കാദമികസമൂഹത്തിന്റെ പ്രവർത്തനങ്ങളും പൊതുജനങ്ങളുടെ പ്രവർത്തനങ്ങളും ഒരുമിച്ചുചേർന്നാൽ മാത്രമേ ഈ മേഖലയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കഴിയൂ എന്ന ഉത്തമബോധ്യം അദ്ദേഹത്തിനുണ്ട്.
- യൂറോപ്യർ നിർമ്മിച്ച ജ്ഞാനത്തിനപ്പുറം ഒട്ടേറെ വിജ്ഞാനങ്ങൾ നമ്മുടെ ഭാഷയിലൂടെ നിർമ്മിച്ചെടുക്കുന്നുണ്ട് എന്നും 'യുക്തിഭാഷ' പോലെ ആഴത്തിലുള്ള ഗ്രന്ഥങ്ങളുടെ പാരമ്പര്യം തെളിവുകളായി നിരത്തി അദ്ദേഹം വ്യക്തമാക്കുന്നു. ഇതിലൂടെ മലയാളിയെ ഒരു വിശ്വപൗരനായി ഉയർത്താനുള്ള ശ്രമമാണ് തന്റെ ഭാഷാപ്രവർത്തനങ്ങളിലൂടെ പി. പവിത്രൻ നടത്തിക്കൊണ്ടിരിക്കുന്നത്.
- കോളനീകരണകാലത്തെ സമരങ്ങളുടെ തുടർച്ചയായ കോളനിയനന്തരവാദത്തെക്കുറിച്ചുള്ള ചിന്തകളാണ് പി. പവിത്രനെ മാതൃഭാഷാപ്രവർത്തനത്തിൽ സജീവമാകുന്നതിനുള്ള പ്രചോദനമായത്.
- ഭാഷാസൂത്രണത്തിൽ നിന്ന് ഭാഷാനയരൂപീകരണത്തിലേക്ക് സമൂഹത്തെ നയിക്കുകയാണ് അദ്ദേഹത്തിന്റെ പ്രവർത്തനലക്ഷ്യമെന്നും അക്കാര്യത്തിൽ അദ്ദേഹത്തിന് ഉത്തമബോധ്യമുള്ളതായും പി. പവിത്രന്റെ രചനകളെ സംബന്ധിക്കുന്ന ഈ അപഗ്രഥനാത്മക പഠനത്തിലൂടെ വ്യക്തമാകുന്നു.

കുറിപ്പുകൾ

1. ഇന്റർനാഷണൽ മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിലെ ഔദ്യോഗികഫലങ്ങൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമായത്.
2. മാരാരിക്കുളം സൗത്ത് പഞ്ചായത്തിലെ പ്രീതികുളങ്ങരയിലെ ടി. എം. പി. എൽ. പി. സ്കൂൾ പി.ടി.എ. കേവലം രണ്ട് വർഷം കൊണ്ട് ഏറ്റവും നല്ല പി.ടി.എ. പ്രവർത്തനത്തിന് സംസ്ഥാനതലത്തിൽ അവാർഡ് നേടി. അവിടുത്തെ കുട്ടികൾ ശ്രീ. തോമസ് ഐസക്കുമായി ഇംഗ്ലീഷിൽ സംവദിക്കുകയുണ്ടായി.

ഗ്രന്ഥസൂചി

1. പവിത്രൻ പി., മാതൃഭാഷക്കു വേണ്ടിയുള്ള സമരം, മലയാളഐക്യവേദി, ചെറുതുരുത്തി, 2014.
2. പവിത്രൻ പി., എല്ലാ കേരളീയരും വായിച്ചറിയുവാൻ, മലയാളഐക്യവേദി, ചെറുതുരുത്തി, 2022.
3. പവിത്രൻ പി., ദേശഭാവനയുടെ ഭാഷാരാഷ്ട്രീയം, ഫാബിയൻ ബുക്സ്, മാവേലിക്കര, 2023.
4. സേതുരാമൻ കെ., മലയാളത്തിന്റെ ഭാവി – ഭാഷാ ആസൂത്രണവും മാനവവികസനവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2023.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ലഘുലേഖകൾ

1. കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ ലഘുലേഖകൾ.
2. മലയാള ഐക്യവേദിയുടെ ലഘുലേഖകൾ.

About the researcher:
ആർ. പ്രദീപ്
ഗവേഷകൻ, സാഹിത്യരചനാസ്കൂൾ,
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
Email: pradeeppnrkarumathil@gmail.com
Mob: 8606700921

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0003

സാഹിത്യപരിണാമങ്ങളിലെ ഡിജിമോഡേണിസ്റ്റ് മാതൃകകൾ

» അശ്വതി വിജയൻ

പ്രബന്ധസംഗ്രഹം
ഉത്തരാധുനികതയുടെ തുടർച്ച എന്ന നിലയിലാണ് ഡിജിമോഡേണിസം രൂപപ്പെട്ടത്. ഡിജിറ്റൽയുഗത്തിൽ സാഹിത്യത്തിന്റെ മാതൃകകൾ എന്തൊക്കെയാണെന്നും സാഹിത്യസൃഷ്ടി, വിതരണം, ആസ്വാദനം എന്നിവയെ സൈബർയുഗം സ്വാധീനിച്ചത് എങ്ങനെയാണെന്നും ഈ പ്രബന്ധം വിശകലനം ചെയ്യുന്നു.

താക്കോൽവാക്കുകൾ
ഡിജിമോഡേണിസം, പോസ്റ്റ് പോസ്റ്റ്മോഡേണിസം, സൈബർ ലിറ്ററേച്ചർ, മലയാളസാഹിത്യരൂപങ്ങൾ, നിർമിതബുദ്ധി

....

ആമുഖം

സാങ്കേതികവിദ്യകളാൽ നിയന്ത്രിക്കപ്പെടുകയും നിർണയിക്കപ്പെടുകയും ചെയ്യുന്ന വർത്തമാനകാല സാംസ്കാരികജീവിതത്തെ സൈദ്ധാന്തികമായി അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ പലനിലയിലും വ്യാപിക്കുകയും വികസിക്കുകയും ചെയ്യുന്നുണ്ട്. പ്രതീതീയാഥാർത്ഥ്യവും (Virtual Reality), പ്രകടയാഥാർത്ഥ്യവും (Augmented Reality), നിർമിതബുദ്ധിയും (Artificial Intelligence) നിത്യജീവിതത്തിന്റെ അനിവാര്യതയായിക്കഴിഞ്ഞിരിക്കുന്ന ഒരു യുഗത്തിന്റെ സാംസ്കാരിക മനോഘടനയെ മനസ്സിലാക്കുക അത്രയും ശ്രമകരമായ കാര്യമാണ്. മാത്രവുമല്ല വ്യക്തിക്കും സമൂഹത്തിനും ഭാഷയ്ക്കുമുള്ളതുപോലെ സാഹിത്യത്തിനും ഇന്നൊരു സൈബർജീവിതം രൂപപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

സാങ്കേതികതയുടെ വികാസങ്ങൾ അതതു കാലഘട്ടത്തിൽ സാഹിത്യത്തിലും പ്രതിഫലിക്കും. വളർന്നുവികസിച്ച ഈ പുതിയ സാങ്കേതികതയും അതു സാധ്യമാക്കിയ നവമാധ്യമങ്ങളും ഒപ്പം സോഷ്യൽ നെറ്റ്വർക്കുകളും (Social Networks) ചേർന്ന പുതിയ സാമൂഹികാവസ്ഥയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഡിജിമോഡേണിസ (Digimodernism)മായി പരിണമിച്ചത്. ഉത്തരാധുനികതയിൽ നിന്ന് ഉത്തരഉത്തരാധുനികതയിലേക്കും (Post Postmodernism) സൈബർ ആധുനികതയിലേക്കും (Cyber Modernity) പ്രവേശിക്കുമ്പോൾ അതിന്റെ സൈദ്ധാന്തികതലങ്ങൾ പുനഃപരിശോധിക്കപ്പെടുന്നുണ്ട്. വിശേഷിച്ചും ഉത്തരാധുനികകാലഘട്ടത്തിൽ ഉയർന്നുവന്ന മിക്ക വാദഗതികളും ഇന്ന് അപ്രസക്തമായിത്തീരുന്ന ഒരു ഘട്ടത്തിൽ. ഉത്തരാധുനികതയെ മറികടക്കാനുള്ള ശ്രമങ്ങളുടെകൂടി ഭാഗമായി ഇതിനെ വിലയിരുത്തുന്നതിലും തെറ്റില്ല. സൈബർ ഇടങ്ങളിലെ പദപ്രയോഗങ്ങളും പ്രവർത്തനരീതികളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് അത്തരം പുനരെഴുത്തുകൾ സാധ്യമായത്. ഇലക്ട്രോണിക് സാഹിത്യത്തിന്റെയും സൈബർ സാഹിത്യത്തിന്റെയും രീതിശാസ്ത്രങ്ങളെ ചേർത്തുവെച്ചാണ് ഉത്തര ഉത്തരാധുനികയുടെ വർത്തമാനകാലം വിശദീകരിക്കേണ്ടത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

“കമ്പ്യൂട്ടർവല്ക്കരണത്തിന്റെ സാംസ്കാരികരൂപങ്ങളിലുള്ള പ്രതിഫലനം അല്ലെങ്കിൽ സ്വാധീനഫലം” എന്നാണ് ബ്രിട്ടീഷ് സാംസ്കാരികവിമർശകനായ അലൻ കിർബി 2009ൽ ഡിജിമോഡേണിസത്തെ നിർവചിച്ചത് (കിർബി, അലൻ, 2009:50).

“പുതിയ സാങ്കേതികവിദ്യകളുടെയും വർത്തമാനകാല സാമൂഹികശക്തികളുടെയും സമ്മർദ്ദങ്ങൾക്കു കീഴിൽ രൂപംകൊണ്ട ആധികാരികതയുടെയും വിജ്ഞാനത്തിന്റെയും ഒരു രൂപമാതൃകയെ (Paradigm) വിശേഷിപ്പിക്കാനാണ് ഡിജിമോഡേണിസം എന്ന വാക്ക് ഉപയോഗിക്കുന്നത്” എന്ന് ലേണിങ് ഗിൾഡിന്റെ എഡിറ്ററായ ബിൽ ബ്രാഡൺ ഡിജിമോഡേണിസത്തെ വിശദീകരിക്കുന്നുണ്ട് (ബ്രാഡൻ, ബിൽ, 2011).

ഡിജിറ്റൽ, മോഡേണിസം എന്നീ വാക്കുകൾ ഉൾച്ചേർന്നാണ് ഡിജിമോഡേണിസം എന്ന വാക്ക് രൂപപ്പെട്ടിട്ടുള്ളത്. ഡിജിറ്റൽ യുഗത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞ സംസ്കാരത്തെ അടയാളപ്പെടുത്തുകകൂടി ചെയ്യുന്നുണ്ട് ഡിജിമോഡേണിസം.

തൊണ്ണൂറുകളിൽ ആരംഭിച്ച് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വികസിച്ചുവന്ന ഡിജിറ്റൈസേഷൻ (Digitization)1 നമ്മുടെ സാംസ്കാരികതയ്ക്ക് എപ്രകാരം വ്യതിചലനങ്ങളുണ്ടാക്കി എന്നതിൽ നിന്നാണ് ഡിജിമോഡേണിസത്തെക്കുറിച്ചുള്ള വ്യവഹാരങ്ങൾ രൂപപ്പെടുന്നത്. ഡിജിറ്റൈസേഷൻ പ്രക്രിയകൾ നമ്മുടെ സാംസ്കാരികതയിലും സാഹിത്യത്തിലുമുള്ള പാഠങ്ങളിലും പാഠപരതകളിലും വരുത്തിയ മൊത്തം സ്വാധീനങ്ങളെയും ‘ഡിജിമോഡേണിസം’ എന്ന് വിളിക്കാവുന്നതാണ്. വ്യക്തിയുടെയും സംസ്കാരത്തിന്റെയും നിരന്തര മാറ്റങ്ങളുടെ പശ്ചാത്തലമാണതിനുള്ളത്. സാഹിത്യരൂപങ്ങളിലെ ഭാഷ, കാലം, പ്രമേയം, കർത്തൃത്വം എന്നിവയുടെ പരമ്പരാഗതഘടനയിൽ ഡിജിമോഡേണിസം പൊളിച്ചെഴുത്തുകൾ നടത്തുന്നു. ഈ മാറ്റമെന്നത് ഒരേസമയം സാങ്കേതികവും ചരിത്രപരവും സാഹിത്യപരവുമാണ്.

ഡിജിമോഡേണിസ്റ്റ് സാംസ്കാരികസ്ഥാനം

ആധുനികതയോടുള്ള സാംസ്കാരികവിമർശനമെന്ന നിലയിലാണ് പോസ്റ്റ്മോഡേണിസം ശക്തിപ്രാപിച്ചത്. പോസ്റ്റ്മോഡേണിസത്തെ മറികടക്കാനായി ആന്റി പോസ്റ്റ്മോഡേൺ പ്രസ്ഥാനങ്ങൾ സംഭവിച്ചു. ഉത്തര ഉത്തരാധുനികത (Post Postmodernism), മെറ്റാമോഡേണിസം (Meta Modernism) തുടങ്ങിയ പരികല്പനകൾ ഉയർന്നുവന്നു. എന്നാൽ പുതിയ സാങ്കേതികതയും നവമാധ്യമങ്ങളും ചേർന്ന വർത്തമാനകാല ഡിജിപാഠങ്ങൾ (Digitext)2 ഇതിൽനിന്നും പാടെ വ്യത്യാസമാണ്. ആധുനികതയെ എതിർത്തുകൊണ്ടോ അതിൽനിന്നുള്ള വിട്ടുപോരലായിട്ടോ അല്ല ഡിജിമോഡേണിസം രൂപംകൊണ്ടത് എന്നത് ശ്രദ്ധേയമായ കാര്യമാണ്. തുടക്കകാലത്ത് മോഡേണിസവുമായി സഹകരിച്ചും സഹവർത്തിച്ചുമാണ് ഇത് സംഭവിച്ചത്. ഈ സഹവർത്തിത്വഘട്ടത്തെ ഹൈബ്രിഡ് ടെക്സ്റ്റിന്റെ (Hybrid Text), അല്ലെങ്കിൽ ബോർഡർലൈൻ ടെക്സ്റ്റിന്റെ (Borderline Text) കാലഘട്ടം എന്നു വിശേഷിപ്പിക്കുന്നു (കിർബി, അലൻ, 2009:2). ചുരുക്കത്തിൽ പോസ്റ്റുമോഡേണിസത്തിന്റെ രാഷ്ട്രീയ–സാമൂഹികതലങ്ങളുടെ യുക്തിപൂർവ്വമായ പരിണതിയെന്ന നിലയിലാണ് ഡിജിമോഡേണിസം വളർന്നുവികസിച്ചതെന്ന് മനസ്സിലാക്കാം.

സൈബർകാലം ഡിജിറ്റൽ സാക്ഷരതയുടെതാണ്. വ്യക്തികൾ സിറ്റിസൺഷിപ്പിൽ (പൗരത്വം) നിന്നും ‘നെറ്റിസൺഷിപ്പി’ലേക്ക് (ജോസ് കെ. മാനുവൽ, 2019:12) ഉയർന്നപ്പോൾ ആവാസപരിസരങ്ങളൊട്ടാകെ അതനുസരിച്ച് നവീകരിക്കപ്പെട്ടു. എല്ലാം ബിഗ് ഡാറ്റ (Big Data)യിലേക്കു സ്വാംശീകരിക്കപ്പെടുന്നവിധം ഡിജിറ്റൈസേഷന്റെ പാഠപരതയിലുള്ള സാംസ്കാരികവ്യതിയാനം (Cultural Shift) സാഹിത്യത്തിലും പ്രകടമാണ്.

ഡിജിമോഡേണിസത്തിന്റെ സവിശേഷതകൾ

മുൻകാല സാഹിത്യ സൈദ്ധാന്തിക മാതൃകകളിൽനിന്ന് വ്യത്യസ്തമായി ഡിജിറ്റൈസേഷൻ പാഠപരതയിൽ വരുത്തിയ മാറ്റങ്ങൾ വളരെ പ്രധാനമാണ്. ഡിജിമോഡേണിസ്റ്റുപാഠപരത അതിന്റെ ഇലക്ട്രോണിക് ആശ്രിതത്വംകൊണ്ടുതന്നെ അനന്യമായിത്തീരുന്നുണ്ട്. പരിപൂർണമായും ഡിജിറ്റൽ ടെക്നോളജി രൂപപ്പെടുത്തിയ ഭാവുകത്വത്തിൽ ഊന്നിക്കൊണ്ടാണ് ഡിജിമോഡേണിസം നിലനിൽക്കുന്നത്. വ്യവഹാരമണ്ഡലത്തിൽ എഴുത്തുകാരനിൽ/കാരിയിൽനിന്ന് സന്ദേശപ്രേഷകനായും/ പ്രേഷികയായും വായനക്കാരനിൽ/കാരിയിൽ നിന്ന് സന്ദേശസ്വീകർത്താവായും വായനാലോകം മാറുകയും ഓതറും റീഡറും അഥവാ എഴുത്തുകാരും വായനക്കാരും എന്ന വിഭജനം നേർത്തുവരികയും ചെയ്യുന്നു. ഡിജിമോഡേണിസ്റ്റുപാഠത്തിൽ പുതുകർത്തൃത്വമായി ‘വ്രീഡർ’ (Wreader) രൂപംകൊള്ളുന്നു. പങ്കാളിത്ത പാഠനിർമിതി (Participatory Creation)യാണ് ഇവിടെ സാധ്യമാകുന്നത്.

വായനക്കാരന്/കാരിക്ക് മുൻകാല കർത്തൃത്വമല്ല ഇവിടെ ഉള്ളത്. പോസ്റ്റ്മോഡേണിസം നടത്തിയതുപോലെ ഓതറിന്റെ മരണമണിയും ഇവിടെ മുഴക്കുന്നില്ല. പകരം ഓതർ അഥവാ എഴുത്തുകാരനെ/കാരിയെ പുനഃസ്ഥാപിക്കുകയും പുനർനിർവചിക്കുകയുമാണ് ചെയ്യുന്നത്. ഡിജിമോഡേണിസത്തിൽ ഓതർ ഏകവചനമായി നിലനിൽക്കുന്നേയില്ല. പല സ്ഥലകാലങ്ങളിലായി പരന്നുകിടക്കുന്ന, ഒരിക്കലും തീർച്ചപ്പെടുത്താനാകാത്ത ഒരു ബഹുവചനസ്ഥലിയിലാണ് ഓതർ. ഏകകർത്തൃത്വം പാടേ നിരാകരിക്കപ്പെടുകയും ബഹുകർത്തൃത്വമായി നിലനിൽക്കുകയും ചെയ്യുകയാണ് ഇവിടെ. വായനക്കാരന്/കാരിക്ക് മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി നിശ്ചലമോ ജഡമോ ആയ ഭാവമല്ല ഉള്ളത്. തിരശ്ചീനമായി കണ്ണുപായിക്കുന്ന പരമ്പരാഗത കർമ്മത്തിൽ ഇനി വായനക്കാരന്/കാരിക്ക് നിലനിൽക്കുക

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

സാധ്യമല്ല. അയാളുടെ കർമ്മം മാറിയിരിക്കുന്നു. അയാൾ ക്രിയാത്മകസ്ഥാനത്തേക്ക് മാറ്റപ്പെട്ടിരിക്കുന്നു. പാഠനിർമിതിയിൽ ഭൗതികമായിത്തന്നെ അയാൾക്ക് ഇടപെടേണ്ടിവരുന്നു. അഥവാ അയാൾകൂടി നിർമ്മിക്കുന്ന പാഠമായി ഡിജിമോഡേണിസ്റ്റുപാഠം രൂപാന്തരപ്പെട്ടിരിക്കുന്നു.

ഡിജിമോഡേണിസ്റ്റു സാഹിത്യപാഠത്തിന് ഇതിലൂടെ മറ്റൊരു മാനം കൈവരികയാണ് ചെയ്യുന്നത്. അത് അനന്തമായ, അവസാനിക്കാത്ത ഒന്നായിത്തീരുന്നു എന്നതാണ് ഏറ്റവും പ്രധാനം. അതുകൊണ്ടുതന്നെ ഡിജിമോഡേണിസ്റ്റു സാഹിത്യരൂപങ്ങൾക്കും പാഠങ്ങൾക്കും ഒരു അന്തിമരൂപം കൽപ്പിക്കുന്നത് അസാധ്യമാണ്. അവയുടെ വിപുലനം അനുസ്യൂതം നടക്കുന്നതാണെന്ന് കാണാം. മാത്രവുമല്ല ഇവ ക്ഷണികമായ പാഠങ്ങൾ ആണെന്നത് ശ്രദ്ധേയമാണ്. കമെന്റുകൾ (Comments), റിപ്ലൈകൾ (Replies), ഷെയറുകൾ (Shares), റിവ്യൂകൾ (Reviews) തുടങ്ങി പാഠങ്ങളിൽ അനന്തം കൂട്ടിച്ചേർക്കലുകൾ സാധ്യമായിത്തീരുന്നു. പാഠങ്ങളെ സ്ഥായിയായി നിലനിർത്താനോ ആർക്കൈവ് ചെയ്യുവാനോ സാധ്യമല്ല എന്നും കിർബി നിരീക്ഷിക്കുന്നു (2009:52). ഡിജിമോഡേണിസ്റ്റുപാഠം രേഖീയമല്ലാതെയാണ് (Nonlinear) നിൽക്കുന്നതെന്ന് പൂർണമായി പറയാൻ സാധിക്കുകയില്ല. ഹൈപ്പർടെക്സ്റ്റുകളിലൂടെ മുന്നേറുന്നതുകൊണ്ടുതന്നെ ബഹുരേഖീയത (Multilinearity) ഡിജിമോഡേണിസ്റ്റുപാഠങ്ങളുടെ സവിശേഷതയാണ്. അതേസമയം രേഖീയതയെ അതുസൂക്ഷിക്കുന്നുമുണ്ട് എന്നുകാണാം. ബഹുരേഖീയതയാണ് അതിന്റെ മുഖമുദ്ര. ഡിജിമോഡേണിസ്റ്റ് സാഹിത്യപാഠം എവിടെനിന്നും ആരംഭിക്കാം. എവിടേയ്ക്കും ഏത് ദിശയിലേയ്ക്കും അതിന്റെ ആഖ്യാനം സാധ്യമാക്കുകയും ചെയ്യാം.

ഡിജിമോഡേണിസ്റ്റു സാഹിത്യരൂപമാതൃകകൾ

പരമ്പരാഗത സാഹിത്യരൂപങ്ങൾക്ക് ബദൽ അവതരിപ്പിച്ചുകൊണ്ടാണ് വെബ്ബ് 2.0 (Web 2.0) ഉദയം കൊള്ളുന്നത്. ഉപഭോക്താക്കളാൽ നിർമ്മിക്കപ്പെടുന്ന ഉള്ളടക്കങ്ങൾക്ക് വിപുലമായ സാധ്യതകൾ തുറന്നുകൊടുത്ത രണ്ടാംതലമുറ വെബ്സൈറ്റുകളെയാണ് വെബ് 2.0 എന്ന് പറയുന്നത്. ഇതൊരു പങ്കാളിത്ത പ്ലാറ്റ്ഫോമായാണ് പ്രവർത്തിക്കുന്നത്. ബ്ലോഗിങ് (Blogging), സാമൂഹ്യമാധ്യമങ്ങൾ, ഓൺലൈൻ ഫോറങ്ങൾ, വെബ് ആപ്പുകൾ ഒക്കെയും പങ്കാളിത്ത വെബ് പ്ലാറ്റ്ഫോമിന് ഉദാഹരണങ്ങളാണ്. മലയാളസാഹിത്യലോകത്തിന് വെബ് 2.0യിൽ ജന്മംകൊണ്ട ബ്ലോഗുകളിലും സാമൂഹ്യമാധ്യമങ്ങളിലും വെബ്സീനുകളിലും (Webzine) ഒക്കെ വ്യാപകമായി വായനക്കാരും എഴുത്തുകാരും ഉണ്ടായി. വായനക്കാർ തത്സമയം എഴുത്തുകാരുമായി സംവദിച്ചു, പുതിയ കൂട്ടിച്ചേർക്കലുകൾ നല്കി, തുറന്ന ചർച്ചകളും പുനർവായനകളും നടന്നു. സമൂഹത്തിന്റെ പങ്കാളിത്തത്തോടെ സാഹിത്യലോകം വിപുലപ്പെട്ടുകൊണ്ടിരുന്നു. സാഹിത്യത്തിന്റെ പാഠപരതയിൽ ഇന്ററാക്ടിവിറ്റിയും ജനാധിപത്യപരമായ സാധ്യതകളും സംഭവ്യമായി. ആർക്കും എഴുതാം എന്നത് വെബ് 2.0 സാധ്യമാക്കിയതോടെ സാഹിത്യത്തിന്റെ സാമ്പ്രദായിക വിശുദ്ധിയെയും ആധികാരികതയെയും നിഷ്പ്രഭമാക്കി എന്നതാണ് യാഥാർത്ഥ്യം. സാഹിത്യത്തിനു മാത്രമല്ല ഒട്ടുമിക്ക പൂർവ്വസാംസ്കാരികരൂപങ്ങൾ ഡിജിമോഡേണിസം ഈ ദുര്യോഗം സമ്മാനിച്ചിട്ടുണ്ട്.

കഥയിലെയും കവിതയിലെയും വരികളിലും ആശയങ്ങളിലും കലാപരമായ സംയോജനങ്ങൾ സാങ്കേതികതയുടെ സഹായത്തോടെ നിർമ്മിച്ചവതരിപ്പിക്കുന്ന ഒരു സങ്കര (Hybrid) ശൈലി ഇന്ന് കാണാൻ കഴിയും. ഇൻസ്റ്റഗ്രാം റീൽസും യൂട്യൂബ് ഷോർട്ട് വീഡിയോകളും അതിനുദാഹരണമാണ്. സാമൂഹിക-രാഷ്ട്രീയവിഷയങ്ങളും നീതി-അനീതി വാദങ്ങളും ഡിജിറ്റൽ മീമുകളായി മാറുന്നു. ട്രോളുകളും റോസ്റ്റിങ് (Roasting) വീഡിയോകളുമൊക്കെ അതിനുദാഹരണമാണ്. സാമൂഹികമാറ്റങ്ങളെ പ്രതിഫലിപ്പിച്ചുകൊണ്ട് പുത്തൻ പ്രചോദനത്തിനായി പ്രവർത്തിക്കാൻ ഒരിടം ഡിജിമോഡേണിസം തുറന്നുകാണിച്ചിട്ടുണ്ട്. ആശയങ്ങളും വൈരുദ്ധ്യങ്ങളും പരസ്പരം ചേരുകയും ഇടപെടുകയും ചെയ്യുന്ന ഒരുതലം കൂടി ഇവിടെയുണ്ട്.

അതേസമയം ആധുനികാനന്തരത പ്രഖ്യാപിച്ച മറ്റൊരു സംഗതിയും ഡിജിമോഡേണിസ്റ്റു പരിപ്രേഷ്യം അട്ടിമറിച്ചിരിക്കുന്നുവെന്ന് കാണാം. വലുതുകളിൽനിന്നു ചെറുതുകളിലേക്കുള്ള പ്രയാണത്തെ ഡിജിമോഡേണിസം അപ്രസക്തമാക്കുകയാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഡിജിമോഡേണിസ്റ്റു കാലഘട്ടത്തിൽ സാഹിത്യത്തിന് അതിവിപുലമായ വലിപ്പമാണ് സംഭവിച്ചത്. ജെ. കെ. റൗളിങ്ങിന്റെ 'ഹാരി പോർട്ടറാ'ണ് കിർബി ഉദാഹരണമായി പരിശോധിക്കുന്ന കൃതി. അതിന് രണ്ട് മാനങ്ങളുണ്ട്. ഒന്ന് ഡിജിമോഡേണിസ്റ്റു ഘട്ടത്തിൽ ബാലസാഹിത്യകൃതികൾക്ക് കൈവന്ന പ്രമുഖസ്ഥാനം. ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുകയും നിർമ്മിക്കപ്പെടുകയും ചെയ്യുന്ന ഒരു സുപ്രധാനമേഖലയായി ബാലസാഹിത്യം മാറുകയുണ്ടായി. ബാലസാഹിത്യങ്ങൾ മാത്രമല്ല, സിനിമകളും ടിവി സീരീസുകളും ഇതിനോടകം വിജയം കൈവരിച്ചു. 'അവതാർ' (Avatar) അടക്കമുള്ളവയുടെ ആഖ്യാനതന്ത്രം ബാലസാഹിത്യത്തിന്റേതാണ് എന്നുകാണാം. എന്നാലിത് പഴയ കുട്ടികളുടെ ആസ്വാദനതലത്തിലുള്ളതല്ല, മറിച്ച് പുതിയ കുട്ടികളുടെ ആസ്വാദനതലത്തെയാണ് അടയാളപ്പെടുത്തുന്നത്. കുറേക്കൂടി കർത്തൃത്വമുള്ള ഭാഗികമായി സ്വതന്ത്രരായ കുട്ടികളുടെ ആസ്വാദനത്തെയാണ് ഇത് കാണിക്കുന്നത്. മലയാളത്തിൽ നോക്കിയാലും അടുത്തകാലത്ത് വിജയിച്ച സിനിമകളിൽ കുട്ടികളെ ഉദ്ദേശിച്ചുള്ള സിനിമകൾക്ക് കൈവന്ന നേട്ടം ചെറുതല്ല. മിന്നൽ മുരളി, എ.ആർ.എം മുതലായ ഫാന്റസിയിലൂന്നിക്കൊണ്ടുള്ള ആഖ്യാനശൈലികളെയും തന്ത്രങ്ങളെയും സ്വീകരിച്ച സിനിമകളും സാഹിത്യകൃതികളും ഇന്ന് സ്വീകാര്യത നേടുന്നുണ്ട്. മറ്റൊന്ന് ഇത്തരം സിനിമകൾക്കും കൃതികൾക്കും എപ്പോൾ വേണമെങ്കിലും പ്രീക്വലുകളും (Prequel),

സ്വീക്വലുകളും (Sequel) സംഭവ്യവുമാണ്. പുതിയ സിനിമകൾ, വെബ്പരമ്പരകൾ (Web Series), നോവൽ പരമ്പരകളൊക്കെയും ഇതേമാതൃക പിന്തുടരുന്നതായി കാണാം.

സ്ട്രീമിങ് കൾച്ചർ (Streaming Culture) എന്നതുതന്നെ ഡിജിമോഡേണിസം സാധ്യമാക്കിയ ഒന്നാണ്. ഇന്ന് സാഹിത്യനിർമിതിയെ അതിയായി സ്വാധീനിക്കുന്ന ഘടകമായി സ്ട്രീമിങ് കൾച്ചർ മാറിയിരിക്കുന്നു. മേല്പറഞ്ഞതുപോലെ ഏതുസമയത്തും വിഷ്വൽ/പോഡ്കാസ്റ്റ് അടക്കമുള്ള ബഹുരൂപങ്ങളിലേക്ക് പരാവർത്തനം ചെയ്യാൻ സാധിക്കുന്ന പാഠങ്ങളെയാണ് ഡിജിമോഡേണിസ്റ്റ് പാഠനിർമിതിയിലൂടെ സൃഷ്ടിക്കപ്പെടുന്നത്. സ്റ്റോറിടെല്ലിങ് (Story-telling) ആപ്പുകളുടെ വ്യാപനം സാധ്യമാകുന്നതും അതിനാലാണ്. അതുകൊണ്ടുതന്നെ രചനയിലെ സൂക്ഷ്മതയേക്കാൾ ആഖ്യാനത്തിനാണ് പ്രാധാന്യം കൈവന്നിരിക്കുന്നത്. എപ്പിസോഡിക് (Episodic) രചനകളാണ് കൂടുതലായും നിർമ്മിക്കപ്പെടുന്നത്. സമീപകാല നോവൽസാഹിത്യം പരിശോധിച്ചാൽ ചില നോവലുകൾക്കു കൈവന്ന പ്രാധാന്യം ശ്രദ്ധേയമാണ്. മീശ, സുഗന്ധി എന്ന ആണ്ടാൾ ദേവനായകി, റാം കെയർ ഓഫ് ആനന്ദി, പ്രേമനഗരം തുടങ്ങിയവയെല്ലാം ഉദാഹരണങ്ങളാണ്. കാവ്യാത്മകാഖ്യാനം ചരിത്രാത്മകാഖ്യാനത്തിലേക്ക് വഴിമാറിക്കൊടുക്കുകയാണ് ഇവിടെ. ആഖ്യാനം കൂടുതൽ റിയലിസ്റ്റിക്കായി രൂപാന്തരപ്പെട്ടു. എന്നാലിതു പഴയകാല റിയലിസ്റ്റ് ആഖ്യാനമല്ല. ഒരു പുതിയകാല റിയലിസം കടന്നുവന്നിരിക്കുന്നു. ഡേർട്ടി റിയലിസം (Dirty Realism), ഡീപ് റിയലിസം (Deep Realism) എന്നെല്ലാം ഇത് വിശേഷിപ്പിക്കപ്പെടുന്നുണ്ട്.

വർത്തമാനകാല നിർമിതബുദ്ധിയുടെ ഉപയോഗം ഡിജിമോഡേണിസത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചു. ഏതാനും നിർദ്ദേശങ്ങളിലൂടെ (Prompts) ആർക്കും തങ്ങൾക്കാവശ്യമായ രീതിയിൽ സാഹിത്യരൂപത്തിലുള്ളതോ ശബ്ദ-ദൃശ്യരൂപത്തിലുള്ളതോ ആയ പാഠങ്ങൾ നിർമ്മിക്കുന്നതിന് ഇന്നു നിർമിതബുദ്ധിയെ ഉപയോഗപ്പെടുത്താവുന്നതാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ എല്ലാം ബിഗ് ഡേറ്റയിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്നകാലത്ത് അതേ ബിഗ്ഡേറ്റയെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് നിർമിതബുദ്ധി പ്രവർത്തിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. പാഠത്തിന്റെ സ്വയം പുനരുല്പാദനവും സ്വയം വിപുലനവും ഇതിലൂടെ ഡിജിമോഡേണിസത്തിന്റെ ഭാഗമാകുന്നു.

ഇന്റർനെറ്റിന്റെ ഉപയോഗം വ്യാപകമായതോടെ സാഹിത്യരൂപങ്ങളുടെ മട്ടും ഭാവവും മാറി. ഡിജിറ്റൽമേഖലകളിൽ സാഹിത്യപ്രചാരണം നടന്നു. സാഹിത്യത്തിനൊരു സൈബർജീവിതം സാധ്യമായി. ഡിജിമോഡേണിസ്റ്റ് പ്രസാധകർ എന്ന് ഡിജിറ്റൽ മീഡിയകളെ നമുക്ക് വിളിക്കാം. കാരണം വെബ് 2.0 ആദ്യം പ്രസാധനരംഗത്താണ് ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തിയത്. ആർക്കും പ്രസാധകരാകാം എന്ന യാഥാർത്ഥ്യം ഇത് സാധ്യമാക്കി. അതിലൂടെ സാഹിത്യത്തിന്റെ വിശുദ്ധിയെപ്പോലെതന്നെ പ്രസാധനത്തിന്റെ ശ്രേഷ്ഠതയെയും ഡിജിമോഡേണിസം തകർത്തു. എന്നാൽ പ്രസാധനരംഗവും പ്രസാധകരും പുതിയയുഗത്തെ പുതിയരീതിയിലാണ് അഭിസംബോധന ചെയ്തത്. ഡിജിമോഡേണിസ്റ്റ്പാഠങ്ങളുടെ നിർമ്മിതികളിലേക്ക് അവരും ലാഭേച്ഛയോടെതന്നെ ഭാഗവാക്കായി. പുതിയ ഡിജിറ്റൽ പാഠങ്ങൾ മലയാളത്തിൽ ആവിർഭവിച്ചു. പുസ്തകങ്ങളുടെ ഡിജിറ്റൽ പതിപ്പുകൾ നമുക്ക് ലഭ്യമാകുന്നതിലൂടെ ഓൺലൈൻ പുസ്തകസമ്പ്രദായം ആരംഭിച്ചു. ഓൺലൈൻ റിവ്യൂകളിൽനിന്നും വായനക്കാരുടെ ഇടപെടലുകൾക്കും തുടക്കമായി. പുസ്തക പ്രസാധകർ തങ്ങളുടെ പൂർവ്വകാല മാതൃകകളെ പരിഷ്കരിച്ചുകൊണ്ട് മുന്നേറി. പുതിയ പുസ്തകങ്ങളുടെ രൂപഘടനയിൽ (Format) വ്യത്യാസം കാണപ്പെട്ടു. പഴയ പുസ്തകങ്ങൾ, ക്ലാസിക്കുകളൊക്കെ ഉൾപ്പെടുന്ന ശേഖരം ഇ-ബുക്കുകളും (E-book), ഓഡിയോ ബുക്കുകളുമായി (Audiobook) രൂപാന്തരം പ്രാപിച്ചു. ആമസോൺ കിന്റിൽ (Amazon Kindle) മികച്ച ഉദാഹരണമാണ്. ഇതെല്ലാം വിരൽത്തുമ്പുകളിലെ സേവനങ്ങളായി മാറി. ഡിജിമോഡേണിസ്റ്റ്പാഠത്തിന്റെ ഇന്ററാക്ടീവ് സ്വഭാവം; ഏത് മീഡിയയ്ക്കും ഇണങ്ങുന്നവിധം സ്വയം പരിവർത്തിക്കാനുള്ള അതിന്റെ ക്ഷമത; ഇ-റീഡറുകൾക്കും (E-reader) ഇ-റീഡിങ്ങിനും (E-reading) വഴിവയ്ക്കുകയുണ്ടായി.

ഡിജിറ്റൽ പ്രിന്റിങ് ടെക്നോളജി ദീർഘകാല പ്രസാധനപ്രക്രിയയെ ലഘൂകരിച്ചു. ഉള്ളടക്കത്തിന്റെ രൂപകല്പനയിലും (Layout) കവർ ഡിസൈനിലും നിർമിതബുദ്ധിയുടെ സേവനം പ്രയോജനപ്പെടുത്തിത്തുടങ്ങി. സാങ്കേതികജ്ഞാനമുണ്ടെങ്കിൽ ആർക്കും രചനാപ്രക്രിയ നടത്താമെന്ന സ്ഥിതിവിശേഷം ഇന്നുണ്ട്. എഴുത്തുകാർക്ക് അവരുടെ രചനകൾ വിവിധ പ്ലാറ്റ്ഫോമുകളിൽ നേരിട്ടു പ്രസിദ്ധീകരിക്കാൻ ഇന്നു സാധിക്കും. ഫോക്സ്റ്റെയിൽസ് (Foxtale), കുക്കു എഫ് എം (Kukku FM), ആമസോൺ KDP (Kindle Direct Publishing) തുടങ്ങിയവ അതിനുദാഹരണങ്ങളാണ്.

ഡിജിമോഡേണിസത്തിന്റെ വെല്ലുവിളികൾ

നിരന്തരസാധ്യതകൾ നിലനിൽക്കുന്നതോടൊപ്പം ഡിജിമോഡേണിസം വെല്ലുവിളികളെയും നേരിടുന്നുണ്ട്. സുപ്രധാനമായും പരമ്പരാഗത സാഹിത്യരൂപങ്ങളെ ഏറെക്കുറെ നിരാകരിച്ചുകൊണ്ടാണ് ഡിജിമോഡേണിസം നിലനിൽക്കുന്നത്. പ്രസാധനമേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ പ്രധാനമായും പ്രസ്തുതമേഖലയിലെ അവകാശങ്ങൾ, ഉള്ളടക്കം, ഗുണനിലവാരം എന്നിവയിലാണ്. ഡിജിറ്റൽ കേന്ദ്രങ്ങളുടെ വ്യാപനത്തോടെ പുസ്തകങ്ങൾ, ബ്ലോഗുകൾ, ഓൺലൈൻ പുസ്തകങ്ങൾ തുടങ്ങിയവയൊക്കെ എളുപ്പത്തിൽ നിർമ്മിക്കപ്പെടുന്നുവെങ്കിലും അവക്ക് നിലവാരത്തകർച്ച സംഭവിച്ചിട്ടുണ്ട് എന്ന വിമർശനം ശക്തമാണ്.

ബഹുകർത്തൃത്വവും അനുസ്യൂതകർത്തൃത്വവും ഡിജിമോഡേണിസ്റ്റുപാഠനിർമിതിയുടെ സവിശേഷതയായതുകൊണ്ടുതന്നെ കൃത്യമായി വിവരങ്ങൾ നല്കുന്ന പ്രക്രിയയും പാഠങ്ങളുടെ ഗുണനിലവാരം പരിശോധിച്ചുറപ്പിക്കുന്നതിനുമുള്ള പ്രക്രിയകൾ പലപ്പോഴും സാധ്യമല്ലാതെ വരുന്നു. ഡിജിറ്റൽ ഫോർമാറ്റിലുള്ള പാഠങ്ങളുടെ സംരക്ഷണം ദുർഘടം പിടിച്ചതാണ്. ഡിജിമോഡേണിസ്റ്റുപാഠങ്ങൾക്ക് അത്തരമൊരു ഉദ്ദേശ്യം നിലനിൽക്കുന്നതുമില്ല.

മറ്റൊരു സുപ്രധാനകാര്യം സാംസ്കാരികതയുടെ ഡിജിമോഡേണിസ്റ്റുരൂപമാറ്റവും സാമ്പ്രദായിക നിയമവ്യവസ്ഥയും തമ്മിലുള്ള വൈരുദ്ധ്യം സൃഷ്ടിക്കുന്ന പ്രതിസന്ധിയാണ്. ഡിജിമോഡേണിസംപോലുള്ള പുതിയ സാംസ്കാരികതയെ ഉൾക്കൊള്ളാൻ നിലവിലെ നിയമസംവിധാനങ്ങൾക്ക് കരുത്തില്ല. പേറ്റന്റ്, പകർപ്പവകാശനിയമങ്ങൾ എന്നിവ പാഠനിർമിതിയെയും വിപുലനങ്ങളെയും സാരമായി ബാധിക്കുന്നുണ്ട്. നിയമപ്രശ്നങ്ങളും പകർപ്പവകാശങ്ങളും ഉൾപ്പെടെയുള്ള പ്രതിസന്ധികളും ഉണ്ടാകുന്നു.
ഇലക്ട്രോണിക് രൂപമായി മാത്രമേ ഡിജിമോഡേണിസ്റ്റുപാഠത്തിന് നിലനിൽപ്പുള്ളൂ. ഇലക്ട്രോണിക് ഉപകരണം ഇല്ലാത്തവർക്കും ഡിജിറ്റൽ സാക്ഷരതയിൽ പിന്നിലായവർക്കും അതിന്റെ സൗകര്യങ്ങളെയും മേന്മകളെയും അറിയാനും അനുഭവിക്കാനും കഴിയുകയില്ല. ഏവർക്കും പ്രസിദ്ധീകരിക്കാം, ഏവർക്കും പാഠനിർമിതിയിൽ പങ്കുണ്ട്, ജനാധിപത്യപരമായ പാഠനിർമിതി മുതലായ ഡിജിമോഡേണിസ്റ്റുവാദങ്ങളെ ഇത് സംശയത്തിൽ നിർത്തുന്നു. പാഠനിർമിതിയിലെ ഗൗരവമില്ലായ്മയും ഗുണനിലവാരത്തിന്റെ ഉറപ്പില്ലായ്മയും ഒരു സുപ്രധാന വെല്ലുവിളിയായി ഡിജിമോഡേണിസത്തിൽ തുടരുന്നു എന്നത് വ്യക്തമാണ്. ഡിജിമോഡേണിസം സാംസ്കാരിക മേഖലയിൽ ഒരു ശക്തിസ്രോതസ്സായി തുടരുമ്പോൾത്തന്നെ ഉത്തരവാദിത്വമില്ലായ്മയും (Absence of Responsibility) പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ഉപദർശനങ്ങൾ

അടുത്തകാലത്തായി ചില ജനപ്രിയ സാഹിത്യകൃതികളെക്കുറിച്ചുയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധിച്ചാൽ ഡിജിമോഡേണിസ്റ്റുകാലത്തെ സാഹിത്യപാഠങ്ങളെക്കുറിച്ചുള്ള സുപ്രധാന വൈരുദ്ധ്യമായിരിക്കും തെളിഞ്ഞുവരിക. ജനപ്രിയതയെയും ഡിജിമോഡേണിസ്റ്റു സാഹിത്യപാഠങ്ങൾ സൃഷ്ടിച്ച കലർപ്പുകലർന്ന സാഹിത്യപ്രവണതകളെയും ഡിജിറ്റൽ സാങ്കേതികത രൂപപ്പെടുത്തിയ അനന്തമായ ഡിജിമോഡേണിസ്റ്റ് പാഠങ്ങളുടെ പതിപ്പുകളെയും സാമ്പ്രദായിക സാഹിത്യമേന്മാവാദത്തിന്റെ അളവുകോലുകൾക്കുള്ളിൽ ചുരുക്കാൻ പാടുപെടുന്ന പ്രവണത ഒരുവശത്ത്.

ഡിജിറ്റൽ നവസാങ്കേതിക സാധ്യതകളിലൂടെ ശൃംഖലാവിസ്ഫോടനമായി (Chain Reaction) പലപലപതിപ്പുകളിൽ പുനഃസൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പാഠങ്ങളുടെ, വായനക്കാരും എഴുത്തുകാരുമായ വ്രീഡറുകളായി രൂപാന്തരംവന്ന വർത്തമാനകാല വായനക്കാരൻ/കാരിയുടെ സക്രിയസാന്നിദ്ധ്യം സൃഷ്ടിക്കുന്ന ഡിജിമോഡേണിസ്റ്റു പാഠത്തിന്റെ എണ്ണപ്പെരുപ്പം മറുവശത്ത്.
ആദ്യത്തേത് ശക്തിശൈഥില്യം സംഭവിച്ച പഴയകാലപ്രവണതയുടെ ആകുലതകളായി ചുരുങ്ങുമ്പോൾ രണ്ടാമത്തേത് ജെൻ–സി (Gen Z), ജെൻ ആൽഫ (Gen Alpha) അടക്കമുള്ള പുതുതലമുറയുടെ അതിശക്തമായ ഡിജിമോഡേണിസ്റ്റ് പാഠനിർമ്മിതിയായി വളരുകയും നിലയുറപ്പിക്കുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽയുഗം തുറന്നിട്ട പുതുസാഹിത്യപാഠനിർമ്മിതിയെയും പാഠപരതയെയും മനസ്സിലാക്കാനുള്ള ശ്രമകരമായ പരിശ്രമങ്ങൾക്കു മാത്രമേ ഇതിന്റെ സാംസ്കാരിക മനോഘടന പിടിതരുകയുള്ളൂ എന്നുകാണാം.

കുറിപ്പുകൾ

1. ഡിജിറ്റൈസേഷൻ: അനലോഗ് (Analogue) രൂപത്തിലുള്ള വിവരങ്ങളെ ഡിജിറ്റൽ രൂപങ്ങളായി പരിവർത്തിപ്പിക്കുന്ന പ്രക്രിയയെയാണ് ഡിജിറ്റൈസേഷൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വ്യാപകമായ കമ്പ്യൂട്ടർ ഉപയോഗത്തിലൂടെയാണ് ഈ ഡിജിറ്റൈസേഷൻ പ്രക്രിയ സാധ്യമാകുന്നത്.
2. ഡിജിടെക്സ്റ്റ്: ഡിജിപാഠങ്ങൾ അഥവാ ഡിജിടെക്സ്റ്റ് എന്നത് ഡിജിമോഡേണിസ്റ്റ് കാലത്തെ പാഠമാണ്. ഡിജിറ്റൽ, പാഠം അഥവാ ടെക്സ്റ്റ് എന്നിവ ചേർന്നാണ് ഡിജിടെക്സ്റ്റ് എന്ന വാക്കുണ്ടായത്. ഡിജിറ്റൽ മാധ്യമങ്ങളിലൂടെമാത്രം എഴുതപ്പെടുകയും പ്രവർത്തിപ്പിക്കപ്പെടുകയും നിർവഹിക്കപ്പെടുന്നതുമായ പാഠങ്ങളെ ഡിജിടെക്സ്റ്റ് എന്ന് പറയാം. ഇതിനോടൊപ്പം മനസ്സിലാക്കേണ്ട മറ്റൊരു പദമാണ് സൈബർടെക്സ്റ്റ് (Cybertext). അനലോഗ് രൂപത്തിലുള്ള ടെക്സ്റ്റിനെ ഡിജിറ്റൽ രൂപമാക്കുകയും എന്നാൽ പൂർണമായും ഡിജിടെക്സ്റ്റിന്റെ ഗുണനിലവാരത്തിലേക്ക് എത്താത്തതുമായ പാഠമാണിത്.
3. ഹൈപ്പർടെക്സ്റ്റ്: ഹൈപ്പർലിങ്കുകളിലൂടെ രൂപപ്പെടുന്ന ടെക്സ്റ്റുകൾ. ഹൈപ്പർടെക്സ്റ്റുകളിലൂടെ വായനക്കാരന് ലിങ്കുകൾ ക്ലിക് ചെയ്ത് പുതിയവായനകളിലേക്ക് പലായനം ചെയ്യാൻ സാധിക്കുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ഗ്രന്ഥസൂചി

1. ജോസ് കെ. മാനുവൽ (എഡി.), സൈബർ ആധുനികത, സംവാദം സംസ്കാരം സംലയനം, ടേൺ ബുക്സ്, കോട്ടയം, 2019.
2. ഹരികുമാർ എ. കെ., ഉത്തര ഉത്തരാധുനികത, ആൽഫ വൺ, തൃശ്ശൂർ, 2020.
3. Kirby, Alan, Digimodernism: How new technologies dismantle the Postmodern and Reconfigure our culture, Bloomsbury Academy, London, 2009.
4. Fiankelstein, David, et.al., The Book History Reader, Routledge, London And New York, 2006.

ഇ – സൂചിക

1. മിഥുൻ സിദ്ധാർത്ഥൻ (ഡോ.,), "സ്റ്റീഫൻ ജയ്ഗോൾഡിന്റെ ജ്ഞാനശാസ്ത്രസമീപനങ്ങൾ", ലൂക്ക, 2021. https://luca.co.in/stephen-jay-gould/
2. സന്തോഷ് എച്ച്. കെ., "സമകാലീന നോവലിലെ ഡിജിമോഡേണിസ്റ്റഭാവുകത്വം", IJCRT, Vol. 6, 2018. https://ijcrt.org/papers/IJCRT1134217.pdf
3. Brandon, Bill, "Digimodernism and Learning", Learning Guild, 2011.
https://www.learningguild.com/articles/729/digimodernism-and-learning/
4. Malomfălean, Laurenţiu, "Hypertext. Cybertext. Digitext", The Center for Imagination Studies, 2012. https://phantasma.lett.ubbcluj.ro/hipertext-cibertext-digitext/

About the researcher:
അശ്വതി വിജയൻ
ഗവേഷക മലയാളവിഭാഗം, മഹാരാജാസ് കോളേജ്
എറണാകുളം

Email: aswathyvijayan2094@gmail.com
Mob: 7558885282

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0004

ആഖ്യാനങ്ങളിലെ ദ്വീപുനിർമ്മിതി: തിരഞ്ഞെടുത്ത മലയാളനോവലുകളെ മുൻനിർത്തിയുള്ള പഠനം

» മെൽവിയ ആൻ ബിജു

പ്രബന്ധസംഗ്രഹം

ദ്വീപ് എന്ന സ്ഥലരൂപകം സാഹിത്യത്തിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്ന ഒന്നാണ്. ഇതിഹാസങ്ങൾ മുതൽ ആധുനികസാഹിത്യം വരെ അനേകം കൃതികളിൽ ദ്വീപ് ഒരു സ്ഥലമായും (Place) ഇടമായും (Space) അന്തരീക്ഷമായും (Setting) പശ്ചാത്തലമായും (Background) രൂപകമായും (Metaphor) പ്രതീകമായും (Symbol) വരുന്നതുകാണാം.

ദ്വീപുസാഹിത്യം മലയാളത്തിൽ പ്രബലമല്ലെങ്കിലും നിലവിലുണ്ട്. നിലവിലുള്ള ദ്വീപുസാഹിത്യത്തിൽ ദ്വീപ് പ്രകടമായി വരുന്ന കൃതികളെ ദ്വീപുസാഹിത്യത്തിന്റെ അളവുകോൽ ഉപയോഗിച്ച് വിശകലനം ചെയ്യുകയെന്നതാണ് പഠനത്തിന്റെ മുഖ്യലക്ഷ്യം. ലോകസാഹിത്യവേദിയിൽ സമാന്തരമായൊരു പഠനശാഖയായി നിലനിൽക്കുന്ന ദ്വീപുസാഹിത്യപഠനം മലയാളത്തിൽ അടയാളപ്പെടുത്തുക എന്നത് പഠനത്തെ പ്രസക്തമാക്കുന്നു. പാഠാപഗ്രഥനമാണ് പഠനരീതി. സാഹിത്യപഠനത്തിന്റെ രീതിശാസ്ത്രമാണ് പഠനത്തിൽ ഉപയോഗിക്കുന്നത്.

താക്കോൽവാക്കുകൾ

ആഖ്യാനം, ദ്വീപ്, മലയാളസാഹിത്യം, ദ്വീപുസാഹിത്യം, നോവൽ

....

ആമുഖം

ദ്വീപ് എന്ന സ്ഥലരൂപകം സാഹിത്യത്തിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്ന ഒന്നാണ്. അത് കൃതികളെ ആകർഷകവും അർത്ഥഗർഭവുമാക്കുന്നു. ഇതിഹാസങ്ങൾ മുതൽ ആധുനികസാഹിത്യം വരെ അനേകം കൃതികളിൽ ദ്വീപ് ഒരു സ്ഥലമായും (Place) ഇടമായും (Space) അന്തരീക്ഷമായും (Setting) പശ്ചാത്തലമായും (Background) രൂപകമായും (Metaphor) പ്രതീകമായും (Symbol) വരുന്നതു കാണാം. രാമായണം, മഹാഭാരതം, ഇലിയഡ് തുടങ്ങിയ ഇതിഹാസങ്ങളിലും അഭിജ്ഞാനശാകുന്തളം, ദ ടെംപസ്റ്റ് തുടങ്ങിയ പ്രാചീനനാടകകാവ്യങ്ങളിലും ദ്വീപ് പ്രധാനപ്പെട്ട സ്ഥലവും ഇടവുമാണ്. ആധുനികസാഹിത്യരൂപങ്ങളുടെ ആരംഭത്തിൽ ഗള്ളിവേഴ്സ് ട്രാവൽസ്, മൊബിഡിക്, റോബിൻസൺ ക്രൂസോ എന്നിവ പ്രത്യേകം പ്രസ്താവ്യമാണ്. വില്യം ഗോൾഡിംഗിന്റെ 'ലോഡ് ഓഫ് ദ ഫ്ലൈസ്' നോബൽ സമ്മാനിതമാകുന്നത് ദ്വീപ് രൂപകമാകുന്ന കൃതികളുടെ ലോകസമ്മിതി എടുത്തുകാട്ടുന്നു.

ടി. ഡി. രാമകൃഷ്ണന്റെ ആൽഫ, ഇസ്മത്ത് ഹുസൈന്റെ കോലോടം എന്നീ നോവലുകളിൽ ദ്വീപിനെ സ്ഥലമായും ഇടമായും അവതരിപ്പിച്ചിട്ടുണ്ട്. ബെന്യാമിന്റെ ആടുജീവിതത്തിൽ ദ്വീപുതുല്യമായ ജീവിതാവസ്ഥയും മാനസികാവസ്ഥയുമാണ് ആവിഷ്കൃതമായിരിക്കുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ദ്വീപുസാഹിത്യം (Island Literature)

മനുഷ്യന് എത്തിച്ചേരുവാൻ കഴിയാത്തതോ എത്തിപ്പെട്ടാൽ രക്ഷപ്പെടാൻ കഴിയാത്തതോ ആയ ഇടമെന്ന് ദ്വീപിനെ വിശേഷിപ്പിക്കാവുന്നതാണ്.1 ദ്വീപിലകപ്പെടൽ എന്നത് ഒറ്റപ്പെടൽ (Isolation), അപരിചിതത്വം (Estrangement), മൃത്യുഭീതി (Death–fear), കെണിപ്പെടൽ (Entrapment) എന്നിങ്ങനെ സവിശേഷമായ പലതരം മനുഷ്യാവസ്ഥകളെ പ്രതിനിധീകരിക്കുന്നു. സ്ഥലം, കാലം എന്നിവയിൽനിന്നുള്ള വിച്ഛേദം; സമൂഹം, ബന്ധങ്ങൾ എന്നിവയിൽ നിന്നുള്ള വിച്ഛേദം തുടങ്ങിയവയും ദ്വീപിൽപ്പെടൽ എന്നതിനെ സൂചിപ്പിക്കുന്നു. ഇത് നിയമവ്യവസ്ഥ, രാഷ്ട്രകൂടം എന്നിവയിൽനിന്നുള്ള വിമുക്തിയായും മറ്റൊർത്ഥത്തിൽ കണക്കാക്കപ്പെടുന്നു. അവ അന്യവൽക്കരണവും (Alienation) ആദിമവൽക്കരണവും (Primitivization) അനാഗരികവൽക്കരണവും (Uncivilization) അർത്ഥമാക്കിയേക്കാം. വ്യക്തിത്വനഷ്ടം (Personality Loss), സ്വത്വപ്രതിസന്ധി (Identity Crisis), രാഷ്ട്രീയപ്രവാസം (Political Exile), സാമൂഹികവിരക്തി (Social Detachment), പ്രതീക്ഷാനഷ്ടം (Loss of Hope) എന്നിങ്ങനെയുള്ള സാമാന്യപ്രമേയങ്ങളിലേക്കും അഗാധപ്രമേയങ്ങളിലേക്കും (Themes and Deep Themes) നീങ്ങാൻ ദ്വീപ് എന്ന രൂപകം കൃതിയെ സഹായിക്കുന്നു. സ്വപ്നാവസ്ഥ സൃഷ്ടിക്കാനും ദ്വീപ് എന്ന സ്ഥലത്തിനോ ഇടത്തിനോ സാദ്ധ്യമാകും. സർറിയലിസം, മാജിക്കൽ റിയലിസം തുടങ്ങി റിയലിസത്തിന്റെ അതീതാവസ്ഥകളെ ആവിഷ്കരിക്കുന്ന ആഖ്യാനസങ്കേതങ്ങളിൽ ദ്വീപ് സവിശേഷപങ്ക് വഹിക്കുന്നു.

പലപ്രകാരത്തിൽ ദ്വീപ് കടന്നുവരുന്ന സാഹിത്യത്തെ ദ്വീപുസാഹിത്യം (Island Literature) എന്നും കൃതികളിലെ ദ്വീപസാന്നിദ്ധ്യത്തെ അർത്ഥസൂചനകളായെടുത്തുകൊണ്ട് നടത്തുന്ന പഠനത്തെ ദ്വീപുസാഹിത്യപഠനം (Island Literature Studies) എന്നും വിശേഷിപ്പിക്കുന്നു.

ദ്വീപുസാഹിത്യപഠനം (Island Literature Studies)

ഏതെങ്കിലും ദ്വീപിലുണ്ടാകുന്ന സാഹിത്യവിഭാഗങ്ങളെ എടുത്തു പരിശോധിക്കുന്നതോ സാഹിത്യകൃതികളെയോ വ്യവഹാരരൂപങ്ങളെയോ വിശകലനം ചെയ്യുന്നതോ മാത്രമല്ല ദ്വീപുസാഹിത്യപഠനം. അനുഭൂതിക്കു നിദാനമാകുന്ന സാഹിത്യസങ്കേതമോ മൂലകമോ എന്നനിലയിലാണ് ദ്വീപുസാഹിത്യപഠനത്തിൽ ദ്വീപ് അവതരിപ്പിക്കപ്പെടുന്നത്. ഇതിഹാസം, നോവൽ, കവിത, കഥ, ഉത്തരാധുനികകൃതികൾ തുടങ്ങി പല ജനസ്സുകളിൽപ്പെട്ട കൃതികളിൽ അവതരിപ്പിക്കപ്പെടുന്ന ദ്വീപിന്റെ സാന്നിദ്ധ്യത്തെ ആനുഭൂതികമായി പഠിക്കുകയാണു ദ്വീപുസാഹിത്യപഠനത്തിലൂടെ ലക്ഷ്യമാക്കുന്നത്. ദ്വീപ് എന്നത് സാഹിത്യത്തിൽ പല അർത്ഥതലങ്ങളെ നിശ്ചയിക്കുകയോ പുനർനിശ്ചയിക്കുകയോ ചെയ്യുന്ന ഒന്നാണ്.

കേരളത്തിനോ മലയാളിക്കോ ദ്വീപുജീവിതമില്ല. കേരളവുമായി ബന്ധപ്പെട്ട ദ്വീപസമൂഹങ്ങൾ കൊച്ചിയുടെ പരിസരത്തുള്ള വൈപ്പിൻ, മുളവുകാട്, പനമ്പുക്കാട്, ബോൾഗാട്ടി എന്നീ ദ്വീപുകൾ; വേമ്പനാട്ടുകായലിലെ പാതിരാമണൽ, തൃശ്ശൂരിനടുത്തുള്ള എൽത്തുരുത്ത്; കൊല്ലത്തുള്ള മൺട്രോത്തുരുത്ത്, മയ്യഴിക്കടുത്തുള്ള വെള്ളിയാങ്കല്ല്, ചില പ്രാദേശികതുരുത്തുകൾ എന്നിവയാണ്. ഇവയിൽ പലതും സിനിമകളിലും സാഹിത്യാദികൃതികളിലും ആവിഷ്കരിക്കപ്പെട്ടിട്ടുള്ളവയാണ്. വെള്ളിയാങ്കല്ല് എം. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങൾ എന്ന നോവലിലൂടെ മലയാളിക്കു സുപരിചിതമാണ്. വൈപ്പിൻ ദ്വീപുകൾ പോഞ്ഞിക്കര റാഫിയുടെ സ്വർഗ്ഗദൂതൻ, എൻ. എസ്. മാധവന്റെ ലന്തൻബത്തേരിയിലെ ലുത്തിനിയകൾ തുടങ്ങിയ നോവലുകളിലും അടയാളപ്പെട്ടിട്ടുണ്ട്.

ലക്ഷദ്വീപും ആൻഡമാൻ–നിക്കോബാർ ദ്വീപുകളും ഭൂമിശാസ്ത്രപരമായി അകലെയാണെങ്കിലും മലയാളികളുമായി അടുത്തുനിൽക്കുന്നവയാണ്. ആൻഡമാൻ നിക്കോബാറിൽ കേരളത്തിന്റെ പ്രത്യക്ഷഛായകളൊന്നും കാണാനില്ലെങ്കിലും കേരളത്തിൽനിന്നു കുടിയേറിയിട്ടുള്ളവരും പലകാലങ്ങളായി ബ്രിട്ടീഷ് കാലയളവിൽ ശിക്ഷിക്കപ്പെട്ട് അവിടത്തെ നിർബന്ധ താമസക്കാരാവേണ്ടി വന്നിട്ടുള്ളവരുമായ മലയാളികളുടെ പിൻമുറക്കാർ ഇപ്പോഴും അവിടങ്ങളിലുണ്ട്. അങ്ങനെ കേരളത്തിലുള്ള തിരൂർ, വടകര, കോഴിക്കോട്, താനൂർ തുടങ്ങിയ പലസ്ഥലങ്ങളും അധിവാസകേന്ദ്രങ്ങളായി ആൻഡമാനിലുണ്ട്. കേരളജീവിതവുമായി ബന്ധമില്ലാത്തവയാണെങ്കിലും, സി. വി. ശ്രീരാമന്റെ വാസ്തുഹാര, ഒട്ടുചെടി, മങ്ക്റ തുടങ്ങിയ കഥകളിൽ ആൻഡമാൻ കഥാഭൂമികയാണ്. ആ കഥകളിലെ മലയാളിയായ നായകന്മാർ ആ സ്ഥലവുമായി ബന്ധപ്പെട്ട ജീവിതാനുഭവങ്ങളുള്ളവരാണ്.

ലക്ഷദ്വീപുനിവാസികൾ മലയാളമാണ് പറയുന്നതെങ്കിലും വളരെക്കാലം കേരളവുമായും മലയാളികളുമായും അകന്നുനിന്നതുകൊണ്ട് അവരുടെ ഭാഷ മലയാളത്തിന്റെ മറ്റൊരു വകഭേദമായിത്തീർന്നു. ഔദ്യോഗികമായി ജെസരി എന്നറിയപ്പെടുന്ന ആ ഭാഷയ്ക്ക് സ്വന്തമായി ലിപിയില്ല. അവർ മലയാളലിപി ഉപയോഗിച്ചാണ് എഴുതുന്നത്. ലക്ഷദ്വീപിൽ ആ ഭാഷയിൽ സജീവമായ സാഹിത്യമുണ്ട്. അതിന്റെ പ്രത്യക്ഷോദാഹരണമാണ് ഇസ്മത്ത് ഹുസൈന്റെ കോലോടം എന്ന നോവൽ. എല്ലാ സാഹിത്യജനസ്സുകളിലുംപെട്ട കൃതികൾ/രചനകൾ വർഷങ്ങളായി അവിടെ ഉണ്ടാകുന്നുണ്ട്.

ആഖ്യാനങ്ങളിലെ ദ്വീപുനിർമ്മിതി

ദ്വീപ് ഭൂമിശാസ്ത്രപരമായ ഒരു സത്ത മാത്രമല്ല. ഒറ്റപ്പെട്ട ഏതൊരു സ്ഥലാവസ്ഥയിലൂടെയും സൂചിപ്പിക്കുന്ന ഒറ്റപ്പെടൽ (Isolation), അപരിചിതത്വം (Estrangement), കുരുക്കിലാകൽ (Entanglement), കെണിപ്പെടൽ (Entrapment)

തുടങ്ങിയ ഏതാശയത്തെയും പ്രതിനിധാനം ചെയ്യാൻ ദ്വീപ് എന്ന രൂപകത്തിനു സാധിക്കും. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു സ്ഥലത്തെ ഭൂമിശാസ്ത്രപരമായി ദ്വീപ് എന്നു പറയാമെങ്കിൽ, കരകളാൽ ചുറ്റപ്പെട്ട കിടക്കുന്നതാകട്ടെ മറ്റെന്തെങ്കിലുമായി ചുറ്റപ്പെട്ട കിടക്കുന്നതാകട്ടെ മറ്റുസംസ്കാരങ്ങളിൽനിന്നും വ്യത്യസ്തമായി ഒരിടത്ത് വേറിട്ട ഒരു സത്തയായി നിൽക്കുകയും ആ ഒറ്റപ്പെടൽ സാംസ്കാരികമായ ആധികളും ഉത്കണ്ഠകളും മുന്നോട്ടു വയ്ക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതിനെ ദ്വീപവസ്ഥയായി കണക്കാക്കാം.2 മലയാളത്തിൽ ദ്വീപ് കഥാഭൂമികയായി വരുന്ന കൃതികൾ കുറവാണെങ്കിലും ദ്വീപവസ്ഥ അവതരിപ്പിക്കുന്ന കൃതികൾ നിരവധിയാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ ശബ്ദങ്ങൾ, തകഴി ശിവശങ്കരപ്പിള്ളയുടെ തോട്ടിയുടെ മകൻ, ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും, ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം, ബെന്യാമിന്റെ ആടുജീവിതം, ഇ. സന്തോഷ്കുമാറിന്റെ അന്ധകാരനഴി, എസ്. ഹരീഷിന്റെ മീശ തുടങ്ങിയ നോവലുകൾ ദ്വീപുസാഹിത്യത്തിൽപ്പെടുന്നവയാണ്. ഇങ്ങനെ ദ്വീപനുഭവം, ദ്വീപപ്രകൃതി, ദ്വീപപ്രതീതി, ദ്വീപവസ്ഥ എന്നിവയുടെ അന്വേഷണമാണ് ദ്വീപുസാഹിത്യപഠനം.

ദ്വീപ് എന്ന ഇടം ആൽഫയിൽ

ടി. ഡി. രാമകൃഷ്ണന്റെ ആൽഫ എന്ന നോവലിന്റെ പശ്ചാത്തലം ദ്വീപാണ്. പ്രസിദ്ധീകരിക്കപ്പെട്ട ഭൂപടങ്ങളിലൊന്നും അടയാളപ്പെടുത്തിയിട്ടില്ലാത്ത അവ്യക്തവും ആരും അവകാശമുന്നയിക്കാത്തതുമായ ദ്വീപാണ് ആൽഫ. ശ്രീലങ്കയിൽനിന്നും 759 കിലോമീറ്റർ തെക്കുമാറി ഇന്ത്യൻ മഹാസമുദ്രത്തിൽ പതിനേഴേമുക്കാൽ ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ദ്വീപായിട്ടാണ് ആൽഫ സ്ഥിതിചെയ്യുന്നത്. നോവലിലെ പ്രധാന കഥാപാത്രമായ പ്രഫസർ ഉപലേന്ദു ചാറ്റർജി എന്ന ശാസ്ത്രജ്ഞനാണ് ദ്വീപിന് ആൽഫ എന്നു പേരു നൽകുന്നത്. ഇരുപത്തിയഞ്ചുവർഷം നീണ്ടുനിൽക്കുന്ന പരീക്ഷണത്തിന് പ്രഫസർ തിരഞ്ഞെടുക്കുന്ന ഇടമാണ് (Space) അത്. സമൂഹത്തിന്റെ പലരംഗത്തുനിന്നും പന്ത്രണ്ടുപേരുമായി പ്രൊഫസർ ദ്വീപിലേക്ക് യാത്ര തിരിക്കുന്നു. വേഷം, ഭാഷ തുടങ്ങിയവ വെടിഞ്ഞുകൊണ്ട് ഇരുപത്തിയഞ്ചുവർഷം ആദിമമനുഷ്യരെപ്പോലെ ജീവിക്കുക എന്നതാണ് പരീക്ഷണം. പ്രൊഫസറൊഴിച്ച് പരീക്ഷണത്തിൽ പങ്കെടുക്കുന്നവരെല്ലാം മുപ്പതിനോടടുത്തുമാത്രം പ്രായമുള്ളവരാണ്.

“ഒരു ജീവിതംകൊണ്ട് നേടിയ അറിവും ഒരു യുഗം കൊണ്ട് നേടിയ സംസ്കാരവും ഉപേക്ഷിച്ചുകൊണ്ട് പരീക്ഷണത്തിനു സ്വയം വിധേയപ്പെടുകയാണ് നോവലിലെ കഥാപാത്രങ്ങൾ. മനുഷ്യൻ നേടിയെടുത്ത നേട്ടങ്ങൾ അത്രയും വീണ്ടും നേടിയെടുക്കാൻ കാൽ നൂറ്റാണ്ട് മതിയെന്ന് പ്രഫസറുടെ പരികല്പന സാധുവാണെന്ന് തെളിയിക്കാനുള്ള അദ്ദേഹത്തിന്റെ പരിശ്രമംകൂടിയായിരുന്നു ഈ പരീക്ഷണം. പക്ഷേ, അദ്ദേഹത്തിന്റെ പരികല്പന അസാധുവാകുകയാണ് കഥാന്ത്യത്തിൽ സംഭവിക്കുന്നത്. എന്നാൽ പുതിയ തലമുറ നിർമ്മിച്ചെടുക്കുന്ന നിയമവ്യവസ്ഥയിലും സംസ്കാരത്തിലുമാണ് കഥാപാത്രങ്ങളുടെ തുടർന്നുള്ള ജീവിതങ്ങൾ പുരോഗമിക്കുന്നത്. സമൂഹത്തിന്റെ ചട്ടക്കൂടുകൾ, നിയമങ്ങൾ, സംസ്കാരം എന്നിവയോടുള്ള കഥാപാത്രങ്ങളുടെ നിഷേധമാണ് നോവലിലെ അവരുടെ ദ്വീപുജീവിതം. അവയിൽനിന്നുമുള്ള സ്വാതന്ത്ര്യമാണ് കഥാപാത്രങ്ങൾ ഇച്ഛിക്കുന്നത്” (രാജൻ ഗുരുക്കൾ, 2024:115).

ഇത്തരത്തിൽ കഥാപാത്രങ്ങൾ ആവശ്യപ്പെടുന്ന അപസാംസ്കാരീകരണം (De–Civilization) അവർക്ക് ലഭ്യമാക്കി കൊടുക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്. സമൂഹം, ബന്ധങ്ങൾ, സംസ്കാരം, നിയമവ്യവസ്ഥ തുടങ്ങിയവയിൽ നിന്നുമുള്ള വിച്ഛേദമാണ് കഥാപാത്രങ്ങൾ കൽപ്പിക്കുന്നത്. അതിനനിവാര്യമായ ഇടം ഒരുക്കിക്കൊടുക്കുകയാണ് ആൽഫ എന്ന ദ്വീപിലൂടെ എഴുത്തുകാരൻ ചെയ്യുന്നത്.3 കൂടാതെ ദ്വീപ് എന്നതിനെ ഒരു ഇടമായി മാത്രമല്ല വായിച്ചെടുക്കാവുന്നത്. ദ്വീപ് മറ്റു കഥാപാത്രങ്ങൾക്ക് അവർ വസിക്കുന്ന സ്ഥലമാണെങ്കിൽ മെർലിൻ ഫെർണാണ്ടസിനും രാജേഷ് മേനോനും സമൂഹത്തിൽനിന്നുമുള്ള സമർത്ഥമായ ഒരു ഒളിച്ചോട്ടമായിരുന്നു. ആൽഫ എന്ന ദ്വീപ് ഒരു സ്ഥലം മാത്രമല്ല, ഒരു ആശയവുമായി മാറുന്നു. ഉപലേന്ദു ചാറ്റർജിക്ക് അയാളുടെ പരീക്ഷണത്തിനുള്ള ഇടമാണ് ആൽഫ. പരീക്ഷണത്തിന്റെ ആദ്യദിവസങ്ങളിൽ അയാൾ ദൂരെ മാറിനിന്ന് മറ്റു കഥാപാത്രങ്ങളെ വീക്ഷിക്കുകയായിരുന്നു എന്നതിൽനിന്നുതന്നെ കേവലമൊരു പരീക്ഷണശാലയെന്ന നിലയിലാണ് ആൽഫയെ പ്രൊഫസർ സമീപിക്കുന്നതെന്ന് വ്യക്തമാവും.

1973 മുതൽ 1998 വരെയുള്ള ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ചരിത്രവും ആൽഫയ്ക്ക് പശ്ചാത്തലമാകുന്നുണ്ട്.
“ഇന്ത്യ–പാക്ക് യുദ്ധത്തിനുശേഷം തന്റെ ആധിപത്യസ്വഭാവം പുറത്തെടുത്ത് ഇന്ത്യയെ അടിയന്തരാവസ്ഥയിലേക്ക് നയിച്ച പ്രധാനമന്ത്രിയുടെ ചരിത്രധ്വംസനങ്ങളിൽ നിന്നാണ് ഒരർത്ഥത്തിൽ ഉപലേന്ദു ചാറ്റർജിയുടെ പരീക്ഷണം രൂപം കൊള്ളുന്നത്” (ഷാജി ജേക്കബ്, 2024:117).
അത്തരത്തിൽ, ആൽഫയിൽ ദ്വീപ് എന്നത് ഒരു സ്ഥലം മാത്രമല്ല ഒരു ഇടവും അന്തരീക്ഷവും രൂപകവും പ്രതീകവും ആശയവുമായി മാറുന്നുണ്ട്.

ദ്വീപ് എന്ന ജീവിതാവസ്ഥ ആടുജീവിതത്തിൽ

ബെന്യാമിന്റെ ആടുജീവിതം നജീബ് എന്ന കഥാപാത്രത്തിന്റെ പ്രവാസജീവിതത്തെയാണ് അവതരിപ്പിക്കുന്നത്. മസറയിൽ അകപ്പെട്ടുപോയതും മൃത്യുഭീതിമൂലം രക്ഷപ്പെടാൻ ശ്രമിക്കാതെയിരിക്കുന്നതുമായ വർഷങ്ങളെയാണ് നജീബിന്റെ ആടുജീവിതം എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. ആടുകളുടെയിടയിൽ ഒരു അർബാബിന്റെ ആജ്ഞയ്ക്കനുസൃതമായി മാത്രം ജീവിക്കുകയാണ് നജീബ് ചെയ്യുന്നത്. ആകെ ലഭിച്ചിരുന്ന ഭക്ഷണമായ ഖുബൂസും ആട്ടിൻപാലും മാത്രം കഴിച്ചുകൊണ്ട് ജീവൻ നിലനിർത്തുകയാണ് അയാൾ. നാട്, കുടുംബം എന്നിവയിൽ നിന്നുമുള്ള

വിച്ഛേദം നജീബ് എന്ന കഥാപാത്രത്തെ ദ്വീപുതുല്യമായ അവസ്ഥയിലേക്ക് നയിക്കുന്നു. ചുറ്റും ആടുകളും മണലും മാത്രം. മനുഷ്യജീവിയായി അർബാബുണ്ട്. പക്ഷേ, ഒറ്റപ്പെടലിന്റെ തീവ്രാനുഭവമാണ് നജീബ് അനുഭവിക്കുന്നത്. മസറിയിലേക്കുള്ള യാത്ര മുതൽ നജീബിന് ദ്വീപാവസ്ഥ അനുഭവപ്പെടുന്നുണ്ട്.

"തികച്ചും ഒരു വെളിമ്പ്രദേശത്താണ് ഞങ്ങൾ എത്തിപ്പെട്ടിരിക്കുന്നത് എന്നാണ് എനിക്കു തോന്നിയത്. കാഴ്ചവട്ടത്തെങ്ങും ഒരു കെട്ടിടമോ വൃക്ഷമോ കാണാനില്ല. അങ്ങു ദൂരെ ഇരുണ്ട ആകാശത്തിൽ വരച്ച ഒരു ഭൂപടംപോലെ ഒരു കുന്നിൻചെരിവോ പാറക്കെട്ടോ എന്തോ ഒന്നു കാണാം" (ബെന്യാമിൻ, 2024:49)

"പക്ഷേ എങ്ങോട്ട്? ചുറ്റോടുചുറ്റും നീണ്ട വിശാലതയല്ലാതെ മറ്റൊന്നും ദൃശ്യമല്ല" (ibid, 2024:50).

ഒറ്റപ്പെടൽ, മൃത്യുഭീതി, അപരിചിതത്വം തുടങ്ങിയ ദ്വീപവസ്ഥയുടെ വ്യത്യസ്തതലങ്ങൾ മസറയിൽ നജീബ് അഭിമുഖീകരിക്കുന്നുണ്ട്.

"ഞാൻ ഒറ്റയ്ക്കായി" (ibid, 2024:73).

"ഒറ്റയ്ക്ക് ഒരു ജീവിതത്തെ നേരിടാൻ, ഒറ്റയ്ക്ക് ഒരു തൊഴിലിൽ പരിശീലനം നേടിയെടുക്കാൻ, ഒറ്റയ്ക്ക് ഒരു ജീവിസമൂഹത്തെ പരിരക്ഷിക്കാൻ, ഒറ്റയ്ക്ക് ഒരു സാഹചര്യവുമായി പൊരുത്തപ്പെടാൻ ഞാൻ പഠിക്കുകയായിരുന്നു" (ibid, 2024:89).

"ഈ രാജ്യത്തെ സംബന്ധിച്ച് എനിക്കൊന്നും അറിഞ്ഞുകൂടാ. ഞാനെവിടെയാണ് ഇപ്പോൾ ഉള്ളതെന്നു പോലും. എങ്ങോട്ട് – കിഴക്കോട്ടോ തെക്കോട്ടോ പടിഞ്ഞാറോട്ടോ വടക്കോട്ടോ – ഓടിയാലാണ് എനിക്കു രക്ഷപ്പെടാനുള്ള വഴി കണ്ടെത്താനാവുക..? ഇവിടെനിക്ക് ആഹാരമില്ല. വെള്ളമില്ല. വസ്ത്രമില്ല. കിടക്കാനൊരിടമില്ല. കുളിയില്ല. ജീവിതമില്ല. സ്വപ്നങ്ങളില്ല. മോഹങ്ങളില്ല. എന്നാൽ ഒന്നു ബാക്കിയുണ്ട് – ജീവൻ! തത്കാലം അതു നിലനിർത്താൻ എനിക്കെങ്ങനെയൊക്കെയോ കഴിയുന്നുണ്ട്. എന്നാൽ, ഇവിടെനിന്നോടി അപരിചിതമായ മരുസ്ഥലികളിൽ എത്തിപ്പെട്ട് എനിക്കതുകൂടി നഷ്ടപ്പെട്ടാലോ..? പിന്നെ ആ ഓട്ടത്തിന് എന്തർത്ഥം..?" (ibid, 2024:119).

മുപ്പത്തിയൊന്നുമുതൽ മുപ്പത്തിയേഴുവരെയുള്ള അധ്യായങ്ങളിൽ നജീബിന്റെ മരുഭൂമിജീവിതത്തിൽനിന്നുമുള്ള രക്ഷപ്പെടലിന്റെ ചിത്രീകരണമാണ്. ചുറ്റുമുള്ള മണലിനെ ഒരു കടലിനോട് ഉപമിക്കുവാൻ കഥാപാത്രം ശ്രമിക്കുന്നുണ്ട്.

"ചുറ്റും മണൽ മാത്രം. മണൽക്കുന്നുകൾ മാത്രം. മറ്റൊരവസരത്തിലായിരുന്നെങ്കിൽ ഒരു സങ്കല്പചിത്രത്തിലെന്നവണ്ണമുള്ള ആ മണൽക്കാടിന്റെ വിശാലത എന്നെ കാല്പനികമായി കൊതിപ്പിച്ചേനേ. പക്ഷേ, അന്നേരം ആ കടൽ എന്നെ ശരിക്കും പേടിപ്പിക്കുകയാണ് ചെയ്തത്. ഒരു ചെറുവള്ളമോ ബോട്ടോ പോരാ, ശരിക്കും ഒരു വലിയ കപ്പൽതന്നെ വേണം ഇതു മുറിച്ചു കടക്കാൻ. അങ്ങനെയെങ്കിൽ പടച്ചോനേ, ഞങ്ങളെങ്ങനെ വെറുംകൈയോടെ ഈ കടൽ നീന്തിക്കടക്കും..?" (ibid, 2024:165).

"കടൽപോലെ മണൽ നിരന്നു കിടക്കുന്ന മരുഭൂമി കാണാനായെങ്കിൽ എന്നൊക്കെ ആഗ്രഹിച്ചിട്ടുണ്ട്" (ibid, 2024:171).

"കടൽപോലെ മണൽ കട്ടപിടിച്ചു കിടക്കുന്നു" (ibid, 2024:183).

രക്ഷപ്പെടുന്നതിനിടയിൽ മറ്റൊരുതരത്തിലുള്ള ദ്വീപവസ്ഥ നജീബ് അനുഭവിക്കുന്നു. അതുവരെ ഒപ്പമുണ്ടായിരുന്ന ആടുകളും മസറയും അറബാവും ഇല്ലാതെയാകുന്നു രക്ഷപ്പെടലിന്റെ നിമിഷങ്ങളിൽ ഒറ്റയ്ക്കായി എന്നും നജീബിന് അനുഭവപ്പെടുന്നുണ്ട്.

"മരുഭൂമി വിജനമായും ശൂന്യമായും ചത്തുമലർന്നു കിടന്നു" (ibid, 2024:159).

"മലയും മണ്ണും കുന്നും കുഴിയും ചാടിക്കടന്ന് തട്ടിയും തടഞ്ഞും വീണും എഴുന്നേറ്റും വെടികൊണ്ട് പന്നിയെപ്പോലെ പ്രാണൻ തല്ലിയുള്ള ആ ഓട്ടം അവസാനിപ്പിച്ചത് ഏതാണ്ട് നേരം പുലരാറായപ്പോഴാണ്" (ibid, 2024:163).

"എന്റെ മുന്നിൽ മസറയില്ല, ആടുകൾ ഇല്ല, ഒട്ടകങ്ങളില്ല. അർബാബില്ല. കൂടാരമില്ല. ഹക്കീം അടുത്ത് ചുരുണ്ടു കൂടിക്കിടപ്പുണ്ട്" (ibid, 2024:164).

അത്തരത്തിൽ, നജീബ് എന്ന കഥാപാത്രത്തിന്റെ ദ്വീപുതുല്യമായ അവസ്ഥയെ അവതരിപ്പിക്കുവാൻ ബെന്യാമിന്റെ ആടുജീവിതത്തിലൂടെ കഴിയുന്നു.

ദ്വീപ് എന്ന സ്ഥലം കോലോടത്തിൽ

ഒരു ലക്ഷദ്വീപുനിവാസി എഴുതിയ നോവൽ എന്ന നിലയിലാണ് കോലോടം അറിയപ്പെടുന്നത്. ലക്ഷദ്വീപ് കേരളത്തിൽനിന്നും ഭൂമിശാസ്ത്രപരമായി അകലെയാണെങ്കിലും മലയാളികളുമായി അടുത്തുനിൽക്കുന്നു. ലക്ഷദ്വീപുനിവാസികൾ മലയാളമാണ് പറയുന്നതെങ്കിലും വളരെക്കാലം കേരളവുമായും മലയാളികളുമായും അകന്നുനിന്നതുകൊണ്ട് അവരുടെ ഭാഷ മലയാളത്തിന്റെ മറ്റൊരു വകഭേദമായിത്തീർന്നിട്ടുണ്ട്. ഔദ്യോഗികമായി 'ജെസരി' എന്നറിയപ്പെടുന്ന ആ ഭാഷയ്ക്ക് സ്വന്തമായി ലിപിയില്ല. അവർ മലയാളലിപി ഉപയോഗിച്ചാണ് എഴുതുന്നത്. ലക്ഷദ്വീപിൽ ആ ഭാഷയിൽ സജീവമായി സാഹിത്യമുണ്ട്. അതിന്റെ പ്രത്യക്ഷോദാഹരണമാണ് ഇസ്മത്ത് ഹുസൈന്റെ കോലോടം എന്ന നോവൽ. അവിടെ എല്ലാ സാഹിത്യജനസ്സുകളിലുംപെട്ട രചനകൾ വർഷങ്ങളായി ഉണ്ടാകുന്നുണ്ട്. സമകാലികമായി ജെസരിസാഹിത്യം സജീവമാണ് എന്ന് ഇസ്മത്ത് ഹുസൈൻ പറയുന്നു (അദ്ദേഹവുമായി നടത്തിയ ഫോൺ സംഭാഷണത്തെ ആധാരമാക്കി).

നോവലിന്റെ ആരംഭത്തിൽ "കീളാവായിൽനിന്ന് ലക്ഷ്യം മാറി വന്ന കാറ്റ്" എന്ന പ്രയോഗത്തിൽ 'കീളാവായ്' എന്നത് 'കിഴക്കേക്കടപ്പുറ'ത്തയാണ് ലക്ഷദ്വീപുഭാഷയിൽ അർത്ഥമാക്കുന്നത്. കേരളത്തിന് തീരപ്രദേശങ്ങൾ പടിഞ്ഞാറുഭാഗത്തായതിനാൽ വായനയുടെ തുടക്കത്തിൽ നോവലിലെ പ്രദേശം കേരളമല്ലയെന്നു വ്യക്തമാണ്. തുടർന്ന്, നോവലിലെ കഥാപാത്രമായ കുഞ്ഞിസീതി കാറ്റിനെ പ്രാകിക്കൊണ്ട് കിഴക്കേക്കടപ്പുറത്തേക്ക് നടന്നു എന്നും നോവലിൽ കാണുന്നു. നോവലിന്റെ ആദ്യഭാഗങ്ങളിൽ അന്തരീക്ഷം കടലോരപ്രദേശമാണെന്നും കേരളമല്ലെന്നും വ്യക്തമാണ്. എന്നാൽ, ഒന്നാം അധ്യായത്തിൽ നോവലിന്റെ സ്ഥലകാലഭൂമിക ദ്വീപാണ് എന്ന് വ്യക്തമാകുന്നുണ്ട്. മംഗലാപുരത്തുനിന്നും ഒരു മാസം മുൻപ് വിട്ട കോലോളം നാട്ടിലെത്തിയിട്ടില്ല എന്ന കുഞ്ഞിസീതിയുടെ ആശങ്കകളും കാറ്റിനോടുള്ള പരിഭവംപറച്ചിലുമെല്ലാം അതിനെ സാധൂകരിക്കുന്നു.

"കാറ്റും കടലും അനുകൂലമായാൽ ഒരുനാൾ മതി ഓടത്തിന് ദ്വീപിലെത്താൻ" (ഇസ്മത്ത് ഹുസൈൻ, 2019:26)

തുടർന്ന് 'ദ്വീപ്', 'കടമത്തുദ്വീപ്' തുടങ്ങിയ പദങ്ങളിലൂടെ നോവലിൽ ഇടമായി ഒരു ദ്വീപിനെ തിരഞ്ഞെടുക്കുക മാത്രമല്ല യഥാർത്ഥസ്ഥലമായ ലക്ഷദ്വീപിനെയാണ് നോവലിൽ ഉടനീളം അവതരിപ്പിച്ചിരിക്കുന്നത് എന്നും വ്യക്തമാവുന്നു.

"ഇസ്മത്ത് ഹുസൈൻ കോലോടം എന്ന നോവലിലൂടെ അവതരിപ്പിക്കുന്നത് ഗ്രാമീണവും ലക്ഷദ്വീപിനുമാത്രം സ്വന്തമായ സാംസ്കാരികചരിത്രപുരാവൃത്തങ്ങളും അതിനെ ഉപജീവിച്ചു കഴിയുന്ന ഒരുപറ്റം മനുഷ്യരുടെ കഥയുമാണ്" (ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, 2019:xvi).

ദ്വീപുനിവാസികൾ മുസ്ലീങ്ങളാണെങ്കിലും ഹൈന്ദവസംസ്കാരത്തിന്റെ അടയാളങ്ങളും നോവലിലെ കഥാപാത്രങ്ങളുടെയിടയിൽ കാണാം. അത്തരത്തിൽ, മിശ്രിതസംസ്കാരത്തിന്റെ പഴയ കേരളീയജീവിതം ദ്വീപിലെങ്ങുമുണ്ട്. മലയാളത്തിൽനിന്നും അല്പം മാത്രം വ്യത്യാസപ്പെട്ടു നിൽക്കുന്ന ജെസരി ഭാഷയിലാണ് നോവൽ എഴുതപ്പെട്ടിരിക്കുന്നത്. എന്നാൽ, എഴുത്തുകാരൻ നോവലിൽ ഉപയോഗിച്ചിരിക്കുന്ന പ്രാദേശികഭേദം പൂർണമായി ലക്ഷദ്വീപുനിവാസികളുടെ ഭാഷയെ പ്രതിനിധാനം ചെയ്യുന്നില്ല. നോവലിസ്റ്റു പിറന്ന ദ്വീപിലെ ഭാഷാഭേദമാണ് നോവലിൽനിന്നും വായിച്ചെടുക്കുവാൻ കഴിയുന്നത്.

"ദ്വീപുഭാഷയിലെ പ്രാദേശികഭേദങ്ങൾ സൂക്ഷ്മമായി അടയാളപ്പെടുത്തിയ നോവലാണിത്. അതിനാൽ ഇതിനെ ലക്ഷദ്വീപിന്റെ ഭാഷാഭേദഭൂപടം എന്നു വിളിക്കാം. ഇസ്മത്ത് ഹുസൈൻ മലയാളനോവൽസാഹിത്യചരിത്രത്തിൽ ഇടംപിടിക്കുന്നത് ഭാഷയുടെ ഒരു ദ്വീപു തീർത്തു കൊണ്ടാണ്. ദ്വീപുജീവിതം എത്രത്തോളം അതിന്റെ ഭൂമിശാസ്ത്രത്തെ ആശ്രയിച്ചിരിക്കുന്നുവോ, അത്രത്തോളംതന്നെ ഈ നോവൽ ദ്വീപുഭാഷയെയും ആശ്രയിക്കുന്നു" (ഗിരീഷ് പി. എം., 2019:xiii).

അത്തരത്തിൽ, കോലോടം എന്ന നോവലിൽ ഇസ്മത്ത് ഹുസൈൻ ഒരു യഥാർത്ഥ ദ്വീപിനെ നോവലിന്റെ ഭൂമികയാക്കി അവതരിപ്പിച്ചിരിക്കുകയാണ്.

ഉപദർശനങ്ങൾ

പ്രബന്ധത്തിലൂടെ കണ്ടെത്തിയ വിശദാംശങ്ങളെ താഴെ ക്രോഡീകരിച്ചിരിക്കുന്നു.

- ഒരു ദ്വീപിൽ ഉണ്ടാകുന്ന സാഹിത്യമോ ദ്വീപിനെ സംബന്ധിച്ചെഴുതിയിരിക്കുന്ന കൃതികളോ മാത്രല്ല ദ്വീപ് രൂപകമോ ദൃഷ്ടാന്തമോ ആയി വരുന്ന കൃതികളും മലയാളസാഹിത്യത്തിലുണ്ട്.
- ദ്വീപ് ഒരു സ്ഥലമായും (Place) ഇടമായും (Space) അന്തരീക്ഷമായും (Setting) പശ്ചാത്തലമായും (Background) രൂപകമായും (Metaphor) പ്രതീകമായും (Symbol) സാഹിത്യകൃതികളിൽ ആവിഷ്കരിക്കപ്പെടുന്നുണ്ട്. ടി. ഡി. രാമകൃഷ്ണന്റെ ആൽഫ, ബെന്യാമിന്റെ ആടുജീവിതം, ഇസ്മത്ത് ഹുസൈന്റെ കോലോടം എന്നീ നോവലുകളിൽ ഇത് വ്യക്തമാണ്.

കുറിപ്പുകൾ

1. The island embodies a new and subversive geopolitical area. All modern juridical systems are the result of a catastrophe emerging from a state of exception: those who reach an island are in fact survivors of a wreckage, be it physical, spiritual, or cultural. (Carpi, Daniela. "The Island Metaphor in Literature and Law." Islands in Geography, Law, and Literature. De Gruyter, 2022, 19).
2. In literature the island becomes a privileged metaphor for a legal order that is questioned, subverted, re-enacted, and mystified. The law is always there in its presence/absence, helping to create a parallel world that is never satisfying: authors seek a perfect system of law that cannot possibly ever be reached. On one hand, through the metaphor of the island, the law underscores a metaphysical tension that fails; on the other hand, the law appears as the only possibility to re-create a livable world fit for human coexistence. (Carpi, Daniela. "The Island Metaphor in Literature and Law." Islands in Geography, Law, and Literature. De Gruyter, 2022, 20).

3. "...seek a retreat from civilization or [. . .] do all in their power to regain their familiar, social and cultural identities." (Brigitte Le Juez, Olga Springer, eds., Shipwreck and Island Motifs in Literature and the Arts. Leiden and Boston: Brill Rodopi, 2015, pp.1).

ഗ്രന്ഥസൂചി

1. ഇസ്മത്ത് ഹുസൈൻ, കോലോടം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2019.
2. ബെന്യാമിൻ, ആടുജീവിതം, ഡി. സി. ബുക്സ്, കോട്ടയം, 2024.
3. രാമകൃഷ്ണൻ ടി. ഡി., ആൽഫ, ഡി. സി. ബുക്സ്, കോട്ടയം, 2024.

[ക്രമനമ്പർ 4 മുതൽ 8 വരെയുള്ളവ ലേഖനങ്ങൾ ആയതിനാൽ ലേഖനസൂചി എന്ന തലക്കെട്ട് നൽകി ക്രമനമ്പർ 13 ന് (Rod Edmond....) താഴെ പ്രത്യേകമായി കൊടുത്തിരിക്കുന്നു.].

4. Battisti, Chiara, et al., (Edi.,), Islands in Geography, Law, and Literature: A Cross-Disciplinary Journey, De Gruyter, 2022.
5. Brigitte Le Juez, Olga Springer, (Edi.,), Shipwreck and Island Motifs in Literature and the Arts, Brill Rodopi, Leiden and Boston, 2015.
6. Dalai, Panchanan, Understanding Island Diaspora Literature from the Margins, Avenel Press, 2020.
7. Kundu, Rama, Islands in Literature: A Study of the Spectrum of Evolving Discourses in Island Literature across Lands and Ages, Saroop Book Publishers (P) Ltd, New Delhi, 2015.
8. Rod Edmond, Vanessa Smoth, Vanessa Jane Smith, Islands in History and Representation, Routledge, New York, 2023.

ലേഖനസൂചി

1. ഗിരീഷ് പി. എം., "കോലോടം: ലക്ഷദ്വീപിന്റെ ഭാഷാഭേദഭൂപടം", കോലോടം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2019.
2. രാജൻ ഗുരുക്കൾ, "ഒരസാധാരണ നോവൽ," ആൽഫ, ഡി. സി. ബുക്സ്, കോട്ടയം, 2024.
3. ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, "കാറ്റുവിളി ഉയരുന്ന കടലിൻനടുവ്," കോലോടം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2019.
4. ഷാജി ജേക്കബ്, "വേരുകൾ തേടുന്നവർ," ആൽഫ, ഡി. സി. ബുക്സ്, കോട്ടയം, 2024.

[ക്രമനമ്പർ 14 ഓൺലൈൻ journal ആയതിനാൽ ഇ – സൂചിക എന്ന തലക്കെട്ട നൽകി പ്രത്യേകം താഴെ കൊടുത്തിരിക്കുന്നു].

ഇ- സൂചിക

1. Stephanides, Stephanos, and Susan Bassnett. "Islands, Literature, and Cultural Translatability," Transtext(e)s Transcultures, Special Issue, University of Cyprus, 2008. (https://journals.openedition.org/transtexts/pdf/212).

About the researcher:
മെൽവിയ ആൻ ബിജു
ഗവേഷക, സാഹിത്യരചനാസ്കൂൾ,
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല,
തിരൂർ

Email: melviaannbiju26@gmail.com
Mob: 7306393199

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0005

**സമകാലിക മലയാളസിനിമ
ആഖ്യാനത്തിന്റെ അടവുകൾ**

» ഡോ. വിഷ്ണു രാജ് പി.

പ്രബന്ധസംഗ്രഹം
പുതുമലയാളസിനിമയുടെ ആവിഷ്കാരവൈവിധ്യതകളെ വിലയിരുത്തുകയാണ് ഈ പഠനത്തിൽ. ഗിരീഷ് എ. ഡി. എന്ന സംവിധായകന്റെ സിനിമകളെ ആധാരമാക്കിയാണ് ഈ പഠനം ക്രമപ്പെടുത്തിയിരിക്കുന്നത്. പ്രമേയപരിചരണവും ആഖ്യാനരീതിയുമടക്കം സിനിമയുടെ പദ്ധതികളെ നവഭാവുകത്വം എപ്രകാരം അടയാളപ്പെടുത്തുന്നുവെന്ന അന്വേഷണം ഇവിടെ നടത്തുന്നു. ക്യാമറയുടെ കോണുകൾ സൃഷ്ടിക്കുന്ന ആശയാവലികൾ, ഓരോ സന്ദർഭവും പകർത്തുന്ന ഷോട്ടിന്റെ രീതി, എഡിറ്റിംഗ് തന്ത്രങ്ങൾ, സ്പൂഫിങ്, കഥാപാത്രത്തിന്റെ സ്വാഭാവികമായ അവതരണശൈലികൾ എന്നിങ്ങനെ സിനിമയുടെ അനുഭൂതിയെ ഉത്പാദിപ്പിക്കുന്നതിനു പിന്നിൽ പ്രവർത്തിക്കുന്ന സാങ്കേതികവും സൗന്ദര്യശാസ്ത്രപരവുമായ വസ്തുതകളെ ഈ പ്രബന്ധം വിശകലനം ചെയ്യുന്നു.

താക്കോൽവാക്കുകൾ
ചലച്ചിത്രഭാഷ, ജനപ്രിയസിനിമ

....

ആമുഖം

നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന സമീപനങ്ങളുടെ സാംസ്കാരികസന്ദർഭമാണ് കലയുടേത്. ദൃശ്യകലാപഠനങ്ങളിൽ ചലച്ചിത്രം ഒരു മുഖ്യവിഷയമായി പലനിലകളിൽ കടന്നുവരുന്നുണ്ട്. ബഹുജനസ്വാധീനമുള്ള മാധ്യമം എന്നതിലുപരിയായി സാംസ്കാരിക പ്രതിനിധാനങ്ങളുടെ രാഷ്ട്രീയത്തെ തിരിച്ചറിയാനുള്ള ഉപാധിയായി ചലച്ചിത്രമെന്ന വ്യവഹാരം നിലകൊള്ളുന്നു. അതുകൊണ്ടുതന്നെ കലാപഠനങ്ങളുടെ പുതിയ പരിപ്രേക്ഷ്യത്തിൽ സിനിമയെന്ന ദൃശ്യപ്രതിനിധാനത്തിന്റെ വൈവിധ്യങ്ങളെ തിരിച്ചറിയേണ്ടതുണ്ട്. ചലച്ചിത്രം എന്ന മാധ്യമത്തെ സംബന്ധിച്ച് പലനിലകളിൽ കലയും വാണിജ്യവും സവിശേഷമായി ഇടപെട്ടുകൊണ്ടിരിക്കുന്നു. ഓരോ കാലയളവിലും ഉണ്ടാകുന്ന സൗന്ദര്യശാസ്ത്രപരവും രാഷ്ട്രീയവുമായ പരിണാമങ്ങൾ സിനിമയുടെ ഭാവുകത്വവ്യതിയാനത്തിന് കാരണമാകുന്നുണ്ട്.

സമകാലികമലയാളസിനിമയിലെ ജനപ്രിയതയുടെ ആഖ്യാനവഴക്കങ്ങളെ മുൻനിർത്തിയുള്ള അന്വേഷണമാണ് ഈ പഠനം. സമീപകാലത്ത് മലയാളസിനിമയിൽ ശ്രദ്ധേയവിജയം നേടിയ തണ്ണീർമത്തൻ ദിനങ്ങൾ (2019), സൂപ്പർ ശരണ്യ (2022), പ്രേമലു (2024) എന്നീ ചിത്രങ്ങളെ അടിസ്ഥാനമാക്കിയാണ് പഠനം നടത്തുന്നത്. പുതുതലമുറയുടെ വിനിമയവിചാരങ്ങളോട് ചേർന്നുനിൽക്കുന്ന രചനാപദ്ധതികളാണ് മേൽപ്പറഞ്ഞ സിനിമകളുടെ രസതന്ത്രം. ഗിരീഷ് എ. ഡി. എന്ന സംവിധായകൻ അണിയിച്ചൊരുക്കിയ ഈ സിനിമകൾ നവമലയാളസിനിമയുടെ ജനപ്രിയധാരയെ പ്രതിനിധാനം ചെയ്യുന്നു. പ്രമേയത്തിന്റെയും ആഖ്യാനരീതിയുടെയും പ്രകടനങ്ങളുടെയും രീതിഭേദങ്ങൾകൊണ്ട് പുതുസിനിമയുടെ വ്യാകരണം ചമയ്ക്കാൻ ഇത്തരം സിനിമകൾക്ക് കഴിയുന്നുവെന്നതാണ് പ്രബന്ധത്തിന്റെ അടിസ്ഥാനവാദഗതി.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ജനപ്രിയസിനിമയുടെ സാംസ്കാരികരാഷ്ട്രീയം

ലോകസിനിമയുടെ വികാസപരിണാമങ്ങളിൽ പ്രസ്ഥാനസ്വഭാവത്തിൽ പലഗണങ്ങൾ സിനിമയിൽ വന്നുപോകുമ്പോഴും ജനപ്രിയതയുടെ മാപിനികൾ സിനിമയുടെ നെടുംതൂണായി വർത്തിച്ചു. ആവിർഭാവകാലം മുതലേ ചലനചിത്രം വിനോദോപാധിയായി വ്യവഹരിച്ചിരുന്നു. കച്ചവടമെന്ന ആശയത്തിന് ഉപോൽബലകമായിട്ടാണ് വിനോദവ്യവസായം പരുവപ്പെടുന്നത്. അതുകൊണ്ടുതന്നെ വാണിജ്യപരമായ ഘടകങ്ങൾ സിനിമയുടെ വളർച്ചയിൽ നിർണ്ണായകമായി മാറി. അതായത്, സിനിമാചരിത്രത്തിന്റെ അടിപ്പടവായി നിൽക്കുന്ന സമീപനമാണ് ജനപ്രിയതയുടേത്.

നൃസ്റീലിൽ തുടങ്ങി റിയലിസ്റ്റിക്, നിയോറിയലിസ്റ്റിക്, ആർട്ട് എന്നിങ്ങനെ പല ചരിത്രഘട്ടങ്ങളിലൂടെ സിനിമ കടന്നുപോകുമ്പോഴും വിനോദമെന്ന ആകർഷണമൂലകം സിനിമയുടെ സ്വീകാര്യത വർധിപ്പിച്ചു. വ്യത്യസ്തഗണങ്ങളിൽ ബഹുജനഹിതകരമായ മട്ടിലാണ് ജനപ്രിയസിനിമകൾ നിലകൊള്ളുന്നത്. ഒരു ഉൽപ്പന്നമെന്നനിലയിൽ വിപണിയെ കേന്ദ്രീകരിച്ചുകൊണ്ട് രൂപംകൊള്ളുന്ന വ്യവസ്ഥകൾ പ്രവർത്തിക്കുന്നതാണ് ജനപ്രിയസിനിമ. സിനിമയുടെ ആഖ്യാനവും സൗന്ദര്യശാസ്ത്രവും വിനോദമൂല്യത്തിനെ കേന്ദ്രീകരിച്ചും സാമ്പത്തികമായ താല്പര്യത്തിന് അനുഗുണമായും പ്രവർത്തിക്കുന്നുവെന്ന് പറയാം. ഇതിൽതന്നെ പലതരം ഉൾപ്പിരിവുകളും അവാന്തരഘടകങ്ങളും അടങ്ങിയിട്ടുണ്ട്. സാമ്പത്തികമായ നേട്ടമാണ് (Box Office) പ്രധാനഘടകം. സാമ്പത്തികവിജയം നേടുന്ന എല്ലാ ചിത്രങ്ങളും കച്ചവടച്ചേരുവകൾ മാത്രമുള്ള സൃഷ്ടികളാണെന്ന് പറയാനാവില്ല. ജീവിതഗന്ധിയായ സിനിമകളും ഇക്കൂട്ടത്തിൽ കാണാം. കലാമൂല്യങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള സിനിമയുടെ അടയാളപ്പെടുത്തലുകൾക്ക് അപരമായി രൂപംകൊള്ളുന്ന വാണിജ്യപ്രധാനമായ ഒരു ധാരണയെ നിർവചിച്ചത് മൂലധനവ്യവസ്ഥയും മാധ്യമങ്ങളും ചേർന്നാണ്.

ജനപ്രിയസംസ്കാരത്തിന്റെ നിർവചനങ്ങൾ മൂലധനവിപണിവ്യവസ്ഥയ്ക്കുള്ളിലാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ ജനപ്രിയസംസ്കാരത്തെക്കുറിച്ചുള്ള സൈദ്ധാന്തികപഠനങ്ങൾ ആരംഭിക്കുന്നുണ്ട്. മാത്യു അർനോൾഡിന്റെ (Mathew Arnold) സംസ്കാരവും അരാജകത്വവും എന്ന പുസ്തകത്തിലെ ആശയങ്ങളാണ് ജനപ്രിയസംസ്കാരചർച്ചകൾ സജീവമാക്കിയത്. ഒരു കാലഘട്ടത്തിലെ വിശ്വാസം, പെരുമാറ്റരീതികൾ, ആചാരാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, കലാസാങ്കേതികവിദ്യകൾ തുടങ്ങി പലതരം ജീവിതവ്യവഹാരങ്ങളെ സംസ്കാരം എന്ന പരികല്പനയിൽ സാമൂഹ്യശാസ്ത്രം പൊതുവായി വിലയിരുത്തുന്നു. ചുറ്റുപാടുകളെ മാത്രം ആശ്രയിച്ചുള്ള ജീവിതത്തിൽ നിന്നും സാഹചര്യങ്ങളെ സ്വന്തം ആവശ്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തി മുന്നേറുന്ന അവസ്ഥയായും മനുഷ്യന്റെ പരിണാമമായും സംസ്കാരത്തെ സാമൂഹ്യശാസ്ത്രം മനസ്സിലാക്കുന്നുണ്ട് (Encyclopaedia Britannica, 2006:290).

സംസ്കാരത്തിനും ജനപ്രിയതയ്ക്കും തമ്മിൽ സവിശേഷമായ ബന്ധമുണ്ട്. സംസ്കാരത്തിന്റെ ചരിത്രപരമായ വിശകലനങ്ങളിൽ ഈ ബന്ധത്തിന്റെ സൂചനകൾ പലനിലകളിൽ സൈദ്ധാന്തികർ വിശദീകരിക്കുന്നുണ്ട്. സംസ്കാരത്തെക്കുറിച്ചുള്ള മാർക്സിയൻ വീക്ഷണത്തിന്റെ പ്രശ്നമണ്ഡലങ്ങളെ തുറന്നുകാട്ടിക്കൊണ്ട് തിയഡോർ അഡോണോ (Theodor Adorno), ഹെർബത് മാർക്യൂസ് (Herbert Marcuse), മാക്സ് ഹോക്ഹെമർ (Max Horkheimer) തുടങ്ങിയ ചിന്തകർ ഫ്രങ്ക്ഫർട്ട്സ്കൂൾ കേന്ദ്രീകരിച്ച് പുതിയ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നുണ്ട്. അതിനെത്തുടർന്ന് സംസ്കാരത്തിൽതന്നെ മേൽ/കീഴ് വിഭജനങ്ങൾ എന്നമട്ടിൽ വിശകലനം സാധ്യമാക്കിക്കൊണ്ട് സംസ്കാരപഠനം കൂടുതൽ രാഷ്ട്രീയപരമായിത്തീർന്നു. പിന്നീട് ഉന്നതസംസ്കാരം, ജനപ്രിയസംസ്കാരം എന്നീ വർഗീകരണങ്ങൾ പ്രബലമായി.

ഉപഭോഗസംസ്കാരം എന്ന ആശയാവലി കമ്പോളകേന്ദ്രീകൃതമായ സാമൂഹികരൂപീകരണസൂചനകൾ മുന്നോട്ടുവച്ചു. സമഗ്രമായ ജീവിതശൈലി എന്നമട്ടിൽ സംസ്കാരത്തെ റെയ്മണ്ട് വില്യംസ് നിർവചിച്ചുകൊണ്ട് ജനപ്രിയസംസ്കാരത്തിന്റെ പഠനശാഖയെ കൂടുതൽ വിപുലമാക്കി. ദൃശ്യമാധ്യമസംസ്കാരവുമായി ബന്ധപ്പെട്ട് വളരെ വേഗംതന്നെ ജനപ്രിയസംസ്കാരം പുതിയ ആശയലോകങ്ങളെ ഉൾക്കൊണ്ടു. "കാഴ്ചയുടെ കോയ്മ ഇന്ദ്രിയങ്ങളുടെ ഒരു ശ്രേണിയെ സൃഷ്ടിക്കുന്നു എന്നുമാത്രമല്ല മറ്റെല്ലാ ഇന്ദ്രിയങ്ങളുടെയും മേൽക്കാഴ്ചയുടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു" എന്ന് സാംസ്കാരികവിമർശകനായ ടി. കെ. രാമചന്ദ്രൻ (2002:24) വിലയിരുത്തുന്നുണ്ട്. കാഴ്ചാസംസ്കാരത്തിന് പുതിയകാലത്ത് വന്നിട്ടുള്ള നിർണയനശേഷിയെകുറിച്ചുള്ള ചിന്തയാണ് ഇവിടെ കാണുന്നത്. പിയറി ബോർദ്യുവിനെ (Pierre Bourdieu) പോലെയുള്ള പഠിതാക്കൾ സംസ്കാരത്തെ സാംസ്കാരികമൂലധനവുമായി (Cultural Capital) ബന്ധപ്പെട്ടാണ് വിശദീകരിക്കുന്നത്. അതായത്, ഈ ജ്ഞാനമണ്ഡലത്തിൽ ബഹുവിധമായ മേഖലകൾ സംഘടിതമായി പ്രവർത്തിക്കുന്നുണ്ട് എന്ന് മനസ്സിലാക്കണം.

സാമൂഹികജീവിതത്തിന്റെ സമഗ്രതയുടെ ആശയാവലികളുമായി ബന്ധപ്പെട്ടാണ് റെയ്മണ്ട് വില്യംസ് ജനപ്രിയസംസ്കാരത്തെ പരിശോധിക്കുന്നത്. പ്രസ്ഥാനാതീതമായി സംഭവിക്കുന്ന ചരിത്രപരമായ സാമൂഹികവികസനത്തിന്റെ ഭാഗമായിട്ടുകൂടി ജനപ്രിയതയുടെ പരിണാമത്തെ മനസ്സിലാക്കേണ്ടതുണ്ട്. സ്ട്രക്ചർ ഓഫ് ഫീലിംഗ് അഥവാ അനുഭവങ്ങളുടെ ഘടന എന്ന ആശയം സംസ്കാരപഠനത്തിൽ വില്യംസ് ഉപയോഗിക്കുന്നുണ്ട്.1 ഒരു കാലഘട്ടത്തിലെ ജനങ്ങളുടെ അനുഭവങ്ങളെയും വികാരങ്ങളെയും അടിസ്ഥാനമാക്കിയുള്ള സങ്കല്പനമാണിത്. വിപണിമാനദണ്ഡങ്ങളും കാഴ്ചക്കാരുടെ അഭിരുചികളും തമ്മിലുള്ള ബഹുമുഖബന്ധം കൂടി ജനപ്രിയതയുടെ രൂപീകരണത്തിൽ ഇടപെടുന്നുണ്ട്. സവിശേഷമായ കാലസന്ദർഭത്തിൽ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ബഹുഭൂരിപക്ഷം വരുന്ന ആൾക്കൂട്ടം ആഘോഷിക്കുന്ന കഥകളോ കഥാസന്ദർഭങ്ങളോ കഥാപാത്രങ്ങളോ ജനപ്രിയതയുടെ സൗന്ദര്യപദ്ധതിയിൽ നിർണായകമാണ്.

ബഹുജനസ്വാധീനമുള്ള ചലച്ചിത്രം എന്ന ആവിഷ്കാരരൂപത്തിൽ സംസ്കാരത്തിന്റെ അടയാളങ്ങൾ പ്രബലമാണ്. അതുകൊണ്ടുതന്നെ സാംസ്കാരികവായനയുടെ വിഭിന്നമായ സാധ്യതകൾ സിനിമ തുറന്നുവയ്ക്കുന്നുണ്ട്. ഓരോ കാലയളവിലും രൂപംകൊള്ളുന്ന സാംസ്കാരികയുക്തികളുടെ പലനിലകളിലുള്ള പ്രതിഫലനം എന്നമട്ടിൽ സിനിമ നിലക്കൊള്ളുന്നു. പ്രത്യയശാസ്ത്രം, ശരീരം, ലൈംഗികത, ലിംഗപരത, പ്രതിനിധാനങ്ങൾ തുടങ്ങി സിനിമയുടെ കാഴ്ചയനുഭവങ്ങൾ മുന്നോട്ടുവയ്ക്കുന്ന വ്യത്യസ്തധാരകളുടെ ബലതന്ത്രങ്ങൾ കണ്ടെത്തുന്നതിനായി ജനപ്രിയസംസ്കാരപഠനത്തിന്റെ മാനദണ്ഡങ്ങൾ ചലച്ചിത്രത്തിൽ പ്രയോഗിക്കുന്നുണ്ട്.

സിനിമയുടെ സൈദ്ധാന്തികമായ ആലോചനകളും വ്യത്യസ്ത സാമൂഹികസിദ്ധാന്തങ്ങളും ചേർന്ന് ജനപ്രിയതയുടെ അനുരണനങ്ങൾ പ്രതിഫലിപ്പിക്കുന്ന സവിശേഷ ജ്ഞാനമേഖലയായി ചലച്ചിത്രം മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അതതുകാലങ്ങളിലെ സാംസ്കാരിക പ്രതിനിധാനങ്ങളുടെ സൂചനകളും അടയാളങ്ങളും ജനപ്രിയതയുടെ വാക്യങ്ങളായി സിനിമയിലും കടന്നുവരുന്നു. ഈ അടയാളങ്ങൾ ലളിതമായ യുക്തികളിലൂടെയും തമാശകളിലൂടെയും മറ്റുമാണ് ചലച്ചിത്രപാഠങ്ങളിൽ വ്യവഹരിക്കപ്പെടുന്നത്. അത്തരം വിചിന്തനങ്ങൾ സിനിമയുടെ സാംസ്കാരികവായനകളിൽ പ്രധാനമായി മാറുന്നു. സാഹസികത, റൊമാൻസ്, ഹാസ്യം തുടങ്ങിയവ ഉൾപ്പെടുത്തുന്നതിലൂടെ സിനിമകൾ മികച്ച വിനോദോപാധിയായി മാറുന്നു. അതേപോലെതന്നെ കാഴ്ചക്കാർക്ക് രസിക്കുന്ന മട്ടിലുള്ള അനുഭവം നൽകുന്ന സിനിമകളും ജനപ്രിയസിനിമകളുടെ സ്വഭാവത്തെ നിർണയിക്കുന്നു.

മലയാളസിനിമയും ജനപ്രിയതയും

മലയാളസിനിമയെ സംബന്ധിച്ചിടത്തോളം ജീവിതനൗക (1951) എന്ന ചിത്രത്തിന്റെ സാമ്പത്തികവിജയം വാണിജ്യപരമായ ഫോർമുലകൾ തിരിച്ചറിയാൻ കാരണമായി. പിന്നീട് കൂടുതൽ ആളുകൾ ഇഷ്ടപ്പെടുന്ന പാറ്റേണുകളിൽ സിനിമകൾ നിർമ്മിക്കപ്പെട്ടു. സർവ്വഗുണസമ്പന്നനും വിജയശ്രീലാളിതനായി മാറുന്നവനുമായ നായകനും തിന്മയുടെ മാത്രം ഇടങ്ങളെ അവശേഷിപ്പിക്കുന്ന വില്ലന്മാരും അടക്കവും ഒതുക്കവും പ്രകടിപ്പിക്കുന്ന കുലീനതയുടെ പ്രതീകമായ നായികാസ്ഥാനങ്ങളും ചേർന്ന് മലയാളസിനിമയുടെ ജനപ്രിയതയെ പടുത്തുയർത്തി.

സാഹിത്യബന്ധങ്ങൾ കൂടെയുണ്ടാകുമ്പോഴും അറുപതുകളിലെ അനുരൂപണസിനിമകളുടെ കുത്തൊഴുക്കിൽ രൂപമെടുത്ത ചിത്രങ്ങളും ജനപ്രിയതയുടെ സമവാക്യങ്ങളെ പിൻപറ്റി. എഴുപതുകളിലും എൺപതുകളിലും കലാപരതയും വാണിജ്യപരതയും സവിശേഷമായ രീതിയിൽ കൈകോർക്കുന്ന കാഴ്ചകളും മലയാളസിനിമയുടെ ചരിത്രത്തിന്റെ ഭാഗമാണ്. പിന്നീട് വരുന്ന താരനിർമ്മിതിയുടെ രാഷ്ട്രീയവും ഒ.ടി.ടി. പ്ലാറ്റ്ഫോമുകളുടെ കടന്നുവരവും കോടിക്ലബ്ബുകളുടെ കുത്തൊഴുക്കും കേരളത്തിലെ ചലച്ചിത്രവ്യവസായത്തിന്റെ സാംസ്കാരികസന്ദർഭങ്ങളെ നിർണ്ണയിച്ചു. അതേസമയംതന്നെ കലാമൂല്യത്തിനു പ്രാധാന്യം നൽകുന്ന മനുഷ്യജീവിതത്തിന്റെ ചുറ്റുപാടുകളിലേക്ക് നോട്ടങ്ങളെ തിരിച്ചുവിടുന്ന ചിത്രങ്ങളും സിനിമയുടെ കലാത്മകതയ്ക്ക് മുതൽക്കൂട്ടായിവന്നു. വിവിധ ഗണങ്ങളിൽ ധാരാളം സിനിമകൾ പിറവിയെടുത്തതോടെ മലയാളിയുടെ തിരക്കാഴ്ചയ്ക്ക് കൂടുതൽ തുറവികൾ കൈവന്നു. കുടുംബകഥകളും സാഹസികകഥകളും ഹാസ്യപ്രധാനമായ പ്രമേയങ്ങളും മൃദുരതിചിത്രങ്ങളും കുറ്റാന്വേഷണസ്വഭാവമുള്ള സിനിമകളുമെല്ലാം ചേർന്ന് ജനപ്രിയതയുടെ പ്രമേയശരീരത്തെ പ്രബലമാക്കി. അതോടൊപ്പംതന്നെ ചടുലമായ അവതരണവും പാട്ടുകളും നൃത്തവുമെല്ലാം സിനിമയുടെ പോപ്പുലാരിറ്റിയെ നിർവ്വചിച്ചു. അങ്ങനെ പ്രമേയത്തോടൊപ്പം ആഖ്യാനപാതയിലൂടെയും അഭിനേതാക്കളുടെ ഇടപെടലുകളിലൂടെയുമൊക്കെ വാണിജ്യവിജയസമവാക്യങ്ങൾ വ്യവസ്ഥപ്പെട്ടു.

ഹിറ്റുകളുടെ ഒഴുക്കിൽ അഭിനേതാക്കൾ താരങ്ങളായി പരിണമിച്ചു. പ്രമേയവും പരിചരണവും താരങ്ങളെ ചുറ്റിത്തിരഞ്ഞു. രണ്ടായിരമാണ്ടോടുകൂടി ആഖ്യാനമണ്ഡലത്തിലും വിഷയസ്വീകരണങ്ങളിലും പുതുമകൾ കൊണ്ടുവരാൻശേഷിയുള്ള ചിത്രങ്ങൾ പുറത്തുവരാൻ തുടങ്ങി. ഒ.ടി.ടി. കൂടി ഇടം തുറന്നിടുമ്പോൾ ഈ ശ്രമങ്ങൾ കൂടുതൽ വിപുലമായി. അതോടെ ലോകസിനിമയുടെ ഭൂപടത്തിൽ മലയാളസിനിമ കൂടുതൽ കാഴ്ചക്കാരെ കണ്ടെത്തി. പുതുമയുള്ള അന്യഭാഷാചിത്രങ്ങൾ കേരളക്കരയിലും വിജയം വരിച്ചു. വൻ മുടക്കുമുതൽ വേണ്ടിവരുന്ന ചിത്രങ്ങളുടെ വരുമാനം പലപ്പോഴും താരങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് നിലകൊള്ളുന്നത്. അന്യഭാഷകളിലേക്കുള്ള മൊഴിമാറ്റവും ആഗോളതലത്തിൽ സംഘടിപ്പിക്കുന്ന പ്രദർശനങ്ങളും മലയാളസിനിമയുടെ വാണിജ്യപരതയെ നിർണയിച്ചു. മലയാളത്തിലെ പുതിയസിനിമകൾ കൈവരിക്കുന്ന സാമ്പത്തികവിജയങ്ങൾ ജനപ്രിയതയുടെ അനുഭവചരിത്രത്തെതന്നെ ഉടച്ചുവാർക്കുന്നു.

സാമ്പത്തികമായി വൻനേട്ടങ്ങൾ കൊയ്തെടുക്കുന്ന കാലഘട്ടത്തിലൂടെയാണ് ഇന്ന് മലയാളസിനിമ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. 2023 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള നാലുമാസക്കാലയളവിൽ ആയിരം കോടിയോളം മൊത്തവരുമാനം മലയാളസിനിമ കൈവരിച്ചതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. 2018, രോമാഞ്ചം, കണ്ണൂർസ്ക്വാഡ്, ആർഡിഎക്സ്, നേര് എന്നീ വിജയചിത്രങ്ങൾ വന്ന 2023ൽ 500 കോടിയോളം രൂപയായിരുന്നു മലയാളസിനിമയുടെ വരവ്. എന്നാൽ 2024ൽ ആറുമാസംകൊണ്ട് വെറും എട്ട് സിനിമകളിലൂടെയാണ് ആയിരം കോടിയിലേക്ക് എത്തിയതെന്ന് എ. ചന്ദ്രശേഖർ (2024:10) സൂചിപ്പിക്കുന്നു.

പ്രധാനമായും ഇതിനാധാരമായി വർത്തിച്ചത് പ്രേമലു, ഭ്രമയുഗം, മഞ്ഞുമ്മൽ ബോയ്സ്, ആടുജീവിതം, ആവേശം തുടങ്ങിയ ചിത്രങ്ങളാണ്.

പ്രമേയത്തിന്റെ അവതരണരീതികൊണ്ട് സ്വീകാര്യത നേടിയ ഈ സിനിമകൾ തീയേറ്ററുകളിൽ കാണികളെ നിറച്ചു. ബ്ലാക്ക് ആൻഡ് വൈറ്റ് കളർടോൺ ഗണത്തിൽ ഉൾപ്പെടുന്ന വ്യത്യസ്ത സമീപനരീതികൾ പുലർത്തിയ ചിത്രമായിരുന്നു രാഹുൽ സദാശിവന്റെ ഭ്രമയുഗം. കേരളത്തിൽ മാത്രമല്ല അന്യസംസ്ഥാനങ്ങളിലും ഈ സിനിമയെ പ്രേക്ഷകർ ഏറ്റെടുത്തിരുന്നു. അതേപോലെതന്നെ യുവസംവിധായകനായ ചിദംബരം അണിയിച്ചൊരുക്കിയ മഞ്ഞുമ്മൽ ബോയ്സ് എന്ന ചിത്രവും പണംവാരുന്ന ഹിറ്റുകളുടെ കൂട്ടത്തിൽ മുൻപന്തിയിൽ വരുന്നു. കഥയുടെ പശ്ചാത്തലത്തിൽ ഉള്ള കമൽഹാസന്റെ ഗുണ എന്ന ചിത്രത്തിന്റെ റഫറൻസും 'കണ്മണി അൻപോട്' എന്ന ഗാനത്തിന്റെ സാധ്യതകളും കൊടൈക്കനാലിന്റെ ലൊക്കേഷനുകളുമെല്ലാം ചേർന്ന് തമിഴ്നാട്ടിലും ഈ ചിത്രത്തിന് വൻ പ്രേക്ഷകപ്രീതി ലഭിച്ചു. അതേപോലെതന്നെ വിനീത് ശ്രീനിവാസിന്റെ 'വർഷങ്ങൾക്കുശേഷം' എന്ന ചിത്രവും ബ്ലെസ്സിയുടെ 'ആടുജീവിത'വും വലിയ നിലയിൽ പ്രേക്ഷകപ്രീതിയും പണവും നേടി. ജിത്തു മാധവന്റെ ഫഹദ് ഫാസിൽ ചിത്രമായ 'ആവേശ'വും മലയാളസിനിമയുടെ ആവേശത്തിരയിളക്കത്തിൽ പങ്കാളിയായി മാറി. ചുരുക്കത്തിൽ, മലയാളസിനിമ കടന്നുപോയ സാമ്പത്തികവിജയങ്ങളിൽ വ്യത്യസ്തഗണങ്ങളിൽ ഉള്ള സിനിമകൾ, വൈവിധ്യമാർന്ന വിഷയങ്ങളുടെ സാന്നിധ്യം സൂപ്പർതാരങ്ങൾ സങ്കൽപ്പങ്ങളെ അട്ടിമറിച്ച പ്രകടനസാക്ഷ്യങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന ചേരുവകളിലൂടെയാണ് സിനിമ തിയേറ്ററുകളിലേക്ക് ആളുകളെ എത്തിച്ചത്.

ഭ്രമയുഗത്തിലെ മമ്മൂട്ടിയുടെയും ആടുജീവിതത്തിലെ പൃഥിരാജിന്റെയും ആവേശത്തിലെ ഫഹദ്ഫാസിലിന്റെയും അനിതരസാധാരണമായ പ്രകടനങ്ങൾ താരപരിവേഷത്തോടൊപ്പം എടുത്തുപറയേണ്ടതാണ്. ക്രാഫ്റ്റിന്റെ മേന്മ കൂടിയായപ്പോൾ സിനിമയുടെ പകിട്ട് വർദ്ധിച്ചു. മഞ്ഞുമ്മൽ ബോയ്സിലും സൗബിനടക്കമുള്ള മുഖ്യധാരാനടന്മാർ ഉണ്ടായിരുന്നു. സർവൈവൽ ഡ്രാമയുടെ അനുഭൂതികളെ ആഴത്തിൽ മാർക്ക് ചെയ്യാൻ ഈ പടത്തിന് സാധിച്ചു. ഈ പറഞ്ഞ ചിത്രങ്ങളിലെല്ലാം താരമൂല്യത്തിന്റെ അലയൊലികൾ പ്രകടമാണ്. എന്നാൽ ഹിറ്റുകളുടെ പരമ്പരയ്ക്ക് തുടക്കമിട്ട പ്രേമലു, താരപ്പകിട്ടുകളില്ലാതെ യുവതയുടെ കഥപറഞ്ഞു വിജയിച്ച ചിത്രമാണ്. ഗിരീഷ് എ.ഡി.യുടെ സംവിധാനത്തിൽ പുറത്തിറങ്ങിയ ഈ സിനിമ യുവതയുടെ പ്രണയവും പ്രതിസന്ധികളും രസകരമായി അവതരിപ്പിച്ചു. മലയാളസിനിമയിലെ യുവനിര അഭിനേതാക്കൾ ഒരുമിച്ച ചിത്രമാണ് പ്രേമലു. തിയേറ്ററിൽ ചിരി പടർത്തിക്കൊണ്ട് മികച്ച പ്രേക്ഷകപ്രതികരണത്തോടെ ബോക്സ് ഓഫീസിലും മറ്റും വലിയ വിജയങ്ങൾ പ്രേമലുവിന് നേടാനായി.

ജനപ്രിയതയുടെ ആഖ്യാനവഴികൾ

വിനോദപ്രധാനമായ ഘടകങ്ങളെ കോർത്തിണക്കിക്കൊണ്ട് സമീപകാലത്ത് പുറത്തിറങ്ങിയ ചിത്രങ്ങളാണ് തണ്ണീർമത്തൻ ദിനങ്ങൾ (2019), സൂപ്പർശരണ്യ (2022), പ്രേമലു (2024) എന്നിവ. ഗഹനമായ പ്രമേയങ്ങളോ താരമൂല്യമുള്ള അഭിനേതാക്കളോ വൻമുടക്കുമുതലോ ഒന്നുമില്ലാതെ ലളിതമായ യുക്തിയിൽ നിർമ്മിച്ച എന്റർടൈനറുകളാണ് ഈ മൂന്നു ചിത്രങ്ങളും. കാണികളെ രസംപിടിപ്പിക്കുന്ന തമാശകളും കൗമാരയൗവനങ്ങളുടെ ജീവിതനിമിഷങ്ങളും സരസമായി പറഞ്ഞുപോകാൻ ഈ ചിത്രങ്ങളിലൂടെ സംവിധായകന് സാധിച്ചിട്ടുണ്ട്. ഈ മൂന്നു ചിത്രങ്ങളിലും പൊതുവായി കുറേയധികം ഘടകങ്ങളെ കാണാൻ കഴിയും. അഭിനേതാക്കൾ, സവിശേഷമായ ചില സന്ദർഭങ്ങൾ, ഗാനങ്ങളെ ഉപയോഗിച്ചിരിക്കുന്ന രീതി, സംഭാഷണങ്ങളിലെ കൗണ്ടർ പാറ്റേണുകൾ എന്നിങ്ങനെ നീളുന്നു അവ. സംവിധായകന്റെ ആഖ്യാനരീതിയുടെ അടയാളവും തുടർച്ചയും ഈ സിനിമകൾ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ ഷോർട്ട് ഫിലിം ആയ 'വിശുദ്ധ ആംബ്രോസേ' എന്ന ചിത്രം മുതൽ തന്നെ ഈ സിഗ്നേച്ചർ കാണാൻ കഴിയുന്നു.

തണ്ണീർമത്തൻദിനങ്ങൾ, സൂപ്പർശരണ്യ, പ്രേമലു എന്നിങ്ങനെ ഓരോ സിനിമയിലും വിദ്യാർത്ഥികളുടെയും യുവതയുടെയും അനുഭവലോകത്തെ റിയലിസ്റ്റിക്കായി അവതരിപ്പിക്കാനാണ് സംവിധായകൻ ശ്രമിച്ചിരിക്കുന്നത്. സ്കൂൾ ക്ലാസ്സിലുണ്ടായ ഒരു സംഭവത്തെ ചുറ്റിപ്പറ്റിയുള്ളതാണ് വിശുദ്ധ ആംബ്രോസേ എന്ന ഷോർട്ട് ഫിലിം. ആദ്യ ഫീച്ചർ ചിത്രമായ തണ്ണീർമത്തൻ ദിനങ്ങളിൽ പറഞ്ഞത് പ്ലസ്ടുകാലയളവിലെ കുട്ടികളുടെ സ്കൂൾജീവിതവും പ്രണയവുമൊക്കെയാണ്. രണ്ടാമത്തെ ചിത്രമായ സൂപ്പർശരണ്യയിലേക്ക് എത്തുമ്പോൾ അത് കോളേജ് കാലഘട്ടത്തിലെ പെൺകുട്ടികളുടെ ഹോസ്റ്റൽജീവിതവും പ്രണയഭാവനകളുമായി പരിണമിക്കുന്നു. മൂന്നാമത്തെ സിനിമയായ പ്രേമലുവിൽ കോളേജിൽനിന്നും പഠിച്ചിറങ്ങി ജോലി തേടിയുള്ള യുവതയുടെ സഞ്ചാരവും അനുരാഗവും അതിജീവനപാഠങ്ങളുമാണ് കോർത്തിണക്കിയിരിക്കുന്നത്. ഒരു വാക്കിൽ/ വരിയിൽ ഉള്ള കഥാപശ്ചാത്തലസൂചന ചുവടെ ചേർക്കുന്നു.

വിശുദ്ധ ആംബ്രോസേ	(2017)	– സ്കൂൾ കുട്ടി (5 –7 ക്ലാസ്)
തണ്ണീർമത്തൻ ദിനങ്ങൾ	(2019)	– പ്ലസ് ടു കാലഘട്ടം
സൂപ്പർ ശരണ്യ	(2022)	– കോളേജ് ജീവിതം / ഹോസ്റ്റൽ ലൈഫ്
പ്രേമലു	(2024)	– ക്യാമ്പസിൽ നിന്നും

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

തൊഴിലിടത്തിലേക്ക്

സൂപ്പർതാരങ്ങളെ കേന്ദ്രീകരിച്ചുള്ള ചിത്രങ്ങൾ സൂപ്പർഹിറ്റുകളായി മാറുന്നുവെന്ന കീഴ്‌വഴക്കത്തിനപ്പുറം സബ്ജക്റ്റിന്റെ ട്രീറ്റ്മെന്റിനനുസരിച്ച് ഹിറ്റുകൾ രൂപംകൊള്ളുന്നുവെന്ന പുതുസിനിമകളുടെ ചരിത്രസന്ദർഭത്തെയാണ് ഈ സിനിമകൾ അടയാളപ്പെടുത്തുന്നത്. ചിത്രങ്ങൾ ഹിറ്റുകളാകുന്നതിന്റെ പ്രധാനകാരണം അവ പിൻപറ്റുന്ന എന്റർടെയിൻമെന്റ് പാറ്റേണുകളാണ്. തണ്ണീർമത്തൻ ദിനങ്ങളിൽ യാതൊരുവിധ പ്രിവിലേജുകളുമില്ലാത്ത ജെയ്സൺ എന്ന പ്ലസ്ടുക്കാരനാണ് നായക/കേന്ദ്രസ്ഥാനത്ത് നിൽക്കുന്നത്. മാത്യൂ അവതരിപ്പിച്ച ജെയ്സൺ എന്ന കഥാപാത്രം കടന്നുപോകുന്ന ഘട്ടങ്ങൾ ഏതൊരു ഓർഡിനറി പ്ലസ്ടുക്കാരനും പിന്നിട്ട മാത്രകളാണ്.

എത്ര പഠിച്ചിട്ടും ഒന്നാമനാകാൻ കഴിയാത്ത, ക്ലാസിൽ ശ്രദ്ധ നേടാൻ ശ്രമിക്കുമ്പോഴെല്ലാം പരിഹാസപാത്രമാകേണ്ടി വരുന്ന ക്യാരക്ടറാണ് ജെയ്സന്റേത്. രവി പത്മനാഭൻ എന്ന അധ്യാപകൻ നിരന്തരം ജെയ്സനെ കളിയാക്കുന്നുണ്ട്. ക്രിക്കറ്റ്കളിയിലെ മോശം പെർഫോമൻസും കൂട്ടുകാരുടെ മുമ്പിൽ പലനിലകളിൽ നേരിടേണ്ടിവരുന്ന ചമ്മലുകളും അവസാനം പ്രേമം തോന്നിയ കീർത്തി നിരസിക്കുന്നതും, പുതുതായി കൂട്ടുകൂടിയ ജാൻസി സെറ്റാകാതെ വരുന്നതും ജെയ്സണിലെ അസ്വസ്ഥതകളെ ഇരട്ടിപ്പിക്കുന്നു. കൂടാതെ ചേട്ടനും അമ്മയുമൊക്കെ അടങ്ങുന്ന ജെയ്സന്റെ വീടും വീട്ടുകാരും അവന്റെ സംഘർഷങ്ങളെ വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്.

സമാനമായ അവസ്ഥാന്തരങ്ങളുടെ പെൺപരിവേഷമാണ് സൂപ്പർശരണ്യയിലെ ശരണ്യ. അനശ്വരരാജൻ ശരണ്യ എന്ന കഥാപത്രത്തിന്റെ ഭാവപരിണാമങ്ങളെ ഭദ്രമാക്കിയിട്ടുണ്ട് സിനിമയിൽ. കോളേജിലെയും ഹോസ്റ്റലിലെയും ചെറിയ റാഗിംങ്ങുകളെ ഭയക്കുകയും, പയ്യന്മാർ ക്രിക്കറ്റ് കളിക്കുന്ന നാട്ടിലെ ഗ്രൗണ്ടിലൂടെ ടൂവീലർ ഓടിക്കാൻ പേടിക്കുകയും ചെയ്യുന്ന പരിവേഷമാണ് ശരണ്യയ്ക്കുള്ളത്. മീനിന് തീറ്റകൊടുക്കുമ്പോൾ പാത്രത്തോടെ തീറ്റ മുഴുവൻ വെള്ളത്തിൽ വീണുപോകുന്നതും കൂട്ടുകാരിയെ തള്ളിമാറ്റി നടക്കുമ്പോൾ ദേഹത്ത് കാക്ക കാഷ്ഠിക്കുന്നതും ബ്രേക്ക് ഇടുമ്പോൾ സ്ഥിരം ബസ്സിൽ തലയിടിക്കുന്നതും താൻ എറിയുന്ന പഴത്തൊലി മാത്രം ഹോസ്റ്റലിലെ ജനൽകമ്പിയിൽ കുടുങ്ങിപ്പോകുന്നതുമടക്കം നിരന്തരം ട്രാജഡികൾ ഏറ്റുവാങ്ങേണ്ടി വരുന്നതിന്റെ പരാതികളും പരാധീനതകളും മാത്രം പുലമ്പുന്ന പെൺകുട്ടിയാണ് ശരണ്യ.

പ്രേമലുവിലേക്കെത്തുമ്പോഴും സമാനമായ അവസ്ഥയിലൂടെ കടന്നുപോകുന്ന കേന്ദ്രകഥാപാത്രത്തെയാണ് കാണാനാവുന്നത്. അനുരാഗം തുറന്നുപറയാൻ ധൈര്യമില്ലാത്ത ആളായാണ് സച്ചിൻ സിനിമയുടെ തുടക്കത്തിൽതന്നെ പ്രത്യക്ഷപ്പെടുന്നത്. കോളേജിലെ അവസാനദിവസം പ്രേമം തുറന്നുപറയാൻ ധൈര്യത്തിനുവേണ്ടി മദ്യം കഴിക്കുകയും കാമുകി ഒരു ദയവുമില്ലാതെ പ്രേമം നിരസിക്കുന്നതോടെ ഛർദ്ദിച്ച് തളർന്നവശനാകുകയും ചെയ്യുന്ന സച്ചിന്റെ അവസ്ഥകളിലൂടെയാണ് സിനിമയുടെ എൻട്രി. യൂത്തിന്റെ മനോവിചാരങ്ങളെയും ആവിഷ്കാരങ്ങളെയും വളരെ രസകരമായമട്ടിൽ അവതരിപ്പിച്ചുവെന്നതാണ് പ്രേമലുവിന്റെ മൗലികത. നസ്ലിൻ, മമിത എന്നിവർ കേന്ദ്രകഥാപാത്രങ്ങളിൽ വരുന്ന ചിത്രമാണിത്. തമിഴ്നാട്ടിലെ ഒരു കോളേജിൽനിന്നും ബിരുദം പൂർത്തിയാക്കിയശേഷം യുകെയിലേക്ക് പോകാനാഗ്രഹിച്ചുകൊണ്ട് ഭാവി സ്വപ്നം കാണുന്ന സച്ചിൻ എന്ന വിദ്യാർത്ഥിയുടെ വേഷമാണ് നസ്ലിൻ ചെയ്യുന്നത്. റീനു എന്ന മമിത അവതരിപ്പിക്കുന്ന കഥാപാത്രം ആത്മവിശ്വാസത്തോടെ ജീവിതത്തെ സമീപിക്കുന്ന പ്രായോഗികമതിയായ ചെറുപ്പക്കാരിയാണ്.

കോളേജിൽനിന്ന് പ്രേമമൊന്നും ശരിയാകാതെ ഉപരിപഠനത്തിന്റെ വാതിലുകൾ തുറക്കപ്പെടാതെയും അസ്വസ്ഥമാർന്ന വീട്ടിൽനിന്നും ജോലിതേടി പുറംനാട്ടിലേക്ക് പോകാൻ ശ്രമിക്കുകയാണ് സച്ചിൻ. സ്വതവേ ദുർബലനായ സച്ചിൻ, കൂട്ടുകാരന്റെ സഹായത്താലാണ് മറുനാട്ടിലെത്തി വിദേശത്തേക്ക് പോകാനുള്ള പരിശ്രമങ്ങൾ നടത്തുന്നത്. ഈ സന്ദർഭത്തിലും നിരാശാകാമുകന്റെ സ്വത്വത്തിലേക്ക് അയാൾ ഇടറിവീഴുന്നതായി കാണാം. അതായത്, സാധാരണക്കാരനെന്ന് വിളിക്കപ്പെടുന്ന ഒരു മലയാളിയുടെ സ്വത്വസംഘർഷങ്ങളും പരാധീനതകളും പ്രകടമാക്കിക്കൊണ്ടാണ് സച്ചിനെന്ന കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്. പ്രേമംതോന്നുന്ന റീനുവിനോട് സംസാരിക്കാൻ കിട്ടുന്ന അവസരങ്ങൾ ആദി നശിപ്പിക്കുന്നതും ഉപജീവനത്തിനായി ചിക്കൻകടയിൽ ജോലി ചെയ്യവേ മികച്ച സപ്ലയറായതിന്റെ കോഴിക്കിരീടം വച്ച് കാമുകിക്കുമുന്നിൽ നിൽക്കേണ്ടിവരുന്നതും, അവളുടെ ശ്രദ്ധയാകർഷിക്കാനുള്ള ശ്രമം നിരന്തരം പരാജയപ്പെട്ട് അവസാനം അവളുടെ പരിഹാസം ഏറ്റുവാങ്ങുകയും ചെയ്യുന്ന പരിവേഷമാണ് സച്ചിന്റേത്.

ഇത്തരത്തിൽ കേന്ദ്രപാത്രസൃഷ്ടികളുടെ വിന്യാസത്തിൽ സമാനതകളേറെ കാണാം. എന്നാൽ, ഓരോ സിനിമയും അത് ചൂഴ്ന്നുനിൽക്കുന്ന സാഹചര്യങ്ങൾകൊണ്ടും പശ്ചാത്തലവ്യതിയാനങ്ങൾകൊണ്ടും വേറിട്ടുനിൽക്കാൻ പ്രാപ്തമാണ്. സ്കൂൾ/കോളേജ് കാലയളവുകളിലെ നിമിഷങ്ങളിൽ സ്വാഭാവികമായുണ്ടാകുന്ന തമാശകളുടെ ആഖ്യാനങ്ങളാണ് ഗിരീഷിന്റെ ക്രാഫ്റ്റിൽ അനുഭവിക്കാൻ കഴിയുന്നത്. സിനിമകളുടെ മറ്റൊരു പ്രത്യേകത വളരെ നൈസർഗികമായി ഉടലെടുക്കുന്ന സംഭാഷണങ്ങളും കൗണ്ടറുകളുമാണ്. സാധാരണഗതിയിൽ ഓരോ സന്ദർഭത്തിലും നടത്തുന്ന വർത്തമാനംപോലെ തോന്നിപ്പിക്കുന്ന ഓർഗാനിക്കായ സംഭാഷണങ്ങൾ സിനിമയുടെ ജീവനാഡിയായി മാറിയിട്ടുണ്ട്. പ്രേമലു ചെന്നൈ പോലുള്ള നഗരങ്ങളിൽ മാത്രമല്ല; ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിൽവരെ മലയാളസിനിമയുടെ സാന്നിധ്യമറിയിക്കാൻ കഴിഞ്ഞ ചിത്രമാണ്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ജനപ്രിയതയുടെ സമവാക്യങ്ങളെ രൂപപ്പെടുത്തുന്നതിലെ മറ്റൊരു സുപ്രധാന ഘടകം സിനിമയുടെ കഥാംശവുമായി ഇഴുകിച്ചേർന്ന് വിപുലമാകുന്ന ഗാനശകലങ്ങളാണ്. മൂന്നു ചിത്രങ്ങളിലെയും പാട്ടുകൾ ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ജെയ്സന്റെ സ്കൂളിൽ നിന്നും പോകുന്ന ടൂറിന്റെ ഭാഗങ്ങൾ ഒരു പാട്ടിലൂടെയാണ് സംവിധായകൻ ദൃശ്യവൽക്കരിച്ചിരിക്കുന്നത്. ഛർദ്ദിയും അസ്വസ്ഥതകളുമായി ജെയ്സൺ നിരാശനായി കടന്നുപോകുന്ന നിമിഷങ്ങളാണ് ടൂറിൽ ഉള്ളത്. 'ശ്യാമവർണ്ണരൂപിണി' എന്ന പാട്ട് ഈ അവസ്ഥാന്തരങ്ങളെ അടയാളപ്പെടുത്തുന്നു. അതോടൊപ്പംതന്നെ 'എന്തു വിധി ഇത്' എന്ന ഗാനം ജെയ്സന്റെ വിധിയെ ട്രോളുന്ന പാട്ടായിത്തന്നെ സിനിമയിൽ നിലനിൽക്കുന്നു. ഈ രണ്ടു പാട്ടുകളും കൂടാതെ മറ്റൊരു ഗാനം 'ജാതിക്കാത്തോട്ടം ഒരു ജാതി നിന്റെ നോട്ടം' എന്ന് തുടങ്ങുന്ന കീർത്തിയുടെയും ജെയ്സന്റെയും പ്രണയഗാനമാണ്. മലയാളസിനിമയിലെ ഹിറ്റ് പാട്ടുകളിൽ ഒന്നായി ജാതിക്കാത്തോട്ടം മാറി. പൂന്തോപ്പിലോ ലൈബ്രറിയിലോ കടൽക്കരയോ സ്കൂൾവരാന്തയോ അല്ലാത്ത ഒരിടമാണ് അനുരാഗത്തിന്റെ ഗാനഭൂമിക. ജാതിക്കാത്തോട്ടത്തിൽ പാകമാകുന്ന പ്രണയനോട്ടങ്ങളാണ് സവിശേഷമായ മൂളലുകളിലൂടെയും മറ്റും ചിട്ടപ്പെടുത്തിയിരിക്കുന്നത്. ജാതിക്കാത്തോട്ടത്തിൽവച്ച് തന്നെയാണ് സിനിമയുടെ അഥവാ പ്രണയത്തിന്റെ ക്ലൈമാക്സും ആവിഷ്കരിച്ചിരിക്കുന്നത്.

സൂപ്പർശരണ്യയിലേക്ക് വരുമ്പോൾ സമാനമായ പാറ്റേണാണ് സംവിധായകൻ പിന്തുടരുന്നത്. 'അശുഭ മംഗളകാരി' എന്ന ഗാനം വിരുദ്ധമായ അർത്ഥമുള്ള രണ്ട് വാക്കുകളെ ചേർത്തുവച്ചുകൊണ്ട് ചിട്ടപ്പെടുത്തിയിരിക്കുന്നതാണ്, അശുഭവും മംഗളവും. ഈ രണ്ട് വാക്കുകളും സവിശേഷമായി സ്ത്രീകളെ അഭിസംബോധന ചെയ്യാൻ സാമാന്യമായി പലസന്ദർഭങ്ങളിൽ ഉപയോഗിക്കുന്നത് കാണാം. അതുകൊണ്ടുതന്നെ വിരുദ്ധതയുടെ ഈ ചേർത്തുവയ്ക്കലിൽ സിസ്റ്റത്തിനോടുള്ള ഒരു വിമർശന ധ്വനിയും കാണാം. അത്തരത്തിൽ വൈരുദ്ധ്യങ്ങളെ ചേർത്തുവച്ചുകൊണ്ടുള്ള ആവിഷ്ക്കാരം കഥാപാത്രത്തെ കൂടുതൽ ലൈവാക്കി മാറ്റുന്നുണ്ട്. ശരണ്യയുടെ ഹോസ്റ്റൽ ജീവിതവും കൂട്ടുകാരുമായുള്ള സമ്പർക്കങ്ങളും നിരാശ കലർന്ന അനുഭവങ്ങളും എല്ലാം ചേർന്ന ആഖ്യാനപാഠമാണ് ഈ പാട്ട് പകരുന്നത്. ഹോസ്റ്റലിലെ റാഗിങ്ങിന്റെ ദൃശ്യങ്ങളും വീട്ടിലെത്തി കഴിയുമ്പോൾ തയ്യൽ മെഷീൻ നൂൽ ഉപയോഗിച്ച് സിഗരറ്റ് വലിക്കുന്നതുപോലെ കാണിക്കുന്നതുമെല്ലാം ബഹുഭൂരിപക്ഷം വരുന്ന മിഡിൽക്ലാസ് കുടുംബങ്ങളിൽനിന്നും ഹോസ്റ്റൽ ജീവിതം നയിക്കുന്ന പെൺകുട്ടികളുടെ മനോനിലകളെ അഭിസംബോധന ചെയ്യുന്നവയാണ്. ഈ ചിത്രത്തിലെ മറ്റൊരു പാട്ട് സോനാരയോടൊപ്പം ശരണ്യയും കൂട്ടുകാരും കൊച്ചി കാണാൻ പോകുമ്പോൾ ഉള്ളതാണ്. മെട്രോയും മാൾ സന്ദർശനവും മ്യൂസിയവും ഫോർട്ട്കൊച്ചി യാത്രയുമൊക്കെ കാണിച്ചുകൊണ്ട് നാലുപേർക്കും ഇടയിലുള്ള സൗഹൃദത്തെ നുറുങ്ങ് സംഭാഷണങ്ങളിലൂടെ സംവിധായകൻ ബലപ്പെടുത്തുന്നുണ്ട്. പ്രേമലുവിലെ 'തെലുങ്കാന ബൊമ്മലു' എന്ന പാട്ട് മറ്റ് ചിത്രങ്ങളിലെപ്പോലെതന്നെ ഒരു ട്രിപ് സോങ്ങാണ്. ഉല്ലാസയാത്രയുടെ നിമിഷങ്ങളെല്ലാം കൃത്യമായി സംയോജിപ്പിച്ചിരിക്കുന്ന ഗാനചിത്രീകരണശൈലിയാണ് ഈ പാട്ടിലും കാണാൻ കഴിയുന്നത്. ഫോട്ടോ, ഫുഡ്, ഡാൻസ്, യാത്രയിലെ അമളികൾ, ആളാകാനുള്ള ശ്രമങ്ങൾ എന്നിങ്ങനെ സീക്വൻസുകളിലൂടെ സച്ചിന്റെയും റിനുവിന്റെയും ആദിയുടെയും വിനോദയാത്രയുടെ സന്ദർഭങ്ങളെ മനോഹരമായി സംവിധായകൻ ദൃശ്യപ്പെടുത്തുന്നു.

ചുരുക്കത്തിൽ, ഗാനരംഗങ്ങൾ ഗിരീഷിന്റെ സിനിമകളുടെ വിനോദമൂല്യത്തിന്റെ പ്രധാന ചേരുവയായിത്തന്നെ മനസ്സിലാക്കാൻ കഴിയും. ഗഹനമായ ചിന്തകളോ ആഖ്യാനത്തിന്റെ സങ്കീർണതകളോ സിനിമയുടെമേൽ ഉപയോഗിക്കാതെ യുവതയുടെ നിമിഷങ്ങളെ നേരിട്ട് അഭിസംബോധന ചെയ്യാൻ കെൽപ്പുള്ള യുക്തിയാണ് സംവിധായകൻ പുലർത്തുന്നത്. ഈ സമീപനത്തിൽ യുവതയുടെ യാഥാർത്ഥ്യങ്ങൾ ഒട്ടും ചോർന്നുപോകുന്നുമില്ല. മറിച്ച്, കൂടുതൽ റിയലിസ്റ്റിക്കായ, എന്നാൽ രസാത്മകമായ വഴിയിലൂടെ പുതുകാല കാണികളിലേക്ക് എത്തുകയാണ് ചെയ്യുന്നത്. ചടുലമായ എഡിറ്റിംഗ് രീതികളും വളരെ ആകർഷണീയമായ മട്ടിലുള്ള ക്യാമറകോണുകളും ജനപ്രിയതയുടെ ആനന്ദത്തെ ധ്വനിപ്പിക്കുന്ന സാങ്കേതികസമീപനങ്ങളാണ്. ഒരു സീനിൽനിന്നും മറ്റൊരു സീനിലേക്കുള്ള വേഗതയും വർണ്ണാഭമായ വേഷങ്ങളും കഥാപാത്രമനോഭാവത്തെ പ്രകടിപ്പിക്കുന്ന ഷോട്ടുകളുടെ കൂട്ടിച്ചേർക്കലുകളുമെല്ലാം സിനിമയുടെ ആകർഷണീയതയ്ക്ക് മാറ്റുകൂട്ടുന്നു.

ഉപദർശനങ്ങൾ

ജനപ്രിയതയുടെ നിരവധി ചലച്ചിത്ര ചേരുവകൾ ഗിരീഷ് എ ഡി ചിത്രങ്ങളിൽനിന്ന് കണ്ടെത്താനാവും. പുതുതലമുറയുടെ ലോകത്തെയും മനോവിചാരങ്ങളെയും ആധാരമാക്കിയുള്ളതാണ് അദ്ദേഹത്തിന്റെ സിനിമകളുടെ ആഖ്യാനഭാഷ. റീലുകളിലൂടെയും ഇൻസ്റ്റാഗ്രാം വഴിയും കമ്മ്യൂണിക്കേറ്റ് ചെയ്യുന്ന ഹാസ്യത്തിന്റെ വഴികളും സൂചനകളും പ്രമേയഘടനയിലും ആവിഷ്കാരവഴികളിലും കൂട്ടിയിണക്കി കൊണ്ടാണ് ഗിരീഷ് സിനിമകൾ നിലകൊള്ളുന്നത്. അതേപോലെതന്നെ ലളിതമായ യുക്തിയിലാണ് തമാശസന്ദർഭങ്ങളും കഥാതന്തുവും വികസിതമായിരിക്കുന്നത്. പാട്ടുകൾ, ട്രോളുകൾ എന്നിവ സിനിമയുടെ ഘടനയിൽ സ്വാഭാവികമെന്നമട്ടിൽ ചേർത്തുവെക്കാൻ ഗിരീഷ് എഡിയ്ക്ക് സാധിച്ചിട്ടുണ്ട്.

യുവതയുടെ കഥപറയുന്ന ഈ ചിത്രങ്ങളിൽ ലഹരിയുടെയോ ലൈംഗികതയുടെയോ കേവലമായ സൂചനകൾപോലും കാണുന്നില്ല. തമാശയുടെ രസോൽപ്പാദനത്തിൽ ഒരുപക്ഷെ സംവൃതമാക്കപ്പെട്ട സംവർഗമായി ഇത്തരം ഡാർക്ക് ഷെയ്ഡുകൾ വിസ്മരിക്കപ്പെട്ടിരിക്കുകയാണ് സിനിമയിൽ. സിഗരറ്റ് വലിയിലോ മദ്യപാനത്തിലോ പരിക്കില്ലാത്ത തെറിഭാഷണങ്ങളിലോ ലൈംഗികമായ ആഭിമുഖ്യത്തോടെയല്ലാതെയുള്ള

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

കാമുകകാഴ്ചയിലോ (സച്ചിന്റെ നഗ്നശരീരത്തെ റീനു ഒളിഞ്ഞുനോക്കുന്നതായി കാണിക്കുന്നുണ്ട്. എന്നാൽ ആ സീൻ തമാശയുടെ അംശംകലർത്തി മാത്രമാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എന്നത് ശ്രദ്ധിക്കുക). അവസാനിക്കുന്ന കാമനകൾ മാത്രമാണ് സിനിമ ഉള്ളടക്കാൻ ശ്രമിച്ചിരിക്കുന്നത്.

അതായത്, കഥാപരിസരത്തിൽ രതിയോ ലഹരിയോ വയലൻസോ കടന്നുവരാതെ സുന്ദരസുരഭിലമായ യുവലോകത്തെയാണ് പലമട്ടിൽ പുനരാഖ്യാനം ചെയ്യുന്നത് എന്ന വിമർശനം കൂടി ശ്രദ്ധിക്കേണ്ടതാണ്. ചുരുക്കത്തിൽ, അതിസമർത്ഥന്മാരുടെയോ മിടുക്കുള്ളവരുടെയോ കാഴ്ചപ്പാടുകളോ വിദ്യാഭ്യാസജീവിതമോ സൗഹൃദസംഭാഷണങ്ങളോ സിനിമയിൽ അത്രമേൽ പ്രകടമാകുന്നില്ല. മറിച്ച്, ആവറേജായി വിലയിരുത്തപ്പെടുന്ന ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥി സമൂഹത്തിന്റെ അഥവാ യുവതയുടെ ആവിഷ്കാരങ്ങളിലാണ് ഗിരീഷിന്റെ സിനിമകൾ നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ യുവതയുടെ മനോനിലകളും തരംഗദൈർഘ്യങ്ങളും ഉൾക്കൊണ്ട എന്റർടൈനറുകളാണ് ഈ സംവിധായകന്റെ ചിത്രങ്ങളെന്ന് അടിവരയിട്ട് പറയാവുന്നതാണ്. ചുരുക്കത്തിൽ പഠനത്തിലൂടെ ഉരുത്തിരിഞ്ഞ വിവരങ്ങളെ താഴെ പറയുംവിധം ക്രോഡീകരിക്കാവുന്നതാണ്.

- ജനപ്രിയസിനിമയുടെ പുതിയ സമവാക്യങ്ങളെ ഗിരീഷ് എ.ഡി.യുടെ ചിത്രങ്ങൾ എങ്ങനെ അടയാളപ്പെടുത്തുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.
- പുതുനിര അഭിനേതാക്കളുടെ കടന്നുവരവും വേഷങ്ങളുടെ അടിസ്ഥാനസ്വഭാവത്തിന്റെ ആവർത്തനവും മുന്നോട്ടുവെക്കുന്നതിലൂടെ യുവസംസ്കൃതിയുടെ ജനപ്രിയവൈവിധ്യങ്ങളെ സവിശേഷമായി തിരിച്ചറിയാൻ സാധിക്കുന്നു.
- പാട്ട്, തമാശ തുടങ്ങിയ ജനപ്രിയതയുടെ ചലച്ചിത്രചേരുവകളെ ഗിരീഷ് എ. ഡിയെന്ന നവസംവിധായകന്റെ ചിത്രങ്ങൾ എത്തരത്തിലാണ് സമീപിക്കുന്നതെന്നും അവ രൂപപ്പെടുത്തുന്ന എന്റർടൈൻമെന്റ് നേച്ചർ എന്താണെന്നും മലയാളസിനിമയുടെ വർത്തമാനസന്ദർഭത്തിൽ നിന്ന് നോക്കിക്കാണാൻ സാധിക്കുന്നു.
- റീലുകളിലൂടെയും ഇൻസ്റ്റാഗ്രാം വഴിയും കമ്മ്യൂണിക്കേറ്റ് ചെയ്തുകൊണ്ട് വളരുന്ന തലമുറയുടെ വൈബുകൾ കണക്ട് ചെയ്യുന്ന രീതിയിലാണ് സിനിമയുടെ ആഖ്യാനഭാഷ.
- ലളിതമായ യുക്തിയിൽ ഹാസ്യത്തിന്റെ സാധ്യതകൾ രൂപപ്പെടുത്താൻ സിനിമയുടെ ദൃശ്യവ്യാകരണസമവാക്യങ്ങളെ സംവിധായകൻ സമർത്ഥമായി ഉപയോഗപ്പെടുത്തുന്നു.

കുറിപ്പുകൾ

1. റെയ്മണ്ട് വില്യംസിന്റെ ആശയം സംസ്കാരപഠനത്തിന്റെ സാമൂഹികവും വൈയക്തികവുമായ ഒരു ദർശനമാണ്. ചരിത്രബോധത്തിന്റെ പശ്ചാത്തലത്തിൽ നിലകൊള്ളുന്ന ഈ കാഴ്ചപ്പാട്, ഭാഷയിലോ ആശയങ്ങളിലോ പൂർണ്ണമായി ഉൾക്കൊള്ളാനാവാത്ത ജീവിതത്തിന്റെ ഘടനകളെ അനുഭവങ്ങളിലൂടെയും അതിന്റെ പ്രതിഫലനങ്ങളിലൂടെയും മാത്രമേ കൈവരിക്കാൻ കഴിയൂ എന്നതാണ് ഈ ചിന്ത. അക്കാദമികമായ ചട്ടക്കൂടുകൾക്ക് പുറത്തുള്ള ആന്തരികജീവിതത്തെ നിർണയിക്കാൻ ഈ പരിപ്രേക്ഷ്യം ഉപകരിക്കുന്നു.

ഗ്രന്ഥസൂചി

. രാമചന്ദ്രൻ സി. കെ., കാഴ്ചയുടെ കോയ്മ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്, 2006.
. Adorno Theodor, The Culture Industry Selected Essays On Mass Culturale, Roultudge London, 1991.
. Encyclopedia Britannica, Vol3, Encyclopedia Britannica, Inc, India, 2006.

ആനുകാലികങ്ങൾ

. ചന്ദ്രശേഖർ എ., "മലയാളസിനിമ പുതിയമുഖം പുതിയവിപണി", ചലച്ചിത്രസമീക്ഷ, ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം, ജൂൺ, 2024.

ദൃശ്യസൂചിക

ഗിരീഷ് എ.ഡി., തണ്ണീർമത്തൻ ദിനങ്ങൾ, (ഇന്ത്യ,മലയാളം,2019/136"), മണാട്ട് സ്റ്റഡി യോസ്, ഷെബിൻ ബാക്കർ പ്രൊഡക്ഷൻസ്.
ഗിരീഷ് എ.ഡി., സൂപ്പർശരണ്യ, (ഇന്ത്യ,മലയാളം/2022/164"), ഷെബിൻ ബാക്കർ പ്രൊഡക്ഷൻസ്.
ഗിരീഷ് എ.ഡി., പ്രേമലു, (ഇന്ത്യ,മലയാളം/2024/156"), ഭാവന സ്റ്റുഡിയോ.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

About the researcher:
ഡോ. വിഷ്ണുരാജ് പി.
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,
എസ്. എച്ച്. കോളേജ്, തേവര

Email: pvishnuraj85@gmail.com
Mob: 9447900551

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0006

ദേശഭാഷയുടെ മൂർച്ചയും ജീവിതത്തിന്റെ വാർച്ചയും 'മരണക്കൂട്ട്' സൃഷ്ടിക്കുന്ന പൊളിച്ചെഴുത്തുകൾ

» ഡോ. ആംനസ് ബേബി

പ്രബന്ധസംഗ്രഹം
പി. വിനുവിന്റെ ജീവിതത്തെ മുൻനിർത്തി പത്രപ്രവർത്തകൻ നിയാസ് കരീം തയ്യാറാക്കിയ മരണക്കൂട്ട് എന്ന കൃതി എപ്രകാരമാണ് ആത്മചരിത്രം, ജീവിതകഥ എന്നീ സാഹിത്യമേഖലകളെ നവീകരിക്കുന്നതെന്ന് അന്വേഷിക്കുകയാണ് പ്രബന്ധത്തിലൂടെ. സമകാലിക അവസ്ഥയിൽ അരികുവല്കൃത ജീവിതങ്ങൾ സാഹിത്യത്തിന്റെ പരിധിയിൽ ഇടപെടുന്നത് എപ്രകാരമാണെന്ന് അന്വേഷിക്കുന്നതിനോടൊപ്പം ആലങ്കാരികതകൾക്കപ്പുറം യാഥാർത്ഥ്യത്തിന്റെ നവീന സൗന്ദര്യസങ്കല്പങ്ങൾ ജീവിതമെഴുത്ത് സാഹിത്യത്തെ പരിഷ്കരിക്കുന്നതെങ്ങനെയെന്നും ഇവിടെ പരിശോധിക്കുന്നു. സജീവമായ ജീവിതദർശനത്തിന്റെ രൂപീകരണവും സഹജീവിതബോധത്തിന്റെ തെളിമയും മരണക്കൂട്ട് പറഞ്ഞുവയ്ക്കുന്നതെങ്ങനെ എന്നും ഇവിടെ വിശകലനം ചെയ്യുന്നു.

താക്കോൽവാക്കുകൾ
ജീവിതമെഴുത്ത്, ഭാഷ, യഥാതഥത്വം, അരികുവത്ക്കരണം, ജീവിതദർശനം

....

ആമുഖം

മലയാളത്തിൽ രണ്ടായിരത്തിനുശേഷം ആത്മകഥാസാഹിത്യത്തിന് വലിയ ഉണർവ്വുണ്ടായിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. നളിനി ജമീലയുടെ ആത്മകഥ (ഞാൻ ലൈംഗികത്തൊഴിലാളി), മണിയൻപിള്ളയുടെ ആത്മകഥ (തസ്കരൻ), മദ്യപാനിയായ ജോൺസൺന്റെ ആത്മകഥ (കുടിയന്റെ കുമ്പസാരം), ജെറീനയുടെ ആത്മകഥ (ഒരു മലയാളി ഹിജഡയുടെ ആത്മകഥ), കല്ലേൽ പൊക്കുടന്റെ ആത്മകഥ (കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം), സിസ്റ്റർ ജെസ്മിയുടെ ആത്മകഥ (ആമേൻ), സിസ്റ്റർ ലൂസി കളപ്പുരയുടെ ആത്മകഥ (കർത്താവിന്റെ നാമത്തിൽ) എന്നിങ്ങനെ ഈ നിര നീണ്ടുപോകുന്നുണ്ട്. ഈ പട്ടികയിൽ നിലവിലുള്ള അവസാനത്തെ കണ്ണിയാണ് പി.വിനുവിന്റെ മരണക്കൂട്ട് – ഒരു 'ശവംവാരി"യുടെ ആത്മകഥ. ഈ പട്ടിക അപൂർണ്ണമാണെങ്കിൽക്കൂടി ഈ കാലത്തിലെ ആത്മകഥാസാഹിത്യത്തിന്റെ പൊതുസ്വഭാവം വ്യക്തമാകുവാൻ ഇത് ധാരാളമെന്ന് പറയാം.

ഒന്നുകൂടി ഉറപ്പിച്ചു പറഞ്ഞാൽ പാരമ്പര്യത്തിന്റെ ഘടനയും രീതിയും ഭാഷയും ഉദ്ദേശലക്ഷ്യങ്ങളും മറികടക്കുകയും നവീകരിക്കുകയും ചെയ്തു, പൂർണ്ണമായും അതിൽ വിജയിച്ച അപൂർവ്വം സാഹിത്യശാഖകളിലൊന്ന് മേൽസൂചിപ്പിച്ച ആത്മകഥാസാഹിത്യമാണെന്ന് പറയാം. മരണക്കൂട്ട് എന്ന പുസ്തകവും ഈ രീതിയിൽ നവീനമായ ഒരു ഭാവുകത്വം സൃഷ്ടിക്കുന്നുണ്ട്. ജീവിതത്തിന്റെ വാർച്ചയെ മൂർച്ചയുള്ള ഭാഷയിൽ വിനു ഇവിടെ കോറിവരയ്ക്കുന്നു. വിനുവിന്റെ വിവരണങ്ങൾ ഏറെയും അജ്ഞാതനായ ഒരു തെരുവുചിത്രകാരന്റെ രചനകളെ ഓർമ്മിപ്പിക്കുന്നുണ്ട്. അവിടെ അപാരമായ വർണ്ണക്കൂട്ടുകളുടെ പൊലിമ കാണാനാകില്ല. പക്ഷേ, ആ ചിത്രകാരൻ തന്റെയും അയാളുടെ രചനയുടെയും നിസ്സാരതയെ തിരിച്ചറിയുമ്പോഴുണ്ടാകുന്ന തെളിച്ചത്തെ മുൻനിർത്തി ചുറ്റുമുള്ള പ്രതിബന്ധങ്ങളെ അവഗണിച്ച് അയാളുടെ കർമ്മം പൂർത്തിയാക്കുകയാണ്. അവിടെ ഒരുവിധ മത്സരങ്ങളോ അവകാശവാദങ്ങളോ കാണാനാകില്ല. അതേ നിസംഗതയും ബോധ്യങ്ങളുടെ തെളിച്ചവുമാണ് വിനുവിന്റെ വാക്കുകളിലുമുള്ളത്. പക്ഷെ, അത്യന്തം അനാഢംബരപൂർണ്ണമായ ആ പറച്ചിലുകൾക്ക് അസാധ്യമായ മൂർച്ചയും ആഘാതശേഷിയുമുണ്ട്. ഒരു പക്ഷേ, മരണക്കൂട്ട് എന്ന പ്രയോഗത്തേക്കാൾ 'നെറി'യുടെ പുസ്തകം എന്ന് വായനക്കാരനെ ഓർമ്മിപ്പിക്കുവാൻ വിനുവിന് സാധിക്കുന്നുണ്ട്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ആത്മചരിത്രവും ജീവിതകഥയും – വാക്കിന്റെ കളികൾ

ഒരാൾ മറ്റൊരാളോട് പറയുന്നതെന്തും കഥയായി മാറുമെന്നത് പറഞ്ഞുപഴകിയ തത്വമാണ്. ജീവചരിത്രം – ആത്മകഥ എന്നീ രണ്ട് സാഹിത്യശാഖകളിലും ഈ തത്വത്തിന് പക്ഷെ ഇപ്പോഴും പ്രസക്തിയുണ്ട്. ഒരു വ്യക്തി സ്വന്തം ജീവിതാവസ്ഥകളെ പറയുന്നതിനെ ആത്മകഥ എന്നാണ് വിശേഷിപ്പിക്കാറുള്ളത്. എന്നാൽ ഏതൊരാത്മകഥയും ഒരു വ്യക്തിയുടെ ചുറ്റുപാടുകളെക്കൂടി അടയാളപ്പെടുത്താറുണ്ട്; ബോധപൂർവ്വമല്ലെങ്കിൽക്കൂടി. അതായത് ആത്മകഥ എന്നത് സ്വന്തം ജീവിതംകൂടി ഉൾപ്പെടുന്ന ചരിത്രമായി പരിവർത്തനപ്പെടുന്നുണ്ട്. കഥയേക്കാൾ ചരിത്രത്തിന് ആധികാരികതയേറും. അങ്ങനെ നോക്കുമ്പോൾ ആത്മചരിത്രം എന്ന പ്രയോഗം കൂടുതൽ അനുയോജ്യമായി തീരുന്നുണ്ട്. "ആത്മകഥ സ്വകീയമായ അനുഭവജ്ഞാനത്തിന്റെ ആവിഷ്കരണമാകുന്നു" (പരമേശ്വരൻപിള്ള, എരുമേലി, 2019:658) എന്ന നിരീക്ഷണം ഈ വാദത്തെ കൂടുതൽ ശരിവയ്ക്കുന്നു. ഒരുവന്റെ ജീവിതത്തെ വസ്തുനിഷ്ഠതയോടെ നോക്കിക്കാണുന്ന ഒരു സ്രഷ്ടാവിന്റെ ഉല്പന്നമാണ് ജീവചരിത്രം. അത് മറ്റൊരാളുടെ ആഖ്യാനമാണ്. അതിൽ കാലവും സാഹചര്യങ്ങളും സന്ദർഭങ്ങളും കൃത്യതയോടെ വിവരിക്കപ്പെടുന്നു. പാരായണക്ഷമത വർദ്ധിപ്പിക്കാൻ നാടകീയതയും കൂട്ടിച്ചേർക്കപ്പെടുന്നു. അപ്പോൾ ജീവചരിത്രം ബഹുമുഖസാധ്യതയുള്ള, വിവിധ അടരുകൾ നിറഞ്ഞ കഥപറച്ചിലായി പരിവർത്തനപ്പെടുന്നുണ്ട്. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ ജീവചരിത്രകാരനെ വിവരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്. "ജീവചരിത്രകാരൻ വലിയൊരളവിൽ സ്രഷ്ടാവാണ്" (രാമചന്ദ്രൻനായർ, പന്മന, 2010:920). "ജീവചരിത്രത്തിന് നോവലിനോട് സാധർമ്യമുണ്ടെ"ന്ന് (ജോർജ് കെ. എം., 2011:473) പവനനും നിരീക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ വിശ്വാസ്യതയുടെ ആണിക്കല്ലിൽ പടുത്തുയർത്തുന്ന ഈ രണ്ട് സാഹിത്യശാഖകൾക്കും മേൽസൂചിപ്പിച്ച പ്രയോഗങ്ങൾ യോജിക്കുന്നതാണെന്ന് സാരം.

ജീവചരിത്രമാണെങ്കിലും ആത്മകഥയാണെങ്കിലും അതിന്റെ ഭാഷയ്ക്ക് സവിശേഷസ്ഥാനമാണുള്ളത്. ഭാഷയുടെ തെളിവ് ഈ സാഹിത്യശാഖകൾക്ക് ആഢ്യത്വവും ആധികാരികതയും പകരുന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അനുകരണീയമാതൃകകളാണ് ഇരു സാഹിത്യശാഖകളും. മറ്റൊരുരീതിയിൽ കഥയായാലും ചരിത്രമായാലും അതിൽ ഭാഷയ്ക്ക് വലിയ സ്ഥാനമുണ്ട്. അതിലൂടെ സൃഷ്ടിച്ചെടുക്കുന്ന അപ്രമാധിത്യങ്ങൾക്ക് ചില ഉദ്ദേശങ്ങളുണ്ട്. ആഖ്യാനത്തിലുടനീളം പരീക്ഷിക്കപ്പെടുകയും വിജയിക്കുകയും ചെയ്യുന്ന ഈ 'വാക്കിന്മേൽ കളി' ഉദ്ദേശംവയ്ക്കുന്നത് ജീവിതനവീകരണം തന്നെ.

"ഉത്കർഷം പ്രാപിക്കുന്നതിനുള്ള ഒരു ഉത്തമമാർഗ്ഗം ആദർശപുരുഷന്മാരുടെ മഹച്ചരിതങ്ങൾ പാരായണം ചെയ്യുകയാകുന്നു. ജീവിതചരിതങ്ങൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഒരാളിന് ഏതെങ്കിലും ഒരു മഹാനെപ്പോലെ തന്റെയും ജീവിതം നയിക്കണമെന്നു തോന്നാവുന്നതാണ്. ആ തോന്നലാകട്ടെ, മനോരാജ്യം, ആഗ്രഹം, ദൃഢവിചാരം, അചഞ്ചലത, നിശ്ചയം എന്നീ അവസ്ഥാന്തരങ്ങൾ തരണം ചെയ്ത് ജീവിതോദ്ദേശം എന്ന ഘട്ടത്തിൽ എത്തുമ്പോഴേക്കും സ്വാശ്രയശക്തിയ്ക്ക് അയാൾ പരമപ്രാധാന്യം നല്കും. ഉദ്ദേശശുദ്ധിയ്ക്കായി വിശ്രമം കൂടാതെ പരിശ്രമിക്കുന്നതിന് സന്നദ്ധനാകും. മാർഗമദ്ധ്യേ വന്നുചേരുന്ന പ്രതിബന്ധസഹസ്രങ്ങളോട് സധൈര്യം എതിരിട്ട് പോരാടും; അപജയങ്ങളും ആപത്തുകളും അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നാലും അവയിലൊന്നിലും മനം കലങ്ങാതെ ഭഗ്നാശനായി പിന്തിരിയാതെ മുന്നോട്ടു മുന്നോട്ടു പൊയ്ക്കോണ്ടിരിക്കും" (രാമചന്ദ്രൻനായർ, പന്മന, 2010: 911).

ഡോ. ബി.വി. ശശികുമാർ ഉദ്ധരിച്ച, എസ്. ജ്ഞാനസ്കന്ദയ്യരുടെ ഈ അഭിപ്രായത്തിൽനിന്നും കാര്യങ്ങൾ വളരെ വ്യക്തമാണ്. വരുംതലമുറയുടെ/പുതുതലമുറയുടെ ജീവിതത്തെ കൂടുതൽ കാര്യക്ഷമതയോടെ നേരിടുന്നതിന് പ്രേരകമായി വർത്തിക്കുക, അല്ലെങ്കിൽ അനുകരണീയ മാതൃകകളായി മാറുക എന്നതാണ് ആത്മകഥ–ജീവചരിത്രരചനകൾ ലക്ഷ്യമാക്കുന്നത്. ഇങ്ങനെ മികച്ച മാതൃകകളുടെ വിളനിലമായി മാറുന്നതുകൊണ്ടുതന്നെ ആത്മകഥ – ജീവചരിത്രസാഹിത്യമേഖല വരേണ്യതയുടെ അലങ്കാരങ്ങളിലേക്ക് ചേക്കേറി. സമൂഹത്തിലെ മുഖ്യധാരയിൽ എപ്പോഴും നന്മബിംബങ്ങളായി മാത്രം പ്രതിഷ്ഠിക്കപ്പെടുന്ന വ്യക്തിത്വങ്ങളുടെ ജീവിതങ്ങൾ മാത്രം ഇവിടെ വായിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ജീവിതനവീകരണത്തിന്റെ മെച്ചപ്പെട്ട സാമൂഹികലക്ഷ്യങ്ങളുടെ ഫലങ്ങൾ മൊത്തമായും ചില്ലറയായും വിതരണം ചെയ്യപ്പെടുന്ന ഒരു ഉട്ടോപ്യൻ സാഹിത്യലോകക്രമത്തിലേക്കാണ് നവയുഗത്തിന്റെ ആത്മകഥകൾ മറ്റൊരു ഭാവുകത്വം നിറച്ചത്. പരമ്പരാഗതമായി പറഞ്ഞുവന്ന നന്മയും സന്മനസ്സും കനിവും നിറഞ്ഞ ഒരു ലോകക്രമത്തെയല്ല അത് ചർച്ച ചെയ്തതെന്നും നിഷേധിക്കാനാവില്ല.

ജീവിതമെഴുത്ത് – ജീവിതനവീകരണത്തിൽനിന്നും ജീവിതയാഥാർത്ഥ്യത്തിലേക്ക്

ജീവിതനവീകരണവും ഉത്തമമാതൃകകളുമായി ഭൂരിപക്ഷവീക്ഷണത്തിന്റെ നന്മകളെ വിടാതെ ചർച്ചചെയ്തിരുന്ന ആത്മകഥ/ജീവചരിത്ര സാഹിത്യശാഖകൾ രണ്ടായിരമാണ്ടോടെ ഒരു വലിയ മാറ്റത്തിന് സാക്ഷ്യം വഹിച്ചു. ജീവിതനവീകരണത്തേക്കാൾ ഇനിയും പൊതുസമൂഹവും മുഖ്യധാരയും കണ്ടിട്ടും കാണാത്തമട്ടിൽ ഒഴിവാക്കുന്ന വിഷയങ്ങളെ, അവയുടെ പ്രതിനിധികളെ ജീവിതമെഴുത്ത് എന്ന സാഹിത്യശാഖ ചർച്ചയാക്കി. അതിന്റെ ഫലമായിരുന്നു പ്രബന്ധാരംഭത്തിൽ പറഞ്ഞുതുടങ്ങിയ ആത്മകഥകളുടെ പട്ടിക. അതുവരെ നമ്മുടെ ശ്രദ്ധയിൽപ്പെട്ടിരുന്ന പ്രമുഖ കവിയുടെ/സാഹിത്യകാരന്റെ സർഗ്ഗാത്മക സഞ്ചാരങ്ങൾ, മുതിർന്ന രാഷ്ട്രീയ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

നേതാവിന്റെ ത്യാഗോജ്ജ്വല ജീവിതത്തിന്റെ അറിയാക്കഥകൾ എന്നിങ്ങനെ അവതരിപ്പിച്ചിരുന്ന ആത്മകഥകൾ പിന്നീട് അരികുജീവിതങ്ങളുടെ ചരിത്രമായി മാറി.

ഒരു ലൈംഗികതൊഴിലാളി, ഒരു ഹിജഡ, സന്ന്യാസമഠത്തിനുള്ളിലെ പീഡനങ്ങൾ സഹിക്കവയ്യാതെ അവിടെനിന്നും ഇറങ്ങേണ്ടി വന്നവർ, നീലച്ചിത്രങ്ങളിലെ നായിക, ദളിതർ എന്നിങ്ങനെ ശവംവാരി വരെയുള്ളവരുടെ ആത്മകഥകൾ മലയാളത്തിൽ ചർച്ചയായി. അരികുവൽക്കരിക്കപ്പെട്ട ഈ ജീവിതങ്ങളുടെ കഥപറച്ചിലുകളിലൂടെ ഈ സമൂഹത്തിന്റെ നെറികേടുകളും ഇരട്ടത്താപ്പുകളും കൂടുതൽ വെളിപ്പെട്ടു. വടിവൊത്ത ഭാഷയും വരേണ്യജീവിതസാഹചര്യങ്ങളും ബൗദ്ധിക/സർഗ്ഗാത്മക അരാചകത്വങ്ങളും ആഘോഷിച്ചിരുന്ന ഈ സാഹിത്യശാഖ സാധാരണക്കാരന്റെ ഭാഷ സംസാരിച്ചുതുടങ്ങി. അതുവരെ അവജ്ഞയോടെ തള്ളിക്കളഞ്ഞിരുന്ന ജീവിതാവസ്ഥകൾ സമൂഹത്തിന്റെ ക്രൂരതയുടെ സൃഷ്ടിയാണെന്ന തിരിച്ചറിവുണ്ടായി. അതായത്, ജീവിതനവീകരണം എന്ന ലക്ഷ്യത്തിൽനിന്നും ജീവിതയാഥാർത്ഥ്യത്തിന്റെ പരുക്കൻ വശങ്ങളിലേക്ക് ജീവിതമെഴുത്ത് എന്ന സാഹിത്യശാഖ പുനഃപ്രതിഷ്ഠിക്കപ്പെട്ടു. അവിടെ നവീകരിക്കപ്പെട്ടത് കാഴ്ചപ്പാടുകൾ മാത്രമായിരുന്നില്ല. മറിച്ച് സാഹിത്യത്തിന്റെ ഭാഷയും അതിന്റെ ഉപയോഗത്തിൽ ഉണ്ടാകുന്ന ജനാധിപത്യവൽക്കരണവുമായിരുന്നു. ഇത്തരത്തിൽ ഭാഷകൊണ്ടും ജീവിതാവസ്ഥകൊണ്ടും സമൂഹത്തിന്റെ ക്രൂരതകളുടെ അടയാളപ്പെടുത്തൽകൊണ്ടും വായന വേറിട്ട അവസ്ഥയിലേക്ക് ഉയർത്തിയ പുസ്തകമാണ് മരണക്കൂട്ട് – ഒരു 'ശവംവാരി'യുടെ ആത്മകഥ.

മരണക്കൂട്ട് – വിനുവിന്റെ ജീവിതം നിയാസിന്റെ എഴുത്ത്

ജൂൺ 2024ന് ആദ്യപതിപ്പായി മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകമാണ് മരണക്കൂട്ട് – ഒരു 'ശവംവാരി'യുടെ ആത്മകഥ. പത്രപ്രവർത്തകനായ നിയാസ് കരീം, പി. വിനുവിനോട് നടത്തിയ സംഭാഷണങ്ങളുടെ ആകെത്തുകയാണ് ഈ പുസ്തകം. പതിനാല് അധ്യായങ്ങളിലായി 150 പേജുകളിലാണ് പുസ്തകം സംവിധാനം ചെയ്തിരിക്കുന്നത്. കണ്ടുശീലിച്ച രേഖീയമായ ആഖ്യാനരീതികൾ മറികടന്നുകൊണ്ടാണ് വിനുവിന്റെ ജീവിതത്തിന്റെ അവസ്ഥകളെ നിയാസ് കരീം അവതരിപ്പിക്കുന്നതെന്ന് പറയാം. വിനുവിന്റെ ഭാഷാരീതികളോടും പ്രയോഗങ്ങളോടും നീതിപുലർത്തിക്കൊണ്ട് ഏതാണ്ട് ഒരുവർഷത്തോളം സമയമെടുത്താണ് ഈ പുസ്തകം തയ്യാറാക്കിയതെന്ന് പത്രപ്രവർത്തകനായ നിയാസ് പറയുന്നു.

വിനുവിന്റെ ജീവിതത്തിലെ, അയാൾ അഭിമുഖീകരിച്ച സന്ദർഭങ്ങളെയും വൈകാരികസംഘർഷങ്ങളെയും അതേ തീവ്രതയിൽതന്നെ ഈ കൃതി ചർച്ച ചെയ്യുന്നുണ്ട്. ആലുവാക്കാരനായ വിനുവിന്റെ ഭാഷണങ്ങളുടെ അച്ചടിച്ച രൂപമാണ് മരണക്കൂട്ടെന്ന് പറയാം. നിയാസ് കരീമുമായുള്ള സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്,

"വിനുവിന്റേതല്ലാത്ത അഭിപ്രായങ്ങളെ ഞാൻ ഇതിൽ ചേർത്തിട്ടില്ല. വിനുവിന്റെ ജീവിതസന്ദർഭങ്ങളിലോ ജീവിതത്തിൽ മൊത്തത്തിലോ ഒരു ഭാവനയോ അതിശയോക്തിയോ ഞാൻ കൂട്ടിച്ചേർക്കാൻ ശ്രമിച്ചിട്ടില്ല. വിനുവിന്റെ അവസ്ഥകളെ, അദ്ദേഹത്തിന്റെ ഷൂസിൽ കയറിനിന്നുകൊണ്ടാണ് പറഞ്ഞിരിക്കുന്നത്. പരമ്പരാഗത എഴുത്തുകാരല്ലാത്ത ആളുകൾക്കുവേണ്ടി എഴുതുമ്പോൾ സ്വീകരിക്കുന്ന ചില കരുതലുകൾ എടുക്കുമ്പോൾ തന്നെയും, അവരെ മറികടക്കുവാൻ ശ്രമിക്കാതിരിക്കുക എന്ന ജാഗ്രതയും ഇവിടുണ്ട്. വിനുവിന്റെ പേരിൽ വരുമ്പോഴാണ് ഇതിന് അതിന്റേതായ ഒരു മൂർച്ച ഉണ്ടാവുക എന്ന് ഞാൻ തിരിച്ചറിയുന്നുണ്ട്" (അദ്ദേഹവുമായി നടത്തിയ ഫോൺ സംഭാഷണത്തെ ആധാരമാക്കി).

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽനിന്നും വിനുവിന്റെ ജീവിതം പറയുന്ന ഈ പുസ്തകത്തിൽ ഒരുരീതിയിലും വെള്ളം ചേർക്കപ്പെട്ടിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. അതിതീവ്രമായ ഒരു ജീവിതാവസ്ഥയെ പൊതുമധ്യത്തിൽ ചർച്ചയാക്കുക എന്നതായിരുന്നു എഴുത്തുകാരനായ നിയാസ് കരീമിന്റെ ദൗത്യം. ഈ ദൗത്യനിർവ്വഹണത്തിൽ അദ്ദേഹം പൂർണ്ണമായും വിജയിച്ചിട്ടുണ്ടെന്ന് പറയാം. അതുകൊണ്ടുതന്നെ പി. വിനു എന്ന വ്യക്തിയുടെ ജീവിതത്തിന്റെ നേർപകർപ്പായി മരണക്കൂട്ട് – ഒരു 'ശവംവാരി'യുടെ ആത്മകഥ എന്ന ഗ്രന്ഥം പരിവർത്തനപ്പെടുന്നു. അതോടുകൂടി ഇവിടെ എഴുത്തുകാരൻ അപ്രസക്തനായിത്തീരുന്നുമുണ്ട്.

വിനു അട്ടിമറിക്കുന്ന കാഴ്ചപ്പാടുകൾ

നിലവിലുള്ള സാമ്പ്രദായിക വിദ്യാഭ്യാസക്രമവും തൊഴിൽസങ്കല്പവും കുടുംബസങ്കല്പവും വിശ്വാസവും വിനുവിന്റെ ജീവിതത്തിൽ സൃഷ്ടിച്ചിട്ടുള്ളത് ഒഴിവാക്കലുകളുടെയും മാറ്റിനിർത്തലുകളുടെയും അനുഭവങ്ങൾ മാത്രമാണെന്ന് മരണക്കൂട്ടിന്റെ വായനയിൽ ആവർത്തിച്ച് ഉറപ്പിക്കപ്പെടുന്നുണ്ട്. എല്ലാ വിദ്യാർത്ഥികളെയും ഒരുപോലെ പരിഗണിക്കുന്ന വിദ്യാലയസംസ്കാരത്തിന്റെ നന്മനിറഞ്ഞ അധ്യാപകശ്രേഷ്ഠരെക്കുറിച്ച് മലയാളസാഹിത്യം ആവോളം പറഞ്ഞിട്ടുണ്ട്. പക്ഷെ, യാഥാർത്ഥ്യം പരുക്കൻ മുഖത്തോടെ വിനുവിന്റെ വാക്കുകളിൽ പ്രത്യക്ഷപ്പെടുന്നു.

"പഠിക്കുന്നോരെ മാത്രമേ സാറന്മാര് മൈൻഡ് ചെയ്യൂ, അല്ലാത്തോരൊക്കെ അവരുടെ കണ്ണിൽ ശല്യക്കാരാ, അവർക്കെന്തുകൊണ്ടാണ് പാഠങ്ങൾ തലേൽക്കേറാത്തതെന്നോ എന്താണവരുടെ പ്രശ്നമെന്നോ മനസ്സിലാക്കാൻ സാറന്മാർക്കും താല്പര്യമില്ല" (വിനു പി./ നിയാസ് കരീം, 2024:30).

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

മാർക്സ് വിഭാവനം ചെയ്ത വർഗബോധത്തിലേക്ക് നയിക്കുന്നില്ലെങ്കിൽകൂടി സമൂഹവും അതിന്റെ പരിച്ഛേദനമായ വിദ്യാലയങ്ങളും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വൈരുദ്ധ്യം ഭീകരമാംവിധം ശീലിപ്പിച്ചെടുക്കുന്നതിന്റെ നേർചിത്രം അധ്യാപകരെക്കുറിച്ചുള്ള വിനുവിന്റെ വാക്കുകൾ അടിവരയിട്ട് പറയുന്നുണ്ട്.
“നമ്മുടെ നാട്ടിലൊക്കെ കാശുള്ളവനേം അതില്ലാത്തവനേം സമൂഹം കാണുന്നത് രണ്ട് കണ്ണിലാണല്ലോ. എത്രയൊക്കെ പുരോഗമനം പറഞ്ഞാലും അതുള്ളതാ... അങ്ങനൊരു പരിപാടി സ്കൂളിലുണ്ടായിരുന്നു. പഠിക്കണോന്മാരും പഠിക്കാത്തോരും തമ്മിൽ. രണ്ട് കൂട്ടരും രണ്ട് തട്ടിലാ... എ ഡിവിഷനിൽ ഏറ്റവും നന്നായിട്ട് പഠിക്കുന്ന കുട്ടികൾ; സാറന്മാർക്ക് വേണ്ടപ്പെട്ടോര്. സി യിൽ ഒന്നും പഠിക്കാത്ത ഞങ്ങൾ; ആർക്കും വേണ്ടാത്തോര്” (വിനു പി./നിയാസ് കരീം, 2024:39 – 40).

മരണത്തിൽ അഭയം പ്രാപിച്ചവരെ മണ്ണിലേക്ക് മടക്കി അയക്കുന്നത് തന്റെ തൊഴിലും കടമയും ഉത്തരവാദിത്തവും ചുമതലയും ദൗത്യവും ധർമ്മവുമായി കാണുന്ന വിനുവിനെ മാതാപിതാക്കളും ആദ്യഭാര്യയും മൃതദേഹം എടുക്കുന്ന തൊഴിലിൽ നിന്നും ഒഴിവാകുവാൻ നിർബന്ധിക്കുന്നുണ്ട്. അതിനുവേണ്ടി അയാൾക്ക് മറ്റു പലതൊഴിലുകളും വച്ചുനീട്ടുന്നുമുണ്ട്. എന്നാൽ വിനു എന്ന വ്യക്തിയ്ക്ക് അയാളുടെ ജീവിതാനുഭവങ്ങളിൽ നിന്നും എത്തിച്ചേർന്ന വ്യക്തതയാർന്ന ഒരു ഉത്തരമുണ്ട്. വിനുവിന്റെ ഭാഷയിൽ അത് ഇപ്രകാരമാണ്.
“ആ ജോലീൽ എനിക്കൊരിക്കലും സംതൃപ്തി കിട്ടൂല... ഒരിക്കലും പൂർണ്ണ മനസ്സോടെ എനിക്കത് ചെയ്യാമ്പറ്റൂല... എനിക്ക് എന്റെ ജോലി ചെയ്യാൻ തന്നെയാണ് താല്പര്യം” (വിനു പി./ നിയാസ് കരീം, 2024:80 – 81).

സാമ്പ്രദായിക വിദ്യാഭ്യാസവും അതിൽ മുഖ്യകണ്ണികളായി മാറുന്ന അധ്യാപക തൊഴിലാളികളും ഭൂരിഭാഗം വിദ്യാർത്ഥികളെയും ഒരുവിധത്തിലും ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാനുള്ളവണ്ണം സജ്ജരാക്കുന്നില്ലയെന്ന് വിനുവിന്റെ നേരനുഭവങ്ങൾ ഓർമ്മിപ്പിക്കുന്നുണ്ട്. സമൂഹത്തിന്റെ മുഖ്യധാര ആഘോഷമാക്കുന്ന കഴിവുകളും പഠനമികവും എങ്ങനെയെല്ലാമോ അന്യമാകുന്നവർക്ക് തെരുവ് ജീവിതപാഠങ്ങൾ പകരുമെന്ന് ഇവിടെ വെളിപ്പെടുന്നു. ഔപചാരികവിദ്യഭ്യാസം സൃഷ്ടിച്ചെടുക്കുന്ന അറിവുകൾ എത്ര അപക്വമാണെന്നും വിനു അടയാളപ്പെടുത്തുന്നുണ്ട്. ജീവിതത്തിന്റെ പുറംപോക്കുകളിൽ എല്ലാവരാലും തഴയപ്പെട്ട ഒരു കൂട്ടം മനുഷ്യർ വിനുവിന് നല്കിയത് ജീവിതത്തിന്റെ തെളിഞ്ഞ പാഠങ്ങളായിരുന്നു.
“എന്റെ എല്ലാ തിരിച്ചറിവുകൾക്കും പിന്നിൽ ആശാന്മാരായിരുന്നു. ജീവിതത്തിന്റെ അർത്ഥവും അർത്ഥമില്ലായ്മയും ഞാൻ ആദ്യം അറിയുന്നത് അവരിൽക്കൂടിയാ” (വിനു പി./നിയാസ് കരീം, 2024:85).

ഈ തിരിച്ചറിവുകളും മൂല്യബോധങ്ങളും വിനു പറഞ്ഞുപോകുമ്പോൾ ആത്മകഥാസാഹിത്യത്തിന്റെ വരേണ്യഭാഷയും രീതികളും തിരുത്തിയെഴുതുന്നുണ്ട്. വിദ്യാഭ്യാസം, സാമൂഹ്യമൂല്യങ്ങൾ മുതലായവയുടെ സാമ്പ്രദായിക അർത്ഥതലങ്ങളെ അദ്ദേഹം അട്ടിമറിക്കുന്നു. അതേ തീവ്രത വായനക്കാരന് നല്കുന്നതാകട്ടെ അയാളുടെ സ്വാഭാവിക സംസാരഭാഷയും. ഇത് ജീവിതനവീകരണങ്ങളിൽനിന്ന് ജീവിതയാഥാർത്ഥ്യത്തിലേക്കുള്ള രൂപാന്തരീകരണമാണെന്ന് പറയാം. മറ്റൊരുവാക്കിൽ ആത്മകഥാസാഹിത്യം അതിന്റെ വരേണ്യസ്വഭാവത്തിൽ നിന്നും ജനാധിപത്യവൽക്കരിക്കപ്പെടുകയാണ്. കാഴ്ചപ്പാടിലും ആശയവ്യക്തതയിലും വിനു നടത്തുന്ന ഈ അട്ടിമറികൾ ഭാഷയിലും സാഹിത്യത്തിലും നവഭാവുകത്വം സൃഷ്ടിക്കുന്നുണ്ട്.

വിനുവിന്റെ ജീവിതദർശനവും ഭാഷയുടെ സൗന്ദര്യശാസ്ത്രവും

ഒരു വ്യക്തിയുടെ സാമൂഹികവ്യക്തിത്വവും രാഷ്ട്രീയനിലപാടുകളും ആന്തരികവ്യക്തിത്വവുംകൂടി ചേരുന്നതിന്റെ ആകെത്തുകയെയാണ് അയാളുടെ ജീവിതദർശനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് (ഡോ. ആംനസ് ബേബി, 2022:9). സമൂഹത്തെക്കുറിച്ചുള്ള വിനുവിനുള്ള തിരിച്ചറിവ് അയാളുടെ ജീവിതത്തിൽനിന്നും അനുഭവിച്ചറിഞ്ഞതാണ്.
“...ഞാൻ സമൂഹത്തിന് വേണ്ടാത്തവനായി മാറിക്കൊണ്ടിരിക്കുകയായിരുന്നു... പുറമേനിന്ന് നോക്കുന്നവർക്കുമുന്നിൽ മെരുങ്ങി നിൽക്കുമ്പോഴും ഇരയായി കിട്ടുന്ന എലിയെ ഒറ്റയടിക്കു കൊല്ലാതെ തട്ടിക്കളിച്ചു സുഖിക്കുന്ന പൂച്ചയാണ് സമൂഹമെന്ന് പിന്നീടുള്ള ദിവസങ്ങളിൽ ഞാൻ തിരിച്ചറിഞ്ഞു” (വിനു പി./ നിയാസ് കരീം, 2024:64).
പരസ്പരം വിധിക്കുന്ന/പഴിചാരുന്ന ഈ ലോകക്രമത്തിൽ നിന്നും ആരേയും വിധിക്കാത്ത ഒരു ജീവിതരീതി വിനു സ്വായത്തമാക്കുന്നത് ലോകത്തിന്റെ വക്രതയാകെ തിരിച്ചറിഞ്ഞ ആശാന്മാരിൽ നിന്നുമായിരുന്നു.
“പലരുടെയും നല്ല വശങ്ങളെപ്പറ്റിയും പോലീസുകാരുടെ നല്ല മനസ്സിനെപ്പറ്റിയുമൊക്കെ അവര് പറയും. ആരുടേം കുറ്റം പറയൂല. അവര് ഒരിക്കൽപ്പോലും ആരെക്കുറിച്ചെങ്കിലും മോശം പറേണത് ഞാൻ കേട്ടിട്ടില്ല. അവര് പരസ്പരോം കുറ്റം പറയാറില്ല... ആരെയും ചൂണ്ടിക്കാട്ടത്തവര് കുറവാണെന്ന്” (വിനു പി./ നിയാസ് കരീം, 2024:51–52).
ശവം വാരലും, അത് മറവുചെയ്യലും സമൂഹത്തിന് വളരെ ആവശ്യമാണെങ്കിൽകൂടി അത് ചെയ്യുന്ന വിനുവിന് പകൽ നിഷേധിക്കുന്ന സാമൂഹ്യക്രമത്തെ അയാൾ ഓർമ്മിപ്പിച്ചെടുക്കുന്നുണ്ട്. അതിജീവിക്കാനുള്ള സ്വാഭാവിക ഇച്ഛ അദ്ദേഹത്തെ കൊണ്ടെത്തിച്ചത് മറ്റൊരു സ്വാതന്ത്ര്യത്തിലേക്കാണ്. ഇരുട്ടാണ് സത്യം, അതാണ് യാഥാർത്ഥ്യങ്ങളെ വെളിപ്പെടുത്തുന്നതെന്ന് വിനു പറഞ്ഞുവയ്ക്കുന്നു.
“പകൽവെട്ടത്തിലാണ് ആളുകൾ എന്നെ തിരിച്ചറിയുന്നതും മാറ്റിനിർത്തുന്നതും. അപ്പോൾ വെളിച്ചമാണ് പ്രശ്നം. രാത്രികളിൽ ഞാൻ സ്വതന്ത്രനാണ്. ഇരുട്ടാണ് ആശ്വാസം” (വിനു പി./ നിയാസ് കരീം, 2024:75).

രക്തബന്ധങ്ങളേയും കുടുംബബന്ധങ്ങളേയും കുറിച്ച് ഇടമുറിയാതെ പറയുന്ന മുഖ്യധാര മലയാളസാഹിത്യത്തിനെക്കുറിച്ച് അധികം പരിചയപ്പെട്ടത്തേണ്ടതില്ല. പക്ഷെ, തിരിച്ചറിവുകളിൽനിന്നും വിനു പറയുന്ന അഭിപ്രായങ്ങൾ മറ്റൊരു സാമൂഹിക യാഥാർത്ഥ്യത്തിന്റെ നേർസാക്ഷ്യമാണ്. അതിന്റെ ആഘാതശേഷി വളരെ വലുതാണെന്നും പറയാം.

"ഈ ഫാമിലി, ബന്ധുമിത്രാദികൾ പറയുന്ന സംഭവമില്ലേ, നമ്മുടെ ഈ ശരീരമൊന്ന് ചീഞ്ഞാൽ തീരാവുന്നതേയുള്ളു അതൊക്കെ. കുറേക്കാലമൊക്കെ അവർ സഹിച്ച് നിൽക്കും, പിടിച്ച് നിൽക്കും. പിന്നെ...!" (വിനു പി./ നിയാസ് കരീം, 2024:97–98).

ജീവിതത്തെ കനപ്പെട്ട ആശയങ്ങളിലൂടെ അതിസങ്കീർണമായി അവതരിപ്പിക്കുന്ന ആധുനിക – ഉത്തരാധുനികരീതികളിൽ ജീവിതത്തെ മൂന്ന് വരികളിലൂടെ നിർവചിക്കാൻ വിനുവിനെ പ്രാപ്തനാക്കിയത് ഓവർബ്രിഡ്ജിന്റെയും, പാലങ്ങളുടെയും അടിയിൽ അന്തിയുറങ്ങിയ, ശവംവാരികളായ ഊരും പേരുമില്ലാത്ത ആശാന്മാരായിരുന്നു എന്നതും വസ്തുതയാണ്.

"മണ്ണ് – ഇന്നല്ലെങ്കിൽ നാളെ മലന്നടിച്ച് വീഴാനുള്ളത് മണ്ണ് (മലക്കാനുള്ളത് മണ്ണ്), പെണ്ണ് – വെട്ടിപ്പൊളിച്ചാ നാല് പീസ്, പണം – തിന്നാനും കുറാനും തൊടക്കാനുമുള്ളത് പണം" (വിനു പി./ നിയാസ് കരീം, 2024: 121).

മതവിശ്വാസത്തെക്കുറിച്ചുള്ള പലവിധ ആശയങ്ങളുടെ യുക്തിയും യുക്തിരാഹിത്യവും നിരന്തരം വലിച്ചിഴച്ച് ചർച്ച ചെയ്യുന്ന സാംസ്കാരിക കേരളത്തിന് വിനുവിന്റെ അഭിപ്രായം അമ്പരപ്പുളവാക്കുന്നുണ്ട്. മരണത്തിന് മറ്റൊരു മതമില്ല എന്നതാണ് വിനു തിരിച്ചറിയുന്ന വലിയ സത്യം.

"തീർച്ചയായും ഞാനുമൊരു വിശ്വാസിയാ, ഞാൻ കണ്ടിട്ടുള്ള ഏറ്റവും വലിയ സത്യത്തിലാ എന്റെ വിശ്വാസം. അത് മരണമല്ലാതെ മറ്റൊന്നില്ല" (വിനു പി./ നിയാസ് കരീം, 2024:114).

ഉപദർശനങ്ങൾ

ഇതുവരെ പറഞ്ഞുവച്ചത് വിനുവിന്റെ ജീവിതദർശനത്തിന്റെ പല അടരുകളാണ്. മറ്റൊരുവാക്കിൽ മേല്പറഞ്ഞവയുടെ ആകെത്തുകയാണ് വിനുവിന്റെ ജീവിതദർശനം. യാഥാർത്ഥ്യത്തിന്റെ ഉരകല്ലിൽ രാകിമിനുക്കിയ ജീവിതകാഴ്ചപ്പാട് അതിന്റെ എല്ലാവിധ തീവ്രതയിലും വായനയെ ബാധിപ്പിക്കുന്നത് അതിന്റെ ഭാഷയിലെ സ്വാഭാവികത കൊണ്ടാണെന്ന് ഉറപ്പിക്കാം. ജീവിതത്തിന്റെ മൂർച്ചയെ ഒരുവിധ അലങ്കാരങ്ങളുമില്ലാതെ മുഖ്യധാരയിൽ ചർച്ചയാക്കുവാൻ വിനു എന്ന അത്യന്തം അരികുവൽക്കരിക്കപ്പെട്ട മനുഷ്യന് മരണക്കുട്ടിലൂടെ സാധ്യമാകുന്നതിന്റെ ഒരു പ്രധാന കാരണം അതിലെ ഭാഷയുടെ വാർച്ച തന്നെയാണ്. അതാവട്ടെ ഒരു സാഹിത്യശാഖയുടെ ആകെ ജനാധിപത്യവൽക്കരണവും അപരിഷ്കൃതമെന്ന് മുദ്രകുത്തപ്പെടുന്ന ഒരു ലോകത്തിന്റെ തെളിമയുള്ള ജീവിതാവബോധവും അടയാളപ്പെടുത്തുന്നുണ്ട്.

ആത്യന്തികമായി മരണക്കുട്ട് കയ്യിലെടുക്കുന്ന ഏതൊരു വായനക്കാരനും സ്വാനുഭവങ്ങളല്ലാത്ത ജീവിതങ്ങൾ കൺമുമ്പിൽ തെളിയുമ്പോൾ അയാളിൽ അല്പമെങ്കിലും മനുഷ്യത്വം അവശേഷിക്കുന്നുണ്ടെങ്കിൽ അസ്വസ്ഥതയും അപമാനഭാരവും നിറയുമെന്ന് തീർച്ച. സാംസ്കാരിക സമ്പന്നമെന്ന് അഭിമാനിക്കുന്ന കേരളത്തിലെ ഏറ്റവും സത്യസന്ധമായ കെട്ടുകഥകളിലൊന്നാണ് വിനുവിന്റെ ജീവിതം.

ഗ്രന്ഥസൂചി

1. ജെസ്മി, സിസ്റ്റർ, ആമേൻ, ഡി.സി.ബുക്സ്, കോട്ടയം, 2011.
2. ജെറീന, ഒരു മലയാളി ഹിജഡയുടെ ആത്മകഥ, ഡി.സി.ബുക്സ്, കോട്ടയം, 2013.
3. ജോർജ്, കെ. എം., ഡോ., (എഡി.,), ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം, 2011.
4. ജോൺസൺ, കുടിയന്റെ കുമ്പസാരം, ഡി.സി.ബുക്സ്, കോട്ടയം, 2014.
5. നളിനി ജമീല, ഞാൻ ലൈംഗികത്തൊഴിലാളി, ഡി.സി.ബുക്സ്, കോട്ടയം, 2006.
6. പരമേശ്വരൻപിള്ള, എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം, 2019.
7. പൊക്കുടൻ, കല്ലേൽ, കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, ഡി.സി.ബുക്സ്, കോട്ടയം, 2015.
8. മണിയൻപിള്ള, തസ്കരൻ, ഡി.സി.ബുക്സ്, കോട്ടയം, 2024.
9. രാമചന്ദ്രൻനായർ, പന്മന, പ്രൊഫ., (എഡി.,), സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, കറന്റ് ബുക്സ്, കോട്ടയം, 2010.
10. ലൂസി കളപ്പുര, സിസ്റ്റർ, കർത്താവിന്റെ നാമത്തിൽ, ഡി.സി.ബുക്സ്, കോട്ടയം, 2019.
11. വിനു പി./നിയാസ് കരീം, മരണക്കുട്ട് – ഒരു ശവംവാരിയുടെ ആത്മകഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2024.

ഗവേഷണ പ്രബന്ധങ്ങൾ

1. ആംനസ് ബേബി, ഡോ., "ജീവിതദർശനവും ഭാവുകത്വവും കെ. ജി. ജോർജിന്റെ ചലച്ചിത്രങ്ങളിൽ", അപ്രകാശിതപ്രബന്ധം, മലയാളവിഭാഗം, മധുരൈ കാമരാജ് യൂണിവേഴ്സിറ്റി, മധുരൈ, 2021.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

About the researcher:
ഡോ. ആംനസ് ബേബി
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,
പാവനാത്മ കോളേജ്, മുരിക്കാശ്ശേരി

Email: amnusbaby@gmail.com
Mob: 9400768068

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0007

സിനിമകളിലെ പുതുപ്രവണതകളും നവസാങ്കേതികവിദ്യകളും

» ഗൗതമൻ തായാട്ട്

പ്രബന്ധസംഗ്രഹം
സാങ്കേതികവിദ്യയുടെ പുതുപ്രവണതകളിലൂടെയാണ് സിനിമകൾ ഇന്ന് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. നവസാങ്കേതികവിദ്യയുടെ ഒരു പുതുലോകംതന്നെ സിനിമാലോകത്ത് ഇന്ന് തുറന്നിടപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ ഇഫക്റ്റുകൾ, പാരമ്പര്യേതര എഡിറ്റിംഗ്, വി.ആർ, എ.ആർ, സംവേദനാത്മക മാധ്യമങ്ങൾ തുടങ്ങിയ പുതിയ സിനിമാ സാങ്കേതികവിദ്യകൾ സിനിമകളിൽ എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്ന് ചലച്ചിത്രപഠനത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് ഈ പ്രബന്ധം പരിശോധിക്കുന്നു.

താക്കോൽവാക്കുകൾ
ഡിജിറ്റൽ, പുതുപ്രവണത, മാധ്യമം, സാങ്കേതികവിദ്യ, സിനിമ

....

ആമുഖം
ദൃശ്യാവിഷ്കാരങ്ങളിൽ ഏറ്റവും സ്വാധീനമുള്ള സാമൂഹികരൂപങ്ങളിലൊന്നാണ് "ഏഴാമത്തെ കല" എന്ന് വിളിക്കപ്പെടുന്ന സിനിമ. മറ്റ് കലാരൂപങ്ങളിൽനിന്ന് വ്യത്യസ്തമായി, ദൃശ്യ, ശ്രാവ്യ ഇന്ദ്രിയങ്ങളെ ലയിപ്പിക്കാനുള്ള അതുല്യമായ കഴിവ് സിനിമയ്ക്കുണ്ട്. വിനോദമുണ്ടാക്കുക മാത്രമല്ല, ചിന്തകളെ പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്ന ഒരു മാധ്യമമായി ഇന്ന് സിനിമ നിലനിൽക്കുന്നു. സിനിമയുടെ കാതൽ സമൂഹത്തിന്റെ പ്രതിഫലനമാണ്. പുതിയ കാഴ്ചപ്പാടുകളിൽനിന്ന് ജീവിതത്തെ കാണുകയും, മറ്റൊരു ലോകത്തേക്ക് കാഴ്ചക്കാരെ കൊണ്ടുപോകാനുള്ള കഴിവും സിനിമയ്ക്കുണ്ട്.

നിശബ്ദ സിനിമകളിൽനിന്നും ശബ്ദസിനിമകളിലേക്കുള്ള മാറ്റമാണ് സിനിമാപരിണാമചരിത്രത്തിലെ ആദ്യത്തെ ഘട്ടം. ഓർക്കസ്ട്രകളോ പിയാനിസ്റ്റുകളോ തത്സമയം പ്ലേ ചെയ്യുന്ന സംഗീതമായിരുന്നു നിശബ്ദസിനിമകളുടെ ജീവൻ. ഇത് ദൃശ്യങ്ങളിൽ വൈകാരികആഴം കൊണ്ടുവരുന്നു. എന്നിരുന്നാലും, ആക്കാലത്തെ സാങ്കേതികവിദ്യ പരിമിതമായിരുന്നു. ചില സ്പെഷ്യൽ ഇഫക്റ്റുകൾ ഉപയോഗിച്ചിരുന്നുവെങ്കിലും വളരെയധികം പരിമിതികൾ അതിനൊക്കെതന്നെ ഉണ്ടായിരുന്നു. അതിനുപുറമേ പ്രേക്ഷകരുടെ ഭാവനയെ വളരെയധികം ആശ്രയിച്ച് പ്രാക്ടിക്കൽ ഇഫക്റ്റുകൾ, മിനിയേച്ചർ മോഡലുകൾ, സ്റ്റോപ്പ്-മോഷൻ ആനിമേഷൻ എന്നിവയും മിതമായി പഴയകാലങ്ങളിൽ ഉപയോഗിച്ചു കാണാം.
തുടർന്നാണ് സിനിമകളിലെ നിറവ്യത്യാസം ആവിർഭവിക്കുന്നത്. ബ്ലാക്ക് ആന്റ് വൈറ്റ് സിനിമകളിൽനിന്നും കളർ സിനിമകളിലേക്കുള്ള പരിണാമം സിനിമാസമൂഹത്തെ ദൃശ്യഭംഗിയുടെ മറ്റൊരു ലോകത്തേക്ക് കൂട്ടികൊണ്ടുപോയി. അതിനെത്തുടർന്ന് നിരവധിയായ മാറ്റങ്ങൾ ആവിർഭവിക്കുകയും സിനിമയുടെ മറ്റൊരു വിസ്മയലോകം തുറക്കപ്പെടുകയും ചെയ്തു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വരവോടെ സിനിമ വലിയ പരിവർത്തനത്തിന് വിധേയമാവുകയും ആഴമേറിയതും യാഥാർഥ്യബോധമുള്ളതുമായ അനുഭവങ്ങൾ സൃഷ്ടിക്കുന്നതിന് നൂതന ഉപകരണങ്ങളും സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തുകയും ചെയ്തു.

സിനിമകളിലെ പുതുപ്രവണതകളും ഉൾച്ചേർക്കലും
സിനിമ അതിന്റെ എളിയ തുടക്കത്തിൽനിന്ന്, സമകാലിക സമൂഹത്തെ സ്വാധീനിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന ഒരു മൾട്ടി-ബില്യൺ ഡോളർ വ്യവസായമായി ഇന്ന് പരിണമിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ കഥകളുടെ വൈവിധ്യത്തിന്റെ അഭാവം ദോഷകരമായ സ്റ്റീരിയോടൈപ്പുകളിലേക്ക് നയിക്കുകയും പ്രാതിനിധ്യത്തിന്റെ അഭാവം ചില പ്രത്യേക കൂട്ടങ്ങളെ പാർശ്വവൽക്കരിക്കുകയോ ഒഴിവാക്കുകയോ പ്രാതിനിധ്യം കുറയ്ക്കുകയോ ചെയ്തിരുന്നു. സിനിമയിൽ പാർശ്വവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഒരു പ്രധാന പ്രശ്നമാണ്, കാരണം ഈ കൂട്ടങ്ങളെ സമൂഹത്തിൽ എങ്ങനെ കാണുകയും പരിഗണിക്കുകയും ചെയ്യുന്നു എന്നതിനെ സിനിമ പലപ്പോഴും സ്വാധീനിച്ചിരുന്നു.

ആദ്യകാല സിനിമകളിൽ വർണ്ണം, വംശം, ദേശം, ഭിന്നശേഷി തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പാർശ്വവൽകരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സിനിമകളിൽ അവഹേളിക്കുകയോ തെറ്റായി ചിത്രീകരിക്കുകയോ ചെയ്തിട്ടുണ്ട്. ഇത് പലപ്പോഴും മോശമായ സ്റ്റീരിയോടൈപ്പുകൾക്കും വിവേചനത്തിനും കാരണമായി. എന്നാൽ പുതുകാല സിനിമാഖ്യാനങ്ങൾ വിപ്ലവകരമായ പല മാറ്റങ്ങളെയും ഉൾക്കൊള്ളുന്നവയാണ്. എല്ലാവരെയും ചേർത്തുകൊണ്ടുള്ള വിവേചനരഹിതമായ ഒരു ചലച്ചിത്രഭാഷ ഇന്ന് നിലവിലുണ്ട്. എൽജിബിടിക്യൂഎ+ പോലെ

ഒരുകാലത്ത് അരികുവൽക്കരിക്കപ്പെട്ട എല്ലാവിഭാഗങ്ങളെയും പുതുകാലസിനിമകൾ ഉൾക്കൊള്ളുന്നുണ്ട്. ലിംഗഭേദം, ജാതി, വർഗം, രാഷ്ട്രീയം, പരിസ്ഥിതി തുടങ്ങിയ സാമൂഹിക വിഷയങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്ന ഒരു ആധുനികവേദിയായി ഇതിലൂടെ സിനിമ മാറുന്നു. ഇവ പൊതുജനങ്ങൾക്കിടയിൽ വിമർശനാത്മക ചർച്ചകൾക്ക് വഴിയൊരുക്കുകയും ഹേബർമാസ് വിഭാവനം ചെയ്ത പൊതുമണ്ഡലത്തിന്1 സമാനമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

സിനിമകളിൽ സംഭവിച്ച പുതുപ്രവണതകളിൽ എടുത്തുപറയേണ്ട പ്രധാനപ്പെട്ട ഒന്നാണ് ഒ.ടി.ടി (ഓവർ ദി ടോപ്) പ്ലാറ്റ്ഫോമുകൾ. ഇന്ന് മലയാളത്തിൽ മാത്രമായിത്തന്നെ പത്തിനുമുകളിൽ ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ ലഭ്യമാണ്. തീയേറ്ററിൽ മാത്രംപോയി കണ്ടുകൊണ്ടിരുന്ന സിനിമകളെ വളരെ എളുപ്പത്തിൽ ഏത് സമയത്തും, എവിടെനിന്നുകൊണ്ടും കാണാൻ കഴിയുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. തിയേറ്ററിനെ അപേക്ഷിച്ച് സ്വഭാഷകളിലും മറ്റു ഭാഷകളിലുമുള്ള ധാരാളം സിനിമകളും മറ്റു പരിപാടികളും ഒരേ ഇടത്തിൽ ലഭിക്കുന്നു എന്നതാണ് പ്രധാനമായും ജനങ്ങൾ ഒ.ടി.ടി.യെ ആശ്രയിക്കാനുള്ള കാരണം. കേബിൾ അല്ലെങ്കിൽ സാറ്റൈലറ്റ് ടെലിവിഷൻപോലുള്ള പരമ്പരാഗത വിതരണ ചാനലുകളെ മറികടന്ന് വീഡിയോ, ഓഡിയോ, മറ്റ് കാര്യങ്ങൾ എന്നിവ ഇന്റർനെറ്റിന്റെ സഹായത്തോടെ ഉപയോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്ന സേവനങ്ങളെയാണ് ഒ.ടി.ടി. എന്ന പദം സൂചിപ്പിക്കുന്നത്. നെറ്റ്ഫ്ലിക്സ്, ആമസോൺ പ്രൈം, ഹോട്ട്സ്റ്റാർ തുടങ്ങിയ ജനപ്രിയ പ്ലാറ്റ്ഫോമുകളും സീ 5, മനോരമ മാക്സ്, സൺനെക്സ്റ്റ് തുടങ്ങിയ പ്രാദേശിക സേവനങ്ങളും പ്രേക്ഷകർക്ക് സിനിമ തിരഞ്ഞു കണ്ടുപിടിക്കാനും അനുഭവിക്കാനുമുള്ള രീതിയിൽ വിപ്ലവം സൃഷ്ടിച്ചു.

വാണിജ്യവിജയം നേടിയ മുഖ്യധാരാസിനിമകൾ മുതൽ സ്വതന്ത്രസിനിമകൾ, ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾവരെ എല്ലാം ഒടിടി പ്ലാറ്റ്ഫോമുകളിൽ പ്രദർശിപ്പിക്കപ്പെടുന്നു. കൂടാതെ തിയേറ്റർ റിലീസുകളുമായി ബന്ധപ്പെട്ട വാണിജ്യപരമായ സമ്മർദ്ദങ്ങളില്ലാതെ പാരമ്പര്യേതര ആഖ്യാനങ്ങൾ പര്യവേക്ഷണം ചെയ്യാനും പരീക്ഷണാത്മക സിനിമകളെ പ്രോത്സാഹിപ്പിക്കാനും ഒ.ടി.ടി യ്ക്ക് സാധിക്കുന്നുണ്ട്. ഇതിന്റെ നൂതന അൽഗോരിതം ഉപയോഗിച്ചുകൊണ്ട് പ്രേക്ഷകരുടെ താല്പര്യങ്ങൾക്കനുസരിച്ച് വ്യക്തിഗത ശുപാർശകളും നൽകാനാവും. ഈ സവിശേഷത കാഴ്ചാനുഭവം വർദ്ധിപ്പിക്കുക മാത്രമല്ല, അവരുടെ താൽപ്പര്യങ്ങളുമായി പൊരുത്തപ്പെടുന്ന പുതിയതും വ്യത്യസ്തവുമായ സിനിമകളും മറ്റു പരിപാടികൾ കണ്ടെത്താനും പ്രേക്ഷകരെ സഹായിക്കുന്നു.

ഒ.ടി.ടി പ്ലാറ്റ്ഫോമുകളുടെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്ന് അവയുടെ സൗകര്യമാണ്. തിയേറ്ററിനെ അപേക്ഷിച്ച് കാഴ്ചക്കാർക്ക് അവരുടെ വേഗതയിൽ സിനിമകൾ കാണാനും നിർത്തിവെക്കാനും ആവശ്യാനുസരണം പുനരാരംഭിക്കാനും കഴിയും. തിയേറ്ററുകളുടെയോ ടെലിവിഷൻ പ്രക്ഷേപണങ്ങളുടെയോ നിശ്ചിത സമയങ്ങളിൽനിന്ന് വ്യത്യസ്തമായി, ഒടിടി പ്ലാറ്റ്ഫോമുകൾ പ്രേക്ഷകരെ അവരുടെ സ്വന്തം കാഴ്ചസമയങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തരാക്കുന്നു. കൂടാതെ ഇവ പ്രേക്ഷകരുടെ സിനിമാസ്വാധനത്തിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കുകയും ചെയ്യുന്നുണ്ട്. സബ്ടൈറ്റിലുകളും ഡബ്ബിങ്ങും ഉപയോഗിച്ച് ഭാഷാതടസ്സങ്ങൾ മറികടന്ന് പ്രേക്ഷകർക്ക് ഇപ്പോൾ വിവിധ ഭാഷാസംസ്കാരങ്ങളിൽനിന്നും വിവിധ പ്രദേശങ്ങളിൽനിന്നുമുള്ള സിനിമകളും പരമ്പരകളും പര്യവേക്ഷണം ചെയ്യാൻ കഴിയുന്നു എന്നുള്ളതും അവ നൽകുന്ന സേവനങ്ങളിൽപ്പെടുന്നവയാണ്.

ലോക്ഡൗൺ സമയങ്ങളിൽ തീയേറ്ററിൽപോയി സിനിമ കാണാനുള്ള പരിമിതി നിലന്നിരുന്നതിനാൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിച്ചത് വിവിധ ഒ.ടി.ടി. പ്ലാറ്റ്ഫോമുകളെയാണ്. ഈ ഒ.ടി.ടി സിനിമാഭിനിവേശം സിനിമകളുടെ രൂപവും ഭാവവുംതന്നെ മാറ്റുവാനിടയായി. പല സിനിമകളും തിയേറ്ററുകളിൽ ഇറക്കാതെ നേരിട്ട് ഒ.ടി.ടിയെ ആശ്രയിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇതിലൂടെ ഭൂരിഭാഗം മുടക്കുമുതലും തിരിച്ചുകിട്ടുകയും സിനിമ കൂടുതൽ പ്രേക്ഷകരിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു.

പലതരത്തിലുള്ള ജോണറുകൾ മലയാളസിനിമയിൽ ഇതോടെ അവതരിപ്പിക്കപ്പെട്ടു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് മഹേഷ് നാരായണൻ സംവിധാനം ചെയ്ത 'സി യു സൂൺ' എന്ന സിനിമ. ഇന്ത്യൻ സിനിമാലോകത്ത് 'സ്ക്രീൻ ലൈഫ് സിനിമ' എന്ന പുതുവിഭാഗം ഈ സിനിമയിലൂടെ അവതരിപ്പിക്കപ്പെട്ടു. കഥ വിവരിക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങളെ ആശ്രയിക്കുന്നതാണ് സ്ക്രീൻ ലൈഫ് സിനിമയുടെ സവിശേഷത. പരമ്പരാഗത ഛായാഗ്രഹണത്തിന് പകരം വീഡിയോ കോളുകൾ, ടെക്സ്റ്റ് സന്ദേശങ്ങൾ, ഇമെയിലുകൾ, സോഷ്യൽമീഡിയ ഇടപെടലുകൾ, സ്ക്രീൻ റെക്കോർഡിംഗുകൾ എന്നിവയിലൂടെയാണ് സിനിമയുടെ കഥ നടക്കുന്നത്. ഇതുപോലെത്തന്നെ എടുത്തുപറയേണ്ട മറ്റൊരു സിനിമയാണ് 'ചതുർമുഖം' ടെക്നോ–ഹൊറർ എന്നൊരു പുതിയ ജോണർ മലയാള സിനിമയിലേക്ക് ഈ സിനിമയോടുകൂടിയാണ് കടന്നുവരുന്നത്. കൂടാതെ മലയാളസിനിമകൾ അധികം പരീക്ഷിച്ചിട്ടില്ലാത്ത ഫാന്റസി, സയൻസ് ഫിക്ഷൻ ആശയങ്ങൾ ചുരുളി, ഭ്രമയുഗം, 9, ഗഗനചാരി പോലുള്ള സിനിമകളിലൂടെ മലയാളത്തിലും വിപുലപ്പെടുന്നതായി കാണാവുന്നതാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിലുള്ള അമേരിക്കൻ ക്രൈം സിനിമകളുടെ ശൈലിയായ നിയോ–നോയർ2 പോലുള്ള ചലച്ചിത്ര വിഭാഗങ്ങളും ഈയിടെയായി വളരെയധികം മലയാള സിനിമകളിൽ ഇടംപിടിച്ചിട്ടുണ്ട്. ശക്തമായ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള ആഖ്യാനങ്ങളേയും സങ്കീർണ്ണമായ കഥാസന്ദർഭങ്ങളേയും വളരെക്കാലമായിത്തന്നെ മലയാളസിനിമ അവതരിപ്പിക്കുന്നുണ്ട്. സമീപകാല സിനിമകളിൽ നിയോ–നോയിർ ഘടകങ്ങൾ ഉൾപ്പെടുത്തുന്നത് സിനിമയുടെ മറ്റൊരു പരിണാമത്തെ അടയാളപ്പെടുത്തുന്നു എന്നുപറയാം.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

പ്രമേയങ്ങൾ, ദൃശ്യശൈലികൾ, സങ്കീർണ്ണമായ കഥാപാത്രങ്ങൾ എന്നിവയുമായി പരമ്പരാഗത മലയാള കഥാഖ്യാനത്തെ സമന്വയിപ്പിക്കുന്ന 'കുറുപ്പ്' പോലുള്ള ചിത്രങ്ങൾ ഈ വിഭാഗത്തിന്റെ ഉയർച്ചയുടെ വ്യക്തമായ ഉദാഹരണങ്ങളാണ്. ഭൂതകാലം, നൻപകൽ നേരത്ത് മയക്കം തുടങ്ങിയ സിനിമകളൊക്കെ ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് മുന്നോട്ടുവന്നവയാണ്.

കഥകളുടെ ഉദ്വേഗജനകത്വം സൂക്ഷിക്കാൻവേണ്ടി സിനിമകൾ പ്രധാനമായും ചെയ്യുന്ന ഒരു വ്യത്യസ്തമായ പ്രവണതയാണ് നോൺലീനിയർ കഥാഖ്യാനം.3 ഇതിൽ സിനിമയുടെ കഥകൾ കാലക്രമത്തിലല്ലാതെ അവതരിപ്പിക്കപ്പെടുന്നു. ഈ സാങ്കേതികവിദ്യ കഥയ്ക്ക് സങ്കീർണ്ണതയും ആഴവും നിഗൂഢതയും കൊണ്ടുവരുന്നു. വ്യത്യസ്ത കാലയളവുകൾക്കിടയിൽ കഥ ചിതറികിടക്കുകയും ഫ്ലാഷ്ബാക്ക് സംവിധാനം ഉപയോഗിച്ച് ഒന്നിലധികം സന്ദർഭങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിലൂടെ ഒരു പുതിയ സിനിമാനുഭവം പ്രേക്ഷകർക്ക് ലഭിക്കുകയും ചെയ്യുന്നു. ഇയ്യോബിന്റെ പുസ്തകം, അഞ്ചാംപാതിര തുടങ്ങിയ സിനിമകളൊക്കെതന്നെ നോൺലീനിയർ കഥാഖ്യാനം പരീക്ഷിച്ചിട്ടുള്ള സിനിമകളാണ്.

ഇപ്പോഴിറങ്ങുന്ന മലയാളസിനിമകളെ അവലോകനം ചെയ്താൽ പ്രധാനമായും യഥാതഥമായി മനുഷ്യജീവിതങ്ങളെ പകർത്തുന്നതായി കാണാം. കൂടാതെ സാമൂഹികപ്രശ്നങ്ങൾ സിനിമയിൽ കൈകാര്യം ചെയ്യുന്നതിലൂടെ മലയാളസിനിമകൾ കൂടുതൽ ജനകീയമായി മാറുന്നു. ഒരു മാസ് നായക കഥാപാത്രങ്ങളിൽനിന്നും സാധാരണ വ്യക്തിയായ നായകനിലേക്കുള്ള പ്രയാണത്തിലാണ് ഇന്ന് മലയാളസിനിമകൾ എത്തിയിരിക്കുന്നത്. ഓസ്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട 'ജെല്ലികെട്ട്' പോലുള്ള സിനിമകളിൽ ഇത് വ്യക്തമാണ്. ഇതിലൂടെ വ്യത്യസ്തമായ ഒരാഖ്യാനശൈലിതന്നെ സംവിധായകർ പ്രേക്ഷകർക്ക് മുന്നിൽ തുറന്നിടുന്നു. കൂടാതെ സ്ത്രീ കേന്ദ്രിതമായി വളരെയധികം സിനിമകൾ ഇന്ന് ഇറങ്ങുന്നു എന്നതും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പലപ്പോഴും സിനിമകളിൽ കേവലം രണ്ടാം സ്ഥാനത്തുമാത്രം നിൽക്കുന്ന കഥാപാത്രങ്ങളായാണ് സ്ത്രീകളെ അവതരിപ്പിക്കാറ്. പുരുഷാധിപത്യസമൂഹത്തിൽ അടിച്ചമർത്തപ്പെടുന്ന സ്ത്രീകളുടെ ജീവിതം, അവരുടെ പോരാട്ടങ്ങൾ, വിജയങ്ങൾ എന്നിവ ഉയർത്തിക്കാട്ടുന്ന പശ്ചാത്തലകഥകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ സമീപവർഷങ്ങളിൽ മലയാളസിനിമയിൽ സ്ത്രീകേന്ദ്രീകൃത സിനിമകൾ പ്രധാനവിഭാഗമാവുന്നുണ്ട്. പുരുഷനോളം പ്രാധാന്യം ഓരോ സ്ത്രീയ്ക്കും ഉണ്ടെന്ന ഉള്ളടക്കത്തിൽ ഇറങ്ങുന്ന ഇത്തരം സിനിമകൾ പരമ്പരാഗത സ്ത്രീസങ്കല്പങ്ങളെ മറികടക്കുന്നവിധത്തിൽ സ്ത്രീകഥാപാത്രങ്ങൾക്ക് ശബ്ദം നൽകുന്നു. ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ, ഉയരെ, ഹൗ ഓൾഡ് ആർ യു, ഉള്ളൊഴുക്ക്, പ്രഭയായ് നിനച്ചതെല്ലാം തുടങ്ങിയ സിനിമകളൊക്കെ ഇത്തരത്തിൽ നിർമ്മിക്കപ്പെട്ടതാണ്.

നവസാങ്കേതികവിദ്യകളും ഭാവമാറ്റവും

വളരെ നൂതനമായ നവസാങ്കേതികവിദ്യകളാൽ സമ്പന്നമാണ് ഇന്ന് നമ്മുടെ സിനിമാലോകം. ഇതിൽ ആളുകൾക്ക് വളരെയധികം സുപരിചിതമായതും സിനിമകളിൽ അധികമായി ഉപയോഗിക്കുന്നതുമായ സാങ്കേതികവിദ്യയാണ് വിഷ്വൽ ഇഫക്റ്റ് (VFX) ചലച്ചിത്രനിർമ്മാണത്തിലും വീഡിയോ നിർമ്മാണത്തിലും ഒരു തത്സമയ സന്ദർഭത്തിനുപുറത്ത് ഒരു സാങ്കൽപ്പിക പ്രതിബിംബം സൃഷ്ടിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന പ്രക്രിയയാണ് വിഷ്വൽ ഇഫക്റ്റുകൾ അഥവാ വി.എഫ്.എക്സ്. യഥാതഥമായ ഒരു പശ്ചാത്തലചിത്രം ലഭിക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ ജനറേറ്റഡ് ഇമാജിനറി (CGI) ഘടകങ്ങളും ഉപയോഗിക്കുന്നു. പച്ചയോ നീലയോ പശ്ചാത്തലത്തിൽവച്ച് ഒരു വസ്തുവിനെ ചിത്രീകരിക്കുകയും പിന്നീട് ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ആ ചിത്രീകരണത്തെ മിഥ്യയായ പശ്ചാത്തലങ്ങളാക്കി മാറ്റുകയുമാണ് ഇവയിലൂടെ ചെയ്യുന്നത്. മോഷൻ ക്യാപ്ചർ, ഡിജിറ്റൽ സിമുലേഷനുകൾ എന്നിവയുടെ ഉപയോഗവും ഇതിൽ പ്രധാനമാണ്. അവതാർ, അവഞ്ചേഴ്സ് പോലുള്ള അമേരിക്കൻ ചിത്രങ്ങൾ ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്.

അഭിനേതാക്കളുടെ ചലനങ്ങളും മുഖഭാവങ്ങളും സെൻസറുകൾ വച്ചുകൊണ്ട് പകർത്തിയെടുക്കുകയും, ശേഷം അവയെ ഡിജിറ്റൽ രൂപത്തിലോ ത്രിമാനരൂപത്തിലോ മാറ്റി കഥാപാത്രങ്ങളെ ചിട്ടപ്പെടുത്തുകയും ചെയ്യുന്ന സാങ്കേതികവിദ്യയാണ് മോഷൻ ക്യാപ്ചർ (mo-cap). ഇത് പ്രധാനമായും മൂന്നുതരത്തിലുണ്ട്. അഭിനേതാക്കളുടെ ചലനങ്ങളും, മുഖഭാവങ്ങളും പിടിച്ചെടുക്കാൻ കഴിവുള്ള സെൻസറുകൾ അടങ്ങിയ പ്രത്യേക വസ്ത്രങ്ങൾ അവരെ ധരിപ്പിച്ചുകൊണ്ട് ചിട്ടപ്പെടുത്തുന്ന, ഫുൾ ബോഡി മോഷൻ ക്യാപ്ചർ (Full Body Motion Capture) ആണ് ഇതിലാദ്യത്തേത്. അടയാളപ്പെടുത്തിയ ഒരു നിശ്ചിത സ്ഥലത്തുനിന്നുകൊണ്ടാണ് ഫുൾ ബോഡി മോഷൻ ക്യാപ്ച്ചറിൽ അഭിനേതാക്കൾ അഭിനയിക്കുന്നത്. സിനിമകളിൽ ഉപയോഗിക്കുന്ന ഏറ്റവും സാധാരണ രൂപമാണിത്. സംഘട്ടനരംഗങ്ങൾ ചിത്രീകരിക്കാനും അഭിനേതാവിന്റെതന്നെ ആനിമേഷൻ രൂപം സൃഷ്ടിക്കാനും ഇത് ഉപയോഗിക്കുന്നു. മറ്റൊന്നാണ് ഫേഷ്യൽ മോഷൻ ക്യാപ്ച്ചർ. ഹൈ-ഡെഫനിഷൻ ക്യാമറകൾപോലുള്ള പ്രത്യേക സംവിധാനങ്ങൾ അഭിനേതാക്കളുടെ മുഖഭാവങ്ങളെ പിടിച്ചെടുക്കുന്ന രീതിയാണിത്. ഇത് ഫുൾ ബോഡി മോഷൻ ക്യാപ്ച്ചറിൽനിന്നും കുറച്ചുകൂടി ഉയർന്ന, യാഥാർത്ഥ്യബോധമുള്ള ഫേഷ്യൽ ആനിമേഷനുകൾ രൂപപ്പെടുത്തുന്നു. സെൻസറുകൾ അടങ്ങിയ വസ്ത്രങ്ങളോ പ്രത്യേകം അടയാളപ്പെടുത്തിയ ഇടങ്ങളോ ആവശ്യമില്ലാതെ ചിത്രീകരിക്കുന്ന മൂന്നാമത്തെ തരമാണ് മാർക്കർലെസ് മോഷൻ ക്യാപ്ച്ചർ (MMC). ഇവിടെ ശരീരത്തിന്റെ ചലനം പിടിച്ചെടുക്കാനായി ക്യാമറകളും നൂതന സോഫ്റ്റ്വെയറുകളും ഉപയോഗിക്കുന്നു. അഭിനേതാക്കൾക്ക് താരതമ്യേനെ ആയാസരഹിതമായ ജോലിയാണെങ്കിലും ഇതിനു വളരെ ശക്തിയേറിയ സോഫ്റ്റ്വെയർ ആവശ്യമാണ്. മോഷൻ ക്യാപ്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് വളരെയധികം

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

സിനിമകൾ ഇന്ന് നിർമിക്കപ്പെടുന്നുണ്ട്. 2014ൽ തമിഴ് ഭാഷയിൽ പുറത്തിറങ്ങിയ 'കൊച്ചടൈയാൻ' ആണ് മോഷൻ ക്യാപ്ചർ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമിക്കപ്പെട്ട ആദ്യത്തെ ഇന്ത്യൻസിനിമ.

യഥാർത്ഥലോകത്തിന്റെ പ്രതീതി ജനിപ്പിക്കാൻവേണ്ടി ഒരു ഡിജിറ്റൽ ഇടത്തിൽ കമ്പ്യൂട്ടർ ജനറേറ്റഡ് ഇമാജിനറി ഉപയോഗിച്ചുകൊണ്ട് പരിസ്ഥിതിയെയോ മറ്റു പ്രകൃതി പ്രതിഭാസങ്ങളെയോ നിർമിക്കുന്ന പ്രക്രിയയാണ് ഡിജിറ്റൽ സിമുലേഷനുകൾ. ഇത് യഥാർത്ഥലോകത്തിന്റെ തനിപകർപ്പാണ്. സിനിമകളിൽ യാഥാർത്ഥ്യബോധമുള്ള ഇടപെടലുകൾ നടത്തുന്നതിനോ അല്ലെങ്കിൽ യഥാർത്ഥലോകത്ത് ചിത്രീകരിക്കാൻ സാധിക്കാത്ത കാര്യങ്ങളെ നിർമിച്ചെടുക്കുവാനും ഈ സാങ്കേതികവിദ്യ സഹായിക്കുന്നു. ഡിജിറ്റൽ സിമുലേഷനുകൾ പുതുകാലസിനിമകളുടെ അവിഭാജ്യഘടകമാണ്. സ്വാഭാവികഘടകങ്ങൾ മുതൽ സങ്കീർണ്ണമായ ഇടപെടലുകൾവരെ എല്ലാം അനുകരിച്ചുകൊണ്ട് സിനിമകളുടെ യാഥാർഥ്യം, വ്യാപ്തി, സർഗ്ഗാത്മകത എന്നിവ അവ വർദ്ധിപ്പിക്കുന്നു. ഇതിലൂടെ ബുദ്ധിമുട്ടുള്ളതോ അസാധ്യമോ ആയ ചില ദൃശ്യങ്ങൾ അതിശയകരമായ രീതിയിൽ സൃഷ്ടിക്കാനും സാധിക്കുന്നു.

ഡീ-ഏജിംഗ് ടെക്നോളജിയാണ് ശ്രദ്ധേയമായ മറ്റൊന്ന്. സിനിമകളിൽ ഒരു നടനെയോ നടിയെയോ ചെറുപ്പമായി കാണാൻ ഉപയോഗിക്കുന്ന ഒരു എ.ഐ. വിഷ്വൽ ഇഫക്റ്റ് സാങ്കേതികതയാണ് ഡീ-ഏജിംഗ് ടെക്നോളജി. ഇത് പ്രധാനമായും ഫ്ലാഷ്ബാക്ക് രംഗങ്ങളുടെ ചിത്രീകരണത്തിനായി ഉപയോഗിക്കുന്നു. ചിത്രം ഡിജിറ്റലായി എഡിറ്റുചെയ്യുന്നതിലൂടെയോ, കമ്പ്യൂട്ടർ ജനറേറ്റഡ് ഇമേജറിയിലൂടെയോ ആണ് പലപ്പോഴും ഇത് സാധ്യമാകുന്നത്. ഇതിലൂടെ കഥാപാത്രജീവിതത്തിന്റെ വിവിധഘട്ടങ്ങളെ അവതരിപ്പിക്കാൻ ഒരേ നടനുതന്നെ സാധിക്കുന്നു. കൂടാതെ ചെലവ് ലാഭിക്കുകയും കഥപറച്ചിലിന്റെ തുടർച്ച വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഹിന്ദി സിനിമകളായ ഫാൻ, എം.എസ്. ധോണി എന്നിവയും തമിഴ് സിനിമ ആദവൻ, ഗോട്ട് എന്നിവയും തെലുങ്ക് സിനിമയായ കൽക്കി, ആചാര്യ എന്നിവയും കന്നഡ സിനിമയായ ഗോസ്റ്റ് എന്നിവയുമൊക്കെ ഡീ-ഏജിംഗ് ടെക്നോളജി ഉപയോഗിച്ച പ്രധാന ഇന്ത്യൻസിനിമകളാണ്.

ഒരാളെ മറ്റൊരാളായി ചിത്രീകരിക്കാനും അവരുടെ ശബ്ദം പുനർനിർമിക്കാനുമാണ് പ്രധാനമായും ഡീപ് ഫേക്ക് സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. നിർമിതബുദ്ധിയുടെ സഹായത്തോടെ നിർമിക്കുന്ന വീഡിയോകളാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുന്നത്. മരിച്ചുപോയതോ അല്ലെങ്കിൽ സിനിമ മുഴുവിപ്പിക്കാതെ നിർത്തിപ്പോയതോ ആയ അഭിനേതാക്കളെ നിർമിതബുദ്ധിയുടെ സഹായത്തോടെ സാങ്കേതികമായി നിർമിച്ചെടുത്ത് ചിത്രീകരിക്കുന്നു. ഒരാളുടെ രൂപത്തെ ചിത്രീകരിക്കുന്നതുപോലെതന്നെ അവരുടെ ശബ്ദങ്ങളും നിർമിക്കാൻ കഴിയുന്നു. മരിച്ചുപോയ പല ആളുകളുടെയും ശബ്ദങ്ങൾ ഡീപ് ഫേക്ക് ഉപയോഗിച്ച് പുനർനിർമിച്ച് സിനിമകളിൽ ഡബ്ബ്ചെയ്തിരിക്കുന്നത് കാണാനാവും. തമിഴ് സിനിമയായ ഇന്ത്യൻ 2വിൽ അന്തരിച്ച നെടുമുടിവേണു, വിവേക്, മനോബാല എന്നിവരുടെ കഥാപാത്രങ്ങൾ ഡീപ് ഫേക്ക് വഴിയാണ് ചിത്രീകരിച്ചിരിക്കുന്നത്. അടുത്തിടെ ഇറങ്ങിയ 'രേഖാചിത്രം' എന്ന മലയാളസിനിമയിൽ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് 'കാതോടു കാതോരം' സിനിമയിലുള്ള മമ്മൂട്ടിയുടെ കഥാപാത്രത്തെ പുനഃസൃഷ്ടിച്ചിരുന്നു. ഈ സാങ്കേതികവിദ്യയുടെ പരീക്ഷണത്തിൽ അന്തരിച്ച പല ഗായകരുടെയും ശബ്ദത്തിൽ ഇന്ന് പാട്ടുകൾ നിർമിക്കുകയും അവ സിനിമകളിൽ ഉപയോഗിക്കുകയും ചെയ്തിരിക്കുന്നതായും കാണാം.

മറ്റൊരു പ്രധാനപ്പെട്ട സാങ്കേതികവിദ്യയാണ് ബോഡിഡബിൾസ് ടെക്നോളജി. സിനിമകളിലെ ചില രംഗങ്ങൾ അഭിനയിക്കാൻ വിമുഖത പ്രകടിപ്പിക്കുന്ന അഭിനേതാക്കളുടെ അഭാവത്തിൽ മറ്റൊരു നടനെ/നടിയെകൊണ്ട് ആ ഭാഗം അഭിനയിപ്പിക്കുന്നു. അഭിനേതാവിന്റെ രൂപസാദൃശ്യമുള്ള മറ്റൊരാളാവും അത് ചെയ്യുന്നത്. ഇത്തരത്തിൽ അഭിനേതാക്കളുമായി പൊരുത്തപ്പെടുന്ന തരത്തിൽ മറ്റൊരാളെ അഭിനയിപ്പിക്കുന്ന സാങ്കേതികവിദ്യയാണ് ബോഡിഡബിൾസ്. സംഘട്ടനം, നഗ്നതാപ്രദർശനം, അപകടകരമായ രംഗങ്ങൾ എന്നിവയിൽ ബോഡി ഡബിൾസ് ഉപയോഗിക്കുന്നു. പകരംവരുന്ന ആളിന്റെ മുഖം സിനിമയുടെ പോസ്റ്റ്-പ്രൊഡക്ഷനിൽ എഡിറ്റുചെയ്ത് മാറ്റുകയും പകരം അഭിനേതാവിന്റെ മുഖം വെക്കുകയുമാണ് ചെയ്യുക.

ഉയർന്ന നിലവാരം പുലർത്തുന്ന 4k, 8k റെസല്യൂഷനുകളുള്ള ഹൈ-ഡെഫനിഷൻ ക്യാമറകൾ അവതരിപ്പിച്ചത് സിനിമകളുടെ രൂപത്തെത്തന്നെ മാറ്റിമറിച്ച ഒന്നായിരുന്നു. ഇത് കാഴ്ചക്കാരിൽ ദൃശ്യാനുഭവം വർദ്ധിപ്പിക്കുന്നു. സിനിമയിൽ 4k, 8k ക്യാമറകളുടെ പ്രാധാന്യം അൾട്രാ-ഹൈ-ഡെഫനിഷൻ (UHD) ഇമേജുകൾ ചിത്രീകരിക്കുക എന്നതു മാത്രമല്ല, അവ സിനിമയുടെ ചിത്രീകരണത്തിനുശേഷമുള്ള കാര്യങ്ങളെയും സ്വാധീനിക്കുന്നുണ്ട്. എഡിറ്റിങ് പോലുള്ള ഭാരമേറിയ ജോലികൾ മറ്റുള്ള ചിത്രീകരണത്തെ അപേക്ഷിച്ച് ഇവിടെ കൂടുതൽ എളുപ്പമാവുന്നു. ഷോട്ടുകൾ പുനർരൂപകൽപ്പന ചെയ്യുന്നതിനും വിഷ്വൽ ഇഫക്റ്റുകൾ മെച്ചപ്പെടുത്തുന്നതിനും കളർഗ്രേഡിംഗ് മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ചലച്ചിത്ര നിർമാതാക്കൾ ഇവയെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നു. 3D പോലുള്ള സാങ്കേതികതയുടെ ദൃശ്യമികവും ആഴവും കാഴ്ചക്കാരിൽ പൂർണതയോടെ എത്തിക്കാൻ ഇത്തരം ഉയർന്ന ദൃശ്യനിലവാരത്തിലുള്ള ക്യാമറകൾ വലിയ പങ്കുവഹിക്കുന്നുണ്ട്.

സിനിമകളിൽ ദൃശ്യങ്ങൾപോലെതന്നെ വളരെയധികം പ്രാധാന്യമുള്ളതാണ് ശബ്ദങ്ങൾ. ഡോൾബി അറ്റ്മോസ്, ഡിടിഎസ് തുടങ്ങിയ ശബ്ദസാങ്കേതികവിദ്യകൾ സിനിമയ്ക്ക് ഒരു പുതിയമാനം നൽകുകയും ഈ നൂതന ശബ്ദസാങ്കേതികവിദ്യകളുടെ വരവ് സിനിമകളിലെ ശബ്ദത്തിന്റെ പങ്ക് വിപ്ലവകരമാക്കുകയും ചെയ്തു. ഇത് ദൃശ്യങ്ങളെ പൂർത്തീകരിക്കുന്ന ആഴത്തിലുള്ള ശ്രവണാനുഭവവും സൃഷ്ടിക്കുന്നു. നമ്മളെ സിനിമകളിലേക്ക് മുഴികിപ്പിക്കാൻ ഈ ശബ്ദസാങ്കേതികവിദ്യകൾക്ക സാധിക്കുന്നു. ഈ സാങ്കേതികവിദ്യകൾ ഒരു മാനത്തിൽ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

(Dimension)നിന്ന് മാത്രം പുറപ്പെടുവിപ്പിക്കുന്ന സ്പെഷ്യൽ ഓഡിയോയുടെ അതിരുകൾ മറികടക്കുകയും ഒരു ബഹു-മാന (Multi-Dimensional) ശബ്ദാനുഭവം സൃഷ്ടിക്കുകയും ചെയ്യുന്നു. പരമ്പരാഗതമായുള്ള സറൗണ്ട് ശബ്ദ സാങ്കേതികതയിൽനിന്നു വ്യത്യസ്തമായി, പ്രേക്ഷകർക്ക് ചുറ്റുമുള്ള സ്പീക്കറുകൾ വഴി (മുന്നിൽ, വശങ്ങളിൽ, പുറകിൽ) ഡോൾബി അറ്റ്മോസ് ഓഡിയോ അനുഭവത്തിന് കൂടുതൽ മെച്ചപ്പെട്ട നിലവാരം നൽകുന്നു. ഇതിന് മുകളിൽനിന്നും ചുറ്റുപാടുകളിൽനിന്നും ശബ്ദങ്ങൾ കേൾക്കുന്ന അനുഭവമുണ്ടാക്കാനാവും. അതിനാൽത്തന്നെ മുകളിൽനിന്നു പറക്കുന്ന ഹെലികോപ്റ്ററുകളുടെയോ മുകളിൽനിന്നു വീഴുന്ന മഴയുടെയോ ശബ്ദം കൂടുതൽ യാഥാർഥ്യബോധമുള്ളതായി മാറുന്നു, കാരണം പ്രേക്ഷകർക്ക് ചുറ്റുമുള്ള 360 ഡിഗ്രി സ്ഥലത്തുനിന്നും ശബ്ദം വരുന്നതായി തോന്നുന്നു. ഡോൾബി അറ്റ്മോസ്, ഔറോ 3D തുടങ്ങിയ സംവിധാനങ്ങളിലൂടെ ത്രിമാനശബ്ദവും നിർമിക്കുന്നു. ഈ ശബ്ദം ശ്രോതാവിന് ചുറ്റും ത്രിമാന സ്ഥലത്താണ് ചലിക്കുന്നത്. ഇത് സ്ഥലാവബോധം മെച്ചപ്പെടുത്തുകയും സിനിമയുടെ അന്തരീക്ഷത്തിൽ മുഴുകാൻ പ്രേക്ഷകരെ സഹായിക്കുകയും ചെയ്യുന്നു. ഇത് സിനിമാസ്വാദനത്തെ വളരെയധികം സ്വാധീനിച്ചിരിക്കുന്ന ഒന്നാണ്.

3D പോലുള്ള സാങ്കേതികവിദ്യയിൽനിന്നും ഒരുപടിയുംകൂടി മുന്നോട്ടുനീങ്ങി 4Dയിലേക്ക് എത്തിനിൽക്കുകയാണ് ഇന്ന് സിനിമാലോകം. സിനിമയിൽ ചിത്രീകരിച്ചിരിക്കുന്ന രംഗങ്ങളുമായി തിയറ്ററിൽ സംഭവിക്കുന്ന പ്രത്യേക ഇഫക്റ്റുകളെ സംയോജിപ്പിക്കുന്ന ഒന്നാണ് 4ഡി സാങ്കേതികവിദ്യ. മോഷൻസീറ്റ് ഇഫക്റ്റിലൂടെ ചലനം, സെന്റ് ഇഫക്റ്റിലൂടെ സുഗന്ധം, വാട്ടർസ്പ്രേ ഇഫക്റ്റിലൂടെ മഴ, മൂടൽമഞ്ഞ് എന്നിവ, വിന്റ് ആന്റ് എയർ ഇഫക്റ്റിലൂടെ കാറ്റ്, ടെമ്പറേച്ചർ ഇഫക്റ്റിലൂടെ താപനില മാറ്റങ്ങൾ, വൈബ്രേഷൻ ഇഫക്റ്റിലൂടെ ഭൂമികുലുക്കം എന്നിവ 4ഡി സിനിമകളിൽനിന്ന് പ്രേക്ഷകർക്ക് നേരിട്ട് അനുഭവിക്കാൻ കഴിയുന്നു.

ഉപദർശനങ്ങൾ

ആധുനികസിനിമയുടെ പരിണാമത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിലൂടെ സിനിമകൾ വിനോദിപ്പിക്കുക മാത്രമല്ല, സാമൂഹിക യാഥാർത്ഥ്യങ്ങളുടെ നിർമ്മാണത്തിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നുവെന്ന നിഗമനത്തിലേക്കെത്താം. ആദ്യകാല സിനിമകളിലെ ഒഴിവാക്കൽ രീതികളിൽനിന്നുമാറി എല്ലാത്തിനെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള ആഖ്യാനപരിവർത്തനം, കൂട്ടായ അവബോധത്തെ രൂപപ്പെടുത്തുന്നതിലുള്ള സിനിമയുടെ ശക്തമായ പങ്കിനെ വെളിപ്പെടുത്തുന്നു. സിനിമകളിൽ പുതിയ സാങ്കേതികവിദ്യകളുടെ സംയോജനം ചലച്ചിത്ര പ്രവർത്തകർക്ക് പരിധിയില്ലാത്ത സൃഷ്ടിപരമായ സാധ്യതകൾ തുറന്നുകൊടുത്തു. കൂടാതെ യാഥാർത്ഥ്യബോധം വർദ്ധിപ്പിക്കുവാനും ആഴത്തിലുള്ള അനുഭവങ്ങൾ പകരാനും ഇതിലൂടെ കഴിയുന്നു. ഈ മുന്നേറ്റങ്ങൾ കഥകൾ പറയുന്ന രീതിയെ പരിവർത്തനം ചെയ്യുക മാത്രമല്ല കാഴ്ചക്കാരന്റെ അനുഭവത്തെ ഉയർത്തുകയും ചെയ്തു.

വെർച്വൽ റിയാലിറ്റി ഓഗ്മെന്റഡ് റിയാലിറ്റി പോലുള്ള പുതിയ സാങ്കേതികവിദ്യകൾ സിനിമയുടെ ഭാവി കൂടുതൽ ആവേശകരവും വിപ്ലവകരവുമാക്കുകയും ചെയ്യുന്നു. വിഷ്വൽ ഇഫക്റ്റുകൾ, സൗണ്ട് ഡിസൈൻ എന്നീ സാങ്കേതികവിദ്യയുടെ പുരോഗതികളിലൂടെ ചലച്ചിത്രപ്രവർത്തകർ അവരുടെ പ്രേക്ഷകരെ സൃഷ്ടിക്കുന്നതിലും വിതരണം ചെയ്യുന്നതിലും സംവദിക്കുന്നതിലും വിപ്ലവം സൃഷ്ടിക്കുന്നു. സിനിമയെ ഒരു രേഖീയ കലാരൂപമായി കാണുന്നതിൽനിന്ന് അതിനെ ഒരു ബഹുതല സാംസ്കാരിക, സാങ്കേതിക ആവാസവ്യവസ്ഥയായി കാണുന്നതിലേക്ക് ഇന്നത്തെ സമൂഹം മാറിയിട്ടുണ്ട്.

ഇത്തരം പുതുസങ്കേതികവിദ്യകൾ സിനിമകളെ കീഴടക്കുമ്പോഴും അതിന്റെ പിന്നിലെ പാർശ്വഫലങ്ങളും പ്രധാനമാണ്. ഡീപ്ഫേക്ക് പോലുള്ള സാങ്കേതികവിദ്യയിലൂടെ അശ്ലീലരൂപത്തിൽ പല ആളുകളെയും ചിത്രീകരിക്കുന്നു. പലപ്പോഴും ഇത് തിരിച്ചറിയാൻ കഴിയാത്തവിധം സാമ്യംപുലർത്തുകയും അവർ സ്വത്വപ്രതിസന്ധി നേരിടുകയും ചെയ്യുന്നു. കൂടാതെ ഇത്തരത്തിലുള്ള ആധുനിക സാങ്കേതികവിദ്യയിലൂടെ ഒരു മനുഷ്യൻ ചെയ്യേണ്ടുന്ന എല്ലാകാര്യങ്ങളും കംപ്യൂട്ടറുകളും നിർമിതബുദ്ധിയും ചെയ്യുന്നതിലൂടെ സിനിമയെ ആശ്രയിച്ച് ജീവിക്കുന്ന ഒരുകൂട്ടം തൊഴിലാളികൾക്കും അഭിനേതാക്കൾക്കും തൊഴിൽസാധ്യത കുറയുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽത്തന്നെയും വളരെയധികം മുന്നോട്ട് പോയിട്ടുള്ള ഈ പുതുസാങ്കേതികവിദ്യ ഒരു പുതുലോകംതന്നെ പ്രേക്ഷകർക്ക് മുന്നിൽ തുറന്നിടുന്നുവെന്നതിൽ സംശയമില്ല.

കുറിപ്പുകൾ

1. ചർച്ച ചെയ്യാനും സാമൂഹികപ്രശ്നങ്ങളെ തിരിച്ചറിയാനും വ്യക്തികൾ ഒത്തുചേരുന്ന ഒരിടത്തെയാണ് പൊതുമണ്ഡലം (Public Sphere) എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. ജർമൻ തത്ത്വചിന്തകനും സാമൂഹികശാസ്ത്രജ്ഞനുമായ ജൂർഗൻ ഹേബർമാസാണ് ഈ ആശയം മുന്നോട്ടുകൊണ്ടുവന്നത്.
2. ആധുനികസിനിമകളിൽ ഉപയോഗിക്കുന്ന ഒരു ചലച്ചിത്രശൈലിയാണ് നിയോ-നോയർ. ഇരുണ്ടതും അശുഭാപ്തിവിശ്വാസം നിറഞ്ഞതുമായ പ്രമേയങ്ങൾ, സങ്കീർണ്ണമായ ആഖ്യാനങ്ങൾ, ധാർമ്മികമായി അവ്യക്തമായ കഥാപാത്രങ്ങൾ എന്നിവയാണ് ഇതിന്റെ പ്രത്യേകത.
3. ഫ്ലാഷ്ബാക്കുകൾ, ഫ്ലാഷ്ഫോർവേഡുകൾ, സമാന്തര ടൈംലൈനുകൾ അല്ലെങ്കിൽ റിവേഴ്സ് ക്രോണോളജി തുടങ്ങിയവ ഉൾപ്പെടുന്ന, സംഭവങ്ങളെ കാലക്രമത്തിൽ അവതരിപ്പിക്കാതെ ക്രമരഹിതമായി ചിത്രീകരിക്കുന്ന ആഖ്യാനങ്ങളെയാണ് നോൺ-ലീനിയർ കഥാഖ്യാനമെന്ന് സൂചിപ്പിക്കുന്നത്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ഗ്രന്ഥസൂചി

- ഗോപിനാഥൻ കെ., സിനിമയും സംസ്കാരവും, കറന്റ് ബുക്സ്, 2005.
- ജോസ് കെ മാനുവൽ, ന്യൂ ജനറേഷൻ സിനിമ, ഡി. സി ബുക്സ്, 2019.
- മുരളികൃഷ്ണ, സിനിമ വീഡിയോ ടെക്നിക്ക്, ഡി സി ബുക്സ്, 2013.
- Mackenzie, A. Et al, Cinema and Technology: Cultures, Theories, Practices, Palgrave Macmillan, 2008.
- Nicholas, Rombes, Cinema in the Digital Age, Wallflower Press, 2009.

ദൃശ്യസൂചിക

1. അമൽ നീരദ്, ഇയോബിന്റെ പുസ്തകം (ഇന്ത്യ/മലയാളം/2014/160"), അമൽ നീരദ് പ്രൊഡക്ഷൻസ്, ഫഹദ് ഫാസിൽ ആന്റ് ഫ്രണ്ട്സ്.
2. ആന്റണി റുസ്സോ, അവഞ്ചേഴ്സ് യുഎസ് /ഇംഗ്ലീഷ്/2019/181"), വാൾട്ട് ഡിസ്നി സ്റ്റുഡിയോ.
3. അരുൺ ചന്തു, ഗഗനചാരി (ഇന്ത്യ/മലയാളം/2024/115"), അജിത് വിനായക ഫിലിംസ്, ക്രിഷന്ദ് ഫിലിംസ്.
4. അശ്വിൻ നാഗ്, കൽക്കി 2898 എ ഡി (ഇന്ത്യ/തെലുങ്കു/2024/181"), വിജയശാന്തി മൂവിസ്.
5. ക്രിസ്റ്റോ ടോമി, ഉള്ളൊഴുക്ക് (ഇന്ത്യ/മലയാളം/2024/123"), ആർ.എസ്.വി.പി മൂവിസ്, മാക്ഗഫിൻ പിക്ചേർസ്.
6. ജെയിംസ് കാമറൂൺ, അവതാർ (യുകെ, യുഎസ്/ഇംഗ്ലീഷ്/2009/162"), 20th സെഞ്ച്വറി ഫോക്സ്.
7. ജിയോ ബേബി, ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ (ഇന്ത്യ/മലയാളം/2021/100"), മാൻകൈന്റ് സിനിമാസ്, സിംമെട്രി സിനിമാസ്, സിനിമാ കുക്ക്സ്.
8. ജീനസ് മുഹമ്മദ്, 9 (ഇന്ത്യ/മലയാളം/2019/148"), പ്രിത്വിരാജ് പ്രൊഡക്ഷൻസ്, എസ് പി വി ഫിലിംസ് ഇന്ത്യ.
9. ജോഫിൻ ടി ചാക്കോ, രേഖാചിത്രം (ഇന്ത്യ/മലയാളം/2025/140"), കാവ്യ ഫിലിം കമ്പനി, ആൻ മെഗാ മീഡിയ.
10. ഭരതൻ, കാതോട്ട കാതോരം (ഇന്ത്യ/മലയാളം/1985/121"), സെവെൻ ആർട്സ് ഫിലിംസ്.
11. മനു അശോകൻ, ഉയരെ (ഇന്ത്യ/മലയാളം/2019/125"), എസ്ക്യൂബ് ഫിലിംസ്, ഗൃഹലക്ഷ്മി പ്രൊഡക്ഷൻസ്.
12. മനീഷ് ശർമ, ഫാൻ, (ഇന്ത്യ/ഹിന്ദി/2016/138"), യഷ് രാജ് ഫിലിംസ്.
13. മഹേഷ് നാരായണൻ, സി യു സൂൺ (ഇന്ത്യ/മലയാളം/2020/98"), ഫഹദ് ഫാസിൽ ആന്റ് ഫ്രണ്ട്സ്.
14. മിഥുൻ മാനുവൽ തോമസ്, അഞ്ചാം പാതിരാ (ഇന്ത്യ/മലയാളം/2020/144"), ആഷിക് ഉസ്മാൻ പ്രൊഡക്ഷൻസ്, മാനുവൽ മൂവി മേക്കർസ്.
15. നീരജ് പാണ്ഡേ, എം എസ് ധോണി: ദി അൺ ടോൾഡ് സ്റ്റോറി (ഇന്ത്യ/ഹിന്ദി/2016/190"), ഫോക്സ് സ്റ്റാർ സ്റ്റുഡിയോസ്, ഫ്രൈഡേ ഫിലിം വർക്സ്.
16. രഞ്ജിത്ത് കമല ശങ്കർ, സലിൽ വി, ചതുർമുഖം (ഇന്ത്യ/മലയാളം/2021/138"), ജിസ് ടോംസ് മൂവീസ്, മഞ്ജുവാര്യർ പ്രൊഡക്ഷൻസ്.
17. രവികുമാർ കെ എസ്, ആദവൻ (ഇന്ത്യ/തമിഴ്/2009/168"), റെഡ് ജയന്റ് മൂവിസ്.
18. രാഹുൽ സദാശിവൻ, ഭ്രമയുഗം (ഇന്ത്യ/മലയാളം/2024/139"), വൈ എൻ ഒ റ്റി സ്റ്റുഡിയോസ്, നൈറ്റ് ഷിഫ്റ്റ് സ്റ്റുഡിയോസ്.
19. രാഹുൽ സദാശിവൻ, ഭൂതകാലം (ഇന്ത്യ/മലയാളം/2022/105"), പ്ലാൻ റ്റി ഫിലിംസ്, ഷെയിൻ നിഗം ഫിലിംസ്.
20. ലിജോ ജോസ് പെല്ലിശ്ശേരി, ചുരുളി (ഇന്ത്യ/മലയാളം/2021/114"), മൂവി മൊണാസ്ട്രി, ചെമ്പോസ്കി മോഷൻ പിക്ച്ചർ.
21. ലിജോ ജോസ് പെല്ലിശ്ശേരി, ജല്ലിക്കെട്ട് (ഇന്ത്യ/മലയാളം/2019/95"), ഓപസ് പെന്റ.
22. ലിജോ ജോസ് പെല്ലിശ്ശേരി, നൻപകൽ നേരത്ത് മയക്കം (ഇന്ത്യ/മലയാളം/2023/104"), മമ്മൂട്ടി കമ്പനി, ആമേൻ മൂവി മൊണാസ്ട്രി.
23. വെങ്കട്ട് പ്രഭു, ഗോട്ട് (ഇന്ത്യ/തമിഴ്/2024/183"), എ ജി എസ് എന്റർടൈൻമെന്റ്.
24. ശങ്കർ എസ്, ഇന്ത്യൻ 2 (ഇന്ത്യ/തമിഴ്/2040/180"), ലൈക പ്രൊഡക്ഷൻസ്, റെഡ് ജയന്റ് മൂവിസ്.
25. ശിവ കൊരടല, ആചാര്യ (ഇന്ത്യ/തെലുങ്കു/2022/154"), കൊനിഡെല പ്രൊഡക്ഷൻ കമ്പനി.
26. ശ്രീനാഥ് രാജേന്ദ്രൻ, കുറുപ്പ് (ഇന്ത്യ/മലയാളം/2021/155"), വെയ്ഫെറർ ഫിലിംസ്, എം സ്റ്റാർ എന്റർടെയിൻമെന്റ്സ്.
27. ശ്രീനിവാസ് എം ജി, ഗോസ്റ്റ് (ഇന്ത്യ/കന്നഡ/2023/132"), സന്ദേശ് പ്രൊഡക്ഷൻസ്
28. സൗന്ദര്യ രജനികാന്ത്, കൊച്ചടൈയാൻ (ഇന്ത്യ/തമിഴ്/2014/124"), ഇറോസ് ഇന്റർനാഷനൽ.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

29. റോഷൻ ആൻട്രൂസ്, ഹൗ ഓൾഡ് ആർ യു (ഇന്ത്യ/മലയാളം/2024/141"), മാജിക്ക് ഫ്രെയിംസ്.

ഇ – സൂചിക

1. https://www.quantzig.com/blog/4-media-trends-film-industry/
2. https://www.researchgate.net/publication/369884169_Recent_Trends_in_Cinema
3. https://www.researchgate.net/publication/228448250_Production_Technology_and_Trends_in_Movie_Content_An_Empirical_Study
4. https://glidegear.net/blogs/news/7-emerging-filmmaking-technologies-and-trends-to-watch?srsltid=AfmBOorJJGlukilZD9c4F8beHdbnpVjPuTf8QYCETUlSdb0uqSwyd6Av
5. https://www.filmibeat.com/top-listing/from-shah-rukh-khans-fan-to-vijay-s-g-o-a-t-how-de-aging-technology-is-transforming-indian-cinema-7-3150.html

About the researcher:
ഗൗതമൻ തായാട്ട്
ഗവേഷകൻ, മലയാളവിഭാഗം, മദ്രാസ് സർവകലാശാല, ചെന്നൈ
Email: gauthamanthayat@gmail.com, Mob: 9497612143

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0008

ചലച്ചിത്രഭാഷയിലെ ഹിംസാഖ്യാനവും അക്രമരാഹിത്യ സിദ്ധാന്തവും

» അനന്ദു വി എം

പ്രബന്ധസംഗ്രഹം

സിനിമകളിൽ കടന്നുവരുന്ന അക്രമാസക്തമായ ലൈംഗികത, കൊലപാതകം, ആത്മഹത്യ, സാഡിസ്റ്റ്/മസോക്കിസ്റ്റ് സ്വഭാവത്തിലുള്ള ശാരീരികപീഡനം എന്നിവയ്യൊക്കെ സാമൂഹികമാനങ്ങളുണ്ട്. അഹിംസയ്ക്ക് നന്മയുടെ സ്വഭാവമോ, ഹിംസയ്ക്ക് തിന്മയുടെ സ്വഭാവമോ അല്ല ഉള്ളത്. വ്യവസ്ഥതന്നെയാണ് ഹിംസയെയും അഹിംസയെയും നിർമ്മിക്കുന്നത്. ഹിംസയുടെയും അഹിംസയുടെയും വ്യവസ്ഥാപിത വായനയാണ് ഹിംസയെന്നാൽ തിന്മയും അഹിംസയെന്നാൽ നന്മയുമെന്നത്. മികച്ച കലാസൃഷ്ടികളിൽ ഹിംസയ്ക്കുള്ളിലെ അഹിംസയെയും അഹിംസയ്ക്കുള്ളിലെ ഹിംസയെയും അവതരിപ്പിക്കാൻ കഴിയും. ഭാരതീയവും വൈദേശികവുമായ ഇതിഹാസങ്ങളിലെ ഇത്തരം ആഖ്യാനങ്ങൾ നമുക്ക് പരിചിതമാണ്. ചലച്ചിത്രങ്ങളിലും ഇത് സാധ്യമാണ്. ഹിംസ എന്ന പ്രമേയത്തെ ചലച്ചിത്രങ്ങളിൽ എപ്രകാരമാണ് ക്രിയാത്മകമായി അവതരിപ്പിക്കുന്നത് എന്ന അന്വേഷണമാണ് ഈ പ്രബന്ധം.

താക്കോൽവാക്കുകൾ

ഹിംസ , അഹിംസ, അക്രമരാഹിത്യസിദ്ധാന്തം

....

ആമുഖം

ചരിത്രാതീതകാലം മുതൽ ചുറ്റുപാടുകളോട് ഹിംസാത്മകമായി കലഹിച്ച് വികസിച്ചുവന്നൊരു സമൂഹത്തിലെ അംഗമാണ് മനുഷ്യൻ, ഡാർവിന്റെ പരിണാമസിദ്ധാന്തം മുതലിങ്ങോട്ടുള്ള ഏതൊരു സാമൂഹിക, ജൈവികസിദ്ധാന്തങ്ങളുടെയും ഒരു തൂൺ ഹിംസയിലൂന്നിയാണ് നിൽക്കുന്നത്. ഇരുവശത്തുമായി ഹിംസയും അഹിംസയും തൂങ്ങുന്ന ത്രാസാണ് സമൂഹം. സ്വാഭാവികമായും സമൂഹത്തിന്റെ പ്രതിഫലനം ചലച്ചിത്രങ്ങളിലുമുണ്ടാകും. ദക്ഷിണകൊറിയൻ സംവിധായകനായ കിം കി ഡുക്കിന്റെ സിനിമകളെ മുഖ്യദത്തമായി പരിഗണിക്കുന്ന ഈ പഠനത്തിൽ മലയാളം, തമിഴ്, ഹിന്ദി, വിദേശഭാഷാചിത്രങ്ങളെയും പരിഗണിക്കുന്നുണ്ട്.

അടിസ്ഥാനപരമായി ശാരീരികം, ലൈംഗികം, ആത്മീയം, വൈകാരികം, മാനസികം, സാംസ്കാരികം, സാമ്പത്തികം, വാചികം, ഉപേക്ഷ എന്നീ നിലകളിലാണ് ഹിംസയെ വിവേചിക്കുക. എന്നാൽ മുതലാളിത്തം, ഫാസിസം, സാമ്രാജ്യത്വം മുതലായ അധിനിവേശങ്ങളെല്ലാം ഹിംസതന്നെ യാണ്. പതിനാറാം നൂറ്റാണ്ടിൽ പാരീസിൽ നിലനിന്നിരുന്ന പൂച്ചയെ കത്തിക്കൽ ആചാരവും, മനുഷ്യ-മൃഗബലിയും ഹിംസയാണെന്ന് നിസംശയം പറയുമ്പോൾ ശുദ്ധാജലചൂഷണവും, ഏകാധിപത്യവും ഇതിൽനിന്നും വ്യത്യസ്തമല്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്. കുട്ടികൾക്കിടയിൽ സാധാരണയായി ഉണ്ടാകുന്ന കളിപ്പാട്ടത്തർക്കങ്ങൾപോലും മുതലാളിത്തത്തിന്റെ ഫലമായി ഉണ്ടാകുന്ന ഹിംസയാണ്. മുലകുടിച്ചു തുടങ്ങുന്ന കുട്ടി അമ്മയുടെ മുലക്കണ്ണുകളിൽ കടിക്കുന്നിടത്ത് ആരംഭിക്കുന്ന സാഡിസ്റ്റ് ഹിംസ അവന്റെ ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിലും വ്യത്യസ്തരൂപത്തിൽ പ്രകടമാക്കപ്പെടുന്നുണ്ട്. ക്രിസ്റ്റഫർ കാൾഡ്വെൽ ഹിംസയില്ലാത്ത അവസ്ഥയെ (അഹിംസ) അടയാളപ്പെടുത്തുന്നത് ബൂർഷാ അക്രമരാഹിത്യ സിദ്ധാന്തമായാണ്. സമൂഹത്തിനെ ചലനാത്മകമാക്കുന്നത് ഹിംസ – അഹിംസ വൈരുദ്ധ്യമാണ്. ഇതേ വൈരുദ്ധ്യമാണ് ചലച്ചിത്രങ്ങളിലുമുള്ളത്.

ഹിംസ അല്ലെങ്കിൽ കുറ്റമെന്നതൊരു സാമൂഹിക പ്രക്രിയയാണ്. കിം കി ഡുക്ക് അദ്ദേഹത്തിന്റെ വിവാദമായ ഒരു അഭിമുഖത്തിൽ ഈ ആശയത്തെ തന്റെ സിനിമകളിൽ ഉൾക്കൊള്ളിച്ചതായി അംഗീകരിക്കുന്നുണ്ട്. ദക്ഷിണകൊറിയൻ സാമൂഹികപശ്ചാത്തലം മനുഷ്യന് അനുവദിച്ച നൽകുന്ന പരിമിതമായ സ്വാതന്ത്ര്യത്തിൽ ഹിംസാത്മകതയുമുൾച്ചേർന്നിരിക്കുന്നു. നിരന്തരം സംഘർഷത്തിലേർപ്പെട്ടിരിക്കുന്ന ഒരു ജനസമൂഹത്തിന് മറ്റെങ്ങനെയാണ് നിലനിൽക്കാൻ കഴിയുക. കിം കി ഡുക്കിന്റെ മേബിയസ് (Moebius) എന്ന ചിത്രം ഹിംസ ഒരു സാമൂഹിക പ്രക്രിയയാണ് എന്ന വാദത്തിന് ബലം നൽകുന്നു. അഗസ്റ്റ് ഫെർഡിനന്റ് മേബിയസ് (August Ferdinand Mabius) എന്ന ഗണിതജ്ഞൻ അവതരിപ്പിച്ച ഒരു വശം മാത്രമുള്ള പ്രതലമാണ് മേബിയസ്. ഇരുവശങ്ങളില്ലാത്ത, ഏകവശം മാത്രമുള്ള സാമൂഹികക്രമവും ദായക്രമവും ഹിംസാ നിർമ്മിതിയുടെ ഭാഗമാണ്. പിതാവിന്റെ ലൈംഗിക ആർത്തിയുടെ ഫലമാണ് പുത്രന് സംഭവിക്കുന്ന ലിംഗഛേദം. അതിന് കാരണമാകുന്നത് അമ്മയും. സ്ത്രീയും പുരുഷനും തമ്മിലുള്ള ഉല്പാദനപരമായ പ്രക്രിയ്ക്കപ്പുറം ലൈംഗികത പിതാവിന്റെ അതികാമത്തിന്റെയും, മാതാവിന്റെ നിഷ്കാമത്തിന്റെയും അടയാളമായി തീരുമ്പോഴാണ് പുത്രൻ ഷണ്ഡീകരണത്തിന് വിധേയമാകുന്നത്. ഈ അവസ്ഥ മാതൃ-പുത്ര ലൈംഗികതയിലേക്ക് ചെന്നെത്തുന്നു. മാതാവിലേക്കുള്ള മടക്കത്തിന്റെ ദുരന്തക്കാഴ്ചയാണ് ഈ ചിത്രത്തിലെ ലിംഗഛേദവും മാതൃരതിയും. ഇവിടെ കാണുന്ന ഭർതൃരൂപവും പിതൃരൂപവും ബൂർഷാനാഗരികതയുടെ ചട്ടക്കൂടിനുള്ളിൽ കറങ്ങുന്ന വ്യവസ്ഥിതിയാണ്. കുറ്റവും ഹിംസയും സാമൂഹികപ്രക്രിയയുടെ ഭാഗമായി മാറുന്നത് ഈ വ്യവസ്ഥിതിക്കുള്ളിലാണ്. ഈഡിപ്പസിന് അച്ഛനെ വധിക്കേണ്ടിവന്നതും അമ്മയെ പരിണയിക്കേണ്ടിവന്നതും സമൂഹമംഗീകരിച്ച യുദ്ധവ്യവസ്ഥിതി അപ്രകാരമായതുകൊണ്ടാണ്.

ക്രൊക്കഡൈൽ (Crocodile) എന്ന ചിത്രത്തിൽ 'മുതല' എന്ന് വിളിപ്പേരുള്ള യുവാവ് ആത്മഹത്യാകേന്ദ്രം എന്ന് പേരുനേടിയ ഹാൻ നദിയിൽ ചാടിയ പെൺകുട്ടിയെ രക്ഷിച്ചശേഷം നദീതീരത്തുവച്ചുതന്നെ ലൈംഗികമായി പീഡിപ്പിക്കുന്നു. സമൂഹത്തെ തീർത്തുമവഗണിച്ച് അവന്റെയുള്ളിലെ നന്മയും തിന്മയും ഒരേസമയം പ്രകടമാകുന്നു. മലയാളസിനിമകളായ ജോജി, ദൃശ്യം, അങ്കമാലി ഡയറീസ്, കെട്ട്യോൾ ആണെന്റെ മാലാഖ തുടങ്ങി നിരവധി ചിത്രങ്ങളിൽ സാമൂഹികവ്യവസ്ഥിതിയിൽ നിർമ്മിതമായ ഹിംസാത്മകത ഉൾച്ചേർന്നിരിക്കുന്നു. പിതൃധികാരരൂപം അടുത്ത തലമുറയിലേക്ക് പ്രയോഗിക്കുന്ന ആണധികാരമാണ് ജോജി എന്ന ചിത്രത്തിലെ സംഘർഷകാരണം. ഹിംസയുടെ സാമ്പത്തിക, വൈകാരിക, മാനസിക, ശാരീരിക പ്രയോഗങ്ങൾ സംഭവിക്കുന്നത് അധികാരത്തിന്റെ അഥവാ അധികാരകേന്ദ്രിതമായ വ്യവസ്ഥയുടെ ഉള്ളിലാണ്. ദൃശ്യം എന്ന ചിത്രത്തിലെ സംഘർഷം സാമൂഹിക നീതിവ്യവസ്ഥയിന്മേലുള്ള ഭയമാണ്. അങ്കമാലി ഡയറീസ് വ്യവസ്ഥയോട് ചേർന്നുപോകാത്ത ഒരു വിഭാഗത്തിന്റെ നിലനില്പിനായുള്ള ഹിംസാത്മകപ്രവർത്തികളാണ്. കെട്ട്യോൾ ആണെന്റെ മാലാഖ എന്ന ചിത്രത്തിലെ വൈവാഹിക ബലാത്സംഗം, ചുരുളി എന്ന ചിത്രത്തിലെ തെറിവാക്കുകൾ, ഉയരെയിലെ ആസിഡാക്രമണം, വടക്കുനോക്കിയന്ത്രത്തിലെ സംശയരോഗം, ലീലയിലെ ലൈംഗികത്തൊഴിലാളികൾ ഒക്കെയും ഇതേ ആശയത്തെ ധ്വനിപ്പിക്കുന്ന ചലച്ചിത്രസൃഷ്ടികളാണ്. വ്യവസ്ഥയുടെ സൃഷ്ടിയായ ഹിംസയും അഹിംസയും പൂർണമായ തിന്മയോ നന്മയോ ആണെന്നുപറയുക സാധ്യമല്ല. വ്യവസ്ഥയെ മാറ്റാതെ ഹിംസയെ മാത്രം ഒഴിവാക്കാൻ ശ്രമിക്കുന്നത് വ്യവസ്ഥയെ അതേപടി നിലനിർത്തുന്നതിന് തുല്യമാണ്. ഹിംസയും കുറ്റവും വ്യവസ്ഥയുടെതന്നെ പിഴവുകളാൽ സംഭവിക്കുന്നതാണെന്ന് കാൾഡ്വലും ഏംഗൽസും അഭിപ്രായപ്പെടുന്നത് ഇതേ കാരണത്താലാണ്.

കിം കി ഡുക്കിന്റെ ചലച്ചിത്രഭാഷ വ്യത്യസ്തമായതിനാൽ ഒരേ ചിത്രത്തിൽതന്നെ ഹിംസാത്മകതയുടെ വ്യത്യസ്ത അവസ്ഥാന്തരങ്ങൾ കാണാൻ സാധിക്കും. ഹിംസയുടെ വൈരുദ്ധ്യാത്മകതയിൽ പ്രധാനം അത് എല്ലായ്പ്പോഴും ക്രൗര്യത്തിൽനിന്നും ഉണ്ടാകുന്നതല്ല എന്നതാണ്. മാസോക്കിസം ഇതിന് ഉദാഹരണമാണ്. സ്വയംപീഡനം ഒരിക്കലും ക്രൗര്യമാകുന്നില്ലല്ലോ. കിം കിയുടെ ബേർഡ് കേജ് ഇൻ (Bird Cage In) എന്ന ചിത്രത്തിൽ ലൈംഗികത്തൊഴിലാളിയായ സുഹൃത്തനുഭവിക്കുന്ന പീഡനങ്ങൾ അസഹനീയമായപ്പോൾ അവൾക്ക് പകരക്കാരിയാവാൻ മുന്നിട്ടിറങ്ങുന്ന പെൺകുട്ടി അനുഭവിക്കുന്നത് കാമുകനെ തോൽപ്പിച്ചതിലൂടെ ലഭിക്കുന്ന മസോക്കിസ്റ്റ് ആനന്ദമാണ്. ദി ഐൽ (The Isle) എന്ന ചിത്രത്തിൽ യോനിക്കുള്ളിലും വായ്ക്കുള്ളിലും നിക്ഷേപിച്ച ചൂണ്ടക്കൊളുത്തുകൾ ശക്തമായി പുറത്തേക്ക് വലിച്ച് സ്വയം മുറിപ്പെടുത്തുന്ന നായികയും നായകനും മാസോക്കിസ്റ്റ് ഹിംസയുടെ അവസാനവാക്കായി അനുഭവപ്പെട്ടേക്കാം. കിം കി ഡുക്കിന്റെ ക്ലാസിക് ചിത്രമായി നിരൂപകാഭിപ്രായം നേടിയ 'സ്പ്രിംഗ്, സമ്മർ, ഫാൾ വിന്റർ ആന്റ് സ്പ്രിംഗ്' (Spring, Summer, Fall Winter and Spring) എന്ന ചിത്രത്തിൽ തവളയുടെ ശരീരത്തിലേക്ക് ചെറിയ കല്ല് കെട്ടിയിട്ടുകൊടുക്കുന്ന കുട്ടി വളർന്നു കൗമാരാവസ്ഥയിൽ എത്തുമ്പോൾ ആശ്രമത്തിൽനിന്നും ഒളിച്ചോടുന്നു. തുടർന്ന് കാമുകിയെ കൊന്നതിന്റെ ജയിൽശിക്ഷ കഴിഞ്ഞ് തിരിച്ച് ആശ്രമത്തിലെത്തുമ്പോൾ ഗുരു മരണപ്പെട്ടിരുന്നു. പാപബോധത്താൽ അവൻ ഒരു ബുദ്ധപ്രതിമ സ്വന്തം ശരീരത്തിൽകെട്ടി മലകയറുന്നു. ഈ മാസോക്കിസ്റ്റ് ഹിംസയിലൂടെ പാപപരിഹാരംനേടി തിരിച്ചെത്തുന്ന അവൻ ആശ്രമഗുരുവായിത്തീരുന്നു. സ്വപീഡിതാഹ്ലാദം ആത്മസംതൃപ്തിയായി മാറുമ്പോൾ കുറ്റകരമല്ലാത്ത ഹിംസയായി ഇവയെ കാണേണ്ടിവരും, അഗ്നിക്കാവടി, ശൂലം കുത്ത്, കുരിശുമായി മലകയറ്റം, ഉണ്ണാവ്രതം തുടങ്ങിയ ആത്മപീഡനാചാരങ്ങൾ ജീവിതത്തിന്റെ ഭാഗമായ നമ്മുടെ സമൂഹത്തിൽ മാസോക്കിസത്തിനെ ഹിംസയായി അംഗീകരിക്കുമോയെന്ന ചോദ്യമവശേഷിക്കുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ഹിംസയുടെ മറ്റൊരുതലത്തിൽ ഇരയും വേട്ടക്കാരനും പരസ്പരപൂരകങ്ങളാണ്. അഥവാ ഇരയ്ക്കും ഹിംസയിൽ പങ്കുണ്ട്. ദറിദയുടെ പ്രഹേളിക (Aporia) ആശയം ഈ ചിന്തയെ പിൻതുടരുന്നു. ഹിംസ ഏകപക്ഷീയമായി നിർമ്മിക്കപ്പെടുന്നവയല്ല. സമൂഹവും വ്യവസ്ഥിതിയും പങ്കാളികളാകുന്നതുപോലെ വ്യവസ്ഥയെ മൗനമായി അംഗീകരിക്കുന്ന ഇരയും മനഃപൂർവ്വമല്ലാതെ കുറ്റത്തിൽ /ഹിംസയിൽ പങ്കാളിയാണ്. കുറ്റവാളി, ഇര എന്നീ സംജ്ഞകൾ ഉപയോഗിച്ച് ഹിംസിച്ചവരെയും ഹിംസിക്കപ്പെട്ടവരെയും അടയാളപ്പെടുത്തുമെങ്കിലും ഈ വിഭജനം കേവലം സാങ്കേതികം മാത്രമാണ്. സൈദ്ധാന്തികമായി ഇരകൂടി അംഗീകരിച്ച സാമൂഹികവ്യവസ്ഥിതിയുടെ ഭാഗമായി സംഭവിക്കുന്ന കുറ്റത്തിൽനിന്നും ഇരയ്ക്ക് മാറിനിൽക്കാൻ കഴിയില്ല. ഈഡിപ്പസിന്റെ കഥയിൽ രാജാവിനെ കൊന്ന് രാജ്ഞിയെ സ്വന്തമാക്കുന്നവൻ യുദ്ധവീരനാണെന്ന വ്യവസ്ഥിതിയെ കൊല്ലപ്പെട്ട രാജാവും അംഗീകരിച്ചിരുന്നു. സാമൂഹിക വ്യവസ്ഥിതിയാണ് രാജാവിനെ അപ്രകാരം ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതെങ്കിലും അവ അംഗീകരിച്ചതിലൂടെ രാജാവ് ഈ ഹിംസയുടെ ഭാഗമാകുന്നു.

സാമൂഹികവ്യവസ്ഥിതി നിർമ്മിച്ച ഹിംസയിൽനിന്നും വിട്ടുനിൽക്കാൻ സാമൂഹികജീവിയായി നിലനിൽക്കുന്ന കാലത്തോളം മനുഷ്യന് സാധ്യമല്ല. കാടിന്റെ നിയമത്തിനനുസൃതമായി സിംഹം മാനിനെ വേട്ടയാടിപ്പിടിക്കുന്നു. അത് ജൈവികസന്തുലിതാവസ്ഥയ്ക്കും സിംഹത്തിന്റെ നിലനിൽപ്പിനും അത്യാവശ്യമാണ്. ഇവിടെ സിംഹവും മാനും തമ്മിൽ സാമൂഹികബന്ധമൊന്നുംതന്നെയില്ല. തന്റെ ഭക്ഷണമെന്നതിനപ്പുറമുള്ള യാതൊരു വിദ്വേഷമോ മമതയോ സിംഹത്തിന് മാനിനോടില്ല. എന്നാൽ സാമൂഹികബന്ധങ്ങളാൽ ചുറ്റപിണഞ്ഞ മനുഷ്യർക്കിടയിൽ സംഭവ്യമാകുന്ന ഹിംസ ഒരിക്കലും ഇപ്രകാരമുള്ളതല്ല. ഇരയ്ക്കും വേട്ടക്കാരനും തുല്യപങ്കാളിത്തം വിവക്ഷിക്കുന്നത് ഇന്നുവരെ സാമുദായികക്രമത്തിന്റെ ഭാഗമായതിനാലാണ്.

കിം കി ഡുക്ക് സിനിമകളിൽ ഇരയോടൊപ്പം നിലവിളിക്കുകയോ, അവർ അനുഭവിച്ച ഹിംസയെ അപലപിച്ച് ഹിംസിച്ചവനെ പ്രതിക്കൂട്ടിൽ നിർത്തുകയോ ചെയ്യുന്നില്ല. ഹിംസയിൽ ഇരയ്ക്കുള്ള പങ്ക് സംശയരഹിതമായി അംഗീകരിക്കുന്നതുകൊണ്ട് കിം കി ഡുക്ക് സിനിമകളിലെ ഇരകൾ കുറ്റത്തിൽ തങ്ങളുടെ പങ്ക് തിരിച്ചറിഞ്ഞ് മുന്നോട്ടുപോകുന്നു. ബാഡ് ഗയ് (Bad Gay), വൈൽഡ് അനിമൽസ് (Wild Animals), റിയൽ ഫിക്ഷൻ (Real Fiction) തുടങ്ങിയ ചിത്രങ്ങൾ ഇവിടെ ഉദാഹരിക്കാം. ലോകത്തിലെ ഏറ്റവും ബീഭത്സമായ ചിത്രങ്ങളിലൊന്നായ എ സർബിയൻ ഫിലിം (A Serbian Film) അവതരിപ്പിക്കുന്ന ജുഗുപ്സാവഹമായ ദൃശ്യങ്ങളിലെ ഹിംസയിൽ നായകകഥാപാത്രത്തിനുള്ള പങ്ക് കാണാതെ പോകരുത്. നീലച്ചിത്ര നിർമ്മാണമേഖലയിലെ അയാളുടെ പ്രവർത്തനങ്ങളുടെ ബാക്കിപത്രമാണ് ഈ ചിത്രത്തിലെ ഹിംസയൊക്കെയും എന്നത് പ്രസക്തമാണ്. റെഡ് ബ്ലെഡ് ഓക്സ് (Red Blood Ox) എന്ന ചിത്രത്തിലെ രതിയും, ചോരയും നായികാകഥാപാത്രത്തിന്റെ മാനസികവ്യാപാരങ്ങളാണ്. ഐ സ്പിറ്റ് ഓൺ യുവർ ഗ്രേവ് (I Spit On Your Grave) എന്ന ചിത്രത്തിന്റെ എല്ലാ പതിപ്പിലും ഇരയ്ക്ക് കുറ്റത്തിൽ നേരിട്ടുള്ള പങ്ക് അടിവരയിട്ടവതരിപ്പിക്കുന്നു. മലയാളചിത്രമായ കലി, തൊണ്ടി മുതലും ദൃക്സാക്ഷിയും, റൈഫിൾ ക്ലബ്ബ്, മാർക്കോ, തമിഴ് ചിത്രം കബാലി തുടങ്ങിയ ചിത്രങ്ങളിലും ഇര, വേട്ടക്കാരൻ എന്നീ തരംതിരിവുകൾ അസാധ്യമായ രീതിയിൽ ഹിംസയിലെ വൈരുദ്ധ്യം കടന്നുവരുന്നു.

സൈദ്ധാന്തികതലത്തിനപ്പുറമായി പ്രേക്ഷകരുടെ ആകാംക്ഷ നിലനിർത്താനും കഥാപാത്രങ്ങളുടെ വീര്യം പ്രകടിപ്പിക്കാനും നിരവധിയായ ഹിംസാവതരണരംഗങ്ങൾ ലോകത്തെ എല്ലാ ഭാഷയിലുമുള്ള സിനിമകളിൽ ഉൾപ്പെടുത്തിക്കാണുന്നു. നിയമവ്യവസ്ഥയെ പേടിക്കാതെയും പിടിക്കപ്പെടാതെയും കൊലയും അക്രമവും നടത്തുന്ന കഥാപാത്രങ്ങൾ മലയാളസിനിമയിലും നിരവധിയുണ്ട്. ഇത്തരം കഥാപാത്രങ്ങളെ അവതരിപ്പിക്കാനും ചിത്രീകരിക്കാനും അണിയറക്കാർ ഉപയോഗിക്കുന്ന സമയവും ഊർജ്ജവും ഒട്ടും ചെറുതല്ല. നന്മയുടെ ചിഹ്നമായ നായകനെ ഉയർത്തിക്കാട്ടാൻ തിന്മയുടെ പ്രതീകമായ പ്രതിനായകനിൽ ഹിംസാത്മകത അനാവശ്യമായി കുത്തിനിറയ്ക്കുന്ന പ്രവണതയും കണ്ടുവരുന്നു. ഇവയും ഹിംസാവതരണത്തിന്റെ ഭാഗം തന്നെയാണ്. കിൽ, ജോൺ വിക്ക് തുടങ്ങിയ ചലച്ചിത്രങ്ങളിൽ അതിഭാവുകത്വവും വൈകാരികതയും കൂട്ടിക്കലർത്തി ഹിംസയെ അവതരിപ്പിച്ചിരിക്കുന്നു. ഇത്തരം മുഖ്യധാരാ ചലച്ചിത്രങ്ങളിലെ ഹിംസാത്മകതയ്ക്ക് ആസ്വാധകരും ഏറെയാണ്. സംഘട്ടനത്തിന് പ്രാധാന്യമുള്ള ആക്ഷൻ സിനിമയും ഹിംസാത്മകതയ്ക്ക് പ്രാധാന്യമുള്ള വയലൻസ് സിനിമയും വേർതിരിച്ചറിയാതെയുള്ള വിമർശനങ്ങൾ സിനിമാനിരൂപണത്തിന് ഭൂഷണമല്ല.

ഉപദർശനങ്ങൾ

ശാരീരികം, ലൈംഗികം, ആത്മീയം, വൈകാരികം, മാനസികം, വാചികം, സാംസ്കാരികം, സാമ്പത്തികം, ഉപേക്ഷ എന്നീ നിലകളിൽ ഹിംസയെ തരംതിരിച്ച് പരിശോധിക്കുമ്പോൾ മനുഷ്യനിലെ ഹിംസാത്മകത ഒരടിസ്ഥാന ചോതനയാണെന്നു മനസിലാകും. ആദിമമനുഷ്യർ നിലനിൽപ്പിനായി മൃഗങ്ങളെ ആക്രമിച്ചപോലെ, ആധുനികമനുഷ്യർ മനുഷ്യനെത്തന്നെ ആക്രമിക്കുന്നു. അധികാരത്തിനും സമ്പത്തിനും ലൈംഗികതയ്ക്കും ആത്മസംതൃപ്തിക്കുംവേണ്ടി പോരടിക്കുന്ന മനുഷ്യർ നിർമ്മിക്കുന്ന കലാസൃഷ്ടിയിലും ആക്രമണത്തിന്റെ സാന്നിദ്ധ്യമുണ്ടാകും. അടർത്തിമാറ്റാനാവാത്ത മനുഷ്യചോതനയെ കലയിലൊഴിവാക്കുന്നതിലർത്ഥമില്ല. ചലച്ചിത്രഭാഷ്യങ്ങളിലെ ഹിംസാത്മകത കലാസൃഷ്ടിയായി പരിഗണിക്കേണ്ടതാണ്. ആസ്വാദകരുടെ ചലച്ചിത്രസാക്ഷരത, സഹൃദയത്വം, താൽപ്പര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഇത്തരം ചിത്രങ്ങളെ സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം. അതല്ലാതെ ഹിംസാവിഷ്കാരത്തിന്റെ നിലവാരം വിലയിരുത്തി

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ചലച്ചിത്രത്തിനെ സാമൂഹികവിപത്തായി കണക്കാക്കുന്നത് ഉചിതമല്ല. ചലച്ചിത്രങ്ങളിലെ ഹിംസ സമൂഹത്തിനെ സ്വാധീനിക്കുന്നതിനെക്കാൾ സമൂഹത്തിലെ ഹിംസാത്മകത ചലച്ചിത്രങ്ങളെ സ്വാധീനിക്കുകയാണ് എന്നതാണ് വാസ്തവം.

ഗ്രന്ഥസൂചി
1. ഒരു സംഘം വിവർത്തകർ, മാർക്സിസവും മാനുഷികമൂല്യങ്ങളും, ചിന്ത പബ്ലിക്കേഷൻസ്, 2009.
2. കോളിൻ വിൽസൺ, ലൈംഗികവാസനകളുടെ ഉത്പത്തി (വിവ. എം.ടി.എ. നായർ), മൾബെറി ബുക്സ്, കോഴിക്കോട്, 1980.
3. ബിജു ഡോ., കിം കി ഡുക്ക്; സിനിമയും ജീവിതവും, എൻ.ബി.എസ്., കോട്ടയം, 2014.
4. വേണു കെ.ബി., കിം കി ദക്ക് – മൗനവും ഹിംസയും, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം, 2015.
5. Derrida, Jacques, Aporias, (Translated by Thomas Dutoit), Stanford University Press, 1993.

ഇ – സൂചിക
1. കിം കി ഡുക്കിന്റെ അഭിമുഖങ്ങൾ – https://youtu.be/ubimYSjdbWs

ദൃശ്യസൂചിക
1. കിം കി ഡുക്ക്, ക്രൊക്കഡൈൽ, (ദക്ഷിണ കൊറിയ/ കൊറിയൻ/1996/102"), സൂൺ യംങ് കിം ഫിലിം.
2. കിം കി ഡുക്ക്, ദി ഐൽ, (ദക്ഷിണ കൊറിയ/കൊറിയൻ/2000/102"), മ്യുങ് ഫിലിംസ്.
3. കിം കി ഡുക്ക്, ബേർഡ് കേജ് ഇൻ, (ദക്ഷിണ കൊറിയ/കൊറിയൻ/1998/105"), ബൂഗി സിനിമ.
4. കിം കി ഡുക്ക്, മേബിയസ്, (ദക്ഷിണ കൊറിയ/നിശബ്ദം/2013/89"), കിം കി ഡുക്ക് ഫിലിം പ്രൊഡക്ഷൻ.
5. കിം കി ഡുക്ക്, ബാഡ്ഗയ്, (ദക്ഷിണ കൊറിയ/കൊറിയൻ/2001/100"), എൽ. ജെ. ഫിലിംസ്, പ്രൈം എന്റർടെയ്ൻമെന്റ്, ട്യൂബ് എന്റർടെയ്ൻമെന്റ്.
6. കിം കി ഡുക്ക്, റിയൽ ഫിക്ഷൻ (ദക്ഷിണ കൊറിയ/കൊറിയൻ/2000/69"), സയിറോം എന്റർടെയ്ൻമെന്റ്, ഷിൻസ്യംങ് സൂ പ്രൊഡക്ഷൻസ്.
7. കിം കി ഡുക്ക്, വൈൽഡ് ആനിമെൽസ് (ദക്ഷിണ കൊറിയ/കൊറിയൻ/1997/105"), ഡ്രീം സിനിമ.
8. കിം കി ഡുക്ക്, സ്പ്രിംഗ്, സമ്മർ, ഫാൾ, വിന്റർ ആന്റ് സ്പ്രിംഗ് (ദക്ഷിണ കൊറിയ/കൊറിയൻ/2003/103"), കൊറിയ പിക്ചേർസ്, എൽ. ജെ. ഫിലിംസ്, പാൻഡോറ ഫിലിംസ്.
9. മിർ സാർച്ചി, ഐ സ്പിറ്റ് ഓൺ യുവർ ഗ്രേവ്, (യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക/ ഇംഗ്ലീഷ്/1978/101"), ദേജാവു ഫിലിം.
10. സ്ർഡ്ജാൻ സ്പാസോജെവിക്, എ സെർബിയൻ ഫിലിം, (സെർബിയ/സെർബിയൻ/2010 /104"), കോൻഡ്രോ ഫിലിം.
11. റോഡ്രിഗോ ബെല്ലറ്റ്, റെഡ് ബ്ലഡ് ഓക്സ് (മെക്സിക്കോ/സ്പാനിഷ്/2021/94"), കാന്റ് ആർ ഫിലിംസ്.

About the researcher:

അനന്ദു വി എം
ഗവേഷകൻ, മലയാളവിഭാഗം,
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
Email: ananduvnair8@gmail.com
Mob: 75610 03132

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0009

അപരനോട്ടത്തിന്റെ ഭാഷകൾ മലയാള സാഹിത്യത്തിൽ ‘ഹിജഡ’, ‘ഛേദാംശജീവിതം,’ ‘വേറിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ’ എന്നീ കൃതികളെ മുൻനിർത്തിയുള്ള വിശകലനം

» അനഘ വി. യു.

പ്രബന്ധസംഗ്രഹം

മലയാളസാഹിത്യത്തിൽ ട്രാൻസ്ജെൻഡർ ദൃശ്യതയെ അടയാളപ്പെടുത്തുന്ന കൃതികൾ വളരെക്കുറവാണ്. അതിൽത്തന്നെ ട്രാൻസ്ജെൻഡർ വ്യക്തികൾ കർത്തൃത്വപദവിയിലേക്ക് ഉയരുന്ന കൃതികൾ വിരളവും. എം.എം. മനോജിന്റെ ‘ഹിജഡ’, എച്ച്മുകുട്ടിയുടെ ‘വേറിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ’ (നോവലുകൾ), പ്രമോദ് രാമന്റെ ‘ഛേദാംശ ജീവിതം’ (കഥ) എന്നിങ്ങനെ വ്യത്യസ്തകാലങ്ങളിൽ രചിക്കപ്പെട്ട മൂന്ന് കൃതികളെ പഠനവിധേയമാക്കിക്കൊണ്ട് അപരനോട്ടത്തിന്റെ ഭാഷ എപ്രകാരമാണ് അവയിൽ പ്രതിഫലിക്കുന്നതെന്ന് കണ്ടെത്താനുള്ള ശ്രമമാണ് പ്രബന്ധത്തിലൂടെ നടത്തുന്നത്.

മൂന്നുകാലങ്ങളിൽ എഴുതപ്പെട്ട കൃതികൾ എപ്രകാരമാണ് സമൂഹത്തോട് സംവദിക്കുന്നതെന്നും കേരളീയപരിസരത്തുനിന്ന് ട്രാൻസ്ജെൻഡർ ജീവിതങ്ങളെ ചിത്രീകരിക്കുന്ന രചനകളൊന്നും സൃഷ്ടിക്കപ്പെടാത്തതിന്റെ സാമൂഹിക പരിതസ്ഥിതികളെന്തെല്ലാമെന്നുമുള്ള അന്വേഷണവും പ്രബന്ധത്തിന്റെ ഭാഗമാണ്.

താക്കോൽവാക്കുകൾ
ക്വീർ, ട്രാൻസ്ജെൻഡർ, ലിംഗപരമായ ദ്വന്ദ്വാത്മകത

....

ആമുഖം

ട്രാൻസ്ജെൻഡർ സ്വത്വത്തെ ആവിഷ്കരിക്കുന്ന കൃതികൾ മലയാളത്തിൽ വിരളമാണ്. 1937–ൽ തകഴിയുടെ സാഹോദര്യം, നാലപ്പാട് നാരായണമേനോന്റെ രതിസാമ്രാജ്യം, 1947–ൽ ബഷീറിന്റെ ശബ്ദങ്ങൾ, 1947–ൽ തന്നെ മാധവികുട്ടിയുടെ സ്ത്രീ, 1954–ൽ പെരുന്ന തോമസ് എഴുതിയ എന്റെ ചീത്ത കഥകൾ, 1952–ൽ എൻ. പി.മുഹമ്മദിന്റെ തിരമാല, 1968–ൽ തകഴിയുടെ പെണ്ണ് തുടങ്ങി ചുരുക്കം ചില കൃതികളാണ് ഈ മേഖലയിൽ എടുത്തുപറയാനുള്ളത്.

1937–ൽ പുറത്തുവന്ന തകഴിയുടെ ‘സാഹോദര്യം’, ക്വീർ പശ്ചാത്തലമുള്ള ഒരു കഥയാണ്. തകഴി അതിന് നൽകിയിരിക്കുന്ന പേര് സാഹോദര്യം എന്നാണ്. കഥ നടക്കുന്നത് ഒരു ജയിലിലാണ്. ജയിലിലെ ഒരേ സെല്ലിലെ തടവുകാരായ ഒരു ചെറുപ്പക്കാരനും വൃദ്ധനും പരസ്പരം വളരെയേറെ അടുത്തുകഴിയുമ്പോഴാണ് ആ ചെറുപ്പക്കാരൻ ജയിൽ മോചിതനാകുന്നത്. പുറത്തിറങ്ങിക്കഴിഞ്ഞിട്ടും ചെറുപ്പക്കാരന് വൃദ്ധനെ പിരിഞ്ഞിരിക്കാൻ സാധിക്കാതെ വരുന്നു. മറ്റൊരു കുറ്റകൃത്യം ചെയ്ത് അയാൾ പിന്നെയും ജയിലിൽ എത്തപ്പെടുന്നു. എന്നാൽ അവിടെ എത്തിയപ്പോഴാണ് അറിയുന്നത് പെട്ടെന്നുണ്ടായ ഹൃദയാഘാതം മൂലം വൃദ്ധൻ മരണമടഞ്ഞിരിക്കുന്നു എന്ന്. ഇതറിയുന്നതും ആ ചെറുപ്പക്കാരൻ ദുഃഖിതനാകുന്നു.

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

അഗാധമായ സൗഹൃദമെന്നോ സാഹോദര്യമെന്നോ സ്നേഹമെന്നോ ഒക്കെ വിശേഷിപ്പിക്കാവുന്ന ബന്ധം അവർക്കിടയിൽ നിലനിന്നിരുന്നതായി കഥയിൽ നിന്നു മനസിലാക്കാം. രണ്ട് പുരുഷന്മാർ തമ്മിലുള്ള ഊഷ്മളമായ ബന്ധത്തെ തകഴി വിശേഷിപ്പിച്ചത് 'സാഹോദര്യം' എന്നാണ്. അക്കാലത്ത് മറ്റൊരു പേരിട്ടും ആ ബന്ധത്തെ വിശദീകരിക്കുക സാധ്യമായിരുന്നില്ല.

മലയാളസാഹിത്യത്തിൽ ട്രാൻസ്ജെൻഡർ ദൃശ്യത പ്രകടമാകുന്ന ആദ്യ കൃതിയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ 'ശബ്ദങ്ങൾ' (1947). അലസമായ ജീവിതം നയിക്കുന്ന കേന്ദ്ര കഥാപാത്രം അയാളുടെ പ്രണയത്തെക്കുറിച്ചുള്ള കഥ പറയുന്ന സന്ദർഭത്തിലാണ് ട്രാൻസ്ജെൻഡർ സ്വത്വമുള്ള കഥാപാത്രം കടന്നുവരുന്നത്. പ്രസ്തുത അദ്ധ്യായത്തിന് 'ആൺവേശ്യ' എന്ന പേരാണ് ബഷീർ നൽകിയിരിക്കുന്നത്. പെൺ-ആൺ സ്വത്വങ്ങളെ മാത്രം കണ്ടുപരിചയമുള്ള അന്നത്തെ സാമൂഹിക അന്തരീക്ഷത്തിൽ 'ആൺവേശ്യ' എന്ന പദമാണ് കൂടുതൽ ഇണങ്ങുന്നതെന്ന് മനസിലാക്കാം. ഹിജഡ കൂട്ടായ്മക്കുള്ളിലെ ഒരു പ്രതിനിധിയായാണ് നോവലിൽ പ്രത്യക്ഷപ്പെടുന്ന ട്രാൻസ്ജെൻഡർ കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്.

മുകളിൽ സൂചിപ്പിച്ച കൃതികൾ കൂടാതെ 'നപുംസകങ്ങൾ' (മാധവിക്കുട്ടി, 1983), 'ഹിജഡ' (മനോജ് എം. എം, 1986), 'ഹിജഡ' (നാരായണപിള്ള എം. പി, 1997), 'ഹിജഡയുടെ കുട്ടി' (ഇന്ദു മേനോൻ, 2007), 'ബുധ സംക്രമണം' (ദിലീപ് കുമാർ കെ, 2010), 'ഛേദാംശ ജീവിതം' (പ്രമോദ് രാമൻ, 2011), 'വേറിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ' (എച്ച്മുക്കുട്ടി, 2017) തുടങ്ങിയ ചുരുക്കം കൃതികൾ മാത്രമാണ് ക്വീർ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടിട്ടുള്ളത്. ഇവയിൽ നിന്നും തെരഞ്ഞെടുത്ത മൂന്ന് കൃതികളെയാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

അപര നോട്ടത്തിന്റെ ഭാഷകൾ

ഹിജഡ (1983)

എം. എം. മനോജിന്റെ 1983–ൽ പ്രസിദ്ധീകരിച്ച ഹിജഡ എന്ന നോവൽ, ഇന്ത്യൻസാഹിത്യത്തിൽ ഹിജഡ സമുദായത്തിന്റെ ജീവിതത്തെ കേന്ദ്രീകരിക്കുന്ന ഒരു അപൂർവ്വരചനയാണ്. മുംബൈ നഗരത്തിന്റെ പശ്ചാത്തലത്തിൽ, ഹിജഡ കൂട്ടായ്മയുടെ സങ്കീർണ്ണമായ ജീവിതവും അവരുടെ ലൈംഗിക-ലിംഗപരമായ വൈവിധ്യങ്ങളും, സാമൂഹിക-സാംസ്കാരിക സന്ദർഭങ്ങളും വിശദമായി അവതരിപ്പിക്കുന്ന ഈ നോവൽ, സമൂഹത്തിന്റെ അരികുവൽക്കരിക്കപ്പെട്ട ഒരു വിഭാഗത്തിന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു. എന്നാൽ, ഈ നോവലിന്റെ പ്രമേയവും അവതരണവും വിമർശനാത്മകമായി പരിശോധിക്കുമ്പോൾ, അതിന്റെ ശക്തിയും പരിമിതികളും വ്യക്തമാകുന്നു.

ഹിജഡ എന്ന നോവൽ, സഹറൻപൂരിലെ ഒരു ഗ്രാമത്തിൽ നിന്ന് മുംബൈയിലെ ഹിജഡ സമുദായത്തിലേക്ക് എത്തിച്ചേരുന്ന നരേഷ് യാദവ് എന്ന യുവാവിന്റെ ജീവിതത്തെ ചുറ്റിപ്പറ്റിയാണ് വികസിക്കുന്നത്. ലിംഗഛേദന ശസ്ത്രക്രിയയിലൂടെ രാധികയായി മാറുന്ന നരേഷിന്റെ ജീവിതം, ഹിജഡ സമുദായത്തിന്റെ ആന്തരികഘടന, ആചാരങ്ങൾ, വിശ്വാസങ്ങൾ, ഉപജീവനമാർഗങ്ങൾ എന്നിവയെ വെളിപ്പെടുത്തുന്നു. മുംബൈ എന്ന മഹാനഗരം, വൈവിധ്യത്തിന്റെയും അവസരങ്ങളുടെയും കേന്ദ്രമായിരിക്കെ, ഹിജഡ സമുദായത്തിന്റെ അരികുവൽക്കരിക്കപ്പെട്ട ജീവിതത്തിന്റെ യാഥാർത്ഥ്യവും അവർ അനുഭവിക്കുന്ന ദുരിതവും നോവലിൽ ആവിഷ്കരിക്കപ്പെടുന്നു. നോവലിന്റെ മുഖ്യപ്രമേയം, ലൈംഗിക-ലിംഗപരമായ വൈവിധ്യമുള്ള വ്യക്തികളുടെ ജീവിതത്തിന്റെ വിവിധതലങ്ങളാണ്. ഹിജഡ സമുദായത്തിന്റെ ഗുരു–ചേലാ സമ്പ്രദായം, ഭിക്ഷാടനം, ശിശുജനനത്തിനും വിവാഹത്തിനും അനുഗ്രഹം നൽകുന്ന ആചാരങ്ങൾ, ലൈംഗിക തൊഴിലിലൂടെ ഉപജീവനം നടത്തുന്നവർ എന്നിവയെല്ലാം നോവലിൽ വിശദമായി ചിത്രീകരിക്കുന്നു. ഇതോടൊപ്പം, ട്രാൻസ്ജെൻഡർ, ഇന്റർസെക്സ്, ബൈസെക്ഷ്വൽ തുടങ്ങിയ ലൈംഗിക-ലിംഗപരമായ സ്വത്വങ്ങൾ അനുഭവിക്കുന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിലൂടെ, നോവൽ സമൂഹത്തിന്റെ ലിംഗപരമായ ദ്വന്ദ്വാത്മകതയ്ക്ക് (Binary Gender Norms) വെല്ലുവിളിക്കുന്നു.

നോവലിലെ കേന്ദ്രകഥാപാത്രമായ രാധിക (നരേഷ് യാദവ്) ഒരു ട്രാൻസ്വുമണാണ്. ഗ്രാമീണജീവിതത്തിൽനിന്ന് മുംബൈയിലെ ഹിജഡ കൂട്ടായ്മയിലേക്കുള്ള അവരുടെ യാത്ര, ലിംഗസ്വത്വത്തിന്റെ പരിവർത്തനത്തിന്റെ ഒരു പ്രതീകാത്മക യാത്രയാണ്. എന്നാൽ, രാധികയുടെ ജീവിതം ഒരു വ്യക്തിഗത കഥ മാത്രമല്ല; ഹിജഡ സമുദായത്തിന്റെ സാമൂഹിക-സാംസ്കാരിക ജീവിതത്തിന്റെ പ്രതിനിധാനമാണ്. നോവലിലെ മറ്റ് കഥാപാത്രങ്ങൾ, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയനായ കിരൺ, ട്രാൻസ്ജെൻഡർ സ്വത്വം പേറുന്ന രേഷ്മ, ഇന്റർസെക്സ് ഐഡന്റിറ്റിയുള്ള തമിണി എന്നിവർ, ലൈംഗിക-ലിംഗപരമായ വൈവിധ്യത്തിന്റെ വിവിധ മുഖങ്ങൾ അവതരിപ്പിക്കുന്നു. കിരണിന്റെ കഥ ഏറ്റവും ദുഃഖകരമാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം, അവർ അനുഭവിക്കുന്ന ആന്തരിക സംഘർഷവും, പുരുഷ-സ്ത്രീ ലിംഗസ്വത്വങ്ങൾ തമ്മിലുള്ള സംഘർഷവും, ആത്മഹത്യയിൽ കലാശിക്കുന്നു. ഇത്, ലിംഗപരമായ പരിവർത്തനത്തിന്റെ മനോവൈകാരിക സാമൂഹികസമ്മർദ്ദങ്ങൾ (Psychological Pressures) വെളിപ്പെടുത്തുന്ന ഒന്നാണ്. 1980കളിലെ സാമൂഹിക സന്ദർഭത്തിൽ, ഈ വിഷയം ചർച്ച ചെയ്യപ്പെടാൻ തുടങ്ങിയ ഒരു കാലഘട്ടത്തിൽ, ഈ നോവൽ ധീരമായ ഒരു സംഭാവനയാണ്. ലൈംഗിക-ലിംഗപരമായ വൈവിധ്യത്തെ അവതരിപ്പിക്കുന്ന ട്രാൻസ്വുമൺ, ഇന്റർസെക്സ്, ബൈസെക്ഷ്വൽ തുടങ്ങിയ കഥാപാത്രങ്ങളെ ഒപ്പിയെടുക്കുന്നതിലൂടെ, പ്രസ്തുത നോവൽ ലിംഗദ്വന്ദ്വാത്മകതയെ (Binary Gender Norms) വെല്ലുവിളിക്കുന്നു. ഗുരു–

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ചേലാ സമ്പ്രദായം, ഭിക്ഷാടനം, അനുഗ്രഹം നൽകുന്ന ആചാരങ്ങൾ എന്നിവയെ വിശദമായി ചിത്രീകരിക്കുന്നതിലൂടെ, ഹിജഡ സമുദായത്തിന്റെ സാംസ്കാരിക ഘടനയെ മനസിലാക്കാനും നോവലിലൂടെ സാധിക്കുന്നുണ്ട്.

ഛേദാംശജീവിതം (2011)

പ്രമോദ് രാമന്റെ ഛേദാംശ ജീവിതം (2011) എന്ന ചെറുകഥ മലയാളസാഹിത്യത്തിൽ ട്രാൻസ്ജെൻഡർ സ്വത്വത്തിന്റെ സങ്കീർണ്ണതകളെ ചിത്രീകരിക്കുന്ന ഒരു പ്രധാന കൃതിയാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയനായ മഞ്ജിത് മേനോന്റെ മഞ്ജുവായുള്ള പരിവർത്തനത്തെ കേന്ദ്രീകരിക്കുന്ന പ്രസ്തുത കഥ ലിംഗസ്വത്വം, ലൈംഗികത, പ്രണയം, ശരീരം എന്നിവയെ സാമൂഹിക-സാംസ്കാരിക നിർമിതികളായി പരിശോധിക്കുന്നു. ഈ കൃതിയെ ക്വീർ സിദ്ധാന്തം (Queer Theory), ട്രാൻസ്ജെൻഡർ പഠനങ്ങൾ (Transgender Studies), ഫെമിനിസ്റ്റ് സിദ്ധാന്തം എന്നിവയുടെ വെളിച്ചത്തിൽ വിമർശനാത്മകമായി വിലയിരുത്താം.

ഛേദാംശ ജീവിതം ലിംഗസ്വത്വത്തിന്റെ ദ്രവത്വത്തെ (Fluidity) പ്രകടമാക്കുന്നു. മഞ്ജിത് മേനോന്റെ മഞ്ജുവായുള്ള പരിവർത്തനം, ലിംഗം ഒരു സ്ഥിരമായ ജൈവിക യാഥാർത്ഥ്യമല്ല, മറിച്ച് ശരീര-മനസ്സ്-സാമൂഹിക ബന്ധങ്ങളുടെ സങ്കീർണ്ണമായ ഇടപെടലാണെന്ന് സൂചിപ്പിക്കുന്നു. കഥയുടെ അവസാനഭാഗത്ത്, മഞ്ജു നേഹയോട് "നിനക്കെന്റെ ആണാകാമോ?" (പ്രമോദ് രാമൻ, 2011:46) എന്ന് ചോദിക്കുന്നത്, ലിംഗസ്വത്വം ഒരു "കായകവചം"പോലെ മാറ്റി ധരിക്കാവുന്നതാണെന്ന ബോധത്തെ പ്രതിനിധീകരിക്കുന്നു. ഈ ചോദ്യം, ബട്ലറുടെ ലിംഗപ്രകടന (Gender Performativity) സങ്കൽപ്പത്തിന് അനുസൃതമായി, ലിംഗനിർമിതിയെ ഒരു തുറന്നപ്രക്രിയയായി ചിത്രീകരിക്കുന്നു. മഞ്ജുവിന്റെ നേഹയോടുള്ള പ്രണയം, ഹെറ്ററോനോർമേറ്റിവിറ്റി (Heteronormativity) എന്ന ആശയത്തെ തകർക്കുന്നു. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം, മഞ്ജു ഒരു പെൺസ്വത്വമായി ചന്ദ്രകാന്തിന്റെ കാമുകിയാകാൻ ശ്രമിക്കുന്നുവെങ്കിലും, നേഹയോടുള്ള പ്രണയം അവളുടെ ലൈംഗികതയെ ഒരു ദ്വന്ദ്വാത്മക ചട്ടക്കൂട്ടിനപ്പുറം സ്ഥാപിക്കുന്നു. ഇത്, ക്വീർ സിദ്ധാന്തത്തിന്റെ അടിസ്ഥാനതത്വമായ, ലൈംഗികതയുടെ വൈവിധ്യവും നിർവചനങ്ങൾക്കതീതവുമായ സ്വഭാവത്തെ ഊട്ടിയുറപ്പിക്കുന്നു. മഞ്ജിതിന്റെ ലിംഗമാറ്റശസ്ത്രക്രിയ ചന്ദ്രകാന്തിന്റെ "ആവശ്യപ്രകാരം" നടക്കുന്നു എന്നവസ്തുത, ലിംഗസ്വത്വം വ്യക്തിഗത ആഗ്രഹങ്ങൾ മാത്രമല്ല, സാമൂഹിക-വൈകാരിക ബന്ധങ്ങളാൽ രൂപപ്പെടുന്നതുമാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ, മഞ്ജുവിന്റെ നേഹയോടുള്ള പ്രണയം, ഈ സാമൂഹികനിർമിതിയെ വെല്ലുവിളിക്കുകയും വ്യക്തിഗത സ്വയംനിർണ്ണയത്തിന്റെ (Self-Determination) പ്രാധാന്യം ഉയർത്തിക്കാട്ടുകയും ചെയ്യുന്നു.

ട്രാൻസ്ജെൻഡർ പഠനങ്ങൾ, ട്രാൻസ് വ്യക്തികളുടെ ജീവിതാനുഭവങ്ങളെ അവരുടെ ശരീരം, സ്വത്വം, സാമൂഹിക സ്ഥാനം എന്നിവയുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നു. സൂസൻ സ്ട്രൈക്കർ (Transgender History, 2008) വാദിക്കുന്നതുപോലെ, ട്രാൻസ്ജെൻഡർ സ്വത്വം, സിസ്ജെൻഡർ (Cisgender) നോർമുകളെ തകർക്കുന്നതിലൂടെ ലിംഗസ്വത്വത്തിന്റെ സാമൂഹിക-രാഷ്ട്രീയ അനന്തസാധ്യതകളെ തുറന്നുകാട്ടുന്നു. ഛേദാംശജീവിതം ലിംഗമാറ്റ ശസ്ത്രക്രിയയുടെ പ്രക്രിയകളെ - കൗൺസിലിംഗ്, മാനസിക പരിവർത്തനം, ശാരീരിക മാറ്റങ്ങൾ - വിശദമായി അവതരിപ്പിക്കുന്നു. "വിദഗ്ധ ഡോക്ടർമാരുടെ കൗൺസിലിങ് കാലയളവിൽ ഉടനീളം ഞാൻ ആ ഉത്തരം ആവർത്തിച്ചു" എന്ന വാചകം, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് മുമ്പുള്ള മെഡിക്കൽ-സൈക്കോളജിക്കൽ പ്രക്രിയകളുടെ സങ്കീർണ്ണതയെ പ്രതിനിധീകരിക്കുന്നു. ഇത്, ട്രാൻസ് വ്യക്തികളുടെ ശരീരപരമായ പരിവർത്തനത്തിന് മുമ്പുള്ള മാനസികാവസ്ഥകളെ ശ്രദ്ധേയമാക്കുന്നു.

വേരിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ (2017)

എച്ച്മുകുട്ടിയുടെ "വേരിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ" എന്ന നോവൽ മലയാളസാഹിത്യത്തിലെ ലൈംഗികവൈവിധ്യവും ലിംഗസ്വത്വവും കേന്ദ്രീകരിച്ച് ശ്രദ്ധേയമായ ഒരു രചനയാണ്. ഈ നോവൽ ലൈംഗികത, ലിംഗബോധം, സാമൂഹിക അംഗീകാരം, വ്യക്തിത്വം എന്നിവയെ ചുറ്റിപ്പറ്റി സങ്കീർണവും സെൻസിറ്റീവുമായ ചോദ്യങ്ങൾ ഉയർത്തുന്നു. ദില്ലിയുടെ പശ്ചാത്തലത്തിൽ, വ്യത്യസ്ത ലിംഗ-ലൈംഗിക സ്വത്വങ്ങളുള്ള കഥാപാത്രങ്ങളുടെ ജീവിതത്തിലൂടെ, സമൂഹത്തിന്റെ പരമ്പരാഗത ധാരണകളെ ചോദ്യംചെയ്യുകയും മനുഷ്യബന്ധങ്ങളുടെ വൈവിധ്യത്തെ ആഘോഷിക്കുകയും ചെയ്യുന്നു.

നോവലിന്റെ ആദ്യ അധ്യായം "അവനവൾ അല്ലെങ്കിൽ അവളവൻ" എന്ന തലക്കെട്ടിലാണ് ആരംഭിക്കുന്നത്. ഈ തലക്കെട്ടുതന്നെ ലിംഗത്തിന്റെ ദ്വന്ദ്വ ധാരണകളെ തകർക്കുന്നതിന്റെ സൂചനയാണ്. ശാന്തി, പൂജ എന്നിവരുടെ ജീവിതത്തിലൂടെ നോവൽ ലെസ്ബിയൻ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ സ്വത്വങ്ങളെ പരിചയപ്പെടുത്തുന്നു. ഈ കഥാപാത്രങ്ങൾ, സമൂഹത്തിന്റെ മുഖ്യധാരാ ലിംഗ-ലൈംഗിക മാനദണ്ഡങ്ങളിൽനിന്ന് വ്യതിചലിക്കുന്നവരാണ്. ശാന്തിയുടെ കണ്ണിലൂടെ, വായനക്കാർക്ക് ഈ വൈവിധ്യമാർന്ന ജീവിതങ്ങളുടെ സന്തോഷങ്ങൾ, വേദനകൾ, പോരാട്ടങ്ങൾ എന്നിവയിലേക്ക് ഒരു ജാലകം തുറക്കപ്പെടുന്നു.

നോവലിന്റെ കേന്ദ്രകഥാപാത്രമായ ശാന്തി ദില്ലിയിലെ എസ് ആന്റ് എസ് എന്ന ആർക്കിടെക്ട് ഫേമിൽ ജോലിക്കായി എത്തുന്നു. ഈ ജോലിസ്ഥലം, വ്യത്യസ്ത ലിംഗ-ലൈംഗിക സ്വത്വങ്ങളുള്ളവർക്ക് ഒരു കൂടിച്ചേരൽ കേന്ദ്രമായി മാറുന്നു. ഇവിടെ, ഗരു, സീമാ, മോനാ, മുന്നി തുടങ്ങിയ ട്രാൻസ്ജെന്റർ കഥാപാത്രങ്ങളെ ശാന്തി

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

കണ്ടുമുട്ടുന്നു. എഴുത്തുകാരി 'ഛക്ക' എന്ന പദം ഉപയോഗിച്ചാണ് ഈ കഥാപാത്രങ്ങളെ അഭിസംബോധന ചെയ്യുന്നത്. 'ഛക്ക' എന്ന വാക്ക്, ഹിന്ദി-ഉർദു പശ്ചാത്തലത്തിൽ ട്രാൻസ്ജെന്റർ സമുദായത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു പദമാണ്, പലപ്പോഴും അവഹേളനാത്മകമായി കണക്കാക്കപ്പെടുന്ന പദംകൂടിയാണത്. എന്നിരുന്നാലും, നോവലിൽ ഈ പദം ഉപയോഗിക്കുന്നത്, സ്വത്വത്തിന്റെ സ്വീകാര്യതയെയും സമുദായത്തിന്റെ ആന്തരിക ഗതിവിഗതികളെയും അടയാളപ്പെടുത്താൻ വേണ്ടിയാണ്.

നോവൽ, ലൈംഗികതയേയും ലിംഗബോധത്തെയും സംബന്ധിച്ച സമൂഹകാഴ്ചപ്പാട്ടുകളെ സൂക്ഷ്മവിശകലനം ചെയ്യുന്നു. ശാന്തിയും പൂജയും തമ്മിലുള്ള ബന്ധം, ലെസ്ബിയൻ/ ബൈസെക്ഷ്വൽ ജീവിതത്തിന്റെ സൂക്ഷ്മതകളെ വെളിപ്പെടുത്തുന്നു. അവരുടെ ബന്ധം, വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെയും സാമൂഹിക അടിച്ചമർത്തലിന്റെയും ഇടയിലുള്ള സംഘർഷങ്ങളെ പ്രതിനിധീകരിക്കുന്ന ഒന്നാണ്. ട്രാൻസ്ജെൻഡർ കഥാപാത്രങ്ങളായ ഗരു, സീമാ, മോന, മുന്നി എന്നിവരുടെ ജീവിതം, ലിംഗസ്വത്വത്തിന്റെ സങ്കീർണതകളെ കൂടുതൽ ആഴത്തിൽ പരിശോധിക്കുന്നുണ്ട്. ഈ കഥാപാത്രങ്ങൾ, സമൂഹത്തിന്റെ അംഗീകാരത്തിനായുള്ള പോരാട്ടത്തിലും, സ്വന്തം സ്വത്വത്തിന്റെ അന്തസ്സിനായുള്ള യാത്രയിലുമാണ്.

ദില്ലിയുടെ നഗരപശ്ചാത്തലം, വൈവിധ്യമാർന്ന സ്വത്വങ്ങൾ ഒത്തുചേരുന്ന ഒരു സ്ഥലമായി ചിത്രീകരിക്കപ്പെടുന്നു. എന്നാൽ, ഈ വൈവിധ്യം എല്ലായ്പ്പോഴും സ്വീകാര്യതയോടെ അംഗീകരിക്കപ്പെടുന്നില്ല. ട്രാൻസ്ജെൻഡർ, ലെസ്ബിയൻ, ബൈസെക്ഷ്വൽ വ്യക്തികൾ നേരിടുന്ന വിവേചനവും, സ്വന്തം ഐഡന്റിറ്റി മനസ്സിലാക്കാനുള്ള അവരുടെ ആന്തരിക സംഘർഷങ്ങളും, നോവൽ വ്യക്തമായി ചിത്രീകരിക്കുന്നു. എഴുത്തുകാരി, ഇന്ത്യൻസമൂഹത്തിന്റെ പരമ്പരാഗത ലിംഗ-ലൈംഗിക മാനദണ്ഡങ്ങളെ വെല്ലുവിളിക്കുകയും, വ്യത്യസ്ത സ്വത്വങ്ങൾക്ക് അംഗീകാരം ആവശ്യപ്പെടുകയും ചെയ്യുന്നു.

നോവലിന്റെ ഭാഷ, സെൻസിറ്റീവും എന്നാൽ ശക്തവുമാണ്. 'ഛക്ക' പോലുള്ള പദങ്ങളുടെ ഉപയോഗം, സമുദായത്തിന്റെ ആന്തരിക ഭാഷയെയും സംസ്കാരത്തെയും പ്രതിഫലിപ്പിക്കുന്നു. ശാന്തിയുടെ കാഴ്ചപ്പാടിലൂടെയാണ് വായനക്കാർക്ക് ഈ അപരലോകത്തിലേക്ക് പ്രവേശനം ലഭിക്കുന്നത്. കഥാപാത്രങ്ങളുടെ മനോവ്യാപാരങ്ങളെ വളരെ സൂക്ഷ്മമായി ചിത്രീകരിക്കാനും എഴുത്തുകാരിക്ക് സാധിച്ചിട്ടുണ്ട്. അവരുടെ വേദന, സന്തോഷം, പ്രതീക്ഷ എന്നിവ വായനക്കാരന്റെ മനസ്സിൽ ആഴത്തിൽ പതിയുന്ന വിധത്തിലാണ് നോവലിന്റെ ആഖ്യാനം നിർവഹിക്കപ്പെട്ടിരിക്കുന്നത്.

'വേറിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ' മലയാളസാഹിത്യത്തിൽ ലൈംഗികവൈവിധ്യത്തെ കേന്ദ്രീകരിച്ച് എഴുതപ്പെട്ട അപൂർവ്വരചനകളിൽ ഒന്നാണ്. ഇന്ത്യൻസാഹിത്യത്തിൽ, പ്രത്യേകിച്ച് മലയാളത്തിൽ, ട്രാൻസ്ജെൻഡർ, ലെസ്ബിയൻ, ബൈസെക്ഷ്വൽ ജീവിതങ്ങൾക്ക് ഇത്രയും സെൻസിറ്റീവും ആഴത്തിലുള്ളതുമായ പ്രതിനിധാനം അപൂർവമാണ്. മുഖ്യധാരാസാഹിത്യത്തിൽ അടയാളപ്പെടുത്തപ്പെടാതെപോയ ശബ്ദങ്ങൾക്ക് ഇടം നൽകുകയും, അവരുടെ കഥകൾ പറയാൻ ഒരു വേദി ഒരുക്കുകയുമാണ് നോവലിലൂടെ എഴുത്തുകാരിയെന്ന് ഉറപ്പിച്ചു പറയാനാവും.

ശാന്തിയുടെയും പൂജയുടെയും കണ്ണിലൂടെയാണ് ട്രാൻസ്ജെൻഡർ സ്വത്വമുള്ള കഥാപാത്രങ്ങളെ വായനക്കാർ കാണുന്നത്. ആകയാൽതന്നെ സമൂഹത്തിന്റെ പൊതുബോധം നൽകുന്ന കണ്ണട ശാന്തിയും ധരിച്ചിരിക്കുന്നു. നോവലിൽ ട്രാൻസ്ജെൻഡർ സ്വത്വം പേറുന്ന ഗരുവിനെ ശാന്തിയുടെ നോട്ടപ്പാടിലൂടെ വിവരിക്കുന്ന രീതി ശ്രദ്ധേയമാണ്,

"ആറടി ഉയരത്തിൽ വലിയൊരു കുടവയറും വിരിഞ്ഞ മാറിടവും ബലിഷ്ഠമായ കരങ്ങളും നരച്ച താടി മീശയുമുള്ള ഒരു ശരീരത്തിൽ സാരിയും മുല്ലപ്പൂവും കുപ്പിവളകളുമെല്ലാം എങ്ങനെ പൊരുത്തപ്പെടുമെന്ന് എനിക്ക് മനസ്സിലാകുന്നില്ല" (എച്ച്മുകുട്ടി, 2017:24).

ഈ വിവരണം, ഗരുവിന്റെ ശരീരവും ലിംഗപ്രകടനവും തമ്മിലുള്ള വൈരുദ്ധ്യ (Perceived Incongruity)ത്തെയാണ് സൂചിപ്പിക്കുന്നത്. പരമ്പരാഗത പുരുഷ ലക്ഷണങ്ങളായ ആറടി ഉയരം, ബലിഷ്ഠമായ കരങ്ങൾ, നരച്ച താടി എന്നിവയുള്ള ഗരുവിന്റെ ശരീരം പെൺലിംഗ പ്രകടനവുമായി (സാരി, മുല്ലപ്പൂ, കുപ്പിവളകൾ) സംവദിക്കുമ്പോൾ, ശാന്തിക്ക് അത് "വല്ലാത്ത ഒരു കാഴ്ച" ആയിത്തോന്നുന്നു. ശാന്തിയുടെ കണ്ണിലൂടെ ഗരുവിനെ "വല്ലാത്ത കാഴ്ച" എന്ന് വിശേഷിപ്പിക്കുന്നത്, ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹം എങ്ങനെ 'Other' ആയി അടയാളപ്പെടുത്തുന്നു എന്നതിന്റെ പ്രതിഫലനം കൂടിയാണ്. ഗരുവിന്റെ ലിംഗപ്രകടനം, സമൂഹത്തിന്റെ സാമൂഹിക മാനദണ്ഡങ്ങളെ (Normative Expectations)-നെ വെല്ലുവിളിക്കുന്നതിനാൽ, അത് ശാന്തിക്ക് പൊരുത്തപ്പെടാത്ത ഒരനുഭവമായി മാറുന്നു. ഈ കൗതുകം, ട്രാൻസ്ജെൻഡർ വ്യക്തികളെ അസാധാരണമായി (Exoticize) ചിത്രീകരിക്കുന്നതിന്റെ ഒരു സൂചനയാണ്, എന്നാൽ അതേസമയം, അവരുടെ മനുഷ്യത്വത്തെ പൂർണമായി അംഗീകരിക്കാൻ ശാന്തി തയ്യാറല്ലെന്നും നോവലിൽ വ്യക്തമാകുന്നുണ്ട്. സീമയും ഗരുവും ദൂരെ നിൽക്കുന്ന വ്യക്തികളായാണ് വായനക്കാർക്ക് അനുഭവപ്പെടുന്നത്. അവരെ കാണുമ്പോൾ ശാന്തിയിൽ ഉണ്ടാകുന്ന കൗതുകങ്ങൾ എല്ലാംതന്നെ ഒരു ട്രാൻസ്ജെൻഡർ വ്യക്തിയെ കാണുമ്പോൾ സമൂഹത്തിനുണ്ടാവുന്ന കൗതുകങ്ങൾ തന്നെയാണ്. എന്നാൽ ശാന്തിയിൽ നിന്ന് വ്യത്യസ്തമായി കുറച്ചുകൂടി പക്വത നിറഞ്ഞതും തിരിച്ചറിവുള്ളതുമായ സമീപനമാണ് പൂജ പുലർത്തുന്നത്. ഗരുവിനെയോ സീമയേയോ കെട്ടിപ്പിടിക്കുന്നതിനോ അവർക്കൊപ്പം സമയം ചിലവിടുന്നതിനോ പൂജയ്ക്ക് യാതൊരുവിധ മടിയും ഉണ്ടാവുന്നില്ല.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

വീട് ഉപേക്ഷിച്ച് ഇറങ്ങേണ്ടി വരുന്ന ട്രാൻസ്ജെന്റർ വ്യക്തികൾ അനുഭവിക്കുന്ന ചൂഷണങ്ങളെയും നോവൽ സൂക്ഷ്മമായി അവതരിപ്പിക്കുന്നുണ്ട്. വീട് ഉപേക്ഷിച്ച് ഇറങ്ങിയ സീമ പലതരത്തിൽ ലൈംഗിക ചൂഷണത്തിന് ഇരയാവുന്നു. ലിംഗമാറ്റ ശസ്ത്രക്രിയയിൽ ഡോക്ടർക്ക് പറ്റിയ അപാകതകളെ തുടർന്ന് രക്തം വാർന്നു കിടക്കുന്ന മാംസപിണ്ഡമായി നോവലിൽ സീമ അവതരിപ്പിക്കപ്പെടുന്നത് കാണാം.

“സീമയെപ്പോലുള്ളവരെ ചതിക്കുന്ന ഒരുപാട് ഡോക്ടർമാരുണ്ട്. ശസ്ത്രകിയയ്ക്ക് ശേഷം അല്ലെങ്കിൽ അതിനുമുൻപ് പ്രതിഫലമെന്ന രീതിയിൽ ലൈംഗികമായി ഉപയോഗിക്കുന്നവരുണ്ട്. മൂർച്ചയേറിയ ആയുധം കൊണ്ട് ലിംഗഛേദം നടത്തി പണം പിടുങ്ങുന്ന വ്യാജ വൈദ്യന്മാരുമുണ്ട്” (എച്ച്മുകുട്ടി, 2017:26)

എന്നും നോവൽ പറഞ്ഞു വയ്ക്കുന്നു.

“ഞങ്ങൾ ആർക്കും വേണ്ടാത്തവരല്ലേ, പെറ്റമ്മയ്ക്കും അച്ഛനും വേണ്ടാത്തവർ. ജനിച്ച നാടിനു വേണ്ടാത്തവർ ഞങ്ങളെ എല്ലാരും ചതിക്കും” (Chambers, Iain, 1994).

എന്നിങ്ങനെ ലെയിൻ ചേമ്പേഴ്സ് തന്റെ പുസ്തകമായ പലായനത്തിൽ ട്രാൻസ്ജെൻഡർ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പറയുന്നതും ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്. സ്വന്തം ഇഷ്ടപ്രകാരമല്ലാതെ ആട്ടിയോടിക്കപ്പെടുന്ന ജനതയാണ് കൂടുതൽ ചൂഷണങ്ങൾക്ക് ഇരയാകുന്നതെന്ന് അദ്ദേഹം ‘Migrancy, Culture, Identity’ എന്ന പുസ്തകത്തിൽ സ്ഥാപിക്കുന്നു. രണ്ടുതരത്തിലുള്ള പലായനമാണ് സാധാരണയായി ട്രാൻസ്ജെന്റർ വ്യക്തികളിൽ കണ്ടുവരുന്നത്. ഒന്ന് സമൂഹത്തിൽ നിന്ന് മറ്റൊരു സമൂഹത്തിലേയ്ക്ക് മാറ്റപ്പെടുന്നത്. മറ്റൊന്ന് ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ അപരലിംഗസ്വത്വത്തിന്റെ ഭാഗമാകുന്നത്. ഇത്തരത്തിൽ സമൂഹത്തിൽനിന്ന് സമൂഹത്തിലേയ്ക്കും ശരീരത്തിൽനിന്ന് ശരീരത്തിലേയ്ക്കും പലായനം ചെയ്യപ്പെടുമ്പോഴുണ്ടാകുന്ന മാനസികവും ശാരീരികവുമായ സംഘർഷങ്ങൾ സങ്കീർണ്ണമാണ്. ഈ ഘട്ടത്തിൽ പലതരത്തിലുള്ള ചൂഷണങ്ങൾക്ക് ഇരയാകാനും സാധ്യതയുണ്ട് (Chambers, Iain, 1994:25). ട്രാൻസ്ജെൻഡർസ്വത്വം പേറുന്ന മറ്റൊരു കഥാപാത്രമാണ് മോന. വീട്ടിൽനിന്ന് ആട്ടിയോടിക്കപ്പെട്ട് ഹിജഡ കൂട്ടായ്മയ്ക്കുള്ളിൽ വന്നുചേരുകയും അവിടെ പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകുകയും ചെയ്ത വ്യക്തിയാണ് മോന. ചേലവൃത്തിയിൽ ഗുരുസ്ഥാനം വഹിക്കുന്ന ആളെയാണ് ഹിജഡക്കൂട്ടായ്മകൾ ഗുരു എന്ന് വിളിക്കുന്നത്. നൃത്തംചെയ്തും ലൈംഗികത്തൊഴിലിലൂടെയും ഭിക്ഷാടനത്തിലൂടെയും കിട്ടുന്ന പണം കവർന്നെടുക്കുന്ന ഗുരുക്കന്മാരെക്കുറിച്ചും നോവൽ ചർച്ച ചെയ്യുന്നുണ്ട്.

സ്വപ്നയും ട്രാൻസ്ജെൻഡർസ്വത്വം പേറുന്ന കഥാപാത്രമാണ്. ചെറുപ്പകാലത്ത് സമ്പാദിച്ച പണമെല്ലാം ഗുരു കൈക്കലാക്കിയതിനാൽ മദ്ധ്യവയസ്സിലെത്തി നിൽക്കുന്ന സ്വപ്നയുടെ ഏക ഉപജീവനമാർഗം ഭിക്ഷാടനമാണ്. എന്നാൽ അതിനും കഴിയാത്ത അനാരോഗ്യം സ്വപ്നയുടെ ജീവിതത്തെ പ്രതിസന്ധിയിലാക്കുന്നു. ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ ഒരു മാർഗ്ഗവും ഇല്ലാതായിരിക്കുന്ന അവസ്ഥയിൽ പകച്ചു നിൽക്കുകയാണ് സ്വപ്ന.

ലിംഗമാറ്റ ശസ്ത്രക്രിയ പരാജയമായി മാറിയതിനാൽ സീമയിൽ അതേൽപ്പിച്ച മാനസിക ആഘാതം വളരെ വലുതായിരുന്നു. ശരീരത്തിന്റെ മുറിവ് ഉണങ്ങിയെങ്കിലും മനസ്സിന്റെ മുറിവ് ഉണങ്ങാതെ, സമനിലതെറ്റിയ അവസ്ഥയിൽ ചെന്നെത്തുകയും ഒടുവിൽ ആത്മഹത്യയ്ക്ക് കീഴടങ്ങുകയും ചെയ്യുന്നു അവർ. പോലീസിനോ നിയമവ്യവസ്ഥയ്ക്കോ ആർക്കുംതന്നെ സീമയുടെ മരണത്തെക്കുറിച്ച് അറിയണമെന്നുണ്ടായിരുന്നില്ല. ഗരുവിലും പൂജയിലും സ്വപ്നയിലും മോനയിലും മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു വേദനയാവുകയാണ് സീമയുടെ മരണം. നോവലിലെ മറ്റൊരു കഥാപാത്രമാണ് വൈജയന്തി. വിവാഹത്തിലൂടെയാണ് അവൾ ചൂഷണത്തിന് ഇരയാകുന്നത്. നൃത്തംചെയ്തും ഭിക്ഷാടനം നടത്തിയും ലൈംഗികത്തൊഴിൽ ചെയ്തും തന്റെ ജീവിതപങ്കാളിയുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കേണ്ട അവസ്ഥയാണ് വൈജയന്തിക്കുള്ളത്.

ഇത്തരത്തിൽ നിരവധിയായ കഥാപാത്രങ്ങളും ജീവിതാവസ്ഥകളും കടന്നുവരുന്ന, ഡൽഹിയുടെ പശ്ചാത്തലത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ജീവിതാനുഭവങ്ങളെ ചിത്രീകരിക്കുന്ന ‘വേറിട്ടു മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ’ എന്ന നോവൽ മലയാളനോവൽസാഹിത്യത്തിൽത്തന്നെ സവിശേഷ സ്ഥാനം വഹിക്കുന്നുവെന്ന് പറയാം. പ്രസ്തുത നോവൽ, ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ജീവിതം, അവർ നേരിടുന്ന ചൂഷണങ്ങൾ, അവരോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ, എന്നിവയെ വിശദമായി അവതരിപ്പിക്കുന്നു. പ്രധാന കഥാപാത്രമായ ശാന്തിയുടെ കാഴ്ചപ്പാടിലൂടെയാണ് വായനക്കാർ ഈ ജീവിതങ്ങളെ സമീപിക്കുന്നത്. ശാന്തി, സമൂഹത്തിന്റെ ചോദ്യങ്ങളുടെയും കൗതുകങ്ങളുടെയും പ്രതിനിധിയായി നിൽക്കുന്നു, അതേസമയം, പൂജ എന്ന സാമൂഹിക പ്രവർത്തകയിലൂടെ ശാന്തി ട്രാൻസ്ജെന്റർ സ്വത്വങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

ഡൽഹിയിൽ, സ്വന്തം നാട്ടുകളിൽനിന്ന് ആട്ടിയോടിക്കപ്പെട്ട ഹിജഡ സമൂഹത്തിന്റെ ജീവിതമാണ് നോവൽ ചർച്ചചെയ്യുന്നത്. ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന ചൂഷണങ്ങളെയും, അവരുടെ ജീവിതപോരാട്ടങ്ങളെയും കേന്ദ്രീകരിച്ചാണ് കഥ മുന്നോട്ടുപോകുന്നത്. കേരളത്തിലെ ട്രാൻസ്ജെൻഡർ ജീവിതങ്ങളല്ല നോവലിൽ പരാമർശിക്കപ്പെടുന്നതെങ്കിലും ഡൽഹിയിലെ ഹിജഡ കൂട്ടായ്മയുടെ പശ്ചാത്തലത്തിൽ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്ന ഈ നോവൽ ട്രാൻസ്ജൻഡർ ജീവിതങ്ങളെക്കുറിച്ചും അവരുടെ അനുഭവങ്ങളെക്കുറിച്ചും കേരളീയ വായനക്കാർക്ക് നവീനവും സവിശേഷവുമായൊരു വായനാനുഭവം കാഴ്ചവെക്കുന്നുണ്ട്.

ശാന്തി എന്ന കഥാപാത്രം വായനക്കാരന്റെ പ്രതിനിധിയാണ്. അവളുടെ കണ്ണിലൂടെ, ട്രാൻസ്ജെൻഡർ ജീവിതങ്ങളെ സമൂഹം എങ്ങനെ വീക്ഷിക്കുന്നു എന്നും, അവർ അനുഭവിക്കുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്നും വായനക്കാർ മനസ്സിലാക്കുന്നു. ശാന്തി, സമൂഹത്തിന്റെ പൊതുബോധത്തെ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

പ്രതിഫലിപ്പിക്കുന്നു. അവൾ ആദ്യം ട്രാൻസ്ജെൻഡർ വ്യക്തികളെ ഭയത്തോടെയാണ് നോക്കിക്കാണുന്നത് എങ്കിലും പിന്നീട് അവരോട് സഹാനുഭൂതി തോന്നുകയാണ്. ശാന്തിയുടെ ഈ മനോഭാവം, സമൂഹത്തിന്റെ സഹതാപത്തെയും അനുകമ്പയേയുമാണ് പ്രതിനിധീകരിക്കുന്നതെന്ന് പറയാം, എന്നാൽ അത് യഥാർത്ഥ ഉൾക്കൊള്ളലിന്റെ അഭാവത്തെയും സൂചിപ്പിക്കുന്നു. കുടുംബം, തൊഴിൽ, വിദ്യാഭ്യാസം, വിവാഹം, പ്രണയം തുടങ്ങിയ മേഖലകളിൽ ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന വിവേചനങ്ങളും വെല്ലുവിളികളും നോവൽ ചർച്ചചെയ്യുന്നു. നോവലിസ്റ്റ്, സമൂഹത്തിന്റെ പരമ്പരാഗത ബോധക്രമത്തെ, അതായത് ട്രാൻസ്ജെന്റർ വ്യക്തികളെ വേറിട്ട് കാണുന്നതും, അവരോട് സഹതാപത്തോടെമാത്രം ഇടപെടുന്നതുമായ മനോഭാവത്തെ, ശാന്തിയിലൂടെ ചിത്രീകരിക്കുന്നുണ്ട്. എന്നാൽ, പൂജയിലൂടെ, ഈ ബോധത്തിനപ്പുറം, ട്രാൻസ്ജെന്റർ വ്യക്തികളെ സമൂഹത്തിന്റെ ഭാഗമായി അംഗീകരിക്കേണ്ടതിന്റെ ആവശ്യകതയും നോവൽ മുന്നോട്ട് വയ്ക്കുന്നു.

കഥ ആരംഭിക്കുന്നത് ട്രാൻസ്ജെൻഡർ വ്യക്തികളെ ഭയത്തോടെയും അകലത്തോടെയും നോക്കിക്കാണുന്ന ഒരു കാഴ്ചപ്പാടിൽ നിന്നാണ്. എന്നാൽ, ശാന്തിയുടെ യാത്രയിലൂടെ, വായനക്കാരന്റെ മനസ്സിൽ സഹാനുഭൂതിയും ധാരണയും ഉണർത്തുന്ന രീതിയിൽ കഥ പുരോഗമിക്കുന്നു. നോവൽ, ട്രാൻസ്ജെൻഡർ വ്യക്തികളുടെ വാക്കുകളിലൂടെ, അവരുടെ ജീവിതപോരാട്ടങ്ങളെ അടയാളപ്പെടുത്താനും, സമൂഹത്തിന്റെ മനോഭാവങ്ങളെ വിമർശനാത്മകമായി വിലയിരുത്താനും ശ്രമിക്കുന്നു.

'വേറിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ', ട്രാൻസ്ജെൻഡർ വ്യക്തികളുടെ ജീവിതത്തെ സഹാനുഭൂതിയോടെ അവതരിപ്പിക്കുന്ന ഒരു നോവലാണ്. ശാന്തി, പൂജ എന്നീ കഥാപാത്രങ്ങൾവഴി, സമൂഹത്തിന്റെ വ്യത്യസ്തകാഴ്ചപ്പാടുകളെ നോവൽ അവതരിപ്പിക്കുന്നു. ഭയത്തിൽ തുടങ്ങി സഹാനുഭൂതിയിൽ അവസാനിക്കുന്ന ഈ കൃതി, ട്രാൻസ്ജെൻഡർ വ്യക്തികളുടെ അനുഭവങ്ങളെ മനുഷ്യത്വപരമായ വീക്ഷണത്തിൽ അവതരിപ്പിക്കുകയും, സമൂഹത്തിന്റെ ബോധക്രമത്തെ വിമർശനാത്മകമായി പുനഃപരിശോധിക്കുകയും ചെയ്യുന്നു.

ഉപദർശനങ്ങൾ

ഓരോ കാലഘട്ടവും വ്യത്യസ്തഭൂമികകളും ട്രാൻസ്ജെൻഡർ ആളുകളെ എങ്ങനെ അയാളപ്പെടുത്തുന്നു എന്ന് മനസ്സിലാക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിച്ചത്. ജൂഡിത് ബട്ലർ (Judith Butler) വികസിപ്പിച്ച ലിംഗസ്വത്വത്തിന്റെ നിർമിതി (Performativity Of Gender) എന്ന ആശയം ഇവിടെ പ്രസക്തമാണ്. ലിംഗം ഒരു ജൈവിക നിർണയമല്ല, മറിച്ച് സാമൂഹിക-സാംസ്കാരിക പ്രക്രിയകളിലൂടെ രൂപപ്പെടുന്ന ഒന്നാണ്. ഈ കൃതികളിൽ ഹിജഡ/ട്രാൻസ്ജെൻഡർ വ്യക്തികളുടെ ലിംഗസ്വത്വം എങ്ങനെ അവതരിപ്പിക്കപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്. ട്രാൻസ്ജെന്റർ സമൂഹത്തിന്റെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലം, പ്രത്യേകിച്ച് മലയാളി സ്വത്വം, ഈ കൃതികളിൽ എങ്ങനെ പ്രതിനിധീകരിക്കപ്പെടുന്നു എന്നതും പ്രബന്ധത്തിലൂടെ പരിശോധിക്കുകയുണ്ടായി. ഛേദാംശ ജീവിതമെന്ന കൃതിയിൽമാത്രം മലയാളി ട്രാൻസ്ജെൻഡർ കഥാപാത്രം പ്രത്യക്ഷപ്പെടുന്നത് ഒരു പ്രാദേശിക സ്വത്വത്തിന്റെ രാഷ്ട്രീയത്തെ സൂചിപ്പിക്കുന്നതാണ്.

സമൂഹത്തിന്റെ ചരിത്രപരമായ പാർശ്വവൽക്കരണവും (Marginalization) അവരുടെ സാംസ്കാരിക പ്രാതിനിധ്യവും പ്രസ്തുത കൃതികളിൽ പ്രതിഫലിക്കുന്നുണ്ട്. ഇന്ത്യൻ സന്ദർഭത്തിൽ ഹിജഡകൾക്ക് സവിശേഷമായ, സാംസ്കാരിക-ആചാരപരമായ സ്ഥാനമുണ്ടെങ്കിലും, സാമൂഹികമായി ഇപ്പോഴും അവഗണിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന ജനവിഭാഗമാണ് അവർ. സ്ത്രീ, പുരുഷൻ, ട്രാൻസ്ജെൻഡർ എന്നീ ലിംഗവിഭാഗങ്ങളുടെ അനുഭവങ്ങൾ തമ്മിലുള്ള വ്യത്യാസവും സമൂഹത്തിന്റെ ലിംഗാധിഷ്ഠിത അധികാരഘടനയും (Gender–Based Power Structures) ഈ കൃതികളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. പ്രധാന കണ്ടെത്തലുകളെ താഴെ പറയുംവിധം സ്വാംശീകരിക്കാം.

- മലയാളസാഹിത്യത്തിൽ 1986 മുതൽ 2017 വരെയുള്ള കാലഘട്ടത്തിൽ ട്രാൻസ്ജെൻഡർ/ഹിജഡ ചിത്രീകരണത്തിനുണ്ടായ സാമൂഹിക-സാംസ്കാരിക പരിണാമത്തെ മൂന്ന് കൃതികളിലൂടെ വ്യക്തമായി മനസ്സിലാക്കാനാവും.
- പോസ്റ്റ്കൊളോണിയൽ വീക്ഷണത്തിൽ ഹിജഡകളുടെ സാമൂഹിക പാർശ്വവൽക്കരണവും പാൻ-ഇന്ത്യൻ അനുഭവങ്ങളും ചിത്രീകരിക്കുന്നതാണ് എം.എം മനോജിന്റെ ഹിജഡ. എന്നാൽ ഇതിൽ മലയാളി സ്വത്വം പ്രതിനിധീകരിക്കപ്പെടുന്നില്ല.
- സ്ത്രീ, പുരുഷൻ, ട്രാൻസ്ജെൻഡർ എന്നീ വിവിധ അവസ്ഥകളുടെ സങ്കീർണ്ണതകളെ ഫെമിനിസ്റ്റ് വീക്ഷണത്തിൽ ചർച്ചചെയ്യുന്ന നോവലാണ് വേറിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ (2011) ലിംഗപരമായ വൈവിധ്യങ്ങളെ അംഗീകരിക്കുമ്പോഴും, ഇതിലും പ്രാദേശിക/മലയാളി സ്വത്വത്തിന്റെ അഭാവം ഒരു പരിമിതിയായി തുടരുന്നു. ഹിജഡ സമൂഹത്തെ ഒരു 'പുറം' (exotic) സമൂഹമായി കാണുന്ന പ്രവണതയാണ് ഈ രണ്ടു കൃതികളിലും ഉള്ളത്.
- മലയാളസാഹിത്യത്തിൽ ഒരു മലയാളി ട്രാൻസ്സെക്ഷ്വൽ കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ട് പ്രാദേശിക സ്വത്വത്തിന്റെ രാഷ്ട്രീയം മുന്നോട്ടുവെക്കുന്ന കൃതിയാണ് ഛേദാംശ ജീവിതം (2017). 'ഹിജഡ' എന്ന പരമ്പരാഗത ലേബൽ ഒഴിവാക്കി, ആധുനികമായ 'ക്വീർ വൈവിധ്യം' എന്ന ഉൾക്കൊള്ളൽ (Inclusive) സമീപനം ഈ കൃതിയിൽ സ്വീകരിച്ചിരിക്കുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

- ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന വ്യക്തിയുടെ ആത്മനിശ്ചയാധികാരത്തെയും (Self-Determination) ലിംഗസ്വത്വത്തിന്റെ ദ്രവത്വത്തെയും (Fluidity) ക്വീർ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത കൃതികൾ ഉയർത്തിപ്പിടിക്കുന്നുവെന്നും മനസിലാക്കാം.

മലയാളിസമൂഹത്തിന്റെ ചട്ടക്കൂടിനുള്ളിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അംഗീകാരം ലഭിക്കാത്തതിന്റെ പ്രതിഫലനമാണ് മലയാളസാഹിത്യത്തിൽ ഇത്തരം കഥാപാത്രങ്ങളുടെ അപൂർവത. എന്നാൽ, ആദ്യകാലത്ത് ഒരു 'വിദൂര' സാംസ്കാരിക വിഭാഗമായിമാത്രം കണ്ടിരുന്ന അവസ്ഥയിൽനിന്നും വ്യക്തിഗത ആത്മനിർണയത്തിനും ക്വീർ ഇൻക്ലൂസിവിറ്റിക്കും പ്രാധാന്യം നൽകുന്ന ആധുനിക തലത്തിലേക്ക് മലയാളനോവലുകളിലെ ട്രാൻസ്ജെൻഡർ പ്രാതിനിധ്യം വികസിച്ചിട്ടുണ്ടെന്ന് ഈ പഠനം വ്യക്തമാക്കുന്നു.

ഗ്രന്ഥസൂചി

1. എച്ച്മുക്കുട്ടി, വേറിട്ട മാത്രം കത്തിയമരുന്ന ചില ശരീരങ്ങൾ, ലോഗോസ് ബുക്സ്, പാലക്കാട്, 2017.
2. ഗീത പി, പ്രണയം ലൈംഗികത അധികാരം, കറന്റ് ബുക്സ്, തൃശ്ശൂർ, 2006.
3. പ്രമോദ് രാമൻ, രതിമാതാവിന്റെ പുത്രൻ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011.
4. മനോജ് എം. എം., ഹിജഡ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1986.
5. നൗഫൽ എൻ., (എഡി.), ലിംഗഭാരതത്തിന്റെ രാഷ്ട്രീയം, പ്രവദാ ബുക്സ്, കൊല്ലം, 2018.
6. രശ്മി ജി., അനിൽകുമാർ കെ., എസ്., ട്രാൻസ്ജെന്റർ ചരിത്രം സംസ്കാരം പ്രതിനിധാനം, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016.
7. ഷാജി ജോസഫ് (എഡി.), മൂന്നാം ലിംഗം ലിംഗനീതിയ്ക്കായുള്ള നിലവിളികൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2015.
8. സുരേന്ദ്രൻ പി., ഹിജഡകളുടെ പൊരുൾ, ഡി.സി. ബുക്സ്, കോട്ടയം, 2008.
9. സുരേന്ദ്രൻ പി., ദേവദാസികളും ഹിജഡകളും, ഡി.സി ബുക്സ്, കോട്ടയം, 2010.
10. Butler, Judith, Gender Trouble and Subversion of Identity, Routledge, New York, 1990.
11. Chambers, Iain, Migrancy Culture Identity, Routledge, New York, 1994.
12. Christine, L., Williams, Kirsten Dellinger (ed.), Sexuality and Gender, Black Well Publishing, Oxford, 2002.
13. Susan, Stryker, Transgender History, seal press, New York, 2008.

ആനുകാലികങ്ങൾ

1. അഭിജിത്ത് പി.,/ വിൻസെന്റ് പീറ്റർ, "മൂന്നാം വർഗത്തിന്റെ നേർക്കാഴ്ചകൾ", പച്ചക്കുതിര, ജനുവരി, ലക്കം 6, പുസ്തകം 10, 2015.

[ക്രമനമ്പർ 2 ൽ കൊടുത്തിരിക്കുന്ന ആനുകാലിക റഫറൻസ് ഒഴിവാക്കുക].

2. രേഷ്മ രാധാകൃഷ്ണൻ, "കേരളവും ക്വീർ രാഷ്ട്രീയ പ്രസ്ഥാനവും", സംഘടിത, വോളിയം 12, ലക്കം 2, 2016.

ഗവേഷണ പ്രബന്ധങ്ങൾ

1. അശ്വനി എ., പി., കേരളത്തിലെ ട്രാൻസ്ജെന്ററുകളുടെ സ്വത്വനിർമ്മിതി ചരിത്രവും വർത്തമാനവും, എം. ഫിൽ പ്രബന്ധം, മലയാളവിഭാഗം, ശ്രീ ശങ്കരാചാര്യ സർവകലാശാല കാലടി, 2017.
2. ധന്യ, മലയാളത്തിലെ സ്വവർഗ്ഗ സ്ത്രീരതിയാഖ്യാനങ്ങൾ, എം. ഫിൽ പ്രബന്ധം, മലയാളവിഭാഗം, ശ്രീ ശങ്കരാചാര്യ സർവകലാശാല, കാലടി, 2015.

About the researcher:

അനഘ വി. യു.
ഗവേഷക,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല,
കാലടി

Email: anakhavijayamohan106@gmail.com
Mob: 7034199620

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ആഖ്യാനതന്ത്രത്തിലെ പുതുമകൾ
'ഒരു സൗദി സുലൈമാനി'യെ ആസ്പദമാക്കിയുള്ള പഠനം

» ഡോ. ജിത ടി. എച്ച്.

Article ID: MRK0010

പ്രബന്ധസംഗ്രഹം
മലയാളത്തിൽ ആത്മകഥകൾക്കുശേഷം പ്രസിദ്ധീകരിക്കപ്പെട്ടു തുടങ്ങിയ ഓർമ്മക്കുറിപ്പുകൾ ഇന്ന് ഒരു ഉപശാഖയായിത്തന്നെ വളർന്നുവന്നിട്ടുണ്ട്. എന്നാൽ ഓർമ്മക്കുറിപ്പുകൾ - വിശേഷിച്ചും പ്രവാസസാഹിത്യവിഭാഗത്തിൽക്കൂടി ഉൾപ്പെടുന്നവ - ഏറെയൊന്നും പഠനവിധേയമാക്കപ്പെട്ടിട്ടില്ല. ഈ പഠനസാധ്യത കണക്കിലെടുത്ത് ഏറ്റവും അടുത്തകാലത്തായി പ്രസിദ്ധീകരിക്കപ്പെട്ട പ്രവാസ ഓർമ്മക്കുറിപ്പ് ഗ്രന്ഥം, ഷനീബ് അബൂബക്കർ രചിച്ച 'ഒരു സൗദി സുലൈമാനി' എന്ന കൃതിയെ ആസ്പദമാക്കി പുതിയ രചനാതന്ത്രങ്ങളെ കണ്ടെടുക്കുകയാണ് ഈ പ്രബന്ധത്തിലൂടെ.

താക്കോൽവാക്കുകൾ
ആത്മകഥ, ഓർമ്മക്കുറിപ്പ്, ആഖ്യാനതന്ത്രം, പ്രവാസസാഹിത്യം, സുലൈമാനി, വ്യവഹാരഭാഷ, രുചിബിംബങ്ങൾ, നിരങ്കുശത്വം, ആശയപ്രകാശനം, ജനപ്രിയം, നിർമ്മിതി.

ആമുഖം

മലയാളത്തിൽ, ലക്ഷണമൊത്ത ആദ്യ ആത്മകഥയായി അംഗീകരിക്കപ്പെട്ടിട്ടുള്ളത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ' എന്ന കൃതിയാണ്. എണ്ണത്തിൽ നോവലിന്റെയോ ചെറുകഥയുടേയോ ഒപ്പമെത്തില്ലെങ്കിലും വൈക്കം പാച്ചുമൂത്തതിന്റെ ആത്മകഥയെത്തുടർന്ന് മോശമല്ലാത്ത എണ്ണം ആത്മകഥകൾ മലയാളത്തിൽ ഇതിനോടകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇതുവരെയുണ്ടായ ആത്മകഥകൾ പ്രസ്തുത രചനാപ്രസ്ഥാനത്തിന് അതിന്റേതായ സ്വഭാവസ്വരൂപങ്ങളെ നിർവ്വചിക്കുന്നതിന് സഹായകരമായിത്തീർന്നിട്ടുണ്ട്.

എഴുത്തുകാരനും കഥാനായകനും ഒരാൾതന്നെയായിരിക്കുക, രചനയിൽ സത്യസന്ധത ഉണ്ടായിരിക്കുക, അനുഭവങ്ങളിൽനിന്നും രചനയിലേക്കുള്ള തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കുക, വൈകാരികതയെ നിയന്ത്രിക്കുക എന്നിങ്ങനെ ആത്മകഥകൾക്ക് പൊതുവായ അനേകം സ്വഭാവങ്ങളുണ്ട്. ഇതേ ഗണത്തിൽപ്പെടുന്നവയും ഇതേസ്വഭാവം പുലർത്തുന്നവയുമാണ് സ്മരണകൾ, ഓർമ്മക്കുറിപ്പുകൾ, വൃത്താന്തകഥനങ്ങൾ തുടങ്ങിയവ. ആത്മകഥകളിൽ കാലഗണനയുടെ ക്രമം പാലിക്കപ്പെടുന്നുവെങ്കിൽ ഓർമ്മക്കുറിപ്പുകളിൽ അവ അങ്ങനെ പാലിക്കപ്പെടണമെന്നില്ല. അതുകൊണ്ടുതന്നെ പൊതുവെ ആത്മകഥകളുടെ വലിപ്പം ഓർമ്മക്കുറിപ്പുകൾക്ക് കണ്ടുവരാറുമില്ല. ഓർമ്മക്കുറിപ്പുകളിലും ചില തിരഞ്ഞെടുപ്പിന് സ്ഥാനമുണ്ട്. ഏതെങ്കിലും പ്രത്യേകം വിഷയവുമായോ സംഭവവുമായോ ബന്ധപ്പെട്ട് ഓർമ്മക്കുറിപ്പുകൾ സമാഹരിക്കപ്പെടാവുന്നതാണ്. ആത്മകഥ സ്വന്തം ജീവിതത്തിലേക്ക് വെളിച്ചം വീശുമ്പോൾ, ഓർമ്മക്കുറിപ്പുകൾ അന്യരിലേയ്ക്കായിരിക്കും ഏറെ പ്രകാശം വീഴ്ത്തുന്നത് എന്നൊരു വലിയ വ്യത്യാസമുണ്ട്. അതായത്, ബാഹ്യാംശങ്ങളുടെ ചിത്രീകരണം ഇതിൽ കൂടുതലായിരിക്കും. അതുകൊണ്ടുതന്നെ ആത്മകഥകൾക്ക് പൊതുവെയുള്ള അഹംബോധത്തിന്റെ മുദ്രകളായ സ്വന്തം അപദാനകീർത്തനം പൊതുവെ ഓർമ്മക്കുറിപ്പുകളിൽ ഉണ്ടാകാറില്ല. ഇതും ഓർമ്മക്കുറിപ്പുകളെ വേറിട്ടുനിർത്തുന്ന ഒരു ഘടകമാണ്. ആത്മകഥകൾ വന്നുതുടങ്ങിയതിനു ശേഷമാണ് ഓർമ്മക്കുറിപ്പുകളും സ്മരണകളും പ്രസിദ്ധീകരിക്കപ്പെടുന്നത്. സാഹിത്യ-സാംസ്കാരിക സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെക്കുറിച്ചുള്ള സ്മരണകളാണ് ആദ്യകാലത്ത് അധികവും ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ വ്യക്തിബന്ധത്തോടൊപ്പം ചരിത്രപരമായ പ്രാധാന്യവും ഇവയ്ക്കുണ്ടായിരുന്നു.

പുതിയകാലത്തെ സ്മരണകൾ/ഓർമ്മക്കുറിപ്പുകൾ പലപ്പോഴും ഒരു വ്യക്തിയെ കേന്ദ്രീകരിച്ചുണ്ടാകുന്ന സമാഹരങ്ങൾ മാത്രമല്ല. അതുകൊണ്ടുതന്നെ ഇവയിൽ ചരിത്രപരമായ പ്രാധാന്യമല്ല, മറിച്ച് സാമൂഹിക പ്രാധാന്യമാണ് ഉള്ളതെന്നു കാണാനാകും. വ്യത്യസ്തങ്ങളായ വിഷയങ്ങളും ചിന്തകളും ഉള്ളടക്കത്തിൽ സ്ഥാനം പിടിക്കുന്നു. പഴയകാലത്ത് പ്രമുഖരായ വ്യക്തികൾ മാത്രമാണ് ആത്മകഥാപരമായ ഓർമ്മക്കുറിപ്പുകൾ പ്രസിദ്ധീകരിച്ചിരുന്നതെങ്കിൽ, ഇന്ന് സാധാരണക്കാരും പൊതുസമൂഹത്തിന്റെ അംഗീകാരം വലിയതോതിൽ നേടിയിട്ടില്ലാത്തവരും ഓർമ്മക്കുറിപ്പുകൾ പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. എഴുത്ത്, പ്രസിദ്ധീകരണം എന്നീ പ്രക്രിയകൾക്ക് നവസാമൂഹികമാധ്യമങ്ങളുടെ സഹായം ലഭ്യമായിത്തുടങ്ങിയതോടെയാണ് ഈ മാറ്റം സംഭവിച്ചിട്ടുള്ളതെന്നു കാണാം. സോഷ്യൽമീഡിയകൾ പ്രമുഖരല്ലാത്തവരെയും പ്രോത്സാഹിപ്പിക്കുന്നതും അനുകൂലസാഹചര്യത്തെ സൃഷ്ടിക്കുന്നുണ്ട്. അഥവാ, വിവിധ നവസാമൂഹ്യമാധ്യമങ്ങളിലൂടെ

ആത്മപ്രകാശനസാധ്യതകൾ തുറന്നുകിട്ടിയതോടെ, സാധാരണക്കാരും ഈ മേഖലയിലേക്ക് കൂടുതലായി പ്രവേശിച്ചു തുടങ്ങിയെന്നു പറയാം.

ഓർമ്മക്കുറിപ്പുകളുടെ സമാഹാരങ്ങളിൽത്തന്നെ, ഒരു പശ്ചാത്തലത്തെയോ ഒരു വിഷയത്തെയോ അധികരിച്ച് ഒരു വ്യക്തി എഴുതിയ കുറിപ്പുകൾ ഒരുമിച്ച് സമാഹാരമാക്കുന്ന രീതികളുണ്ട്. തൊഴിലടിസ്ഥാനത്തിലുള്ള വൈദേശികവാസത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെടുന്ന ഓർമ്മക്കുറിപ്പുകൾ പ്രവാസസാഹിത്യവിഭാഗത്തിൽക്കൂടി ഉൾപ്പെടുന്നവയാണ്. ആത്മകഥകളുടെതന്നെ ഉപവിഭാഗമാക്കി കണക്കാക്കാവുന്ന ഇത്തരം ഓർമ്മക്കുറിപ്പുകളിൽ പ്രവാസിയുടെ ഗൃഹാതുരത്വം, നാട്ടിലെ സാമൂഹിക സാഹചര്യങ്ങളിൽനിന്നും മാറിനിൽക്കുന്ന ഒരുവനുണ്ടാകുന്ന വ്യത്യസ്തമായ കാഴ്ചപ്പാടുകളും ചിന്തകളും തുടങ്ങി പലകാര്യങ്ങളും ഉൾപ്പെടുന്നു. അതുകൊണ്ടുതന്നെ സാമൂഹികവും രാഷ്ട്രീയവുമായ വലിയൊരു മാനവും സ്ഥാനവും ഇവയ്ക്ക് ലഭിക്കേണ്ടതുണ്ട്. പ്രവാസസാഹിത്യവിഭാഗത്തിലുൾപ്പെടുന്ന ഓർമ്മക്കുറിപ്പുകളുടെ പഠനങ്ങൾ മലയാളത്തിൽ കാര്യമായി നടന്നിട്ടില്ല. അതിനാൽത്തന്നെ അത്തരം അപഗ്രഥനപഠനങ്ങൾക്കും നിരൂപണങ്ങൾക്കുമുള്ള സാധ്യതകൾ തുറന്നുകിടക്കുകയാണ്.

ഗദ്യസാഹിത്യരചന അവ ഏതു വിഭാഗത്തിൽപ്പെട്ടവയായാലും സവിശേഷമായ ആഖ്യാനതന്ത്രങ്ങൾകൊണ്ട് സമൃദ്ധമാണ്. കാലാനുസൃതമായി ആഖ്യാനരീതികളിലും ആഖ്യാനത്തിനുപയുക്തമാക്കുന്ന ഘടകങ്ങളിലും മാറ്റങ്ങളും പരിഷ്കാരങ്ങളും ഉണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ, പഴയ ഗദ്യസാഹിത്യരൂപങ്ങളും പുതിയവയും ഏറെ വ്യത്യസ്തത പുലർത്തുന്നുമുണ്ട്. പുതിയകാലഘട്ടത്തിലെ ഏറ്റവും പുതിയ കൃതിയായ ഷനീബ് അബൂബക്കറിന്റെ ‘ഒരു സൗദി സുലൈമാനി’യെ വിശദമായി അപഗ്രഥിച്ച് അതിലൂടെ പുതു ആഖ്യാനതന്ത്രങ്ങളെയും രചനാസാധ്യതകളെയും കണ്ടെത്താനുമുള്ള ശ്രമമാണ് ഈ പ്രബന്ധത്തിലൂടെ നടത്തുന്നത്.

ആഖ്യാനസവിശേഷതകൾ

110 പേജുകളും 14 അധ്യായങ്ങളുമുള്ള ‘ഒരു സൗദി സുലൈമാനി’ ഒന്നാംപതിപ്പിൽ പല അധ്യായങ്ങളിലും വിവരണങ്ങളിൽ ഭക്ഷ്യ/പാനീയങ്ങൾ പ്രതീകങ്ങളും ചിഹ്നങ്ങളുമായി മാറുന്നുണ്ട്. ചായ എന്ന പദം ഇതിൽ സാംസ്കാരികമായ സവിശേഷാർത്ഥത്തെ ഉൾക്കൊള്ളുന്നതു കാണാം. ഓരോ അധ്യായത്തേയും സുലൈമാനിയുടെ ഓരോ ഇറക്കായിട്ടാണ് എഴുത്തുകാരൻ അവതരിപ്പിക്കുന്നത്. ഈ അധ്യായങ്ങളിലോരോന്നും വ്യത്യസ്ത വായനക്കാരിൽ വ്യത്യസ്ത വികാരങ്ങളും ചിന്തകളും അനുഭൂതികളുമാകാം സൃഷ്ടിക്കുന്നത്. ഒരുവ്യക്തിയുടെ വൈകാരികവും സാംസ്കാരികവുമായ പശ്ചാത്തലം ആസ്വാദനകാര്യത്തിൽ അയാളെ സ്വാധീനിക്കുമെന്ന് ഗ്രന്ഥനാമത്തോടൊപ്പമുള്ള, “രുചിക്കുന്നോരുടെ ഉള്ളിലാണ് മധുരവും കടുപ്പവും”മെന്ന വാക്യം ഓർമ്മിപ്പിക്കുന്നു. ഇപ്രകാരം, സ്വന്തം ആസ്വാദനത്തെ വിശകലനം ചെയ്യാൻകൂടി ഗ്രന്ഥം വഴിയൊരുക്കുന്നു. കൃതിയെ വ്യത്യസ്തമാക്കുന്ന ആദ്യഘടകം ഇതാണ്. ആസ്വാദനമെന്നത് വ്യക്തിഗതമായിരിക്കുമ്പോൾത്തന്നെ അതിനകത്ത് വ്യക്തിയെ സ്വാധീനിക്കാനിടയുള്ള സാമൂഹ്യവും രാഷ്ട്രീയവുമായ പൊതുഘടകങ്ങൾ ഉണ്ട്. ആയതിലേക്ക് ഇക്കാര്യം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്വകാര്യതയെ മാനിച്ച് ചില പേരുകളിൽ മാറ്റം വരുത്താനും, കാവ്യാത്മക രുചിക്കായി ചിലയിടങ്ങളിൽ ഫിക്ഷൻ മസാല വിതറുവാനുള്ള സ്വാതന്ത്ര്യം എടുത്തിട്ടുണ്ട് എന്ന് എഴുത്തുകാരൻ ഏറ്റുപറയുന്നുണ്ട്. ഏറ്റുപറച്ചിൽ സത്യസന്ധമാണെങ്കിൽപ്പോലും ആത്മകഥാസ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്ന ഒന്നാണ് പ്രസ്തുത സ്വാതന്ത്ര്യമെടുക്കൽ എന്ന തിരിച്ചറിവിനോടൊപ്പം, ആത്മകഥാപരമായ രചനകളിൽ ഇങ്ങനെയൊരു രീതിയും തെരഞ്ഞെടുക്കാനാകുമെന്നതിന് ഉദാഹരണം കൂടിയാകുന്നു ഈ കൃതി.

സുലൈമാനി എന്ന വാക്കുതന്നെ ചില സവിശേഷതകൾ ഉൾക്കൊള്ളുന്നുണ്ട്. കട്ടൻചായ എന്നു പ്രസിദ്ധമായ പാലൊഴിക്കാത്ത ചായയ്ക്ക് കേരളത്തിന്റെ വടക്കൻ/മലബാർ പ്രദേശങ്ങളിൽ പ്രസിദ്ധമായ പേരാണ് സുലൈമാനി എന്നത്. മലബാർ പ്രദേശങ്ങളിലെ പ്രസിദ്ധ ഭക്ഷ്യവിഭവമായ ബിരിയാണിക്കുശേഷം പൊതുവിൽ കുടിക്കുന്ന പാനീയം കൂടിയാണ് സുലൈമാനി. പ്രാദേശികമായി നോക്കിയാൽ ഒരു സമൃദ്ധഭക്ഷണമായ ബിരിയാണിക്കുശേഷം വരുന്ന പാനീയമായിരിക്കെത്തന്നെ, രാഷ്ട്രീയ പാശ്ചാത്തലത്തിൽ നോക്കുമ്പോൾ പാർട്ടി പ്രവർത്തകർ, തൊഴിലാളികൾ എന്നീ വിഭാഗങ്ങൾ ഒരുകാലത്ത് വ്യാപകമായി ഉപയോഗിച്ചിരുന്ന പാനീയം കൂടിയാണ് സുലൈമാനി എന്നതും ശ്രദ്ധേയമാണ്. പാൽച്ചായക്കു കഴിവില്ലാത്ത വീടുകളിൽ അതിനുപകരം കട്ടൻചായയാണ് ഉപയോഗിക്കുന്നത്. ഇങ്ങനെ ഒരുപോലെ സമൃദ്ധിയുടെയും ദാരിദ്ര്യത്തിന്റെയും കൂടെനിൽക്കുന്ന ഭക്ഷ്യപ്രതീകമായി സുലൈമാനിയെ കണ്ടെത്താനാകും. ഏതു തട്ടിൽപ്പെട്ടയാൾക്കും ഒരുപോലെ ഉൾക്കൊള്ളാനാകുന്ന ഒരു പ്രതീകചിഹ്നമായി അങ്ങനെ ‘സുലൈമാനി’ മാറുന്നു. കൂടാതെ, മലയാളികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒരു നിത്യോപയോഗ പാനീയം കൂടിയാണ് ചായ. കടുപ്പത്തിലും മധുരത്തിലും പാലിന്റെ കലർപ്പിലും ഉള്ള വ്യത്യാസങ്ങളൊഴികെ, സമാനതകളുള്ള ജനകീയപാനീയം എന്നുപറയാം. ഗ്രന്ഥനാമത്തിൽത്തന്നെ ഇത്തരത്തിലൊരു ഭക്ഷണപ്രതീകത്തെ ചിഹ്നവൽക്കരിച്ച് ഉപയോഗിക്കുമ്പോൾ ‘ഒരു സൗദി സുലൈമാനി’ എന്നത്, സൗദിയുമായി ബന്ധപ്പെട്ട മലയാളി അനുഭവങ്ങളെന്ന അർത്ഥത്തെ ഉചിതമായ രീതിയിൽ പ്രതിബിംബിക്കാൻ പര്യാപ്തമായിത്തീരുന്നു. രുചിഭേദങ്ങളുടെ അടിസ്ഥാനം രുചിക്കുന്നവരുടെ ഉള്ളിലെ താൽപര്യഭേദങ്ങളാണ് എന്ന യാഥാർത്ഥ്യത്തെ ഗ്രന്ഥനാമത്തോടു ചേർത്തുവച്ചിരിക്കുന്നത് യഥാർത്ഥത്തിൽ ഒരു

മുൻക്കൂർജാമ്യം കൂടിയാണ്. ആസ്വാദകന് പ്രതീക്ഷിക്കുന്നത്ര രസം കിട്ടിയില്ലെങ്കിൽ, അത് എഴുത്തിന്റെ പ്രശ്നമല്ല, മുൻക്കൂർ നിശ്ചിതമായ ചില അളവുകോലുകളും ധാരണകളും ആസ്വാദകന്റെയുള്ളിൽ ഉള്ളതുകൊണ്ടാണ് എന്ന്, "രുചിക്കുന്നോരുടെ ഉള്ളിലാണ് മധുരവും കടുപ്പവും"മെന്ന പ്രയോഗം വ്യക്തമാക്കുന്നു. രുചിയുടെ പ്രത്യയശാസ്ത്രത്തെ പുതുക്കിയെടുക്കുന്നതിനുപരിയായി, മുൻവിധികളില്ലാതെ ഗ്രന്ഥത്തെ സമീപിക്കുന്നതിന് ഈ വാക്യം ആസ്വാദകനെ നിർബന്ധിതനാക്കുന്നുണ്ട്. സ്വാഭാവികമായും നല്ലരീതിയിൽ ഗ്രന്ഥാസ്വാദനം നടത്താനും ഈ ടെക്നിക് സഹായകമാകുന്നു.

വായനക്കാരുടെ മനസ്സിനെ പരുവപ്പെടുത്തുന്ന മേൽപ്പറഞ്ഞ ഉദാരണിപോലെതന്നെ, വിവരണങ്ങൾക്കിടയിൽ എഴുത്തുകാരൻ കൊണ്ടുവരുന്ന ചില സവിശേഷപ്രയോഗങ്ങളുണ്ട്. ഇന്റർനെറ്റിന്റെയും മൊബൈലിന്റെയും ലോകത്ത് തളയ്ക്കപ്പെട്ട പുതുതലമുറയിൽ നിന്നു വ്യത്യസ്തമായി, എഴുത്തുകാരനായ ഷനീബിന്റെ തലമുറ കൂടുതലായി ആസ്വദിച്ചിരുന്ന ടെലിവിഷൻ, സിനിമ തുടങ്ങിയവയിലൂടെ ഒരുപക്ഷേ ആ തലമുറയ്ക്ക് കൂടുതൽ പരിചിതങ്ങളായ ചില പ്രയോഗങ്ങളാണവ. ഉദാഹരണത്തിന് ആമുഖത്തിൽത്തന്നെ,

"മഹത്തായ ഒരു സാഹിത്യസൃഷ്ടി പ്രതീക്ഷിക്കുന്നവർക്ക് ഇടതുവശത്തെ കവർപേജിലേക്കു മടങ്ങി, 'ഹാവൂ രക്ഷപ്പെട്ടു' എന്നാത്മഗതം ചെയ്ത് ഇപ്പൊതന്നെ എക്സിറ്റ് ആവുന്നതേയുള്ളൂ" (2014:11).

എന്നുപറയുന്നതോടൊപ്പം നൽകിയിരിക്കുന്ന, "ഈ ഓഫർ പരിമിതനേരത്തേക്ക് മാത്രം" (2014:11) എന്ന പ്രയോഗം, പരസ്യങ്ങളിലൂടെ നമുക്ക് പരിചിതമായ ഒന്നാണ്. തുടർന്ന്,

"ഇമ്മിണി ബല്യ ഹോപ്പൊന്നുമില്ലാത്തവരോട് ഒന്നേ പറയാനുള്ളൂ. കേറിവാടാമക്കളെ, ഒരു ലൈറ്റ് സുലൈമാനി യെങ്കിലും കിട്ടാതിരിക്കില്ല" (2014:11).

എന്നെഴുതിയിരിക്കുന്നു. ഇവിടെയും "കേറി വാടാ മക്കളേ" എന്ന ഗോഡ്ഫാദർ സിനിമയിലൂടെ പ്രസിദ്ധമായ ഡയലോഗ് ശ്രദ്ധിക്കുക. വായനക്കാരന്റെ മനോമണ്ഡലത്തെ ലഘൂകരിക്കാനും തുടർന്നുള്ള എഴുത്തിന്റെ ശൈലികളിലേക്ക് പടിപ്പുരയാകാനും ഇത്തരം പ്രയോഗങ്ങളെക്കൊണ്ടു സാധിക്കുന്നുണ്ട്. ആമുഖം അവസാനിക്കുന്നത്

"അപ്പൊ എങ്ങനാ... അക്ഷരങ്ങളുടെ ഈ സുലൈമാനി ഒരു സിപ്പെടുക്കുവല്ലേ?" (2014:12)

എന്നിങ്ങനെയാണ്. ഈ രീതിയിലുള്ള വാക്യപ്രയോഗങ്ങൾ, എഴുത്തുകാരൻ വായനക്കാരോട് നേരിട്ടുസംസാരിക്കുന്നതിന്റെ പ്രതീതി ഉളവാക്കും. ആസ്വാദകന് എഴുത്തിനോടും എഴുത്തുകാരനോടും കൂടുതൽ അടുപ്പം സൃഷ്ടിക്കാനും രചനയിലേക്ക് ആകർഷിച്ചു നിർത്താനും ഈ ഡയലോഗ് രീതി സഹായകമാകുന്നു.

ശുദ്ധമലയാളത്തിനുവേണ്ടി നിർബന്ധം പിടിക്കാതെ വർത്തമാനകാലവ്യവഹാരങ്ങളിൽ ഒരു സാധാരണ മലയാളി/പ്രവാസി ഉപയോഗിക്കാൻ സാധ്യതയുള്ള ആംഗലേയഭാഷാപദങ്ങളെ എടുത്തുപയോഗിക്കാൻ ഷനീബ് മടിക്കുന്നില്ല. ഏകദേശം ഒന്നേകാൽ പേജോളം വരുന്ന ചെറിയ ആമുഖക്കുറിപ്പിനുള്ളിൽത്തന്നെ, "നെഗറ്റീവ് അടിച്ചു ഡാർക്കായി", "എക്സിറ്റ് ആവുക", "ഹോപ്പൊന്നുമില്ലാത്തവർ", "ഫിക്ഷൻ മസാല", "സിപ്പെടുക്കുക" എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ വന്നിട്ടുണ്ട്. ഇവയോരോന്നും സന്ദർഭത്തിന് ചേർച്ചയുള്ളതും വായനക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമില്ലാത്തവിധം സാമാന്യ വിദ്യാഭ്യാസമുള്ള ഏതൊരു മലയാളിയുടേയും വ്യവഹാരഭാഷയിൽ കടന്നുവരാറുള്ളവയും ആണ്. ഗദ്യസാഹിത്യമെന്നനിലയിൽ ഭാഷാശുദ്ധിക്കു നിർബന്ധം പിടിയ്ക്കാതെ, വ്യവഹാരഭാഷയെ ആവശ്യത്തിനു സ്വീകരിക്കുന്ന ഈ രചനാരീതി, വായനാന്തരീക്ഷത്തെ ലഘൂകരിക്കാനും, സാധാരണക്കാരായ വായനക്കാരെ കൂടുതൽ ആകർഷിക്കാനും സഹായിക്കുന്നുണ്ട്.

ആമുഖത്തിൽത്തന്നെ വന്നിട്ടുള്ള,

"കാവ്യാത്മകരുചിക്കായി ചിലയിടങ്ങളിൽ ഫിക്ഷൻ മസാല വിതറിയിട്ടുണ്ട്" (2014:12).

എന്ന വാക്യം ഇതെല്ലാം ഭക്ഷണത്തിന്റേതായ പരിചിതാന്തരീക്ഷത്തെ സൃഷ്ടിക്കുന്നു. ഭക്ഷണം എന്നത് മനുഷ്യന് ഒഴിവാക്കാനാകാത്തതും പ്രിയങ്കരവുമായ ഒന്നാകയാൽ അത്തരം പ്രതീകങ്ങളുടെ തുടർച്ചയായ സാന്നിദ്ധ്യം, വായനക്കാരനെ എഴുത്തിനോട് കൂടുതൽ അടുപ്പിക്കാൻ സഹായകരമാകുന്നു. കോഗ്നിറ്റീവ് നറേറ്റോളജി പ്രകാരം, നമ്മുടെ മനസ്സിന്റെ പ്രവർത്തനങ്ങൾ എഴുത്തിനെ മനസ്സിലാക്കുന്ന വിഷയത്തിൽ എങ്ങനെ സ്വാധീനംചെലുത്തുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്. ഇതിൻപ്രകാരം നമുക്കു പരിചിതവും പ്രിയങ്കരവുമായ പ്രതീകങ്ങളെ ഉപയോഗിക്കുക എന്നത് എഴുത്തിനെ കൂടുതൽ വ്യക്തമായും അടുപ്പത്തോടെയും വായനക്കാരന് ഉൾക്കൊള്ളാൻ സഹായിക്കുന്ന ടൂൾസായി എഴുത്തുകാരൻ ഉപയോഗിക്കുന്നു എന്ന് വ്യക്തമാണ്.

കാവ്യപ്രതിബിംബങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചു പറഞ്ഞ എസ്രാ പൗണ്ട്, സംക്ഷിപ്തത, ഇന്ദ്രിയവേദ്യത, ഭാവാത്മകത, നൂതനത്വം, ഔചിത്യം, വികാരോത്തേജനക്ഷമത എന്നിവ കാവ്യബിംബങ്ങളുടെ ധർമ്മമാണ് എന്നുപറയുന്നു. പഞ്ചേന്ദ്രിയങ്ങളിലേതു പ്രിയത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയുള്ള ദൃശ്യബിംബങ്ങൾ (Visual), ഗന്ധബിംബങ്ങൾ (Olfactory), രുചിബിംബങ്ങൾ (Gustatory), സ്പർശബിംബങ്ങൾ (Tactile), ശ്രവ്യ/നാദ ബിംബങ്ങൾ (Auditory) എന്നിങ്ങനെ 5 തരം ഇമേജറികൾ ഉള്ളതിൽ മനുഷ്യരെ ഏറ്റവും പെട്ടെന്ന് ആകർഷിക്കുന്ന ഒന്നാണ് രുചിബിംബങ്ങൾ. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ, അനുഭവങ്ങളെ പ്രതീകവൽക്കരിക്കാൻ എഴുത്തുകാരൻ തെരഞ്ഞെടുത്ത സുലൈമാനി/ചായ അതിന് ഏറ്റവും യുക്തമാണ് എന്നു കാണാം. സുലൈമാനി/ചായ കൂടാതെ ഒട്ടേറെ ഭക്ഷണവിഭവങ്ങളുടേയും ഭക്ഷിക്കുന്നതിന്റെയും വിവരണങ്ങൾ ഈ ഓർമ്മക്കുറിപ്പുകളിലെ വിവിധ അധ്യായങ്ങളിലുണ്ട്.

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ഭക്ഷണവിവരണങ്ങളുടെ കൂട്ടത്തിൽ, ഈ കൃതിയിൽ ചിഹ്നവൽക്കരിക്കപ്പെട്ട സവിശേഷവിഭവമായ ചായ, കവർപേജിലും ചിത്രരൂപത്തിൽ സ്ഥാനം പിടിക്കുന്നു. ആകാശനീലിമകൊണ്ട് ആകർഷകമായ കവർച്ചിത്രത്തിൽ, അറബിനാട്ടിലെ കെട്ടിടങ്ങളേക്കാൾ, മരുഭൂമിയിലെ ഒട്ടകങ്ങളെക്കാൾ വലുപ്പത്തിൽ ആവിപറക്കുന്ന സുലൈമാനിയുടെ ചിത്രം നൽകിയിട്ടുണ്ട്. അതും, മലയാളിക്ക് സുപരിചിതമായ ചില്ലുഗ്ലാസ്സിൽ. കവർച്ചിത്രരൂപീകരണത്തിൽ നൽകിയിരിക്കുന്ന ഈ ശ്രദ്ധാപോലും വായനക്കാരനെ, പ്രത്യേകിച്ചും ചായപ്രിയന്മാരായ മലയാളികളെ പൊതുവെ പുസ്തകത്തിലേക്ക് ആകർഷിക്കാൻ പര്യാപ്തമാണ്. ആസ്വാദകന്റെ പുസ്തകവായന ആരംഭിക്കുന്നത് കവർപേജിൽ നിന്നായതിനാൽത്തന്നെ, ഇതിനെയും ആഖ്യാനതന്ത്രത്തിന്റെ ഭാഗമായി കണക്കാക്കാം.

അധ്യായങ്ങളുടെ പേരുകൾ നൽകിയിരിക്കുന്നതിൽ “തിരികെ മടങ്ങുവാൻ തീരത്തടുക്കുവാൻ,” “ചിരിയുടെ കുടച്ചൂടി” എന്നിങ്ങനെയുള്ളവ സിനിമാഗാനങ്ങളുടെ ഓർമ്മകളിലേക്ക് നയിക്കുന്നു. പ്രവാസജീവിതത്തിന്റെ കഥപറയുന്ന ‘അറബിക്കഥ’ എന്ന സിനിമയിലെ ഏറെ ഹൃദയസ്പർശിയായ ഗാനത്തിലെ വരികളുടെ ഭാഗമാണ് “തിരികെ മടങ്ങുവാൻ തീരത്തടുക്കുവാൻ”. ഈ അദ്ധ്യായനാമത്തോടു ചേർത്തുനൽകിയിരിക്കുന്ന “കടുപ്പം കൂട്ടി മധുരം കുറച്ച്” എന്ന വിശേഷണം, പ്രസ്തുത അധ്യായത്തിലെ വൈകാരികതലങ്ങളുടെ സ്വഭാവത്തെ സൂചിപ്പിക്കാൻകൂടി പര്യാപ്തമാണ്. പേരുപോലെതന്നെ ജീവിതത്തിൽ കരപറ്റാൻ ശ്രമിക്കുന്ന ദയനീയമായ മുഖങ്ങളെ ഈ അധ്യായത്തിലൂടെ വായനക്കാരൻ പരിചയപ്പെടുന്നു. സ്വന്തം ഓർമകളോടു ചേർത്ത് മാതാപിതാക്കളുമായി ബന്ധപ്പെട്ട കഥകൾകൂടി ഇതിൽ ഉൾച്ചേർക്കുന്നുണ്ട്. ‘ജോക്കർ’ സിനിമയിലേതാണ് “കണ്ണീർമഴയത്ത് ഞാനൊരു ചിരിയുടെ കുട ചൂടി” എന്ന പ്രസിദ്ധ ഗാനം. “ചിരിയുടെ കുടചൂടി” എന്നു മാത്രം പേരു നൽകിയാലും അതിനു മുൻപുള്ള കണ്ണീർമഴ എന്ന പ്രയോഗം വായനക്കാരന്റെ മനസ്സിൽ അതിനോട് ചേർന്നു വന്നുകൊള്ളും. അധ്യായവസാനം ഷനീബുതന്നെ ആ വരികൾ ചേർത്തുപറയുന്നുമുണ്ട്. ഇതിൽ എഴുത്തുകാരന്റെ പങ്കുവയ്ക്കപ്പെടുന്ന വ്യക്തിപരമായ ദുഃഖം വായനക്കാരനിലേയ്ക്കും പടരുന്നു. അദ്ധ്യായം വായിച്ചുകഴിയുമ്പോൾ, എഴുത്തുകാരൻ നനഞ്ഞ കണ്ണീർമഴ, വായനക്കാരന് അനുഭവേദ്യമാകുന്നുണ്ട്. ഇത് ഇന്റർടെക്സ്റ്റ്വാലിറ്റിയുടെതന്നെ മറ്റൊരു പതിപ്പാണെന്നു പറയാം. കാരണം, എഴുത്ത് ദൃശ്യമാധ്യമമായ സിനിമയിലേക്ക് ബന്ധപ്പെടുന്നു. സിനിമാസന്ദർഭങ്ങൾ, പരസ്യസന്ദർഭങ്ങൾ, ഗാനശകലങ്ങൾ ഇവ സാംസ്കാരികമായ ആശയവിനിമയത്തിന്റെ ഉപകരണങ്ങളാകുന്നു.

ആദ്യ അധ്യായത്തിന്റെ പേരായ ഒരു ഹൈദ്രാബാദി ചായ എന്നതിനെ ഒരു “ഹൈ”ദ്രാബാദി ചായ എന്നു രേഖപ്പെടുത്തുന്നതിലൂടെ അധ്യായത്തിൽ അവതരിപ്പിക്കുന്ന വിഷയത്തിന് എഴുത്തുകാരൻ നൽകുന്ന ഉയർന്ന പ്രാധാന്യം വ്യക്തമാകുന്നുണ്ട്. ഈ അധ്യായത്തിലും പേരിനോടുചേർന്ന് വിശേഷണമുണ്ട്. “മധുരം കൂട്ടി കടുപ്പം കുറച്ച്” എന്ന പ്രയോഗവും ഉള്ളടക്കത്തിന്റെ രസസ്വഭാവത്തിന്റെ സൂചന നൽകുന്നു. ഇത്തരം അവതരണരീതികൾ പുതുമയുള്ളതാകയാൽ വായനക്കാരന്റെ കൗതുകത്തെ ഉണർത്താൻ പര്യാപ്തമാണ്. ആദ്യ അധ്യായത്തിലെ വിഷയം അവതരിപ്പിക്കുന്നതുതന്നെ അക്ഷരാർത്ഥത്തിൽ ചായയുമായി ബന്ധപ്പെട്ടാണ്.

വ്യവഹാരഭാഷയെ ശങ്കയില്ലാതെ ഉപയോഗിക്കുന്ന കൂട്ടത്തിൽ എഴുത്തുകാരൻ വിവിധങ്ങളായ ഭാഷാപദങ്ങളും ഉപയോഗിക്കുന്നുണ്ട്. ശുക്രിയ (ഹിന്ദി), പേശി മുടിച്ച് (തമിഴ്), ചിന്ന ചിന്ന ആസൈകൾ മട്ടും (തമിഴ്), അത് വന്ത് ചിന്ന സസ്പെൻസ് (തമിഴ്), മന്ദൂബ് അഹ്റാത്ത് തുബ്ബിയ (അറബി) തുടങ്ങിയ ചില അന്യഭാഷാപദങ്ങൾ കാണാം. വർത്തമാനകാല വ്യവഹാരമലയാളത്തിൽ ഏറ്റവുമധികം കലരുന്ന ആംഗലേയപദങ്ങളുടെ ധാരാളിത്തം ഈ കൃതിയിലുണ്ട്. സംഭാഷണഭാഷയുടേതായ സ്വഭാവവും ശൈലിയുമുള്ള ഈ കൃതിയിൽ, വിദ്യാസമ്പന്നനും തൊഴിലാളിയുമായ ഒരു പ്രവാസിയുടെ സംഭാഷണങ്ങളിൽ കടന്നുവരാൻ സാധ്യതയുള്ള എല്ലാ ഇംഗ്ലീഷ് വാക്കുകളേയും മലയാളം കലർത്തി നിരങ്കുശത്വത്തോടെ പ്രയോഗിച്ചിട്ടുണ്ട്. അർജന്റാണ്, വൊമിറ്റിംഗ് ടെന്റൻസി, ഫുൾടൈം, ഡ്യൂട്ടീസ് ആന്റ് റെസ്പോൺസിബിലിറ്റീസ്, ജസ്റ്റ് മിസ്സായി, ബുക്കിങ്ങില്ല, ഔട്ടർ ഏരിയയിൽ, റിസ്ക്കാണ്, ഇമ്മോഷണൽ സീൻ, പോസിറ്റീവ് എനർജിയും മോട്ടിവേഷനും, ട്വിസ്റ്റ്, സെറ്റാ ക്കി, ട്രഡീഷണൽ, റൗണ്ടടിക്കുക, വെല്ലുവിളി നമ്പർ ടൂ, ദിക്റ്റുകൾ, ഫയർ എക്സ്റ്റിംഗ്വിഷറുകളായി, ഒരു ബോഡി ഓപ്പണിംഗ് സീൻ, ഒന്നു റിലാക്സായപ്പോൾ, ഫോൺ റിംഗ് ചെയ്തു, ഹാങ്ഓഫ്, കൂട്ടുകാരന്റെ ലൈഫിലുണ്ടായ ഇൻസിഡന്റ്, സീനിൽനിന്ന് നൈസായി എസ്കേപ്പാവാൻ, ഇൻവെസ്റ്റിഗേഷൻ ക്വസ്റ്റ്യൻസ്, ഗട്ട് ഫീലിംഗ്, കുറച്ചു ഡീപ് ബ്രീത്തെടുത്തു, ഷോർട്ടേജ് ഐറ്റംസ്, ഓർഡർ റിക്വസ്റ്റുകൾ, വിസിറ്റിംഗ് പ്ലാനിലില്ലാത്തത്, റീച്ചാർജ്ജായ ഉന്മേഷം, എജ്ജാതി ബ്യൂട്ടിഫുൾ വ്യൂ എന്നിങ്ങനെയുള്ള അത്തരം പ്രയോഗങ്ങളിൽ സാമാന്യവിദ്യാഭ്യാസമുള്ള മലയാളിക്ക് അർത്ഥക്ലിഷ്ടത ഉണ്ടാക്കുന്ന പദങ്ങളില്ല എന്നതുകൂടി ശ്രദ്ധേയമാണ്.

ജനപ്രിയ കലാരൂപമായ സിനിമയിലെ പ്രസിദ്ധമായ സംഭാഷണശകലങ്ങളെ സന്ദർഭോചിതമായി നർമ്മാന്തരീക്ഷം ഒരുക്കുന്നതിനും ആശയപ്രകാശനത്തിനുമുള്ള റഫറൻഷ്യൽ സങ്കേതമായും ഉപയോഗിക്കുന്നുണ്ട്. “ഒരു ചിരി കണ്ടാൽ കണികണ്ടാൽ അതുമതി” (പൊന്മുടിപ്പുഴയോരത്ത്, ജോൺസൺ എസ്തപ്പാൻ, 2005), “ഈസ്വരാ....” (ടൂ കൺട്രീസ്, ഷാഫി, 2015), “ആഹാ അന്തസ്സ്!” (ഒരു യമണ്ടൻ പ്രേമകഥ, നൗഫൽ ബി. സി., 2019), “സെൻസും സെൻസിബിലിറ്റീയും സെൻസിറ്റിവിറ്റിയും” (ദി കിംഗ്, ഷാജി കൈലാസ്, 1995), “എന്റെ സാറേ പിന്നെ ചുറ്റുമുള്ളതൊന്നും കാണൂല” (തട്ടത്തിൻ മറയത്ത്, വിനീത് ശ്രീനിവാസൻ, 2012), “നോക്കണ്ടടാ ഉണ്ണീ ഇതു ഞാൻ തന്നെ” (ഈ പറക്കും തളിക, താഹ, 2001), “ഹരിതാഭയും പച്ചപ്പും” (ഓം ശാന്തി ഓശാന, ജൂഡ് ആന്റണി ജോസഫ്, 2014), “ഐഡിയാ ഷാജി” (ഗോൾഡ്, അൽഫോൺസ് പുത്രൻ, 2022) തുടങ്ങിയവ ഉദാഹരണങ്ങളാണ്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ആഖ്യാനരീതിയ്ക്ക് ലഘുത ഉളവാക്കാനും ചെറിയ നർമ്മത്തിന്റെ മേമ്പൊടി വിതറാനുമായി പദപ്രഹ്ലാദരീതി (Malapropism) ഉപയോഗിക്കുന്നുണ്ട്. “കാൽക്കുലേഷൻ ചെറുതായി കൊളോക്കിയലായി” (2024:20), “സൈക്കളോടിക്കൽ മൂവ്” (2024:30), “ടാസ്കിയും പിടിച്ച്” (2024:49), “ഫിലോപ്പസി” (2024:98) തുടങ്ങിയവ ഉദാഹരണം. വ്യവഹാരികഭാഷയുടെ കടന്നുകയറ്റം ഏതറ്റംവരെയുണ്ട് എന്നതിനു തെളിവാണ് “കണകുണ സാധനങ്ങൾ” (2024:31) എന്ന പ്രയോഗം.

ജനപ്രിയഭാഷയെ ഉപയോഗിക്കുന്നതിന്റെ ഭാഗമായിത്തന്നെ ന്യൂജെൻ വാക്കുകളെ വിവരണങ്ങളിൽ പലയിടത്തും കാണാനാകും. പൊളി, ഡാർക്ക്, നെഗറ്റീവടിക്കുക, കൊല് ആമ്പിയൻസ്, സീൻ, തുടങ്ങിയവ ഉദാഹരണം. ഈ കാലഘട്ടത്തിൽ പ്രസിദ്ധമായ പ്രസീദ ചാലക്കുടിയുടെ ജനപ്രിയ നാടൻപാട്ടിലെ “കേൾക്കണോ പ്രിയകൂട്ടരേ” എന്ന വരികൾപോലും ആശയാവതരണങ്ങളിൽ എടുത്തുപയോഗിക്കുന്നുണ്ട്. സ്ലിപ്പായി–ലാന്റായി, റൺവേ– മൺവേ തുടങ്ങിയ പദജോഡികൾ മറ്റൊരാകർഷണമാണ്.

ആഖ്യാനമെന്നത് സംഭവങ്ങളുടെ ശൃംഖലയാണ്. ഈ സംഭവശൃംഖലയാകട്ടെ, നിർമ്മിതമാണ്. നിർമ്മാണതന്ത്രങ്ങൾ അഥവാ ആഖ്യാനതന്ത്രങ്ങൾ ഉപയോഗിച്ച് ആഖ്യാനനിർമ്മിതിയിലേർപ്പെടുക എന്ന കൃത്യമാണ് എഴുത്തുകാരൻ ചെയ്യുന്നത്. തന്ത്രങ്ങളുടെ പ്രയോഗം പൂർത്തിയാകുന്നതോടെ ആഖ്യാനവും പൂർത്തിയാകുന്നു. ആഖ്യാനത്തെ ആഖ്യാനമാക്കുന്ന രൂപപരവും സാന്ദർഭികവുമായ സവിശേഷതകളാണ്/ലക്ഷണങ്ങളാണ് ആഖ്യാനത (Narrativity) എന്നു വിശേഷിപ്പിക്കപ്പെടുന്നത്. ഈ സവിശേഷതകൾ പൊതുവിൽ കാണപ്പെടുന്ന രീതികളിൽ നിന്നു ഭിന്നമോ ജനപ്രിയമോ ആകുമ്പോൾ ആഖ്യാനവും വായനാക്ഷമതയുള്ള, ആകർഷത്വമുള്ള ഒന്നായിമാറുന്നു.

പുസ്തകത്തിന്റെ കെട്ടിലും മട്ടിലുംതന്നെ ചില വ്യത്യസ്തതകൾ ഒരു സൗദി സുലൈമാനിക്കുണ്ട്. ഡസ്റ്റിനി ബുക്ക്സ് ഉടമ മാലിക് മഖ്ബൂലിന്റെ പ്രസാധകക്കുറിപ്പിനും എഴുത്തുകാരനും സംവിധായകനുമായ ജി. കെ. ഗോപകുമാറിന്റെ അവതാരികയ്ക്കും ഷനീബ് അബൂബക്കറിന്റെ ആമുഖത്തിനും ശേഷം, “ഖേദപൂർവ്വം.......” എന്നൊരദ്ധ്യായമുണ്ട്. 14 അദ്ധ്യായങ്ങളുള്ള പുസ്തകത്തിന്റെ ഉള്ളടക്കം കുറിച്ച പേജിനു മുമ്പായി പ്രസ്തുത അദ്ധ്യായം വരുന്നു. ഈ ഘടന വായനക്കാരന് അപരിചിതമാണ്. പുസ്തകത്തിന്റെ പരിശോധനയും തിരുത്തലും കഴിഞ്ഞ് ചിട്ടപ്പെടുത്തലിന്റെ അവസാനഘട്ടത്തിലാണ് രണ്ടുപേജുകൾ ബാക്കിയാകുന്നതെന്നും, പുസ്തകത്തിൽ വിട്ടുപോകാൻ പാടില്ലാത്ത ഒരു വ്യക്തിയുടെ ഓർമ വൈകിവന്നത് കുറിയ്ക്കാനായി അവ ഉപയോഗിച്ചതാണെന്നും, പുസ്തകത്തിന്റെ ഏറ്റവുമാദ്യം കുറിയ്ക്കേണ്ട പേരുതന്നെയാണതെന്നും ഉറപ്പിച്ചു പറഞ്ഞുകൊണ്ട് ഉള്ളടക്കപ്പേജിനു മുൻപേ ചേർത്ത പ്രസ്തുത അധ്യായം, പുസ്തകത്തിന്റെ ഉള്ളടക്കക്രമത്തെക്കുറിച്ചുള്ള വായനക്കാരന്റെ മുൻവിധികളെ മാറ്റിമറിക്കുന്നു. ചിട്ടപ്പെടുത്തലിന്റെ അവസാനഘട്ടത്തിലായാലും പേജു നമ്പറടക്കം ചേർത്ത്, ആദ്യം ഉൾപ്പെടുത്താനാകുന്ന അധ്യായത്തെ, “ഉള്ളടക്ക”ത്തിനുള്ളിൽത്തന്നെ ഉൾപ്പെടുത്താനും സാധിക്കും. മാത്രമല്ല. പ്രൂഫ് റീഡിംഗും ചിട്ടപ്പെടുത്തലും കഴിഞ്ഞ് എഴുതിച്ചേർത്തതാണെന്ന് എഴുത്തുകാരൻ പറഞ്ഞില്ലായിരുന്നെങ്കിൽ വായനക്കാരൻ അറിയുകയില്ല എന്നിരിക്കെ, ഇത്തരത്തിലുള്ള തുടക്കം പുസ്തകത്തിന്റെ ഘടനയിലുള്ള പുതുമയ്ക്കും ഗതാനുഗതികത്വത്തെ അവഗണിക്കാനുള്ള എഴുത്തുകാരന്റെ ധൈര്യത്തിനും നിദർശനമാകുന്നു. അത്രയേറെ പ്രധാനപ്പെട്ട വ്യക്തി എന്ന് പറയുമ്പോഴും മറന്നു എന്ന വസ്തുത, തന്റെ മറവിയിൽ എഴുത്തുകാരൻതന്നെ അതിശയിക്കുകയും ക്ഷമചോദിക്കുകയും ചെയ്യുന്ന അവസ്ഥ, പുസ്തകത്തിന്റെ രണ്ടാം പതിപ്പിലും ഇതു തിരുത്തിയിട്ടില്ല എന്ന വസ്തുത – ഇതെല്ലാം ഒരു അപഗ്രഥന പഠിതാവിനെ സംബന്ധിച്ചിടത്തോളം ‘നിർമ്മിതി’യുടെ ലക്ഷണങ്ങളായി കണക്കാക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. എഴുത്ത് പലപ്പോഴും അബോധതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെമാത്രം ഫലമല്ലയെന്നും, അതിനകത്തുതന്നെ ബോധപൂർവ്വമായ കരുനീക്കങ്ങളുണ്ട് എന്നും ഇത്തരം ചില സന്ദർഭങ്ങൾ ഓർമ്മിപ്പിക്കുന്നു.

എഴുത്തുകാരൻ ഒരേസമയം വായനക്കാരനോടും ഒപ്പം തന്നോടുതന്നെയും സംഭാഷണം നടത്തുന്ന ശൈലി ധാരാളമായി ഈ പുസ്തകത്തിൽ പ്രയോഗിച്ചു കാണുന്നുണ്ട്. അതുമാത്രമല്ല വായനക്കാരനിൽനിന്നു തിരിച്ചുണ്ടാകാവുന്ന പ്രതികരണങ്ങളും പലപ്പോഴും എഴുത്തിൽ സാന്ദർഭികമായി സ്ഥാനംപിടിക്കുന്നു. ഉദാഹരണത്തിന്, ഒരു ഹൈദ്രാബാദിച്ചായ എന്ന അധ്യായത്തിലെ,

“ഹൃദ്യമായ സ്വീകരണമായിരുന്നു കമ്പനിയുടെ ആളുകളിൽ നിന്നു ഞങ്ങൾക്കു കിട്ടിയത്.
ഞങ്ങളോ?
അതെ ഈ യാത്രയിൽ ഞാനൊറ്റക്കല്ലായിരുന്നല്ലോ.
ഇത് നൗഫൽ ദിലാവീദ്. ഹൈഡ്രോഫിറ്റ് സൗദിയുടെ ഓപ്പറേഷൻ മാനേജർ. ആളുടെ കൂടെയാണ് എന്റെയീ യാത്ര” (2024:21).

എന്ന ഭാഗം ഒരുദാഹരണം. “ഇത് നൗഫൽ ദിലാവീദ്” എന്ന് വായനക്കാരനോടു പറയുമ്പോൾ നൗഫലും വായനക്കാരനും മുഖാമുഖം നിൽക്കുകയാണ് എന്ന പ്രതീതി ഉണ്ടാകുന്നുണ്ട്. സാധാരണ എഴുത്തിൽ, നൗഫൽ എന്ന വ്യക്തിയെക്കുറിച്ച് പ്രസ്താവിച്ചശേഷമാണ് ആദ്യം പറഞ്ഞ വാചകം വരേണ്ടിയിരുന്നത്. വിവരണങ്ങൾക്കിടയിൽത്തന്നെ, ഒരു ഘടികാരത്തിന്റെ പെൻഡുലംപോലെ, മുന്നോട്ടും പിന്നോട്ടും ആടിക്കൊണ്ടിരിക്കുന്ന കാലഘടനയാണ് അധ്യായങ്ങളുടെ ഉള്ളടക്കത്തിനുള്ളത്. അധ്യായങ്ങൾപോലും അത്തരത്തിൽ ക്രമാനുഗതമല്ലാത്ത രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. 2022ൽ നടന്ന സംഭവത്തെയാണ്

ഉള്ളടക്കത്തിനു മുൻപേ ഒരു അധ്യായമായി നൽകിയിരിക്കുന്നത്. പതിനൊന്നാമത്തെ അധ്യായമായ 'മമ്മാക്കാടെ കശുമാവ്' എഴുത്തുകാരന്റെ ഉമ്മയുടെ ബാല്യകാലസ്മരണകളാണ്. ഒരു സൗദി ചിക്കൻപോക്സ് കാലത്ത് ഉമ്മ പറഞ്ഞ പഴയകഥ ഓർമ്മയിലേയ്ക്ക് വന്നതിനെ പകർത്തിയിരിക്കുന്നതാണ് പ്രസ്തുത അധ്യായം.

കഥാഖ്യാനത്തെക്കുറിച്ചുള്ള പഠനങ്ങളിൽ വിവിധ ആഖ്യാനരീതികൾ വിവരിക്കുന്നതിൽ ഒന്ന് 'ആവൃതകഥ'യാണ്. അതായത് ഒന്നിനുള്ളിൽ മറ്റൊന്ന് എന്ന രീതിയിലുള്ള അവതരണം. ഓർമ്മക്കുറിപ്പുകളിലും ഈ രീതി അവലംബിക്കാനാകുമെന്ന് പ്രസ്തുത അധ്യായം തെളിയിക്കുന്നു. ഗൗരവമുള്ള എഴുത്ത് വേദനയുടെയും ദുഃഖത്തിന്റെയും തലങ്ങളിലേക്കു നീങ്ങുമ്പോൾ ഷനീബ് ബോധപൂർവ്വം ഒന്നു ചുവടുമാറ്റുകയും ചില പൊടിക്കൈകളാൽ നർമ്മം കലർത്തി, അന്തരീക്ഷത്തെ ലഘൂകരിക്കുകയും ചെയ്യുന്നുണ്ട്.

ഓരോ വായനക്കാരനും എഴുത്തിൽനിന്നും ചിലത് ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഓർമ്മക്കുറിപ്പുകൾ വായിക്കുന്നവരിൽ ചിലർ മറ്റുള്ളവരുടെ ജീവിതത്തിലേക്ക് കേവലം ഒരെത്തിനോട്ടംമാത്രം ആഗ്രഹിക്കുന്നവരാകാം. ചിലർക്ക് അവതരണരീതിയുടേതായ രസവും നർമ്മങ്ങളും കൂടിവേണം. അതിവൈകാരികത ഇഷ്ടപ്പെടുന്നവരുമുണ്ട്. ചിലരാകട്ടെ, മറ്റുള്ളവരുടെ ജീവിതാനുഭവങ്ങളിൽനിന്ന് ചില ജീവിതപാഠങ്ങളെ, തത്വങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്നവരാകാം. അത്തരക്കാർക്ക് ഉപയുക്തമായ ചിലചിന്തകളും ഈ പുസ്തകത്തിൽ ചിലയിടങ്ങളിൽ പ്രത്യേകമായി അവതരിപ്പിക്കുന്നുണ്ട്. "മരണത്തെപ്പോലെ രംഗബോധമില്ലാത്ത കോമാളിയാണ് ചിന്തകളും" (2024:23), "ഒരേസമയം ഏറ്റവും ശക്തനും ഏറ്റവും ദുർബ്ബലനുമായ ഒരേയൊരു ജീവിയേ ഭൂമിയിലുള്ളൂ. അതു മനുഷ്യനാണ്" (2024:102), "ഓരോ യാത്രയിലും നമ്മൾ ഒരുപാടു പേരെ ക്രോസ് ചെയ്തു പോകാറുണ്ട്" (2024:97), "നടക്കുന്ന വഴികളിലെല്ലാം പൊള്ളലേറ്റു തുടങ്ങുമ്പോഴാണ് കനലെരിയുന്നത് പാതകളിലല്ല, കാൽപാദത്തിൽ തന്നെയാണെന്നറിയുക" (2024:110) തുടങ്ങിയവ ഉദാഹരണങ്ങളാണ്.

"ജീവിതത്തിലെ സുഭിക്ഷതകളെല്ലാം പടച്ചവൻ ഇന്നെനിക്ക് നൽകി, പക്ഷേ അതാസ്വദിക്കാൻ അന്നത്തെ കഠിനമായ ആ വിശപ്പു മാത്രം ഇല്ലാതെ പോയല്ലോ" (2024:76).

എന്ന വരികൾ രുചിയുടെ, ഭക്ഷണാസ്വാദനത്തിന്റെ അടിസ്ഥാനം വിശപ്പാണെന്ന വലിയൊരു സത്യത്തിന് അടിവരയിടുന്നു.

ഭൂതകാലത്തിലേയ്ക്കും തിരിച്ചും മാറി മാറി യാത്ര ചെയ്യുന്ന രീതിയിലുള്ള അവതരണങ്ങൾക്ക് ഉദാഹരണമാണ് കുനാഫ എന്ന അധ്യായം. നോൺ ലീനിയർ സ്റ്റോറി ടെല്ലിംഗ് രീതിയാണ് ട്രെന്റിംഗ് എന്നും അതുകൊണ്ടാണ് താൻ ഈ രീതി തെരഞ്ഞെടുത്തതെന്നും ഈ അധ്യായത്തിനുള്ളിൽ സംഭവവിവരണം നടത്തുന്ന ഒരു കഥാപാത്രത്തിലൂടെ എഴുത്തുകാരൻ വിശദീകരിക്കുന്നുണ്ട്. പലപ്പോഴും നടന്ന ഒരു സംഭവം വായനക്കാരനോട് വിവരിക്കുന്നരീതിയിൽ ആരംഭിക്കുകയും തുടർന്ന് സിനിമാഷോട്ടുപോലെ ആ സംഭവത്തിലേക്ക് വായനക്കാരനെ നേരിട്ടു പ്രവേശിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, ആ ദൃശ്യപരത ഇടയ്ക്കുവച്ച് നിൽക്കുകയും വിവരണത്തിലേക്ക് തിരികെ പോരുകയും ചെയ്യുന്നരീതി ഇടയ്ക്കിടെയുണ്ട്. അങ്ങനെയുള്ള വിവരണങ്ങളിൽ വായനക്കാരൻ പ്രകടിപ്പിക്കുന്ന ഉദ്വേഗത്തിനും തുടർകഥയറിയാനുള്ള ഔത്സുക്യത്തിനും, പെട്ടെന്ന് ശമനമുണ്ടാക്കാതെ അഥവാ ഒന്നു കളിപ്പിച്ച് രസിക്കുന്ന സ്വഭാവം എഴുത്തുകാരൻ ചിലയിടങ്ങളിൽ പ്രകടമാക്കുന്നുണ്ട്. ഇത് നേരിട്ടു സംവദിക്കുന്നതിന്റെ രസമാണ് വായനക്കാരന് നൽകുന്നത്.

പല അധ്യായങ്ങളുടെയും അവസാനത്തിലായി അനുലേഖം നൽകിയിരിക്കുന്നതും ആഖ്യാനരീതിയിൽ പുതുമയാകുന്നുണ്ട്. അധ്യായത്തിൽ നൽകിയ വിവരണങ്ങളുമായി ബന്ധപ്പെട്ട്, പ്രസ്തുത സംഭവങ്ങളുടെയോ വ്യക്തികളുടേയോ വർത്തമാനകാല അവസ്ഥകളെ സൂചിപ്പിക്കാനും ചിലപ്പോഴൊക്കെ അധ്യായം വായിക്കുന്ന വായനക്കാരന് സ്വാഭാവികമായുണ്ടാകാനിടയുള്ള സംശയങ്ങൾക്ക് മറുപടിയേകാനും, അതുമല്ലെങ്കിൽ പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട മറ്റു ചില അനുഭവങ്ങളെ കണ്ണി ചേർക്കാനുമായാണ് ഈ അനുലേഖത്തെ ഉപയോഗിക്കുന്നത്. അനുലേഖത്തിലെ അക്ഷരങ്ങളെ, അധ്യായത്തിലെ മുഖ്യഭാഗത്തിൽനിന്നു വേറിട്ടുനിറുത്തുന്നതിനായി വ്യത്യസ്തമായ ലിപിവിന്യാസം നൽകാനും എഴുത്തുകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. ഓർമ്മക്കുറിപ്പുകൾക്ക് ആത്മകഥാ സ്വഭാവമുണ്ടെന്നു പറയുമ്പോൾ, സത്യസന്ധവും യഥാർത്ഥവുമായ വിവരണങ്ങളാണ് പ്രതീക്ഷിക്കപ്പെടുന്നത്. എന്നാൽ ഈ കൃതിയിൽ എഴുത്തുകാരൻ സ്വാതന്ത്ര്യമുപയോഗിച്ചിട്ടുണ്ട് എന്നു മുൻപ് സൂചിപ്പിച്ചല്ലോ. പ്രസ്തുത സ്വാതന്ത്ര്യത്തിന്റെ ഭാഗമായി, ഭാവനയുടെ മേമ്പോടിയും, അവതരണരീതിയിലെ പുതുമകളും, നർമ്മം ചേർക്കുന്നതും വായനാക്കാരനെ കളിപ്പിക്കുന്നതുമായ എഴുത്തുകാരന്റെ കുസൃതികളുമടക്കം സർഗ്ഗാത്മകതയുടെ സ്പർശമുള്ള എഴുത്താണ് അധ്യായങ്ങളിൽ പ്രമുഖമായി വരുന്നതെങ്കിൽ, ആ എഴുത്തിലൂടെ ഭാവനാലോകത്തിന്റെ ആകാശത്ത് വിഹരിക്കുന്ന ആസ്വാദകനെ ഭൂമിയിലേക്ക്, വർത്തമാനസ്ഥിതികളുടെ യാഥാർത്ഥ്യത്തിന്റെ തലത്തിലേക്ക് ഇറക്കിക്കൊണ്ടു വരുന്നയിടമാണ് ഇതിലെ അനുലേഖങ്ങൾ എന്നു പറയാം. ഇങ്ങനെ, ഒരു കഥാന്തരീക്ഷം കൂടി ഉൾച്ചേർത്തി സർഗ്ഗാത്മക രചനയുടെ സൗന്ദര്യത്തെ കൃതിയുടെ ആഖ്യാനത്തിൽ കൊണ്ടുവരുന്നതിനും ഒപ്പം, അനുലേഖ സമ്പ്രദായത്തിലൂടെ, അതിന്റെ ഗൗരവത്തെ നിലനിർത്തുന്നതിനും എഴുത്തുകാരനു സാധിച്ചിട്ടുണ്ട്.

എഴുത്തിനേക്കാൾ അനുഭവങ്ങളുടെ തീവ്രതയാണ് ആളുകളുടെ ഉള്ളിലേക്ക് കടന്നുചെല്ലുന്നത് എന്നു തിരിച്ചറിഞ്ഞ എഴുത്തുകാരൻ, ഈ ഓർമ്മക്കുറിപ്പുകളിലുടനീളം ഹൃദയസ്പർശിയും തീവ്രവുമായ അനുഭവങ്ങളെയാണ്

പങ്കുവെയ്ക്കുന്നത്. സഹൃദയൻ ആ വിവരണങ്ങളിലൂടെ കടന്നുപോകുമ്പോൾ പ്രസ്തുത സന്ദർഭങ്ങളുടെ വൈകാരിക മുദ്രകൾ അയാളിലും പതിയുന്നു.

വൈയക്തികതയും സാമൂഹികതലങ്ങളും

ഒരു വ്യക്തിയുടെ ഓർമ്മക്കുറിപ്പുകൾ പ്രത്യക്ഷത്തിൽ തികച്ചും വൈയക്തികമാണ് എന്ന് പൊതുവെ ഒരു തോന്നൽ ഉണ്ടായേക്കാം. എന്നാൽ, വ്യക്ത്യനുഭവങ്ങളെ സ്വാധീനിക്കുന്ന സാമൂഹികതലങ്ങൾ എഴുത്തിലൂടെ നമുക്കു കണ്ടെത്താനാകും. വ്യക്തിയുടെ താല്പര്യങ്ങളെ, ചിന്തകളെ, ശീലങ്ങളെ എല്ലാം രൂപപ്പെടുത്തുന്നതിൽ സാമൂഹ്യ സാഹചര്യങ്ങൾക്കു വലിയ പങ്കുണ്ട്. ഓർമ്മക്കുറിപ്പുകളിൽ വ്യക്തി, തന്റെ അനുഭവങ്ങളെ പങ്കുവയ്ക്കുന്നതിനോടൊപ്പം വിവരിതമാകുന്ന പരിസരങ്ങൾ ഈ സാമൂഹിക ബന്ധത്തിന്റെ കണ്ണികളാണെന്നു കണ്ടെത്താനാകും.

വ്യക്ത്യനുഭവങ്ങളിൽനിന്ന് അഥവാ വിശേഷാനുഭവങ്ങളിൽനിന്ന് സാമാന്യവൽക്കരണത്തിലേക്ക് ചിന്തകളെ നയിക്കുന്ന വിവരണങ്ങൾ ഈ കൃതിയിൽ പലയിടങ്ങളിലുമുണ്ട്. തികച്ചും അന്യമായ ഒരു ഗൾഫ് രാജ്യത്തു ചെന്നെത്തുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളെ/പ്രതികൂല സാഹചര്യങ്ങളെ മറികടക്കാൻ സഹായിക്കുന്നതിൽ മറ്റു പ്രവാസി മലയാളികൾ കാണിക്കുന്ന സന്നദ്ധത, ഗൾഫ് മലയാളിസമൂഹത്തിന്റെ പൊതുസവിശേഷതയാണ്. രാജ്യത്തുനിന്നും അകന്നുനിൽക്കുമ്പോൾ നാടിനോടും നാട്ടുകാരായി എത്തുന്നവരോടും അവർക്കുണ്ടാകുന്ന സവിശേഷ സ്നേഹം ഈ കൃതിയിൽ പലയിടത്തും അവതരിപ്പിച്ചിട്ടുണ്ട്. ഖേദപൂർവ്വം എന്ന അധ്യായത്തിൽ ഡോ. പ്രമിത നൽകുന്ന സഹായം, തിരികെ മടങ്ങുവാൻ തീരത്തടുക്കുവാൻ എന്ന അധ്യായത്തിൽ ഉസ്താദിനെ സഹായിക്കുന്ന അബൂബക്കറിന്റെയും അസ്മത്തയുടെയും സഹായകഥകൾ, ആറാമത്തെ അധ്യായത്തിൽ നൽകിയിരിക്കുന്ന മുതിർന്ന മാധ്യമപ്രവർത്തകനായ സാജിദ് ആറാട്ടുപുഴയുടെ സന്നദ്ധപ്രവർത്തനങ്ങളുടെ സൂചന, 'കുനാഫ'യിൽ ബാബു വാനാടപ്പിള്ളിയുമായി ബന്ധപ്പെടുത്തി, മരിക്കുന്നവരുടെ ശരീരങ്ങൾ നാട്ടിലെത്തിയ്ക്കാനും സംസ്കരിക്കാനുമായി നൽകപ്പെടുന്ന സഹായങ്ങളുടെ വിവരണം, ഇതെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു. പ്രവാസിയുടെ പൊതുമനോഭാവവും വികാരങ്ങളും വളരെ വ്യക്തമായി 'പതിനാലു സിപ്പുകൾ പതിനാലു കഥകൾ' എന്ന അധ്യായത്തിലെ 9-mw ഭാഗത്തായി നൽകിയിട്ടുണ്ട്. എല്ലാ മനുഷ്യരേയും സ്നേഹിക്കുന്ന, ഹിന്ദി (ഇന്ത്യൻ) ബഹുമാനമുള്ള, കേരളത്തെ സ്നേഹിക്കുന്ന ഗൾഫ് നാട്ടുകളിൽ നിന്നും തിരിച്ചു നാട്ടിലേക്കു പോരാനുള്ള ത്വരയുള്ള, അതേസമയം നാട് അതേ ഗൃഹാതുരതയിൽ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന അറേബ്യൻമണ്ണിലെ ലക്ഷക്കണക്കിനു പ്രവാസികളിൽ ഒരുവനായി എഴുത്തുകാരൻ ഇതിൽ സ്വയം അടയാളപ്പെടുത്തുന്നു. പ്രവാസിയുടെ കഷ്ടതകൾ വിവരിക്കുന്ന പല ഭാഗങ്ങളുമുണ്ട്. അവയിലൂടെ സൂചിതമാകുന്ന പ്രവാസജീവിതദുഃഖങ്ങൾ, പ്രവാസജീവിതം അപരിചിതമായ വായനക്കാർക്ക് പുതിയ, ഹൃദയസ്പർശിയായ അനുഭവങ്ങളായും അല്ലാത്തവർക്ക് നൊമ്പരമുളവാക്കുന്ന ഓർമപ്പുതുക്കലായും മാറുന്നു.

'എ ഗട്ട് ഫീലിംഗ്'' എന്ന അദ്ധ്യായത്തിൽ, ഒരുപാടു തിരച്ചിലുകൾക്കുശേഷം, കാണാതെപോയ താക്കോൽക്കൂട്ടം കണ്ടെത്തിയ ഒരു സംഭവത്തിന്റെ വിവരണമുണ്ട്. താക്കോൽ തിരിച്ചു നൽകിയതിനുള്ള പ്രതിഫലം നിരസിച്ച മനുഷ്യൻ പാലസ്തീൻകാരനാണെന്നറിയുമ്പോൾ എഴുത്തുകാരൻ ഇപ്രകാരം ചിന്തിക്കുന്നു.

"എന്നോ നഷ്ടപ്പെട്ടുപോയ വീടുകളുടെയും അലമാരകളുടെയും താക്കോലുകൾ തലമുറകളായി സൂക്ഷിക്കുന്നവരാണവർ. തിരിച്ചുവരാമെന്ന പ്രതീക്ഷയിൽ വീടും പൂട്ടി താക്കോലുമായി തീമഴ പെയ്യുന്ന ആകാശത്തെ സാക്ഷിയാക്കി പലായനം ചെയ്തവർ. കണ്മുന്നിൽനിന്നു നഷ്ടപ്പെട്ടുപോയ ഭൂമിയും വീടും സൗകര്യങ്ങളിലേക്കും ഇനിയൊരിക്കലും ഒരു മടക്കമില്ലെന്ന തിരിച്ചറിവിലും, ഓർമ്മകളുടെ സ്മാരകമായി തുരുമ്പിച്ച താക്കോൽക്കൂട്ടങ്ങൾ ഇപ്പോഴും കയ്യിൽ സൂക്ഷിക്കുന്നവരാണവർ. അവർക്കല്ലാതെ പിന്നെയാർക്കാണ് താക്കോലിന്റെ മഹത്വമറിയാവുന്നത്!" (2024:74).

തികച്ചും സാധാരണമായ ഒരു സംഭവത്തിൽനിന്നും, ചരിത്രത്തിലേക്കും ലോകരാഷ്ട്രീയത്തിലേക്കുമുള്ള താക്കോൽപ്പഴുത് എഴുത്തുകാരൻ സമർത്ഥമായി ഉപയോഗിക്കുന്നു. ഓർമ്മകൾ എന്നത് വ്യക്തിയിൽനിന്നും ആഗോളതലത്തിലേക്ക് ഇപ്രകാരം വികസിപ്പിച്ചെടുക്കുന്നു. ചിഹ്നങ്ങളുടെ സഞ്ചയത്തെയല്ല, പാഠങ്ങളുടെ അനന്തമായ വ്യാപ്തിയെയാണ് വ്യവഹാരം എന്നു വിവക്ഷിക്കുന്നത്. തരംഗമാതൃകയിൽ വികസിക്കുന്ന വ്യവഹാരങ്ങൾ ഓരോന്നും ഒന്നിൽനിന്നും മറ്റൊന്നിലേക്ക് വളരുക മാത്രമല്ല, മറ്റുള്ളവയുമായി കലർന്ന് അർത്ഥത്തിന്റെ അതിരുകളെ മറികടന്നു സഞ്ചരിക്കുക കൂടിയാണ്. സാധ്യമാകുന്നിടത്തോളം അർത്ഥവിവക്ഷകളെ തെളിച്ചെടുക്കാനുള്ള വ്യാഖ്യാനമായി വ്യവഹാരപഠനം മാറുന്നുവെന്നും ഭാഷയ്ക്കുള്ളിൽ ഒളിഞ്ഞിരിക്കുന്ന ഭാഷേതരമായ വസ്തുക്കളെപ്പോലും വെളിച്ചത്തു കൊണ്ടുവരാൻ വ്യവഹാരാപഗ്രഥനത്തിന് കഴിയുന്നുവെന്നും സാറ മിൽസ് പറഞ്ഞത് ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നു.

ഉപദർശനങ്ങൾ

ചുരുക്കത്തിൽ, ഓർമ്മക്കുറിപ്പുകൾ, പ്രവാസസാഹിത്യം ഈ രണ്ടുവിഭാഗത്തിലും ഒരുപോലെ ഉൾപ്പെടുന്ന ഷനീബ് അബൂബക്കറിന്റെ 'സൗദി സുലൈമാനി', ഘടനയിലും അവതരണരീതികളിലും മാത്രമല്ല, ഭാഷോപയോഗത്തിലും പുതുരീതികളെ അവലംബിക്കുന്നതായും, ഈ സമീപനരീതികളെല്ലാംതന്നെ കൃതിയെ ആകർഷകമാക്കാൻ സഹായകമാകുന്നതായും കണ്ടെത്താനാകും.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

വ്യത്യസ്തമായ വിഷയങ്ങൾ, ചിന്തകൾ, എന്നിവയോടൊപ്പം ലോക സാമൂഹ്യ-രാഷ്ട്രീയ ഘടനകളെ എഴുത്തിൽ പ്രതിബിംബമാക്കുന്നു എന്ന സവിശേഷതയും പുതിയ ഓർമ്മക്കുറിപ്പുകളുടെ സവിശേഷതയായി കണക്കാക്കാവുന്നതാണ്. ആത്മകഥകളിൽനിന്നു ഭിന്നമായി, രചനയിൽ കൂടുതൽ സ്വാതന്ത്ര്യം ഇത്തരം രചയിതാക്കൾ സ്വീകരിക്കുന്നുണ്ട്. ആസ്വാദനത്തിലെ രസരൂപീകരണത്തിന്റെ ഉത്തരവാദിത്തത്തിൽനിന്നും മാറിനിൽക്കാൻ എഴുത്തുകാരൻ മടിക്കുന്നില്ല. പരിചിതമായ മറ്റു കലാ-സാഹിത്യരൂപങ്ങളെ എഴുത്തിലേക്ക് കൊണ്ടുവരാൻ - ഇന്റർടെക്സ്റ്റ്വാലിറ്റി - താല്പര്യപ്പെടുന്നു. വികാരപരതകളിൽ ഗൗരവവും ആഖ്യാനരീതിയിൽ ലാളിത്യവും, അന്തരീക്ഷലഘൂകരണത്തിന് നർമ്മവും ചേർത്ത് പ്രത്യേക അനുപാതത്തിലുള്ള രചനാരീതി, വായനക്കാരെ ആകർഷിക്കുന്നു.

ഉള്ളടക്കഘടനയുടെ കെട്ടിലും മട്ടിലും സാമ്പ്രദായിക രീതികളെ ലംഘിക്കാൻ മടിയില്ലായ്മ, ശുദ്ധമലയാളത്തിനുവേണ്ടി നിർബന്ധമില്ലായ്മ, മനുഷ്യന് ഏറ്റവും പ്രിയങ്കരമായ ഭക്ഷണവുമായി ബന്ധപ്പെട്ട രുചിബിംബങ്ങളുടെ/ പ്രതീകങ്ങളുടെ അവതരണവും ചിഹ്നവൽക്കരണവും, അന്യഭാഷാപദങ്ങളെ കടമെടുക്കൽ, ഒരേസമയം എഴുത്തുകാരനും വായനക്കാരനും എഴുത്തിൽ പങ്കാളിയാകുന്ന സംവേദനാത്മകമായ രചനാരീതി, ആവൃതകഥനം, പെൻഡുലരീതിയിലുള്ള രചന തുടങ്ങി ഓർമ്മക്കുറിപ്പുകളിൽ പതിവില്ലാത്ത പല ആഖ്യാനരീതികളും ഇതിൽ കണ്ടെത്താം. വ്യത്യസ്ത അഭിരുചിക്കാരായ വായനക്കാർക്ക് താല്പര്യമുള്ള വിവിധ രസങ്ങളെ ഇടകലർത്തി, അവരെ തൃപ്തിപ്പെടുത്തിക്കൊണ്ടുള്ള രചനാരീതിയും എടുത്തു പറയേണ്ടതാണ്. റിയലിസ്റ്റിക് രീതിയിൽ നിന്നുമാറി റൊമാന്റിസിസത്തിന്റേതായ രീതിയിൽ അദ്ധ്യായത്തെ അവതരിപ്പിച്ച്, അന്ത്യത്തിൽ അനുലേഖത്തിലൂടെ റിയലിസത്തിലേക്കു തിരിച്ചുവരുന്ന കലർപ്പിന്റെ രീതിയും കാണാം.

എഴുത്തിനേക്കാൾ അനുഭവതീവ്രതയാണ് വായനക്കാരുടെ ഉള്ളിലേക്ക് കടന്നുചെല്ലുന്നത് എന്നുള്ളതിനാൽ, തീവ്രാനുഭവങ്ങളും പ്രസ്തുത കൃതിയിൽ പങ്കുവയ്ക്കപ്പെടുന്നു. പ്രവാസിസമൂഹത്തിന്റെ പൊതുവായ വിഷയങ്ങൾ, കഷ്ടതകൾ, മനോഭാവങ്ങൾ എന്നിവയും ഇതുമായി ബന്ധമുള്ളവരെയും ഇല്ലാത്തവരേയും ആകർഷിക്കുന്ന ഒന്നാണ്. ആത്മകഥകളുടെ തന്നെ ഒരു ശാഖയായി കണക്കാക്കാവുന്ന ഓർമ്മക്കുറിപ്പുകളെന്ന വിഭാഗത്തിലാണെങ്കിലും ഗതാനുഗതികത്വത്തിൽ നിന്നുമാറി കൂടുതൽ സ്വാതന്ത്ര്യത്തോടെ പുസ്തകത്തിന്റെ ഘടനയിലും ഉള്ളടക്കത്തിലും ആഖ്യാനരീതികളിലും പുതുമകൾ അവലംബിക്കാവുന്നതാണെന്ന് ഈ രചന സ്വയം ഉദാഹരിക്കുന്നു.

ഗ്രന്ഥസൂചി

1. കമൽ എം. കെ., ഇന്ത്യൻ സമൂഹത്തിന്റെ സാംസ്കാരികചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2018.
2. ജിതേഷ് ടി. ഡോ., ആഖ്യാനശാസ്ത്രം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2017.
3. പ്രതീഷ് എ. എസ്., ഡോ., പ്രവാസസാഹിത്യം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.
4. മുഹമ്മദ് നജാത്തി, സൗദി പ്രവാസം ഒരു മുഖവുര, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2019.
5. ഷനീബ് അബൂബക്കർ, ഒരു സൗദി സുലൈമാനി, ഡസ്റ്റിനി ബുക്ക്സ്, കോഴിക്കോട്, 2024.
6. ഷാജി സുന്ദർ, സാംസ്കാരിക പഠനങ്ങൾ ആശയങ്ങളും സമീപനങ്ങളും, മഹാത്മാഗാന്ധി യൂണി. പ്രസ്സ്, കോട്ടയം, 2016.
7. സുകുമാരൻ പ്രേമചന്ദ്രൻ, ഇന്റർടെക്സ്റ്റ്വാലിറ്റി സാഹിത്യം, സംസ്കാരം, കമ്മ്യൂണിക്കേഷൻ, കേരള യൂണി. പ്രസ്, തിരുവനന്തപുരം, 2014.
8. രാജേഷ് ആർ., ഡോ., പ്രവാസം അനുഭവവും ആഖ്യാനവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.
9. രാധാകൃഷ്ണൻനായർ, സി., ആഖ്യാനവിജ്ഞാനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
10. രാമചന്ദ്രൻനായർ, പന്മന, പ്രൊഫ., സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, കറന്റ് ബുക്ക്സ്, കോട്ടയം, 2010.
11. Bal, Mieke, A theory of Narrative, University of Chicago press, Chicago, U.S., 1985.
12. Bhabha, Hormi, K., The Location of culture, Routledge, England, U.K., 1994.

About the researcher:

ഡോ. ജിത ടി. എച്ച്.
മലയാളവിഭാഗം,
എസ്. എൻ. എം. കോളേജ്
മാല്യങ്കര

Email: drthjitha@gmail.com
Mob: 9847294143

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0011

മലയാളസിനിമയിലെ ടൈറ്റിൽ 'ബ്രില്ല്യൻസു'കൾ

» നജ മെഹ്ജബിൻ കെ. ബി.

പ്രബന്ധസംഗ്രഹം

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന മേഖലയാണ് സിനിമയുടേത്. സിനിമയും പ്രേക്ഷകരും തമ്മിൽ നടക്കുന്ന ആശയവിനിമയത്തിന്റെ പൂർണ്ണതയെ വ്യത്യസ്തഘടകങ്ങൾ സ്വാധീനിക്കാറുണ്ട്. അതിലൊന്നാണ് സിനിമയുടെ ടൈറ്റിൽ. മറ്റുമേഖലകളിലെന്നപോലെ ടൈറ്റിലുകളിലും പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ടൈറ്റിലിന്റെ തെരഞ്ഞെടുപ്പ് സിനിമയ്ക്ക് എത്രമാത്രം ചേരുന്നുവെന്നല്ല, മറിച്ച് പ്രസ്തുത ടൈറ്റിൽ മികച്ചതാക്കാൻ സ്വീകരിച്ചിരിക്കുന്ന തന്ത്രങ്ങളെയാണ് ഈ പ്രബന്ധം വിശകലനം ചെയ്യുന്നത്. 2020നു ശേഷമുള്ള സിനിമകളിൽനിന്ന് തിരഞ്ഞെടുത്ത ചിത്രങ്ങളുടെ ടൈറ്റിലുകളാണിവിടെ പഠനവിധേയമാക്കുന്നത്. ടൈറ്റിലുകളിൽ പുലർത്തുന്ന സൂക്ഷ്മത, സർഗ്ഗാത്മകത എന്നിവ സിനിമ സ്വീകരിക്കപ്പെടുന്നതിൽ ഇടപെടുന്നുണ്ടോയെന്നുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ കാതൽ.

താക്കോൽവാക്കുകൾ

ടൈറ്റിൽ, ഉപജനുസ്സ്, ഡ്രാമ, കോമഡി, ത്രില്ലർ, ഉപജനുസ്സുകളുടെ സംയോഗം

....

ആമുഖം

നൂതനവും അതിശയകരവുമായ പരീക്ഷണങ്ങൾക്ക് വേദിയാകുന്ന ജനപ്രിയജനുസ്സാണ് (Genre) സിനിമയുടേത്. സിനിമയുടെ വിവിധ മേഖലകളിൽ – കഥ, തിരക്കഥ, ഛായാഗ്രഹണം, ഗാനങ്ങൾ, എഡിറ്റിംഗ്– പുതുമ തേടുന്ന സിനിമാ അണിയറപ്രവർത്തകരും പ്രേക്ഷകരുമാണ് ലോകത്തെമ്പാടുമുള്ളത്. സിനിമയെക്കുറിച്ചുള്ള, സിനിമയോടുള്ള സമീപനങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്നതും ശ്രദ്ധേയമാണ്. ഒരു സിനിമ പ്രേക്ഷകരിലെത്തുമ്പോൾ അതിനെ അടിമുടി വിലയിരുത്തുന്ന രീതിയാണ് ഇന്നുകാണുന്നത്. സാമൂഹികമാധ്യമങ്ങളുടെ സ്വീകാര്യതയും ഉപയോഗവും അതിനെ ത്വരിതഗതിയിലാക്കിയിട്ടുമുണ്ട്. അതുകൊണ്ട് നിസ്സാരമായി സ്ക്രീനിലെത്തിക്കാവുന്ന ഒന്നായി സിനിമയെ കാണാൻ കഴിയില്ല.

സിനിമ ഒരു പരിധിവരെ വിപണിവിജയത്തെ ആശ്രയിക്കുന്നു. എത്രമാത്രം പ്രേക്ഷകരിലേക്ക് സിനിമയെത്തിക്കാമെന്നത് അണിയറപ്രവർത്തകരെ പുതിയ ആശയങ്ങളിലേക്ക് നയിക്കുന്നു. സിനിമയുടെ റിലീസിനു മുൻപുതന്നെ ഗാനങ്ങൾ പുറത്തിറക്കുന്നതും ട്രെയിലറുകളും ടീസറുകളും പുറത്തിറക്കുന്നതും അത്തരം തന്ത്രങ്ങളുടെ ഭാഗമായാണ്. സിനിമകളിൽ മുൻപു പതിവില്ലാത്തവിധം കാമിയോ റോളുകൾ വർധിച്ചതും വിപണിയുടെ സ്വാധീനഫലമായാണ്. സിനിമകാണാൻ പ്രേക്ഷകരെ പ്രേരിപ്പിക്കുന്നതിൽ ടൈറ്റിലുകൾ ചെലുത്തുന്ന പങ്കും തള്ളിക്കളയാനാകില്ല. ടൈറ്റിലുകളിൽ പുതിയ പരീക്ഷണങ്ങൾ നടത്താൽ തുടങ്ങിയിട്ടും അധികം കാലമായിട്ടില്ല. രണ്ടായിരത്തിഇരുപതിനുശേഷമുള്ള ചിത്രങ്ങളാണ് ടൈറ്റിലുകളെ കൂടുതലും പരീക്ഷണാത്മകമായി സമീപിക്കുന്നത്. ചിത്രത്തിന്റെ ടൈറ്റിലിന് ചിത്രവുമായുള്ള ബന്ധമല്ല, ടൈറ്റിലിന്റെ അവതരണത്തിൽ സ്വീകരിച്ചിരിക്കുന്ന സാധ്യതകളെയാണ് ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നത്.

ഡ്രാമ, കോമഡി, ത്രില്ലർ, ആക്ഷൻ എന്നിങ്ങനെയുള്ള ഉപജനുസ്സുകളാണ് (Sub Genres) സിനിമയിലുള്ളത്. സിനിമയുടെ ഗതിവിഗതികളനുസരിച്ച് അവയുടെ ടൈറ്റിലുകളും രൂപപ്പെടുന്നു. അനേകം ഉൾപിരിവുകളായി രൂപാന്തരപ്പെടുകയും നിരന്തരം വളർന്നുകൊണ്ടിരിക്കുകയുംചെയ്യുന്ന സിനിമയുടെ ഡ്രാമ, ത്രില്ലർ, കോമഡി എന്നീ ഉപജനുസ്സുകളിൽവരുന്ന ചിത്രങ്ങളുടെയും ഒന്നിലധികം ഉപജനുസ്സുകൾ ചേർന്നുവരുന്ന ചിത്രങ്ങളുടെയും ടൈറ്റിലുകളാണ് പഠനവിധേയമാക്കുന്നത്.

ടൈറ്റിലുകളുടെ അവതരണം 'ഡ്രാമ'കളിൽ

ഗൗരവതരമായ ഒരു ആശയത്തെ അവതരിപ്പിക്കുന്ന ജോണറാണ് ഡ്രാമ. രണ്ടായിരത്തി ഇരുപതിനുശേഷം പുറത്തിറങ്ങിയ ചിത്രങ്ങളിൽനിന്ന് തിരഞ്ഞെടുത്ത ഏഴ് സിനിമകളുടെ ടൈറ്റിലുകളാണ് ഡ്രാമ എന്ന ഉപജനുസ്സിൽ പരിശോധിക്കുന്നത്.

ആട്ടം എന്ന ടൈറ്റിലിൽ 'ആ'യോട് ചേർന്ന് തുടർച്ചയെന്നോണമാണ് 'ട്ട' അവതരിപ്പിക്കുന്നത്. ഒരു കുറ്റകൃത്യത്തിന്റെ വഴികളെയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന സത്യങ്ങളെയും കുറിച്ചുള്ള സൂചന ടൈറ്റിലിൽ നല്കുന്നു. അപ്പൻ എന്ന ചിത്രത്തിന്റെ ടൈറ്റിലിൽകാണുന്ന റബ്ബർ ടാപ്പിംഗിനുപയോഗിക്കുന്ന ആയുധം ചിത്രത്തിലെ കുടുംബത്തിന്റെ ജീവിതപശ്ചാത്തലത്തെ പ്രതിനിധീകരിക്കുന്നു. ഞൂഞ്ഞ്, അപ്പനായ ഇട്ടിച്ചന് സ്വരക്ഷയ്ക്ക്

നല്കിയ കത്തിയുപയോഗിച്ചാണ് ഷീല ഇട്ടിച്ചനെ കൊല്ലുന്നത്. ടൈറ്റിലിലെ കത്തിയുടെ ഈ വഴിക്കുള്ള സാധ്യതകളും തള്ളിക്കളയാനാകില്ല. മാറിടത്തിന്റെ അളവിന്റെ പേരിൽ പല സാഹചര്യങ്ങളിലും സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളാണ് ബി 32 മുതൽ 44 വരെ എന്ന ചിത്രത്തിന്റെ പ്രമേയം. ഒരു മാറിടത്തിന്റെ രൂപത്തിൽ ടൈറ്റിൽ കാണിക്കുന്നതിലൂടെ ചിത്രം ചർച്ച ചെയ്യുന്ന പ്രമേയത്തെ പ്രേക്ഷകരിലെത്തിക്കുന്നു. കുടുംബം എന്ന വ്യവഹാരത്തെ പൊളിഞ്ഞതും സമൂഹത്തിന്റെ മാമൂലുകളുമായി ഒട്ടിച്ചുചേർക്കപ്പെടുന്നതുമായ ഒന്നായി അവതരിപ്പിക്കുകയാണ് കീറിപ്പോയ കടലാസുകഷ്ണങ്ങളെ ഒട്ടിച്ചുചേർത്തതു പോലെയുള്ള ഫാമിലിയുടെ ടൈറ്റിൽ. ഒട്ടിച്ചു ചേർക്കുകയെന്ന വ്യാജേന ബന്ധങ്ങളെ തമ്മിലകറ്റുന്ന ചിത്രത്തിലെ പ്രധാന കഥാപാത്രത്തിലേക്കും ടൈറ്റിൽ വിരൽചൂണ്ടുന്നു. ലെവൽക്രോസ് എന്ന ടൈറ്റിലിൽ ഒരു കഴുതയെയും സ്ത്രീയെയും കൊടിയെയും കാണാൻകഴിയും. സിനിമയിലെ പ്രധാന കഥാപാത്രങ്ങളിലേക്കുള്ള സൂചനയാണിവ. കഴുത ആസിഫ് അലിയുടെ കഥാപാത്രത്തെയും സ്ത്രീ അമലാ പോളിന്റെ കഥാപാത്രത്തെയും അവതരിപ്പിക്കുന്നു. സിഗ്നലായി ഉപയോഗിക്കുന്ന കൊടി കഥ നടക്കുന്ന പശ്ചാത്തലത്തെക്കുറിക്കുന്നു. കഥാപാത്രങ്ങളുടെ ജീവിതപശ്ചാത്തലം, ചിന്തകളുടെ ആഴം, അന്തഃസംഘർഷങ്ങളുടെ ഒഴുക്ക് എന്നിവ ഉള്ളൊഴുക്കിന്റെ ടൈറ്റിലിലൂടെ വ്യക്തമാകുന്നു. മദ്യപാനിയായ ഒരാളുടെ കഥ പറയുന്ന വെള്ളം എന്ന ചിത്രത്തിന്റെ ടൈറ്റിൽ മദ്യക്കുപ്പിയുടെ രൂപത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്.

ടൈറ്റിലുകളുടെ അവതരണം 'കോമഡി'കളിലും 'ത്രില്ലറു'കളിലും

ഹാസ്യത്തിന് പ്രാധാന്യമുള്ള കോമഡി എന്ന ഉപജനുസ്സിൽ മൂന്ന് ചിത്രങ്ങളുടെ ടൈറ്റിലാണ് വിശകലനം ചെയ്യുന്നത്. ഗുരുവായൂരമ്പലനടയിൽ എന്ന ചിത്രം ഒരു കല്ല്യാണത്തെ ചുറ്റിപ്പറ്റിയാണ് വികസിക്കുന്നത്. അതിന്റെ സൂചനയായി ടൈറ്റിലിൽ ഒരു താലി കാണാം. നീതിദേവതയുടെ കയ്യിലിരിക്കുന്ന ത്രാസിൽ തൂങ്ങിയാടുന്ന തരത്തിലുള്ള ടൈറ്റിൽ അവതരിപ്പിക്കുന്നതിലൂടെ കഥയിലെ കോടതിയുടെയും കേസിന്റെയും സൂചന ന്നാ താന് കേസ് കൊട് എന്ന ചിത്രത്തിൽ കാണാം. ടൈറ്റിലിന്റെ താഴെയുള്ള രണ്ട് ത്രാസുകളും ചേർന്ന കള്ളന്റെ കണ്ണിൽ കെട്ടുന്ന കെട്ട് ആയി ഒരു കാഴ്ച നല്കുന്നതും കാണാം. അത് ചിത്രത്തിലെ പ്രധാന കഥാപാത്രത്തിലേക്കുള്ള ചൂണ്ടുപലകയായി അർത്ഥമാക്കാം. ജേർണി ഓഫ് ലവ് 18+ എന്ന ടൈറ്റിൽ പ്രണയം, വിവാഹം എന്നിവയിൽ പതിനെട്ട് വയസ്സിനുള്ള പങ്കിനെ സൂചിപ്പിക്കുന്നു. പ്രായപൂർത്തിയായവർക്കുള്ള ഉള്ളടക്കം (Adultery Content) എന്ന ആശയത്തെ സൂചിപ്പിക്കാനും 18+ എന്നുതന്നെയാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് എന്താണ് പ്രസ്തുത ചിത്രത്തിന്റെ ഉള്ളടക്കം എന്ന ആകാംക്ഷ നിലനിർത്താൻ ടൈറ്റിലിന് കഴിഞ്ഞിട്ടുണ്ട്.

പ്രേക്ഷകരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുന്നവയാണ് ത്രില്ലറുകൾ. അതുകൊണ്ടുതന്നെ ടൈറ്റിലുകളിലും ആകാംക്ഷ നിലനിർത്താൻ അണിയറപ്രവർത്തകർ ശ്രദ്ധിക്കാറുണ്ട്. 12th MANലെ 'N'ൽ ഒറ്റപ്പെട്ടു കിടക്കുന്ന പാറയെ കാണിക്കുന്നതിലൂടെ സിനിമയിലെ കൊലപാതകത്തിന്റെ സൂചന നല്കുന്നു. ഫോറൻസിക്കിലെ ടൈറ്റിൽ ഡി.എൻ.എ (DNA)യുടെ ചിത്രം കൊലപാതകിയിലേക്കു നയിക്കുന്ന നിർണായക കണ്ടെത്തലിന്റെ അടയാളമാണ്. കേസന്വേഷണത്തിനിടയിൽ പോലീസ് ഓഫീസറായ നായകന്റെ കേൾവി നഷ്ടപ്പെടുന്ന സന്ദർഭത്തെക്കുറിക്കാൻ ജോൺ ലൂഥറിലെ ചെവിയുടെ ചിത്രം കാണിക്കുന്നു. പ്രതിനായകനിലേക്കും നീണ്ടേക്കാവുന്ന പ്രേക്ഷകന്റെ ആകാംക്ഷയ്ക്കും ഈ ടൈറ്റിൽ വഴിവെക്കുന്നു. ക്രൂമന്റെ പ്രതീതിയുളവാക്കുന്ന തരത്തിലുള്ള ടൈറ്റിലാണ് ക്രൂമന്റേത്. കഥയിലെ കഥാപാത്രങ്ങളെയും കഥയിൽ പ്രമേയമാകുന്ന സംഘട്ടനത്തെയും തീയിനെയും കുരുതിയുടെ ടൈറ്റിലിൽ കാണാം. ഏറ്റവും പുതിയ ചിത്രങ്ങളായ ആനന്ദ് ശ്രീബാലയിലെയും സൂക്ഷ്മദർശിനിയിലെയും ടൈറ്റിലിൽ കാണുന്ന ലെൻസ് കഥയുടെ ത്രില്ലർ സ്വഭാവത്തെ പരിപോഷിപ്പിക്കുന്നു.

സബ് ജോണറുകളുടെ ചേർച്ചയും ടൈറ്റിലുകളും

ഒന്നിലധികം ഉപജനുസ്സുകൾ ചേർന്നുവരുന്ന ചിത്രങ്ങളുടെ ടൈറ്റിലുകളുടെ അവതരണം നോക്കാം. ആക്ഷൻ ത്രില്ലർ വിഭാഗത്തിൽ 2018, ആന്റണി, ഭീഷ്മപർവ്വം, ക്രിസ്റ്റഫർ എന്നീ ചിത്രങ്ങളുടെ ടൈറ്റിലുകളാണ് പഠനവിധേയമാക്കുന്നത്. കേരളത്തിന്റെ പ്രളയകാലം ആവിഷ്കരിച്ച 2018ന്റെ ടൈറ്റിലിൽ കേരളത്തിന്റെ ഭൂപടം കാണാം. രക്ഷാപ്രവർത്തനത്തിനെത്തുന്ന ബോട്ടും മത്സ്യത്തൊഴിലാളികളും ഹെലികോപ്ടറും പ്രളയത്തിന് സാക്ഷിയായ പ്രേക്ഷകരോട് കൂടുതൽ സംവദിക്കുന്നു. രക്ഷാപ്രവർത്തനത്തിനിടെ കാല് കുടുങ്ങി മുങ്ങിമരിക്കുന്ന അനൂപിന്റെ കാലും ടൈറ്റിലിലുണ്ട്. ആന്റണിയിലാകട്ടെ ഇടിയുടെ രൂപം (Punch Sign) കാണിക്കുന്നതിലൂടെയും മുതിർന്ന വ്യക്തിയെയും കുഞ്ഞിനെയും കാണിക്കുന്നതിലൂടെയും പ്രധാനകഥാപാത്രങ്ങളുടെ സൂചന നല്കുന്നു. ഭീഷ്മപർവ്വത്തിന്റെ ടൈറ്റിലിലെ അമ്പുകൾ മഹാഭാരതത്തിലെ ഭീഷ്മരിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മഹാഭാരതത്തിലെ ഭീഷ്മരോട് സിനിമയിലെ പ്രധാന കഥാപാത്രത്തിനുണ്ടാകുന്ന സമാനതകളെ, അതു നല്കുന്ന കഥാഗതിയെ സംവേദിപ്പിക്കാൻ ഈ ടൈറ്റിലിനു കഴിഞ്ഞു. ക്രിസ്റ്റഫറിലെ തോക്കേന്തിയ കൈയും കഥാപാത്രത്തോടും കഥാഗതിയോടും നീതിപുലർത്തുന്നു.

കോമഡി ഡ്രാമ വിഭാഗത്തിൽ തിരഞ്ഞെടുത്ത സിനിമകളിൽ ഭരതനാട്യത്തിന്റെ ടൈറ്റിലിൽ വിപരീതവശത്തേക്ക് തിരിഞ്ഞിരിക്കുന്ന രണ്ടുമുഖങ്ങളെ കാണാം. പ്രധാനകഥാപാത്രമായ ഭരതൻനായരുടെ രണ്ട് കല്ല്യാണങ്ങളെയും രണ്ട് സ്ഥലത്തുമുള്ള വിപരീതസ്വഭാവങ്ങളെയുമാണ് ഇതിലൂടെ കാണിക്കുന്നത്. കുട്ടിക്കാലത്തുണ്ടായ ഒരു ട്രോമമൂലം ഇരുട്ടിനെ ഭയക്കുന്ന ജാനകിയെ പരിചയപ്പെടുത്തുന്ന ജാനകീജാനേ

ടൈറ്റിലിൽ വെളിച്ചം പരത്തുന്ന വിളക്ക് കാണിക്കുന്നു. വെളിച്ചത്തിന് ജാനകിയുടെ ജീവിതത്തിലെ പ്രാധാന്യത്തെ അത് രേഖപ്പെടുത്തുന്നു. ജയ ജയ ജയ ജയഹേയിലെ ജയയുടെ ചവിട്ടുന്ന കാല്, ഒരു സർക്കാർ ഉല്പന്നത്തിലെ ഗർഭാവസ്ഥയിലുള്ള കുഞ്ഞ്, വാസക്ടമി, പുരുഷബീജം, ഉപചാരപൂർവ്വം ഗുണ്ടജയനിലെ മീശ എന്നിവയും ടൈറ്റിൽ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നവയാണ്.
ത്രില്ലർ ഡ്രാമ വിഭാഗത്തിൽ ഈശോയിലെ റിവോൾവറും വാളും ക്രൂശയുടെ ചിഹ്നവും, ഇന്നലെവരെയിലെ കത്തിയും തോക്കും ത്രില്ലിംഗ് ഘടകത്തെ മികവുറ്റതാക്കുന്നു. ജോജിയിലെ സുപ്രധാന വഴിത്തിരിവുകളെ പ്രതിനിധീകരിക്കുന്നതാണ് ടൈറ്റിലിലെ ഗുളികയും വെട്ടും. മഞ്ഞുമ്മൽ ബോയ്സിലെ കൈയും കയറും കഥാഗതിയെ സൂചിപ്പിക്കുന്നതോടൊപ്പം സുഹൃത്ത്ബന്ധത്തിന്റെ ശക്തിയെയും കുറിക്കുന്നു. BOYS എന്നതിലെ B, O എന്നിവ വടംവലിയെ പ്രതീകാത്മകമായി കാണിക്കുകയും ചെയ്യുന്നു. അബ്രഹാം ഓസ്ലറിലെ കത്തിയും പുഴുവിലെ പുഴുവിന്റെ ആകൃതിയും ടൈറ്റിലിലെ പരീക്ഷണങ്ങൾ തന്നെ. ടൈറ്റിൽ മുഴുവൻ ഇടിയുടെ ചിഹ്നം (Punch Sign) കൊണ്ടാണ് തല്ലുമാല എന്ന കോമഡി ആക്ഷൻ ചിത്രമുള്ളത്.

ഉപദർശനങ്ങൾ

- വ്യത്യസ്ത ഉപജനുസ്സുകളിൽപ്പെട്ട സിനിമകളുടെ ടൈറ്റിലുകൾ വിശകലനം ചെയ്യുമ്പോൾ സിനിമയുടെ കഥാപശ്ചാത്തലവുമായി ബന്ധപ്പെട്ട് കിടക്കുന്ന രീതിയിലാണ് പല ടൈറ്റിലുകളും അവതരിപ്പിച്ചിരിക്കുന്നത്. പ്രേക്ഷകർക്ക് സിനിമയെക്കുറിച്ചുള്ള ആകാംക്ഷയെ സ്വാധീനിക്കുന്ന തരത്തിലാണ് ഓരോ ടൈറ്റിലുകളുമുള്ളത്.
- ത്രില്ലർ, ആക്ഷൻ ഉപജനുസ്സുകളിൽപ്പെട്ട ചിത്രങ്ങളുടെ ടൈറ്റിലുകളിൽ ആയുധങ്ങളാണ് കൂടുതലും ചിത്രീകരിക്കുന്നത്. അതിൽത്തന്നെ കത്തി, തോക്ക് എന്നിവയാണ് കൂടുതലും. ഇടിയുടെ (Punch Sign) ചിഹ്നവും ഉപയോഗിച്ചു കാണുന്നു. ഉപജനുസ്സിന്റെ സവിശേഷതകൾക്ക് സമാനമായ സ്വീകരണം കൂടുതലും കാണുന്നതും ത്രില്ലർ വിഭാഗത്തിലെ ചിത്രങ്ങൾക്കാണെന്നതും മനസ്സിലാക്കാം.
- ഒന്നോ ഒന്നിലധികം ഉപജനുസ്സുകൾ ചേർന്നുണ്ടാകുന്നതോ ആയ ചിത്രങ്ങളുടെ ടൈറ്റിലുകൾ അതാത് ഉപജനുസ്സുകളോട് നീതി പുലർത്തുന്ന വിധമാണെന്ന് പൂർണ്ണമായും പറയാൻ സാധിക്കില്ല.
- ടൈറ്റിലുകളുടെ അവതരണത്തിൽ പുലർത്തുന്ന സൂക്ഷ്മതയും പുതുമയും വലിയ സാധ്യതകൾ നല്കുന്നതാണ്. പ്രേക്ഷകരിലേക്കുള്ള സംവേദനക്ഷമതയ്ക്കനുസരിച്ച് പുതിയചിന്തകൾ രൂപപ്പെടുന്നു. അത് പ്രാവർത്തികമാക്കുന്നതിന് സർഗാത്മകമായ ഒരു സംഘം ഉയർന്നുവരേണ്ടതായി വരും.
- മികച്ച സാധ്യതയുള്ള തൊഴിൽമേഖലയായി മാറാൻ കഴിയുന്ന പ്രസ്തുതമേഖല, സിനിമയുടെ വിപണിമൂല്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി മാറുന്ന കാലം വിദൂരമല്ല.

ഗ്രന്ഥസൂചി

1. ജിതേഷ് ടി., സിനിമയുടെ വ്യാകരണം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2009.
2. ഷീബ എം. കുര്യൻ (എഡി.), സിനിമ സാങ്കേതികതയും സംസ്കാരവും, കേരളസർവകലാശാല പ്രസിദ്ധീകരണം, തിരുവനന്തപുരം, 2016.
3. Raymond Williams, Keywords: A Vocabulary of Culture and Society, Oxford University Press, New York, 1985.

ദൃശ്യസൂചിക

1. അഖിൽ പോൾ, അനസ് ഖാൻ, ഫോറൻസിക് (ഇന്ത്യ/മലയാളം/2020/133”), ജുവിസ് പ്രൊഡക്ഷൻസ്.
2. അനീഷ് ഉപാസന, ജാനകീജാനേ (ഇന്ത്യ/മലയാളം/2023/124”), എസ് ക്യൂബ് ഫിലിംസ്.
3. അഭിജിത്ത് ജോസഫ്, ജോൺ ലൂഥർ (ഇന്ത്യ/മലയാളം/2022/135”), അലോൻസ ഫിലിംസ്.
4. അമൽ നീരദ്, ഭീഷ്മപർവ്വം (ഇന്ത്യ/മലയാളം/2022/144”), അമൽ നീരദ് പ്രൊഡക്ഷൻസ്.
5. അരുൺ ഡി ജോസ്, ജേർണി ഓഫ് ലവ് 18+ (ഇന്ത്യ/മലയാളം/2023/123”), ഫ്ലൂദ എന്റർടൈമെന്റ്സ്, റീൽസ് മാജിക്.
6. അരുൺ വൈഗ, ഉപചാരപൂർവ്വം ഗുണ്ട ജയൻ (ഇന്ത്യ/മലയാളം/2022/129”), കാപ് ലൈറ്റ് ഫിലിംസ്, വേഫേറർ ഫിലിംസ്.
7. അർഫാസ് അയ്യൂബ്, ലെവൽക്രോസ് (ഇന്ത്യ/മലയാളം/2024/116”), വേഫേറർ ഫിലിംസ്.
8. ആനന്ദ് ഏകർഷി, ആട്ടം (ഇന്ത്യ/മലയാളം/2023/139”), ജോയ് മൂവി പ്രൊഡക്ഷൻസ്.
9. ഉണ്ണികൃഷ്ണൻ ബി., ക്രിസ്റ്റഫർ (ഇന്ത്യ/മലയാളം/2023/150”), ആർ ഡി ഇല്യുമിനേഷൻസ്.

10. കൃഷ്ണദാസ് മുരളി, ഭരതനാട്യം (ഇന്ത്യ/മലയാളം/2024/121"), തോമസ് തിരുവല്ല ഫിലിംസ്, സൈജു കുറുപ്പ് എന്റർടൈൻമെന്റ്സ്.
11. ക്രിസ്റ്റോ ടോമി, ഉള്ളൊഴുക്ക് (ഇന്ത്യ/മലയാളം/2024/123"), ആർ എസ് വി പി മൂവീസ്, മാഗ്ഗഫിൻ പിക്ചേർസ്.
12. ഖാലിദ് റഹ്മാൻ, തല്ലുമാല (ഇന്ത്യ/മലയാളം/2022/147"), ആഷിക് ഉസ്മാൻ പ്രൊഡക്ഷൻസ്, പ്ലാൻ ബി മോഷൻ പിക്ചേർസ്.
13. ചിദംബരം, മഞ്ഞുമ്മൽ ബോയ്സ് (ഇന്ത്യ/മലയാളം/2024/135"), പറവ ഫിലിംസ്.
14. ജിതിൻ എം. സി., സൂക്ഷ്മദർശിനി (ഇന്ത്യ/മലയാളം/2024/143"), എ വി എ പ്രൊഡക്ഷൻസ്, ഹാപ്പി അവർ എന്റർടൈൻമെന്റ്സ്.
15. ജിസ് ജോയ്, ഇന്നലെ വരെ (ഇന്ത്യ/മലയാളം/2022/136"), സെൻട്രൽ അഡ്വർടൈസിംഗ്.
16. ജീത്തു ജോസഫ്, കൂമൻ (ഇന്ത്യ/മലയാളം/2022/153"), മാജിക് ഫ്രെയിംസ്, അനന്യ ഫിലിംസ്.
17. ജീത്തു ജോസഫ്, 12th MAN (ഇന്ത്യ/മലയാളം/2022/163"), ആശിർവാദ് സിനിമാസ്.
18. ജൂഡ് ആന്റണി ജോസഫ്, 2018 (ഇന്ത്യ/മലയാളം/2023/148"), കാവ്യാ ഫിലിം കമ്പനി, പി കെ പ്രൈം പ്രൊഡക്ഷൻ.
19. ജോഷി, ആന്റണി (ഇന്ത്യ/മലയാളം/2023/146"), ഐൻസ്റ്റീൻ മീഡിയ, നെക്സൽ സ്റ്റുഡിയോസ് ആന്റ് എന്റർടൈൻമെന്റ്.
20. ഡോൺ പാലത്തറ, ഫാമിലി (ഇന്ത്യ/മലയാളം/2024/111"), ന്യൂട്ടൺ സിനിമ.
21. ദിലീഷ് പോത്തൻ, ജോജി (ഇന്ത്യ/മലയാളം/2021/113"), ഭാവനാ സ്റ്റുഡിയോസ്, വർക്കിംഗ് ക്ലാസ് ഹീറോ, ഫഹദ് ഫാസിൽ ആന്റ് ഫ്രണ്ട്സ്.
22. നാദിർഷാ, ഈശോ (ഇന്ത്യ/മലയാളം/2022/107"), അരുൺ നാരായൺ പ്രൊഡക്ഷൻസ്.
23. പ്രജേഷ് സെൻ, വെള്ളം (ഇന്ത്യ/മലയാളം/2021/154"), ഫ്രൻലി പ്രൊഡക്ഷൻസ് എൽ എൽ പി.
24. മജു, അപ്പൻ (ഇന്ത്യ/മലയാളം/2022/129"), ടൈനി ഹാൻഡ്സ് പ്രൊഡക്ഷൻസ്.
25. മനു വാര്യർ, കുരുതി (ഇന്ത്യ/മലയാളം/2021/122"), പൃഥ്വിരാജ് പ്രൊഡക്ഷൻസ്.
26. മിഥുൻ മാനുവൽ തോമസ്, അബ്രഹാം ഓസ്ലർ (ഇന്ത്യ/മലയാളം/2024/144"), നേരമ്പോക്ക് മാനുവൽ മൂവി മേക്കേർസ്.
27. രഞ്ജിത്ത് ടി. വി., ഒരു സർക്കാർ ഉല്പന്നം (ഇന്ത്യ/മലയാളം/2024/115"), ഭവാനി പ്രൊഡക്ഷൻസ്.
28. രതീഷ് ബാലകൃഷ്ണപൊതുവാൾ, ന്നാ താൻ കേസ് കൊട് (ഇന്ത്യ/മലയാളം/2022/139"), എസ് ടി കെ ഫ്രെയിംസ്, കുഞ്ചാക്കോ ബോബൻ പ്രൊഡക്ഷൻസ്, ഉദയ പിക്ചേർസ്.
29. രത്തിന, പുഴു (ഇന്ത്യ/മലയാളം/2022/115"), വേഫേറർ ഫിലിംസ്, സിൻ-സിൽ സെല്ലുലോയ്ഡ്.
30. വിപിൻ ദാസ്, ഗുരുവായൂരമ്പലനടയിൽ (ഇന്ത്യ/മലയാളം/2024/135"), പൃഥ്വിരാജ് പ്രൊഡക്ഷൻസ്, ഇ ഫോർ എന്റർടൈൻമെന്റ്.
31. വിപിൻ ദാസ്, ജയ ജയ ജയ ജയഹേ (ഇന്ത്യ/മലയാളം/2022/145"), ചിയേർസ് എന്റർടൈൻമെന്റ്സ്.
32. വിഷ്ണു വിനയ്, ആനന്ദ് ശ്രീബാല (ഇന്ത്യ/മലയാളം/2024/134"), ആൻ മെഗാമീഡിയ, കാവ്യാ ഫിലിം കമ്പനി.
33. ശ്രുതി ശരണ്യം, ബി 32 മുതൽ 44 വരെ (ഇന്ത്യ/മലയാളം/2023/108"), കേരളസംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷൻ.

About the researcher:
നജ മെഹ്ജബിൻ കെ.ബി.
ഗവേഷക, മലയാളവിഭാഗം,
കേരളസർവകലാശാല, കാര്യവട്ടം

Email: najamehjabin@gmail.com
Mob: 9526663404

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0012

അരികുവൽക്കരിക്കപ്പെട്ടവരുടെ ജീവിതവും അതിജീവനത്തിന്റെ പ്രതിഫലനവും

» ശ്രീജ പി.

പ്രബന്ധസംഗ്രഹം

അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ ഉൾപ്പെടുന്ന, സ്ത്രീകൾ, ഇതര സംസ്ഥാനത്തൊഴിലാളികൾ, മതന്യൂനപക്ഷങ്ങൾ എന്നിവർ നേരിടുന്ന പ്രശ്നങ്ങളിലേക്കുള്ള ചൂണ്ടുവിരലാണ് കെ.ആർ അപർണയുടെ 'പോസിഡോൺ' എന്ന ചെറുകഥ. 'സ്ത്രീശബ്ദം' മാസികയുടെ ഒക്ടോബർ ലക്കത്തിലാണ് കഥ പ്രസിദ്ധീകരിച്ചിട്ടുള്ളത്. അരികുവല്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളെ ചെറുകഥ നന്നായി വെളിപ്പെടുത്തുന്നുണ്ട്.

1969ൽ പോൾ ഗല്ലിക്കോ രചിച്ച 'ദ പോസിഡോൺ അഡ്വഞ്ചർ' എന്ന നോവലിനെ ആധാരമാക്കി തയ്യാറാക്കപ്പെട്ട ആദ്യ ചലച്ചിത്രം 1972ലാണ് പ്രദർശനത്തിനൊരുങ്ങിയത്. നോവലിലും ചലച്ചിത്രത്തിലും ശ്രദ്ധേയമായ ഒരു കഥാപാത്രമായിരുന്നു റവറന്റ്സ്കോട്ട്. പോസിഡോൺ എന്ന ചെറുകഥയെയും 'ദ പോസിഡോൺ അഡ്വഞ്ചർ' എന്ന ചലച്ചിത്രത്തെയും അടിസ്ഥാനമാക്കിയുള്ള താരതമ്യപഠനമാണ് ഈ പ്രബന്ധത്തിലൂടെ നടത്തുന്നത്.

താക്കോൽവാക്കുകൾ

പോസിഡോൺ, ഡിസാസ്റ്റർ, അരികുവൽക്കരണം, ആത്മധൈര്യം.

....

ആമുഖം

തുല്യപരിഗണന ലഭിക്കേണ്ട ഇടങ്ങളിൽനിന്ന് ചില വിഭാഗങ്ങളെ മാറ്റിനിർത്തുന്ന പ്രക്രിയയാണ് അരികുവൽക്കരണം. സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിച്ചേരാൻ അനുവദിക്കപ്പെടാതെ, ചൂഷണങ്ങൾക്ക വിധേയരാകുന്നവരാണ് അരികുവൽക്കരിക്കപ്പെട്ടവർ. അവർ നിരന്തര അവഗണനയ്ക്കും അപമാനത്തിനും വിധേയരാകാറുണ്ട്. താഴ്ന്ന സാമൂഹ്യപദവിയാണ് അവർക്ക് നൽകപ്പെടാറുള്ളത്. തങ്ങൾ മറ്റു വിഭാഗങ്ങളെക്കാൾ കഴിവുകുറഞ്ഞവരും പ്രാധാന്യമില്ലാത്തവരുമാണ് എന്നബോധം അവരിൽ അടിച്ചേൽപ്പിക്കപ്പെടുകയാണ്. ദേശീയത, ലിംഗഭേദം, നിറം, മതം, ഭാഷ ഇവയെല്ലാം അരികുവൽക്കരണത്തിനു കാരണമാകാറുണ്ട്. ന്യൂനപക്ഷ മതവിഭാഗങ്ങൾ, കുടിയേറ്റക്കാർ, ഗോത്രവർഗക്കാർ തുടങ്ങിയവർ അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളാണ്.

"ദേശീയത, ലിംഗഭേദം, താമസസ്ഥലം എന്നിവ പരിഗണിക്കാതെ എല്ലാ മനുഷ്യരെയും സ്വതന്ത്രരും, അന്തസ്സിലും അവകാശങ്ങളിലും തുല്യരായി" (Universal Declaration of Human Rights, Preview, 1949:2) ജനിച്ചവരുമായി അംഗീകരിക്കാൻ 1948 ഡിസംബർ പത്തിന് പാരീസിൽ നടന്ന യുണൈറ്റഡ് നേഷൻസിന്റെ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടന രാജ്യത്തെ പൗരന്മാർക്ക് ഉറപ്പുനൽകുന്ന മൗലിക അവകാശങ്ങളിലും തുല്യതയ്ക്ക് പ്രാധാന്യമുണ്ട്. എല്ലാ മനുഷ്യരെയും തുല്യരായി പരിഗണക്കണമെന്ന വ്യവസ്ഥയുണ്ടെങ്കിലും അവ പലപ്പോഴും പാലിക്കപ്പെടുന്നില്ല. എല്ലാവർക്കും 'സ്വാതന്ത്ര്യത്തോടെയും അന്തസ്സോടെയും ജീവിക്കാനുള്ള അവകാശം' എന്ന സാഹചര്യം ഇപ്പോഴും സംജാതമായിട്ടില്ല എന്ന സത്യമാണ് പോസിഡോൺ എന്ന ചെറുകഥയിലൂടെ വെളിപ്പെടുന്നത്.

അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ശക്തീകരണവും ഉന്നമനവും ഉറപ്പുവരുത്തുകയും സമൂഹത്തിലെ വിവിധ ശ്രേണികൾ തമ്മിലുള്ള അന്തരം കുറയ്ക്കുകയും ചെയ്യുക എന്നതാണ് പ്രബന്ധത്തിലൂടെ ലക്ഷ്യമാക്കുന്നത്. സമാന ഇതിവൃത്തത്തിലൂടെ കടന്നുപോകുന്ന രണ്ട് സാഹിത്യരൂപങ്ങളെ താരതമ്യം ചെയ്യുന്നതിന് താരതമ്യപഠനരീതിശാസ്ത്രവും ശ്രേണീകരണരീതിശാസ്ത്രവും അവലംബിച്ചാണ് പ്രബന്ധം മുന്നോട്ടുപോകുന്നത്.

മകളുടെ സ്കൂളിലെ പിടിഎ യോഗം കഴിഞ്ഞ് വീട്ടിലേക്ക് പോകുവാൻ ബസ്സിൽ കയറിയ വസുധ ബസ്സിൽ ഇരുന്നുകൊണ്ട്, വീട്ടിലെത്തിയശേഷം തനിക്ക് ചെയ്തുതീർക്കാനുള്ള ജോലികളെ കുറിച്ച് ചിന്തിക്കുന്നു. തൊട്ടടുത്ത സ്റ്റോപ്പിൽനിന്നും ബസ്സിലേക്ക് കയറിയ ചെറുപ്പക്കാരനെ അവൾ കണ്ടുവെങ്കിലും ശ്രദ്ധിക്കുന്നില്ല. ശക്തമായ തലവേദനയുണ്ടെങ്കിലും വീട്ടിലെ ജോലികളിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ലെന്ന് ഉറപ്പുള്ളതിനാൽ ഒരു ഡോളോ വിഴുങ്ങാം എന്ന് കരുതി ചിന്തകൾ തുടരുമ്പോഴാണ് പെട്ടെന്നുണ്ടായ ഉരുൾപൊട്ടലും മലവെള്ളപ്പാച്ചിലും ബസ്സിനെ എടുത്തെറിഞ്ഞത്. വസുധ ഇരുന്നിരുന്ന ഭാഗം ചെളിയിലേക്ക് പൂണ്ടുപോവുകയും അവളുടെ ശ്വാസകോശത്തിലേക്ക് ചെളികയറി അവൾ ശ്വാസം എടുക്കാൻ കഷ്ടപ്പെടുകയും ചെയ്തു. വസുധ മുങ്ങിപ്പോകുന്നത് കണ്ടു രക്ഷിക്കാൻ ശ്രമിക്കുന്നത് തൊട്ടടുത്ത സ്റ്റോപ്പിൽ നിന്നും കയറിയ ചെറുപ്പക്കാരനാണ്. അയാൾ ഒരുപാട് ശ്രമിച്ചിട്ടും വസുധയെ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

രക്ഷിക്കാൻ കഴിഞ്ഞില്ല. ജീവൻ നഷ്ടപ്പെട്ട വസുധയുടെ ആത്മാവും അവളെ രക്ഷിക്കാൻ കഴിയാതെ പോയതിൽ സങ്കടപ്പെടുന്ന ചെറുപ്പക്കാരനും തമ്മിലുള്ള സംഭാഷണത്തിലൂടെയാണ് കഥ മുന്നോട്ട് പോകുന്നത്.

വസുധയുടെ ആത്മാവ് ചെറുപ്പക്കാരനോട് പേരെന്താണ് എന്നുചോദിക്കുമ്പോൾ ആഖിൽ എന്നാണ് അവൻ പറഞ്ഞതെങ്കിലും അഖിൽ എന്നാണ് അവൾ അവനെ വിളിക്കുന്നത്. വടക്കേ ഇന്ത്യയിൽ നിന്ന് ഉപജീവനത്തിനായി കേരളത്തിലേക്ക് എത്തിയ ആ ചെറുപ്പക്കാരൻ ഇൻന്റർലോക്ക് കട്ടകൾ നിർമ്മിക്കുന്ന കമ്പനിയിലാണ് ജോലിയെടുക്കുന്നത്. ഉത്തര–ദക്ഷിണസംസ്കാരങ്ങളുടെ സംയോജനമാണ് ആഖിലിനെ പോലെയുള്ള ചെറുപ്പക്കാരുടെ ആഗമനംകൊണ്ട് ഉണ്ടായിട്ടുള്ളത് എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ആഖിലിന്റെ ജോലിയായ 'ഇന്റർലോക്ക്'. വസുധയുടെ ആത്മാവും ആഖിലും തമ്മിലുണ്ടായ സൗഹൃദം കൊണ്ട്, ജീവനോടെ അവശേഷിക്കുന്ന അവനെ മറ്റാരെങ്കിലും രക്ഷിക്കുന്നതുവരെ അവന് ധൈര്യം കൊടുത്ത്, പ്രതീക്ഷ നിലനിർത്താനും ആശ്വാസം പകരാനുമാണ് വസുധയുടെ ആത്മാവ് ശ്രമിക്കുന്നത്.

വസുധയെക്കുറിച്ചുള്ള ആഖിലിന്റെ ചോദ്യങ്ങൾക്ക് അവൾ തന്റെ വീട്ടിൽ ഓരോ ദിവസവും താൻ ചെയ്യാറുള്ള ജോലികളെക്കുറിച്ച് അവനോട് വിശദീകരിക്കുന്നു. വീടിന്റെ ഉള്ളിൽ വിരിച്ചിട്ടുള്ള വെളുത്ത ടൈലുകൾ തുടച്ചു വൃത്തിയാക്കുവാനും വെളുത്ത ഫാനുകൾ കൂടുതൽ മനോഹരമാക്കുവാനും വെള്ള കർട്ടനുകൾ അലക്കാനും വീട്ടിൽ അല്പം പോലും പൊടികയറാതെ എല്ലാ വീട്ടുപകരണങ്ങളും വൃത്തിയായി സൂക്ഷിക്കുവാനും വസുധ ഒരുപാട് ശ്രദ്ധിച്ചിരുന്നു. വീട് ഏറ്റവും മനോഹരമായി കണ്ടില്ലെങ്കിൽ തന്റെ ഭർത്താവ് കോപം പ്രകടിപ്പിക്കാറുണ്ടെന്ന് വസുധ ഓർമ്മിക്കുന്നു. വസുധ മരിച്ചുപോയി എന്നതിനേക്കാൾ ആഖിലിനെ സങ്കടപ്പെടുത്തിയത് ജീവിച്ചിരുന്നപ്പോൾ അവൾ സ്വസ്ഥത അനുഭവിച്ചിട്ടില്ല എന്ന സത്യമാണ്. ജീവൻ നഷ്ടപ്പെട്ട് മണിക്കൂറുകൾ പിന്നിടുകയും കണ്ടെടുക്കപ്പെട്ടാൽ ആചാരപ്രകാരം സംസ്കരിക്കുകയും ചെയ്യുന്നതുവരെ ജീവിതത്തിൽ സന്തോഷിച്ച, സ്വന്തം കഴിവുകളിൽ അഭിമാനിച്ച നിമിഷങ്ങളെക്കുറിച്ച് സംസാരിക്കാൻ ആഖിൽ വസുധയോട് ആവശ്യപ്പെടുന്നുണ്ട്. പതിനേഴ് വർഷത്തെ വിവാഹ ജീവിതത്തിനിടയിൽ താൻ സ്വന്തം ഇഷ്ടങ്ങളെക്കുറിച്ച് ചിന്തിച്ചിരുന്നുവോ എന്ന് വസുധ ഓർത്തു നോക്കുന്നു. ഓർമ്മകൾ പിന്നോട്ട് പായുമ്പോൾ നീല പാവാടയും വെള്ള ഷർട്ടും ധരിച്ച് മുടി ഇരുവശത്തും മെടഞ്ഞിട്ട മുപ്പത്തൊന്നാം റോൾ നമ്പർകാരിയായ ഒരു പെൺകുട്ടിയെ അവൾക്ക് കാണാൻ കഴിയുന്നു. ആ പെൺകുട്ടി താൻ തന്നെയായിരുന്നോ എന്ന് അതിശയത്തോടെ വസുധ ചിന്തിക്കുന്നു. 'വയലിൻ പെട്ടി പൂട്ടി തോളിൽ കൂടെ നടുപ്പുറത്തേക്ക് ഞാത്തിഇട്ടുകൊണ്ട്' ഒരുപാട് വേദികളിലേക്ക് കയറിപ്പോകാറുള്ള വസുധ എന്ന പെൺകുട്ടിയിൽ നിന്ന് ശൗചാലയത്തിൽ ഇരിക്കുമ്പോൾപോലും വീട്ടിൽ ചെയ്തുതീർക്കാൻ ബാക്കിയുള്ള ജോലികളെക്കുറിച്ച് ആകുലയാകുന്ന വീട്ടമ്മയിലേക്കുള്ള ദൂരം എത്ര കൂടുതലാണെന്നോർത്ത് അവൾ ആശ്ചര്യപ്പെടുന്നു.

വസുധ എന്നാൽ ഭൂമി. കഥാപാത്രത്തിന് വസുധ എന്നു പേര് നൽകിയതിൽ നിന്ന് സ്ത്രീയെക്കുറിച്ചുള്ള 'ക്ഷമയാ ധരിത്രി' എന്ന് ഗുണവിശേഷത്തെ എടുത്തു പറയാറുള്ള പരമ്പരാഗത സ്ത്രീ സങ്കല്പത്തെ വായനക്കാർക്ക് കണ്ടെത്താം. ജന്മനാടിനെയും വീട്ടുകാരെയും ഇഷ്ടങ്ങളെയും മറന്ന് പുതിയൊരു വീട്ടിലെത്തി അവിടെ വേരൂന്നി പടരാൻ ശ്രമിക്കുന്ന ഓരോ പെൺജീവിതവും അർഹമായ പരിഗണന ലഭിക്കാതെ വാടി വീഴുമ്പോഴും അതിന് ഉത്തരവാദികളായവരെ കുറ്റപ്പെടുത്തുന്നില്ല; തന്റെ പരാജയത്തിന് താൻ മാത്രമാണ് കാരണക്കാരി എന്ന് പ്രഖ്യാപിക്കാറാണു പതിവ്. സ്വന്തം സങ്കടങ്ങളെക്കുറിച്ച് അവർ ഓർക്കാറില്ല. തന്റെ ജീവിതം അവസാനിച്ചു എന്നതിനേക്കാൾ വസുധയെ വേദനിപ്പിക്കുന്നത് തന്റെ വിയോഗം ഭർത്താവിനെയും മക്കളെയും സങ്കടപ്പെടുത്തുമെന്നതാണ്. സ്വന്തമെന്ന് താൻ വിശ്വസിച്ചിരുന്നതൊന്നും യഥാർത്ഥത്തിൽ സ്വന്തമേയല്ല എന്ന തിരിച്ചറിവ് വസുധയ്ക്ക് ലഭിക്കുന്നത് മരണശേഷമാണ്. താൻ എന്തായിരുന്നുവോ അതേ രീതിയിൽ തുടരാൻ, തന്നെ പിന്തുണയ്ക്കുന്നവരാണ് 'സ്വന്തം' എന്നു തിരിച്ചറിയാൻ ഭൂരിഭാഗം സ്ത്രീകളും ഏറെ വൈകാറുണ്ട്.

വളരെ മനോഹരമായി, വൃത്തിയായി, ഒരു നുള്ള് പൊടിപോലും കയറാതെ വീട് സൂക്ഷിച്ച വസുധ മരിക്കുന്നത് ശ്വാസകോശത്തിൽ ചെളി നിറഞ്ഞതുകൊണ്ടാണ്. അവളുടെ മരണം വലിയൊരു യാഥാർത്ഥ്യത്തിലേക്ക് വായനക്കാരെ നയിക്കുന്നുണ്ട്. ഭർത്താവിനും മക്കൾക്കും ഭർതൃകുടുംബത്തിനും വേണ്ടി എത്ര കഷ്ടപ്പെട്ടാലും വീട്ടമ്മയ്ക്ക് ലഭിക്കാനുള്ളത് കുറ്റപ്പെടുത്തലാണ്. പാൽ തിളച്ചു തൂവാതെ സൂക്ഷിക്കുന്ന, കറിയിൽ ചേരുവകൾ കിറുകൃത്യമായി ചേർക്കുന്ന, വീട്ടിൽ അഴുക്കുപുരളാതെ നോക്കുന്ന, കുടുംബാംഗങ്ങളുടെ വസ്ത്രങ്ങളിൽ ഒട്ടും ചുളിവ് വീഴാതെ പരിപാലിക്കുന്ന ഒട്ടനവധി സ്ത്രീകൾ കുറ്റങ്ങൾ കേൾക്കാൻ വിധിക്കപ്പെട്ടുകൊണ്ട് വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയുന്നുണ്ട്.

ആഖിലിന്റെ വേവലാതി തന്റെ ആധാർ കാർഡ് നഷ്ടപ്പെട്ടതിനെക്കുറിച്ചാണ്. ആഖിൽ അയ്യൂബ് എന്ന തനിക്ക് ആധാർ കാർഡില്ലാതെ ജന്മരാജ്യത്ത് ജീവിക്കാൻ സാധ്യമാകില്ല എന്ന ഭയം അവനെ അലട്ടുന്നു. ഇതിലും ഭേദം മരണമാണ് എന്നവൻ ചിന്തിക്കുന്നു

"ആധാർ നമ്പർ പോലും അറിയാത്ത ഞാൻ രക്ഷപ്പെട്ടിട്ട് എന്തിനാണ്"

എന്നയാൾ ചോദിക്കുന്നുണ്ട്. ആഖിൽ അയ്യൂബിന്റെ ചോദ്യം സമകാലിക ഭാരതീയ സമൂഹത്തിൽ പ്രസക്തമാണ്. ആധാർ കളഞ്ഞു പോയാൽ മറ്റു വഴികളില്ലേ എന്നു വസുധ ചോദിക്കുമ്പോൾ

"ആ വഴികൾ മുള്ള് പാകിയതാവും, പൊളിഞ്ഞ ചില്ലു പാകിയതാവും"

എന്ന് ആദിൽ പറയുന്നു. പിറന്നുവീണ നാട്ടിൽ, പിച്ചവെച്ച മണ്ണിൽ അന്യനായിത്തീർന്നേക്കാം എന്ന ഭയം ആഖിലിനെ അലട്ടുന്നുണ്ട്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ആഖിൽ എന്ന പദത്തിനർത്ഥം ജ്ഞാനി എന്നാണ്. തന്റെ ജീവിതത്തിൽ നേരിടേണ്ടിവന്ന പരാജയം മറ്റു പെൺകുട്ടികൾക്കും ഉണ്ടാകാൻ ഇടവരരുതെന്ന തീവ്രമായ ആഗ്രഹം വസുധയ്ക്കുണ്ട്. അതുകൊണ്ടുതന്നെയാണ് വീടിന്റെ അകത്തളങ്ങളിലെ അശാന്തിയിൽ നിന്ന് അവരെ മോചിപ്പിച്ച്, അവർക്കിഷ്ടപ്പെട്ട മേഖലയിലേക്ക് എത്തിച്ചേരാൻ അവരെ സഹായിക്കണമെന്ന് അവൾ ആഖിലിനോട് ആവശ്യപ്പെടുന്നത്. വിവാഹമാണ് പെൺകുട്ടിയുടെ ഏറ്റവും വലിയ ജീവിത ലക്ഷ്യമെന്നും വിവാഹിതയല്ലാത്ത സ്ത്രീ സമൂഹത്തിന് അനഭിമതയാണ് എന്നുമുള്ള പാരമ്പര്യസങ്കല്പത്തെ തുത്തെറിയുവാനും സ്വത്വത്തെ ഹനിക്കുന്ന, ആപൽക്കരമായ ബന്ധങ്ങളിൽ നിന്ന് മോചനം നേടി, പൊതുസമൂഹത്തിൽ സ്വപ്രയത്നത്താൽ തന്റേതായ ഒരിടം കണ്ടെത്തണമെന്നുള്ള ശക്തമായ ആഹ്വാനമാണ് കഥയിലൂടെ വെളിപ്പെടുന്നത്.

കഴിവുകൾ അംഗീകരിക്കപ്പെടാതെ, അടിച്ചമർത്തപ്പെടുമ്പോൾ പ്രകൃതി ദുരന്തത്തേക്കാൾ വലിയ ദുരന്തമാണ് യഥാർത്ഥത്തിൽ പെൺമനസ്സിൽ ഉണ്ടാകുന്നതെന്നും അത്തരം സന്ദർഭങ്ങളിൽ അവളെ ശക്തീകരിക്കാനും പ്രതികരണശേഷി വളർത്താനും ആരെങ്കിലുമുണ്ടെങ്കിൽ അവൾക്ക് അതിജീവനം സാധ്യമാകുമെന്ന സന്ദേശം കഥയിലൂടെ ലഭിക്കുന്നു. തന്റെ ഉള്ളിലെ കഴിവുകളെ ഊതിക്കാച്ചി തിളക്കംകൂട്ടാൻ കഴിയുന്ന സ്ത്രീകൾക്ക് ജീവിതത്തിൽ മുന്നേറാം എന്ന് പോസിഡോൺ എന്ന ചെറുകഥ ഓർമ്മപ്പെടുത്തുന്നു. പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിക്കുന്ന പോസിഡോൺ ദേവനെപ്പോലും തന്റെ സംഗീതത്തിന്റെ മാസ്മരികതകൊണ്ടു നിയന്ത്രിക്കാൻ കഴിവുള്ള കലാകാരന്മാരെപ്പോലെയാകട്ടെ വരുംതലമുറയിലെ പെൺകുട്ടികൾ എന്ന പ്രതീക്ഷ കഥ മുന്നോട്ടു വെയ്ക്കുന്നു.

ഭിന്നമായ സംസ്കാരം പുലർത്തുന്ന ജനങ്ങൾക്കിടയിൽ ജോലിചെയ്ത് ജീവിതം മുന്നോട്ടുകൊണ്ടുപോകുമ്പോഴും അനതിവിദൂരഭാവിയിൽ ആഖിൽ അയ്യൂബിനെ പോലെയുള്ളവർ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ചും ചെറുകഥയിൽ സൂചനയുണ്ട്. നാനാത്വത്തിൽ ഏകത്വമാണ് ഭാരതത്തിന്റെ പ്രത്യേകത എന്ന് അഭിമാനത്തോടെ പറയുമ്പോഴും നാനാത്വത്തെ അംഗീകരിക്കാനുള്ള വിശാലമനസ്കത നഷ്ടപ്പെട്ടു പോകുന്നുവെന്നതു സങ്കടകരമാണ്. അരികുവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനും മാന്യമായ ജീവിതസാഹചര്യവും സാമൂഹ്യപദവിയും ഉറപ്പുവരുത്താനും ഓരോവ്യക്തിയും ബാധ്യസ്ഥനാണ് എന്ന് ഓർമ്മപ്പെടുത്തുവാൻ പോസിഡോൺ എന്ന ചെറുകഥക്കു കഴിയുന്നു.

'ദി പോസിഡോൺ അഡ്വഞ്ചർ' എന്ന പേരിൽ 1969ൽ പോൾ ഗല്ലിക്കോ രചിച്ച നോവലിനെ അടിസ്ഥാനമാക്കി ആദ്യത്തെ ചലച്ചിത്രാവിഷ്കാരം പുറത്തിറങ്ങുന്നത് 1972ലാണ്, അതേപേരിൽത്തന്നെ. അറ്റ്ലാന്റിക് സമുദ്രത്തിലൂടെ (Atlantic Ocean) സഞ്ചരിക്കുന്ന ആഡംബരകപ്പൽ കൂറ്റൻ തിരമാലകളിൽ ആടിയുലഞ്ഞ് കടലിനടിത്തട്ടിലേക്കു മുങ്ങാനൊരുങ്ങുമ്പോൾ അതിലെ ഭൂരിഭാഗം യാത്രക്കാരെയും രക്ഷിക്കാൻ മനക്കരുത്ത് പ്രകടിപ്പിച്ച സഞ്ചാരിയാണ് റവറന്റ് ഫ്രാങ്ക് സ്കോട്ട്. കപ്പലിലെ യാത്രക്കാർ പുതുവത്സരത്തെ വരവേൽക്കാനുള്ള ഒരുക്കത്തിലായിരുന്നു. വളരെ ആഹ്ലാദകരമായ സന്ദർഭത്തിലാണ് അപ്രതീക്ഷിതമായി സമുദ്രത്തിൽ ഉണ്ടായ ഭൂകമ്പത്തിന്റെ ഫലമായി തിരമാലകൾ ഭയാനകമാംവിധത്തിൽ ഉയർന്ന് കപ്പലിന്റെ സഞ്ചാരത്തെ തടസ്സപ്പെടുത്തിയത്. കപ്പൽ മുങ്ങാൻ തുടങ്ങുകയാണെന്ന് തിരിച്ചറിയുന്ന യാത്രക്കാർ പരിഭ്രാന്തരാകുകയും രക്ഷാമാർഗം തേടുകയും ചെയ്യുന്നു. റവറന്റ് ഫ്രാങ്ക് സ്കോട്ട് യാത്രക്കാരിൽ പ്രതീക്ഷയുണർത്തുകയും രക്ഷപ്പെടാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. തന്നെ പിന്തുടരാൻ അദ്ദേഹം യാത്രക്കാരോട് നിർദ്ദേശിക്കുന്നു. റവറന്റ് സ്കോട്ടിനെ പിന്തുടരുന്നതിനിടയിൽ ഇരുമ്പു പാനൽ തകർന്നും, വെള്ളത്തിലേക്കു വീണും പലരും മരണത്തിന്റെ പിടിയിലമരുന്നു. റവറന്റ് സ്കോട്ട് അവശേഷിക്കുന്നവരുടെ ജീവൻ രക്ഷിക്കുന്നതിനായി കപ്പലിന്റെ അടിത്തട്ടിലേക്ക് നയിക്കുന്ന വാതിലിന് തടസ്സമായി നിന്ന വാൽവിൽ തൂങ്ങിക്കിടന്ന് അതിനെ എതിർദിശയിലേക്ക് തിരിച്ച് വാതിൽ തുറന്ന് മറ്റുള്ളവർക്ക് രക്ഷപ്പെടാനുള്ള മാർഗമൊരുക്കുന്നു. പെട്ടെന്നുണ്ടായ ഉഗ്രസ്ഫോടനത്തിൽ തീ ആളിപ്പടരുകയും അദ്ദേഹം തീയിൽപ്പെട്ടു മരിക്കുകയും ചെയ്യുന്നു.

ക്രിസ്തീയവിശ്വാസപ്രകാരം പുരോഹിതർ ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരാണ്. ലൗകിക ജീവിതം നയിക്കുന്നവരെ ആത്മീയ പ്രഭാവത്തിലൂടെ ദൈവത്തിലേക്കടുപ്പിക്കുന്നവരാണവർ. ഭൗതികലോകത്തിൽ സ്വന്തം നിയോഗം തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിനോടൊപ്പം അനശ്വരലോകത്തെക്കുറിച്ചുള്ള ദർശനവും അവർ ഉൾക്കൊള്ളുന്നു. ക്രിസ്തുവിന്റെ കുരിശുമരണം മാനവരാശിയുടെ രക്ഷയ്ക്കു വേണ്ടിയായിരുന്നു. പൗരോഹിത്യജീവിതം തിരഞ്ഞെടുക്കുന്നവർ സ്വജീവിതത്തിലൂടെ മനുഷ്യനന്മയ്ക്കും സേവനത്തിനും ലോകശാന്തിക്കുംവേണ്ടി പ്രവർത്തിക്കുമെന്ന വ്രതം സ്വീകരിച്ചവരാണ്. അതുകൊണ്ടുതന്നെയാണ് റവറന്റ് സ്കോട്ട് തന്റെ ജീവനേക്കാൾ മറ്റുള്ളവരുടെ ജീവനു പ്രാധാന്യം നൽകിയത്. സ്വാർത്ഥചിന്ത വെടിഞ്ഞു ലോകനന്മയ്ക്കായി പ്രവർത്തിക്കുകയെന്ന ക്രിസ്തുദർശനമാണ് ആ പുരോഹിതനിലൂടെ പ്രേക്ഷകർ തിരിച്ചറിയുന്നത്.

മനുഷ്യൻ അവനവനിലേക്കുമാത്രം ചുരുങ്ങുകയും സ്വകാര്യതയിൽ അഭിരമിക്കുകയും ചെയ്യുന്ന കാലഘട്ടമാണിത്. ലോകത്ത് സംഭവിക്കുന്ന പലകാര്യങ്ങളും തന്നെ ബാധിക്കുന്നവയല്ലെന്നമട്ടിൽ ജീവിക്കാനാണ് ഭൂരിഭാഗംപേരും ഇഷ്ടപ്പെടുന്നത്. സഹജീവികളുടെ ദുഃഖങ്ങൾ മനസ്സിലാക്കാനും അവരെ ചേർത്തുപിടിക്കാനും തയ്യാറുള്ളവർ വിരളമാണ്. മനുഷ്യജീവിതം നശ്വരമാണെന്നും നാം ഇഹലോകത്തു ചെയ്യുന്ന സത്കർമ്മങ്ങളാണു മരണശേഷം നമ്മെ രേഖപ്പെടുത്താനുള്ള അടയാളങ്ങൾ എന്നുമുള്ള സത്യം ഉൾക്കൊണ്ട മനുഷ്യർ പരോപകാരം

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ചെയ്യാൻ സന്നദ്ധരാകുന്നു. ആപത്ഘട്ടത്തിൽ മുൻപരിചയമില്ലാത്ത ആളുകളെപ്പോലും പരിഗണിക്കുകയും മറ്റൊന്നും തിരികെ പ്രതീക്ഷിക്കാതെ സഹായിക്കുകയും ചെയ്യുകയെന്നത് ഉന്നതമായ മാനുഷിക മൂല്യമാണ്.

കപ്പലിന്റെ കടലിനടിയിലേക്കുള്ള പതനം സമ്പത്തും ആഡംബരവും ഒരുക്കുന്ന കെണിയിലേക്കു വീഴുന്ന മനുഷ്യരുടെ അവസ്ഥയെ സൂചിപ്പിക്കുന്നു. ജീവിതത്തിലേക്കുള്ള മടങ്ങിവരവ് വലിയൊരു തിരിച്ചറിവു നൽകുന്നു. മനുഷ്യരുടെ സാമ്പത്തിക സ്ഥിതിയും സാമൂഹ്യപദവിയും വ്യത്യസ്തമാണെങ്കിലും ജീവനുവേണ്ടി പോരാടുമ്പോൾ എല്ലാമനുഷ്യരുടെയും ചേതോവികാരം ഒന്നുതന്നെയാണെന്നു ചലച്ചിത്രം ഓർമ്മപ്പെടുത്തുന്നു. ആകസ്മികമായ പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ പതറിപ്പോകുന്ന മനുഷ്യർക്ക് കരുത്തുപകരാൻ ആരെങ്കിലും ഉണ്ടാകുമ്പോൾ വർദ്ധിതവീര്യത്തോടെ പോരാടാനും പ്രതിസന്ധികളെ മറികടക്കാനും അവരെ പ്രാപ്തരാക്കുന്നു എന്ന സന്ദേശവും ഇതിൽ കാണാനാവും.

ഉപദർശനങ്ങൾ

ചലച്ചിത്രത്തിലും കഥയിലും ഉപയോഗിക്കപ്പെട്ട ശക്തമായ സിംബൽ ആണ് ആർത്തലച്ചു വരുന്ന വെള്ളം. ജലം ജീവന്റെ ഉറവിടം എന്നതുപോലെതന്നെ സർവനാശത്തിന്റെ പ്രതീകവുമാകുന്നു. ഭൂമിയുടെ നാലിൽ മൂന്നുഭാഗവും ജലമാണ്. മനുഷ്യശരീരത്തിലും നിറഞ്ഞുനിൽക്കുന്നത് ജലാംശം തന്നെ. ജലത്തിന്റെ സാന്നിധ്യം സാന്ത്വനവും ആശ്വാസവും പകരുന്നതാണ്. ചിലസന്ദർഭങ്ങളിൽ സഞ്ചാരപാതയിലുള്ള എല്ലാത്തിനെയും വിഴുങ്ങിക്കൊണ്ടു പായുന്ന ജലപ്രവാഹം മനുഷ്യനെ ഭയപ്പെടുത്തുന്നു. ജീവൻ രക്ഷിക്കാൻ നിയുക്തരായവർ അതിന്റെ സംഹാരഭാവം കണ്ടു ഭയപ്പെടാതെ അതിനെ മനക്കരുത്തുകൊണ്ട് അതിജീവിക്കുവാൻ തയ്യാറാവുന്നു. ജീവിതത്തിലേക്കു തിരികെ നടന്നുകയറുന്നവർ പരസ്പര സ്നേഹമാണ് ഏറ്റവുംവലിയ സമ്പത്തെന്ന സത്യം തിരിച്ചറിയുന്നു. ക്ഷണികമായ മനുഷ്യജീവിതത്തിൽ ജാതി മത വർഗ വർണ ലിംഗഭേദങ്ങൾക്ക് അമിതപ്രാധാന്യം നൽകേണ്ടതില്ലെന്നും സമത്വമാണ് വലിയ മൂല്യമെന്നുമുള്ള ചിന്ത പകരുന്നതിൽ ചെറുകഥയും ചലച്ചിത്രവും വിജയിച്ചിട്ടുണ്ട് എന്ന് ഈ പഠനത്തിൽ വ്യക്തമാകുന്നു.

ഗ്രന്ഥസൂചി

1. അധ്യാപക ലോകം, കെ. എസ്. ടി. എ സ്റ്റേറ്റ് കമ്മിറ്റി, തിരുവനന്തപുരം, ഒക്ടോബർ 2024.
2. ഇന്ത്യൻ ഭരണഘടന – മൗലികാവകാശങ്ങൾ, കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി, 26 നവംബർ 1949.
3. യു. എൻ മനുഷ്യാവകാശ പ്രഖ്യാപനരേഖ, യു. എൻ ജനറൽ അസംബ്ലി, ന്യൂയോർക്ക്, 1948.

ആനുകാലികങ്ങൾ

1. അപർണ കെ. ആർ., "പോസിഡോൺ", സ്ത്രീശബ്ദം, ഒക്ടോബർ, 2024.

ദൃശ്യസൂചിക

1. Ronald Neame, The Poseidon Adventure, (America /English/1972/117"), Kent Productions, Ltd.

About the researcher:
ശ്രീജ പി.
ഗവേഷക,
വിമല കോളേജ് (ഓട്ടോണമസ്),
തൃശ്ശൂർ

Email: nairsreeja379@gmail.com
Mob: 83040 39568